PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1955.

Tuesday, the 29th March, 1955.

Vol. XIII] OFFICIAL REPORT [No. 8

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, the 29th March, 1955, with Mr. Deputy Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

ഹൈസ്കൂളുകളിലെ ഗെയിം ഫീ, ലൈബ്രറി ഫീ.

*163. [1] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

1954-55 വിദ്യാലയവർഷത്തിൽ സ്റ്റേറ്റിലെ ഹൈസ്കൂളുകളിൽനിന്നും ഗെയിം ഫീ, ലൈബ്രറി ഫീ എന്നീ ഇനങ്ങളിൽ മൊത്തം എന്തു സംഖ്യ പിരിഞ്ഞുകിട്ടിയിട്ടുണ്ട്; അതിൽ ഗവണ്മെന്റ സ്കൂളുകളിൽ നിന്നെത്ര; പ്രൈവറ്റ സ്കൂളുകളിൽ നിന്നെത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇതു സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: പ്ലേ ഗ്രൗണ്ടും ലൈബ്രറിയും ഇല്ലാത്ത സ്കൂളുകൾ ഉണ്ടെന്നു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തൃപ്തികരമായ രീതിയിൽ ഇല്ലാതിരിക്കാൻ ഇടയുണ്ടു്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: ലൈബ്രറി ഇല്ലാത്ത സ്കൂളുകളിലും ഫീസ് വാങ്ങുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഉണ്ടാകും.

ശ്രീ. ടി. എ. മജീദ്: പ്രൈവറ്റ് സെക്കണ്ടറി സ്കൂളുകളിൽ പിരിക്കുന്ന ഈ ഫീസ് സൂക്ഷിക്കുന്നത് ആരാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

ശ്രീ. ടി. എ. മജീദ്: ഈ തുകകൾ ശരിയായി ഉപയോഗിക്കുന്നുണ്ടോ എന്നന്വേഷിക്കുന്നതിന് എന്തെങ്കിലും ഏർപ്പാട് ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഡയറക്ടറും ഇൻസ്പെക്ടറന്മാരും മറ്റ ഇൻസ്പെക്റ്റിംഗ് അതാറിട്ടിയും അന്വേഷിക്കേണ്ടതാണ്. എതെങ്കിലും കാര്യത്തിൽ അന്വേഷിക്കാതെ വന്നിട്ടുണ്ടെങ്കിൽ പരിശോധിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: പല സ്കൂളുകളിലും വ്യത്യസ്തമായ നിലയിൽ ഫീസ് പിരിക്കുന്നുണ്ടെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റൂൾ പ്രകാരം പാടില്ലെന്നാണ് കാണുന്നത്.

ശ്രീ. ടി. പി. സീതാരാമൻ: ഇപ്പോൾ അങ്ങിനെ പിരിക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയുള്ള സംഗതി ഗവണ്മെന്റിനെ അറിയിച്ചാൽ സഹായമായിരിക്കും.

ശ്രീ. ടി. പി. സീതാരാമൻ: പിരിക്കുന്ന ഫീസിന്റെ നിരക്കിനെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും അഭിപ്രായവ്യത്യാസം ഉള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈവക വിഷയങ്ങളിൽ പ്രൈവറ്റ് മാനേജ്മെന്റും ഗവണ്മെന്റ് റഗുലേഷൻ സ്വീകരിക്കേണ്ടതാണ്.

ശ്രീ. കെ. കൃഷ്ണപിള്ള: അടുത്ത സ്കൂൾവർഷം മുതൽ ലൈബ്രറിഫീസായി പിരിഞ്ഞുകിട്ടുന്ന തുകകൾ പുസ്തകം വാങ്ങുന്നതിന് ഉപയോഗിക്കുന്നതിന് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുവേണ്ടിയാണ് ആ സംഖ്യ.

ശ്രീ. കെ. കൃഷ്ണപിള്ള: ഇപ്പോൾ അതിന് വിനിയോഗിക്കുന്നില്ലെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ എന്തെങ്കിലും വിഷമമുണ്ടെങ്കിൽ അതിനെപ്പററി പരിശോധിക്കാം.

ശ്രീ സി. എ. മാത്യു: മുൻ കൊല്ലങ്ങൾക്ക് വിപരീതമായി ഈ തുകകൾ ഗവണ്മെന്റിൽ അയയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

പി. എസ്. ററി. എ.

✱164. [2] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) പി. എസ്. ററി. എ. എന്തെല്ലാം ആവശ്യങ്ങളാണു ഉന്നയിച്ചിരുന്നത്;

(ബി) ഇതേപ്പററി അദ്ധ്യാപകപ്രതിനിധികളുമായി വല്ല ഒത്തുതീർപ്പുസംഭാഷണവും നടന്നിട്ടുണ്ടോ;

(സി) ഗവണ്മെൻറ് എന്തെല്ലാം ആവശ്യങ്ങൾ നടപ്പിലാക്കാമെന്നു തീരുമാനിച്ചിട്ടുണ്ട്;

(ഡി) എത്ര സ്കൂളുകളിലെ അദ്ധ്യാപകന്മാർ നിരാഹാരാദ്ധ്യാപനവും സൂചനാപണിമുടക്കം നടത്തിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പി. എസ്. ററി. എ. പല ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ട്. അതിൽ പ്രധാനമായവ ശമ്പളം, അലവൻസ്, അവധി എന്നിവയിൽ സർക്കാർസ്കൂൾ അദ്ധ്യാപകന്മാരുടെകൂടെ തുല്യഗണന, അവരുടെ മക്കൾക്ക് എൻ. ജി. ഓ.-ക്കാരുടെ മക്കൾക്കു കൊടുക്കുന്നതരത്തിലുള്ള ഫീസ് ഇളവ്, എൻ. ജി. ഓ. മാർക്കുള്ള ചികിത്സാസഹായം, ഒരദ്ധ്യാപകന്റെ എല്ലാ വിദ്യാലയങ്ങളിലേയും സർവീസിനു പൂർണ്ണമായ പരിഗണന, പ്രാവിഡൻറ്ഫണ്ട് ഉടനെ നടപ്പിലാക്കുക. മിഡിൽ സ്കൂൾ അദ്ധ്യാപകന്മാർക്ക് രണ്ടുകൊല്ലത്തിൽ ഒരു ഇൻക്രിമെൻറ് എന്നുള്ളത് കൊല്ലത്തിൽ ഒന്നാക്കുക, മാനേജരന്മാരും അവരും തമ്മിൽ ഉണ്ടാകുന്ന തർക്കങ്ങൾ തീർക്കാൻ ഒരു ട്രിബ്യൂണൽ സ്ഥാപിക്കുക, അവരുടെ സംഘടനയ്ക്കു സഹായധനവും അംഗീകാരവും നൽകുക.

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നയുടനെ മുഖ്യമന്ത്രി അദ്ധ്യാപകപ്രതിനിധികളെ വിളിച്ചുവരുത്തി അവരുമായി സംഭാഷണം നടത്തിയിട്ടുണ്ട്.

(സി) 1-4-1955-മുതൽ ഗ്രാഡ്വേററ് അദ്ധ്യാപകന്മാർക്ക് 50—5—75—7½—150 എന്ന സ്കെയിലും, മിഡിൽ സ്കൂൾ അദ്ധ്യാപകന്മാർക്ക് 40—2—50—3—80 സ്കെയിലും കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പേ കമ്മിഷനു ഈ പേ സ്കെയിലുകളും പരിശോധനയ്ക്കു വിട്ടിട്ടുണ്ട്. ബാക്കി കാര്യങ്ങൾ ആലോചനയിൽ ഇരിക്കയാണ്.

(ഡി) 251 സ്കൂളുകളിലെ അദ്ധ്യാപകന്മാർ നിരാഹാരാദ്ധ്യാപനവും സൂചനാപണിമുടക്കം നടത്തിയതായി റിപ്പോർട്ടുണ്ട്. സൂക്ഷ്മം അറിവില്ല.

ശ്രീ. പി. ഗോപാലൻ: പ്രാവിഡൻറ്ഫണ്ട് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: 1950-ൽ പി. എസ്. എസ്. സ്കീം ഏർപ്പെടുത്തിയ അവസരത്തിൽതന്നെ പ്രാവിഡൻറ്ഫണ്ട് വ്യവസ്ഥയും അതിന്റെ റൂളുകളിൽ ഉൾക്കൊള്ളിച്ചിരുന്നു. പക്ഷെ പ്രാവിഡൻറ്ഫണ്ട് സൂക്ഷിക്കുകയും മററും ചെയ്യേണ്ട കാര്യത്തിൽ ചില വൈഷമ്യങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രൈവററ് സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ പ്രാവി

ഡൻറഫണ്ടു് സംഖ്യ സർക്കാർ സർവീസിലുള്ള ഉദ്യോഗസ്ഥന്മാരുടെ പ്രാവിഡൻറഫണ്ട സൂക്ഷിക്കുന്നമാതിരി കംപ്ട്രോളർ സൂക്ഷിക്കാൻ ബാദ്ധ്യസ്ഥനല്ലെന്നു റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. അതുകൊണ്ടു മറെറാരു മെഷ്യനറി ഉണ്ടാക്കാനുള്ള താമസമാണു് വന്നിട്ടുള്ളതു്.

ശ്രീ. പി. ആർ. മാധവൻപിള്ള : പ്രൈവററ് സെക്കൻഡറി സ്കൂളുകളിലെ ഗ്രാഡുവേററ് അദ്ധ്യാപകന്മാർക്കു് ഗവണ്മെൻറ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് കിട്ടുന്ന അലവൻസ് കിട്ടുന്നില്ലെന്നു മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. പി. ആർ. മാധവൻപിള്ള: എന്താണു് നടപ്പിലാക്കാൻപോകുന്നതെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിച്ചുകൊണ്ടിരിക്കുന്നു.

ശ്രീ. ടി. എ. മജീദ്: ഏപ്രിൽ 1-ാംതീയതി മുതൽ ഗവണ്മെൻറ സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് കിട്ടുന്ന അലവൻസ് പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർക്കു് കിട്ടുകയില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ മനസ്സിലാക്കുന്നതു തെററാണു്.

ശ്രീ. ടി. എ. മജീദ്: അപ്പോൾ കിട്ടുമെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുമ്പു് രണ്ടുമൂന്നു പ്രാവശ്യം ഞാൻ അതു ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണു്

ശ്രീ. ടി. എ. മജീദ്: ഏപ്രിൽ ഒന്നാംതീയതിമുതൽ ശമ്പളം ഏകീകരിക്കുന്നു എന്നു പറഞ്ഞു. ഡീയർനസ് അലവൻസ് തുല്യമായി കിട്ടുമോ ഇല്ലയോ എന്നറിഞ്ഞാൽകൊള്ളാം?

Mr. Deputy Speaker : That has already been answered.

ശ്രീ. എൻ. ജി. ചാക്കോ : പ്രൈവററ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ കുട്ടികൾക്കു്...........

ശ്രീ. ടി. എ. മജീദ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. എൻെറ ചോദ്യത്തിനു മറുപടി എന്താണെന്നു് അറിഞ്ഞാൽ കൊള്ളാം?

Mr. Deputy Speaker : You may deduce it from what he has stated already.

ശ്രീ. ടി. എ. മജീദ്: മറുപടി പറയുന്നില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

Mr. Deputy Speaker : I cannot compel the Minister to make replies according to the fancies of hon. Members.

ശ്രീ. എൻ. ജി. ചാക്കോ : പ്രൈവററ സെക്കണ്ടറിസ്കൂൾ അദ്ധ്യാപകന്മാരുടെ കുട്ടികൾക്കു് എൻ. ജി. ഒ. മാരുടെ കുട്ടികൾക്കു് കിട്ടുന്ന ഫീസാനുകൂല്യം വേണമെന്നു് ആവശ്യപ്പെട്ടിട്ടുള്ളതിനെപ്പററി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ അതും പെട്ടിട്ടുണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : പ്രൈവററ സെക്കണ്ടറിസ്കൂൾ ആഫീസ് സ്റ്റാഫ് അസോസിയേഷനിൽനിന്നും ശമ്പളക്കാര്യത്തെപ്പററി എന്തെങ്കിലും നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. എൻ. ജി. ചാക്കോ : അതിൽ തീരുമാനം എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മാനേജരന്മാരാണ് അതിനു തീരുമാനം എടുക്കേണ്ടതു്. അദ്ധ്യാപകന്മാരുടെ ശമ്പളത്തിനാണ് 80 ശതമാനം ഫീസ് പിരിവ് ഗവണ്മെൻറിലേയ്ക്കു് അടയ്ക്കുന്നതു്. അവിടെയുള്ള ക്ലാർക്കന്മാരുടെ ശമ്പളം ഗവണ്മെൻറിൽനിന്നും കൊടുക്കണമെന്നുണ്ടെങ്കിൽ 80 ശതമാനമെന്നുള്ളതു് വ്യത്യാസപ്പെടുത്തേണ്ടിവരും. ഒരുഭാഗം മാത്രമെടുത്തു് ആലോചിക്കാവുന്ന ഒരു വിഷയമല്ല അതു്.

ശ്രീ. ടി. എ. മജീദ് : നിരാഹാരാദ്ധ്യാപനവും സൂചനാപണിമുടക്കും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഒഴിവാക്കേണ്ട കാര്യമില്ല. സ്വതന്ത്രമായി എടുത്ത ഒരു തീരുമാനമാണ്.

ശ്രീ. ടി. എ. മജീദ് : ആ ദിവസങ്ങളിലെ ശമ്പളത്തിന് ബില്ലെഴുതരുതെന്ന് എഴുതിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്ന് ശമ്പളത്തിന്റെ കാര്യത്തിൽ ഒരു പ്രയാസവും ഉണ്ടായിട്ടില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ : 20 ശതമാനം ഓഹരി മാനേജരന്മാർക്ക് കൊടുക്കുന്നതിൽ ഈ ക്ലാർക്കന്മാരുടെ ശമ്പളവുംകൂടി ഉൾപ്പെടുത്തണമെന്ന് ഒരു വ്യവസ്ഥ ഉണ്ടായിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ 20 ശതമാനം ഓഹരി അദ്ധ്യാപകന്മാരുടെ ശമ്പളം ഒഴിച്ച് മററ സ്കൂളിലുള്ളതായ എല്ലാ ചെലവുകളും നടത്തുന്നതിനുവേണ്ടിയാണ്. അതിൽ ക്ലാർക്കന്മാരുടെ ശമ്പളവുംപെടും.

ശ്രീ. എൻ. ജി. ചാക്കോ : അതനുസരിച്ച് ക്ലാർക്കന്മാർക്ക് ശരിയായി ശമ്പളം കൊടുക്കുന്നുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. എൻ. ജി. ചാക്കോ : അന്വേഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : യാതൊരു വിധത്തിലുമുള്ള നിയന്ത്രണവും ഇല്ലാതിരിക്കേ പ്രൈവററസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ കാര്യത്തിൽ ഒരു ശമ്പളസ്കെയിൽ ആരംഭിക്കുന്നതു സംബന്ധിച്ച് നിബന്ധനകൾ ഉണ്ടാക്കി. അതുതന്നെ വേണ്ട വിധത്തിൽ നടക്കുന്നില്ലെന്നാണ് ആക്ഷേപം. മററുള്ള കാര്യങ്ങളിൽ കടക്കുന്നതിനുമുമ്പായി അതു പൂർത്തിയാക്കുകയാണ് വേണ്ടതു്.

ശ്രീ. എൻ. ജി. ചാക്കോ: അതു് ഏതാദേശം പൂർത്തിയായിക്കഴിഞ്ഞാൽ മാററുകൂടി ചെയ്യുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ആലോചിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പി. എസ്സ്. എസ്സ്. സ്കീമിൽ ഉൾപ്പെടാത്ത സ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ കാര്യവും ഇതിൽപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവർ മാനേജരന്മാരോടു് ശമ്പളം വാങ്ങണം.

ടീച്ചേഴ്സ്.

*165. [3] ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററ് സെക്കണ്ടറിസ്കൂൾ ടീച്ചേഴ്സിനു മിഡിൽ സ്കൂളിലും ഹൈസ്കൂളിലും ഉള്ള ശമ്പളനിരക്കു് എന്താണു്;

(ബി) ഓരോ വിഭാഗത്തിലുംപെട്ടവർക്കു് അലവൻസിൻെറ നിരക്കു് എന്താണു്;

(സി) ലീവു് സംബന്ധിച്ചു ഗവണ്മെൻറു സ്കൂളിലും പ്രൈവററു സ്കൂളിലും വല്ല വ്യത്യാസവുമുണ്ടോ;

(ഡി) അദ്ധ്യാപികമാരുടെ പ്രസവാവധി സംബന്ധിച്ചു് ഉള്ള വ്യത്യാസം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഹൈസ്കൂളുകളിലെ ഗ്രാഡുവേററ് അദ്ധ്യാപകന്മാർക്കു് 45–150–ം, മിഡിൽ സ്കൂൾ അദ്ധ്യാപകന്മാർക്കു് 30–60–ം ആകുന്നു. 1-4-1955 മുതൽ ഗ്രാഡുവേററ അദ്ധ്യാപകന്മാർക്കു് 50–150–ം മിഡിൽ സ്കൂൾ അദ്ധ്യാപകന്മാർക്കു് 40–80–ം ആക്കി പരിഷ്കരിച്ചിട്ടുണ്ടു്.

(ബി) 15 രൂപയോ, വാങ്ങുന്ന ശമ്പളത്തിൻെറ 15 ശതമാനമോ ഏതാണു് കൂടുതൽ അതായിരുന്നു നിരക്കു്. ഇപ്പോൾ സർക്കാർസ്കൂൾ അദ്ധ്യാപകന്മാരുടെ നിരക്കിൽ അലവൻസു കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടു്.

(സി, ഡി) ലീവു സംബന്ധിച്ചു് ഗവണ്മെൻറുസ്കൂളിലും പ്രൈവററുസ്കൂളിലും വ്യത്യാസങ്ങളുണ്ടു്. അദ്ധ്യാപികമാർക്കു് പ്രസവ അവധി സംബന്ധിച്ചും വ്യത്യാസമുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അതു് ഗവണ്മെൻറു ആലോചിച്ചുകൊണ്ടിരിക്കയാണു്.

ശ്രീ. പി. ഗോപാലൻ: ലീവു സംബന്ധിച്ചുള്ള വ്യത്യാസം എന്താണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറുസ്കൂൾ അദ്ധ്യാപകന്നു് ടി. എസ്സ്. ആർ. വ്യവസ്ഥകളനുസരിച്ചാണു് ലീവുകൊടുക്കുന്നതു്. 1–7–49-നു ശേഷം സി. എസ്സ്. ആർ. അനുസരിച്ചു് കൊച്ചിയിലെ അദ്ധ്യാപകന്മാർക്കു് ലീവു് കൊടുക്കുന്നുണ്ടു്. പ്രൈവററു് സെക്കണ്ടറി

സ്കൂൾ അദ്ധ്യാപകന്മാക്ക് പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ചാണ് അവധി കൊടുക്കുന്നതു്. പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് കൊടുക്കുന്ന അവധി സക്കാർ സ്കൂളിലുള്ള അവധിയെക്കാൾ കുറവാണ്. ടി. എസ്സ്. ആർ. അനുസരിച്ച് അദ്ധ്യാപികമാക്ക് 4 മാസത്തെ പ്രസവാവധി ഉണ്ടു്. സി. എസ്സ്. ആർ. അനുസരിച്ച് രണ്ടുമാസത്തെ പ്രസവാവധിയേ ഉള്ളു. പി. എസ്സ്. എസ്സ്. സ്കീം അനുസരിച്ച് അദ്ധ്യാപികമാക്ക് പ്രസവാവധി രണ്ടുമാസം ഉണ്ടു്.

ശ്രീ. പി. ഗോപാലൻ: ഗവണ്മെൻറസ്കൂൾ അദ്ധ്യാപകന്മാക്ക് പകുതി ശമ്പളത്തോടുകൂടിയും മുഴുവൻ അലവൻസോടുകൂടിയും സിക്ക ലീവും, നാലുമാസത്തെ പ്രിവിലേജ്ജ്‌ലീവും അനുവദിക്കുമ്പോൾ പ്രൈവററ സ്കൂൾ അദ്ധ്യാപകന്മാക്ക് ഒരു മാസത്തെ പ്രിവിലേജ്ജ്‌ലീവുമാത്രമേ കൊടുക്കുന്നുള്ളു. ആ വ്യത്യാസം മാററിയാൽ കൊള്ളാമെന്നുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നത്തെ റൂളുകളനുസരിച്ച് പ്രൈവററസ്കൂൾ അദ്ധ്യാപകനും സക്കാർ സ്കൂൾ അദ്ധ്യാപകനും തമ്മിൽ വളരെ വ്യത്യാസമുണ്ടു്.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ശമ്പളപരിഷ്കാരത്തിൽ പാർട്ടൈം അദ്ധ്യാപകർ ഉൾപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചിലതൊക്കെ വിട്ടുപോയിട്ടുണ്ടു്. അങ്ങിനെയുള്ള കാര്യങ്ങളെല്ലാം പരിശോധിച്ച് എല്ലാവിഭാഗത്തിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ തീരുമാനങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടി കൂടിയാണ് പേ കമ്മിഷനെ നിയമിച്ചിട്ടുള്ളതു്.

പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള നിർമ്മാണപദ്ധതികൾ.

* 166. [4] ശ്രീ. ആർ. പ്രകാശം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള നിർമ്മാണപദ്ധതികൾ പരിശോധിക്കുന്നതിനും നേരിട്ടു മനസ്സിലാക്കുന്നതിനും ഈ നിയമസഭയിലെ വിവിധ കക്ഷികളിലെ അംഗങ്ങളെ ഗവണ്മെൻറച്ചെലവിൽ നിയോഗിക്കുന്നതിനു ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ രീതിയിലുള്ള സന്ദർശനപരിപാടികൾ പാർലമെൻറംഗങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യാഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) പഞ്ചവത്സരപദ്ധതിയനുസരിച്ചുള്ള നിർമ്മാണ പദ്ധതികൾ പരിശോധിക്കുന്നതിനും നേരിട്ടു മനസ്സിലാക്കുന്നതിനും ഈ നിയമസഭയിലെ വിവിധ കക്ഷികളിലെ അംഗങ്ങളെ ഗവണ്മെൻറച്ചെലവിൽ നിയോഗിക്കുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

(ബി) ഈ രീതിയിലുള്ള സന്ദർശനപരിപാടികൾ പാർലമെൻറംഗങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഡ്യാഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടെന്നുള്ള വിവരം എനിക്ക് അറിവില്ല.

ശ്രീ. ആർ. പ്രകാശം: ഇതു ഈ നിർമ്മാണ പദ്ധതികളെപ്പററി പൊതുജനങ്ങൾക്കു മനസ്സിലാക്കുവാനും അങ്ങിനെ അവക്കു അതിൽ വിശ്വാസം വരുവാനും സഹായകമായിരിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സഹായകമാണോ എന്നു ആലോചിക്കാം.

ശ്രീ. കെ. സി. ജാർജ്: പാർലമെൻറിൽ ഇങ്ങനെ ഒരു നടപടി സ്വീകരിച്ചിട്ടുള്ളതായി അറിവില്ല എന്നു പറഞ്ഞു; ഞാൻ പറഞ്ഞാൽ ഗവണ്മെൻറ അതു വിശ്വസിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ മി. ജാർജ് പാർലമെൻറ മെംബർ ആയിരുന്നു. അദ്ദേഹം പറയുന്നതു് വിശ്വസിക്കാം.

ശ്രീ. പി. വി. അവിരാതരകൻ: പഞ്ചവത്സരപദ്ധതികൾ പരിശോധിക്കാൻ എന്തെങ്കിലും ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. ഡിസ്ട്രിക്ററ കമ്മിററികൾ ഉണ്ടു്; അഡൈ്വസറി കമ്മിററികൾ ഉണ്ടു്. പഞ്ചവത്സര പദ്ധതികൾക്കു പ്രത്യേകം ഉദ്യോഗസ്ഥന്മാരും ഉണ്ടു്.

തൊഴിലില്ലാത്തവരുടെ സംഖ്യ.

* 167. [5] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു തൊഴിലില്ലാത്തവരുടെ സംഖ്യ എത്ര;

(ബി) അഭ്യസ്തവിദ്യരായ എത്രപേർ തൊഴിലില്ലാത്തവരായുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി) തൊഴിലില്ലാത്തവർ എത്രയെന്നും, അതിൽ അഭ്യസ്തവിദ്യരായി എത്രപേർ ഉണ്ടെന്നും കൃത്യമായി കണ്ടുപിടിച്ചിട്ടില്ല. ഇതിനെപ്പററി ചില സർവ്വെ നടത്തിയിട്ടുള്ളതിൽ നിന്നും ലഭിച്ച ചില വിവരങ്ങൾ എൻെറ ബഡ്ജററ് പ്രസംഗത്തിൽ ഞാൻ വെളിപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ബഡ്ജററപ്രസംഗത്തിൽ ഉള്ളതു എവിടെയെല്ലാം സർവ്വെ നടത്തിയതിൻെറ കണക്കുകളാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസുകൂടാതെ അതിനെപ്പററി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ആരാണു് ഈ സർവ്വെ നടത്തിയതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടത്തെ സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറിൽ നിന്നുമാണു് നടത്തിയതു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതു് തിരുവനന്തപുരം പട്ടണത്തിലും അടുത്തുള്ള ചില സ്ഥലങ്ങളിലേയും കണക്കുമാത്രമാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സുസമ്മതനായ ഒരു ഉദ്യോഗസ്ഥൻ, അതായത്, ഈ കാര്യത്തിൽ വിദഗ്ദ്ധനായ ഒരു ഉദ്യോഗസ്ഥൻ നടത്തിയ ഒരു സർവ്വെയാണ് ഇത്. അതു അപര്യാപ്തമാണെന്നു സമ്മതിക്കുന്നതിനു മുൻപ് കുറെക്കൂടി ആലോചിക്കണം.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : ബഡ്ജററുപ്രസംഗത്തിൽ പറഞ്ഞിട്ടുള്ള കണക്കുകൾ ഭാഗികമായി തൊഴിലില്ലാത്ത ആളുകളെ സംബന്ധിച്ചാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററിയും ഞാൻ അതിൽ സൂചിപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ : വിപുലമായ തോതിൽ ഒരു സർവ്വെ നടത്താൻ ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

Shri T. S. Ramaswami : May I know whether the data and statistics collected by the Statistics Department in regard to unemployment will be published?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആദ്യമായി അതു് പബ്ലിഷ് ചെയ്തതു് ഈ ബഡ്ജററ പ്രസംഗത്തിലാണ്. ഇനി പബ്ലിഷ് ചെയ്യുന്ന കാര്യം ആലോചിക്കാം.

Shri T. S. Ramaswami : May I know whether they have collected the data and other statistics?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. അതിലുള്ള ഒരു ഭാഗമാണ് ബഡ്ജററ പ്രസംഗത്തിൽ ഉപയോഗിച്ചതു്.

Shri T. S. Ramaswami : Is it a fact that after the collection of these statistics, some difficulty was experienced in publishing these statistics? Is it true?

Shri Panampilli Govinda Manon : There is no difficulty. In fact, I published a portion of it,

ശ്രീ. പി. ആർ. മാധവൻപിള്ള : തൊഴിലില്ലാത്തവരുടെ സംഖ്യ കുറഞ്ഞുവരികയാണോ, വർദ്ധിച്ചുവരികയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മുൻകൊല്ലങ്ങളിലെ സ്ഥിതി വിവരക്കണക്കുകൾകൂടി കൈവശമില്ലാതെ കൂടുകയാണോ, കുറയുകയാണോ എന്നു ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

തൊഴിലില്ലായ്മ.

✱ 168. [6] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

തൊഴിലില്ലായ്മ പരിഹരിക്കാൻ എന്തു നടപടികൾ ഗവണ്മെൻറ സ്വീകരിക്കുന്നു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : തൊഴിലില്ലായ്മയ്ക്കു് പരിഹാരമായിട്ടാണു കുടിയേറിപാർപ്പുപദ്ധതി, മണ്ണൊലിപ്പു

നിവാരണപദ്ധതി, ചെറുകിടവ്യവസായപദ്ധതി മുതലായവ ഗവണ്മെൻറ ആവിഷ്കരിച്ചിട്ടുള്ളതു്. കൂടാതെ മററു ചിലവ ബഡ്ജററുപ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ജനങ്ങൾക്കു കൂടുതൽ തൊഴിൽ കൊടുക്കുവാൻ ഉതകുന്ന പദ്ധതികൾക്കു മുൻഗണന നൽകുന്നതാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: മണ്ണെണ്ണലിപ്പപദ്ധതിപോലെയുള്ള ചില പദ്ധതികൾ കൊണ്ടു് ഈ നാട്ടിലെ തൊഴിലില്ലായ്മ മാററാമെന്നാണോ ധാരണ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത്രയ്ക്കു് മാറും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: എത്രത്തോളം മാറും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൻെറ കണക്കു് എടുത്തിട്ടില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ രാജ്യത്തു വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്താനുള്ള മാറ്റങ്ങളും ഉണ്ടു്. അതിനെ അടിസ്ഥാനമാക്കി വ്യക്തമായ എന്തെങ്കിലും നടപടി തൊഴിലില്ലായ്മയുടെ പരിഹാരത്തിനായി ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: തൊഴിലില്ലായ്മ എത്രത്തോളം പരിഹരിക്കാമെന്നു കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി വ്യക്തമായും കൃത്യമായും ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ആർ. പ്രകാശം: തൊഴിലില്ലായ്മവേതനം നൽകാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. സി. ജി. സദാശിവൻ: ഈ പദ്ധതികൾമൂലം തൊഴിലാളികളിൽ എത്രപേർക്കു തൊഴിൽ കൊടുക്കാമെന്നു് ടാർജററു് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യയിൽ ആകെ എത്ര പേർക്കു് തൊഴിൽ കൊടുക്കാമെന്നുള്ള ഒരു ടാർജററു് സാമാന്യമായി ഉണ്ടാക്കിയിട്ടുണ്ടു്. അതിൽ കൂടുതലായി ഇവിടെ ഒന്നും ഇല്ല.

ശ്രീ. സി. കൊച്ചുകുഞ്ഞു്: ഈ പദ്ധതികൾകൊണ്ടു് എത്ര ആളുകൾക്കു് തൊഴിൽ കിട്ടുമെന്നു് ഒരു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പദ്ധതികൾ നടപ്പിൽ വന്നാൽ 7500 തൊഴിലാളികൾക്കു് ആദ്യത്തെ കൊല്ലത്തിൽ തൊഴിൽ കൊടുക്കുവാൻ കഴിയുമെന്നുള്ള നിലയിലാണു് അതു് തയാറാക്കിയിട്ടുള്ളതു്.

ശ്രീ. പ്രാക്കുളം ഭാസി: പഞ്ചവത്സരപദ്ധതിയനുസരിച്ച് അടുത്ത കൊല്ലത്തിൽ എത്രപേർക്കു ജോലികൊടുക്കാമെന്ന് കണക്കുകൂട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു കണക്കുകൂട്ടിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: പഞ്ചവത്സരപദ്ധതികൾ കൊണ്ട് എത്ര പേർക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കാൻ സാധിക്കുമെന്നുള്ള ഒരു കണക്ക് എടുക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എടുക്കാം.

ശ്രീ. പ്രാക്കുളം ഭാസി: അത് എന്നത്തേയ്ക്കു എടുക്കാം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അത് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഒന്നാമത്തെ പഞ്ചവത്സരപദ്ധതി പൂർത്തിയാകുന്നതിനു മുമ്പ് അങ്ങിനെയൊരു കണക്കെടുക്കുവാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒന്നാമത്തെ പഞ്ചവത്സരപദ്ധതി പൂർത്തിയാകാൻ ഇനി പത്തോ പതിനൊന്നോ മാസമേയുള്ളു. അതിനിടയിൽ എത്ര പേർക്കു തൊഴിലുണ്ടാക്കിക്കൊടുക്കാൻ സാധിക്കുമെന്നുള്ള ഒരു കണക്കെടുക്കാൻ ശ്രമിക്കുന്നതിനേക്കാൾ, ആ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണു നല്ലത്.

ശ്രീ. പ്രാക്കുളം ഭാസി: പഞ്ചവത്സരപദ്ധതികൊണ്ട് നമ്മുടെ നാട്ടിൽ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നു അറിയിക്കേണ്ടതു് ഗവണ്മെൻറിൻെറ കടമയല്ലേ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. ടി. പി. സീതാരാമൻ: പഞ്ചവത്സരപദ്ധതികളുടെ പ്രവർത്തനഫലമായി പത്തു കൊല്ലംകൊണ്ട് ഇൻഡ്യയിലെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിച്ചേയ്ക്കുമെന്ന് ഇൻഡ്യൻ പ്രധാനമന്ത്രിയും പ്രസിഡൻറും പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. ടി. പി. സീതാരാമൻ: ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ ഈ ഗവണ്മെൻറിനു സഹായകമായ എന്തെങ്കിലും കാര്യങ്ങൾ ചെയ്യുന്നതിന് കേന്ദ്രഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ സഭയിൽ തന്നെ എല്ലാ ഭാഗത്തുനിന്നും പ്രത്യേകിച്ചും എതിർപക്ഷത്തുനിന്നും കൂടെക്കൂടെ നാട്ടിലെ തൊഴിലില്ലായ്മയെപ്പററി പറയുന്നുണ്ട്. ഇവിടത്തെ കടുത്ത തൊഴിലില്ലായ്മയ്ക്കു നിവാരണമാർഗ്ഗം ഉണ്ടാക്കുന്ന കാര്യം രണ്ടാമത്തെ പഞ്ചവത്സരപദ്ധതി സംവിധാനം ചെയ്യുമ്പോൾ അതിൻെറ ശ്രദ്ധയിൽപ്പെടണമെന്നാണുദ്ദേശം.

ശ്രീ. കെ. സി. ജാർജ്ജ്: തിരുവിതാംകൂർ-കൊച്ചിയിൽ ജനസംഖ്യ കൂടുതലുള്ളതുകൊണ്ടും, വിദ്യാഭ്യാസം കൂടുതലുള്ളതുകൊണ്ടും തൊഴി

ലില്ലായ്മ വർദ്ധിച്ചുവരുന്നതുകൊണ്ടും, ഇതിനു് ഒരു പ്രത്യേക പരിഗണന വേണമെന്നു് ഇൻഡ്യാഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. അക്കാര്യം ബഡ്ജററ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: തൊഴിലില്ലായ്മയെ സംബന്ധിച്ചു് ഒരു ശരിയായ സർവെ നടത്താതെ വെറും ഊഹാപോഹങ്ങൾ അടിസ്ഥാനമാക്കിയാണോ പദ്ധതി തയ്യാറാക്കുന്നതു്?

(ഉത്തരമില്ല)

UNICEF പദ്ധതിപ്രകാരം പാലും അരിയും വിതരണം.

* 169. [7] ശ്രീ. പി. കുഞ്ഞൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) UNICEF പദ്ധതിപ്രകാരം ഗവണ്മെൻറുദ്യോഗസ്ഥന്മാർ സ്വന്തമായി നടത്തുന്ന എത്ര സ്ഥാപനങ്ങൾക്കു് പാലും അരിയും വിതരണം ചെയ്തുവരുന്നുണ്ടു്;

(ബി) അങ്ങിനെ സ്വന്തബിസിനസ്സ് നടത്തുന്നതിനു് ഗവണ്മെൻറു ജീവനക്കാർക്കു് അനുമതി നൽകിയിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹീം):

(എ) അങ്ങനെയുള്ള സ്ഥാപനങ്ങൾമുഖേന വിതരണംനടത്തുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. പി. സീതാരാമൻ: ഏതെങ്കിലും വ്യക്തികൾക്കു് വിതരണം ചെയ്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: ചെയ്തിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ: അരിവിതരണം വ്യക്തികൾക്കു് കൊടുത്തിട്ടില്ലേ?

ശ്രീ. എ. എ. റഹീം: വ്യക്തികൾക്കു് കൊടുത്തിട്ടില്ല.

ശ്രീ. ടി. പി. സീതാരാമൻ: സ്ഥാപനങ്ങൾക്കു കൊടുക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹീം: കൊടുക്കുന്നുണ്ടു്.

ശ്രീ. ടി. പി. സീതാരാമൻ: ഏതെല്ലാം സ്ഥാപനങ്ങൾക്കാണെന്നു പറയാമോ?

ശ്രീ. എ. എ. റഹീം: സ്കൂളുകൾ, പഞ്ചായത്തുകൾ എന്നിവ മുഖാന്തിരം അതാതു സ്ഥലത്തുള്ള കുട്ടികൾക്കും ഗർഭിണികൾക്കും വിതരണം ചെയ്യുന്നുണ്ടു്. അല്ലാതെ സാമൂഹ്യസേവനം ചെയ്യുന്ന മററ സ്ഥാപനങ്ങൾക്കും കൊടുക്കുന്നുണ്ടു്.

ശ്രീ. ടി. പി. സീതാരാമൻ: ഓരോ ഡിസ്ട്രിക്റ്റിലും എത്ര സ്ഥാപനങ്ങൾക്കാണു് വിതരണം ചെയ്യുന്നതു്?

ശ്രീ. എ. എ. റഹീം :

	അരി	പാൽ
തിരുവനന്തപുരത്ത്	99	109
കൊല്ലത്ത്	117	128
കോട്ടയം	30	37
തൃശ്ശൂർ	104	50

ഇത്രയും സ്ഥാപനങ്ങളിൽ നൽകുന്നുണ്ട്.

ശ്രീ. തലേക്കര കെ. കൃഷ്ണൻ : ഈ സ്ഥാപനങ്ങൾ തിരഞ്ഞെടുത്ത മാനദണ്ഡം എന്താണ്?

ശ്രീ. എ. എ. റഹീം : ക്ഷാമബാധിതപ്രദേശങ്ങളിലും, ആരോഗ്യം കുറവുള്ള സ്ഥലങ്ങളിലും ആണ് നൽകുന്നത്. കോസ്റ്റൽ ഏരിയായിലാണ് അധികം നൽകുന്നത്.

ശ്രീ. പി. ആർ. മാധവൻപിള്ള : പാൽവിതരണത്തെപ്പററി പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹീം : പരാതിയൊന്നും ലഭിച്ചിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണോ പാൽ വിതരണം നടത്തുന്നത് ?

ശ്രീ. എ. എ. റഹീം : പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറു വഴിയാണ്.

ശ്രീ. പി. നാരായണൻ പോററി : യൂണിസെഫിൽ നിന്നും വിതരണംചെയ്യാൻ നിയുക്തനായ ഉദ്യോഗസ്ഥൻ അരി മോഷ്ടിച്ചതായി പരാതി കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. എ. റഹീം : ഉണ്ട്.

ശ്രീ. പി. നാരായണൻ പോററി: എത്ര ചാക്ക് അരി മോഷ്ടിച്ചു? അതിനെപ്പററി എന്തു നടപടി നടത്തി?

ശ്രീ. എ. എ. റഹീം : അതു് ഇപ്പോൾ അന്വേഷണത്തിലിരിക്കുകയാണ്.

ശ്രീ. പി. നാരായണൻ പോററി : ആ ഉദ്യോഗസ്ഥൻ ഇപ്പോഴും സർവീസിലിരിക്കുകയാണോ ?

ശ്രീ. എ. എ. റഹീം : നോട്ടീസ് വേണം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : അരികൊടുത്താൽ അതു് കഞ്ഞിയാക്കി കൊടുക്കുന്നതിനു ആവശ്യപ്പെടുന്ന തുക കൂടി അനുവദിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹീം : ഇല്ല.

ശ്രീ. പി. വി. അവിരാത്തരകൻ : സ്കൂളുകളിൽ അരിവിതരണം നടത്തുന്നതു് ആരാണ്?

ശ്രീ. എ. എ. റഹീം : ഹെഡ്മാസ്റ്റർമാരാണ്.

ശ്രീ. പി. വി. അവിരാത്തരകൻ: പ്രൈവററ് സ്കൂളുകളിൽ ആരാണ് ?

ശ്രീ. എ. എ. റഹീം: അതും ഹെഡ്മാസ്റ്റർമാരാണ്.

ശ്രീ. പി. വി. അവിരാത്തരകൻ: മാനേജരന്മാരാണെന്ന് ഇതിനു മുൻപു പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. എ. റഹീം: അങ്ങനെ പറഞ്ഞിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ.

ശ്രീ. സി. എ. മാത്യു: ഇവിടെ വായിച്ച ലിസ്റ്റിൽ കോട്ടയം ഡിസ്ട്രിക്ടിൽ വിതരണം കുറവാണെന്നു കണ്ടു. അതിനു കാരണമെന്താണ്?

ശ്രീ. എ. എ. റഹീം: അവിടെ ക്ഷാമം കുറവായതുകൊണ്ടായിരിക്കാം.

ശ്രീ. സി. എ. മാത്യു: അതിനെ സംബന്ധിച്ച് സ്ഥിതിവിവരക്കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. എ. എ. റഹീം: പ്രത്യേകം കണക്കെടുത്തിട്ടില്ല.

ശ്രീ. എൻ. പരമേശ്വരൻപിള്ള: ഓരോ സ്ഥലങ്ങളിലും നൽകുന്ന സാധനങ്ങളുടെ ക്വാണ്ടിററി എത്രയാണെന്നു പറയാമോ?

ശ്രീ. എ. എ. റഹീം: അതിനെപ്പററി വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് കൈവശമുണ്ട്, അതു നോക്കിയാൽ അറിയാം.

ശ്രീ. തലേക്കര കെ. കൃഷ്ണൻ: സാമൂഹ്യസംഘടനകളുടെ ശുപാർശ അനുസരിച്ചാണോ വിതരണം നടത്തുന്നത്?

ശ്രീ. എ. എ. റഹീം: അപേക്ഷകൾ ലഭിച്ചാൽ അതു് പബ്ലിക്ക് ഹെൽത്ത് ആഫീസിൽ അയച്ചുകൊടുക്കും. അവരുടെ ശുപാർശയനുസരിച്ചു ചെയ്യും.

ശ്രീ. എൻ. നാരായണക്കുറുപ്പ്: കുട്ടനാട്ടിൽ തകഴി പഞ്ചായത്തിലേക്ക് പാൽ വിതരണം ചെയ്യാൻ ഏർപ്പാടു ചെയ്യാമോ?

ശ്രീ. എ. എ. റഹീം: ആവശ്യപ്പെടുകയാണെങ്കിൽ ചെയ്യാം.

ശ്രീ. പി. കെ. കുഞ്ഞു: കോസ്റ്റൽ ഏരിയായിലാണ് അധികമായി വിതരണം ചെയ്യുന്നതെന്നു പറഞ്ഞു. കോട്ടയം ഡിസ്ട്രിക്ററിൽ കോസ്റ്റൽ ഏരിയാ ഉണ്ടോ?

ശ്രീ. എ. എ. റഹീം: കോട്ടയം ഡിസ്ട്രിക്ററിൽ കോസ്റ്റൽ ഏരിയാ ഇല്ല.

എലക്ട്രിസിററി എക്സ്റ്റൻഷൻ.

✻ 170. [8] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മുനിസിപ്പൽ അതിർത്തികളിൽ എലക്ട്രിസിററി എക്സ്റ്റൻഷൻ നൽകുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആരു്;

(ബി) ഇരിഞ്ഞാലക്കട മുനിസിപ്പൽ അതിർത്തിക്കുള്ളിൽ എക്സ്റ്റൻഷൻ ലഭിക്കുന്നതിനുള്ള വിഷമതകളെ സംബന്ധിച്ച് ഗവണ്മെൻറിലേയ്ക്കു് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) പരാതികളുടെ സ്വഭാവം എന്താണ്?

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ:

(എ) ആയിരം രൂപാവരെ ചെലവുവരുന്ന എക്സ്റ്റൻഷൻ അനുവദിക്കുന്നതു്, ഡിവിഷൻ ആഫീസറും, 25,000 രൂപാവരെ ചെലവു വരുന്നതു സൂപ്രണ്ടിംഗ് എൻജിനീയരും, ഒരു ലക്ഷം രൂപാവരെ ചെലവു വരുന്നതു് ചീഫ് എൻജിനീയരും, അതിൽ കൂടുതൽ ചെലവു വരുന്നതു ഗവണ്മെൻറും ആണ്.

(ബി) എക്സ്റ്റൻഷൻ ലഭിക്കുന്നതിനുള്ള വിഷമതകളെപ്പററി പരാതി കിട്ടിയിട്ടില്ല. കണക്ഷൻ കൊടുക്കുന്നതിനു് കാലതാമസമുണ്ടെന്നു പരാതി കിട്ടിയിട്ടുണ്ടു്.

(സി) കണക്ഷൻ നൽകുന്നതിനു ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിലാണു മുഖ്യമായ പരാതി.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: കണക്ഷൻ ആവശ്യമുള്ള പാർട്ടിയുടെ പക്കൽ നിന്നും, മുൻകൂറായി പണം വാങ്ങിച്ചിട്ടുണ്ടെന്നു പരാതിയുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: ഉണ്ടു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: അതിനെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അന്വേഷണം നടത്തിയതിൽ കുററം ചെയ്തിട്ടില്ല എന്നാണറിഞ്ഞതു്.

ശ്രീ. സി. എ. മാത്യു: ആലുവാ എലക്ട്രിസിററി എക്സ്റ്റൻഷൻ സംബന്ധിച്ചു വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: കിട്ടിയിട്ടുണ്ടു്.

ശ്രീ. ടി. ഒ. ബാവാ: ആലുവായിൽ ഒന്നരക്കൊല്ലം മുൻപ് വയറിംഗ് നടത്തിയിട്ടും ഇതുവരെ കണക്ഷൻ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: ചില സ്ഥലങ്ങളിൽ സാദ്ധ്യമല്ലാതെ വന്നിട്ടുണ്ടു്.

ശ്രീ. ടി. ഒ. ബാവാ: ഒന്നരക്കൊല്ലത്തിനു മുൻപു വാങ്ങിയ സാധനങ്ങൾ തുരുമ്പുപിടിച്ചു പോകുന്നതായി അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: തുരുമ്പു പിടിച്ചിട്ടുള്ളതായി അറിവില്ല. കണക്ഷൻ കൊടുത്തിട്ടില്ലെന്നറിയാം.

ശ്രീ. ടി. ഒ. ബാവാ: അതു മൂലം പാർട്ടികൾക്കു് നഷ്ടം വന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: അങ്ങനെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. ടി. ഒ. ബാവാ: കഴിയുന്നതും വേഗം ഇതിനു പരിഹാരം ഉണ്ടാക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ: ശ്രമിക്കാം.

ശ്രീ. എൻ. നാരായണക്കുറുപ്പ്: തകഴി പഞ്ചായത്തിൽ ഒരു കൊല്ലമായിട്ടും കണക്ഷൻ കിട്ടിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: അറിവില്ല.

ശ്രീ. എൻ. നാരായണക്കുറുപ്പ്: ഞാൻ പറഞ്ഞാൽ വിശ്വസിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ: വിശ്വസിക്കാം.

ശ്രീ. എൻ. നാരായണക്കുറുപ്പ്: അതിനു വേണ്ട നടപടി നടത്തുമോ?

ശ്രീ. കെ. ഐ. വേലായുധൻ: ആവശ്യമായ നടപടി നടത്താം.

ശ്രീ. പുതുക്കളം ഭാസി: ഈ ബഡ്ജററുവർഷത്തിൽ അനുവദിച്ച സ്ഥലങ്ങളിൽ കണക്ഷൻ പൂർത്തിയാക്കാൻ ശുഷ്കാന്തി കാണിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ: കഴിയുന്നതും ശുഷ്കാന്തി പ്രദർശിപ്പിക്കാം.

ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: പല സ്ഥലത്തും വയറിംഗ് നടത്തിയിട്ടും കണക്ഷൻ നൽകിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: ചില സ്ഥലങ്ങളിൽ കണക്ഷൻ കൊടുക്കാതെ വന്നിട്ടുണ്ട്.

ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: എർത്തുവയർ ഇല്ലാത്തതുകൊണ്ടാണോ?

ശ്രീ. കെ. ഐ. വേലായുധൻ: ചില സ്ഥലത്തു എർത്തുവയർ ഇല്ലാത്തതുകൊണ്ടാണു കണക്ഷൻ നൽകാൻ സാധിക്കാത്തതു്.

ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: റാന്നി, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ വയറിംഗ് കഴിഞ്ഞിട്ടും എർത്തുവയർ ഇല്ലാത്തതുകൊണ്ടു് കണക്ഷൻ കൊടുക്കാതിരുന്നിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അതിനെപ്പററി അറിവില്ല.

ശ്രീ. സി. ജി. സദാശിവൻ: കണക്ഷൻ സംബന്ധിച്ച ലൈനിൽ നിന്നും മുറിക്കുന്ന വൃക്ഷങ്ങൾക്കു വില നൽകാറുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: വില കൊടുക്കാറുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: തുറവൂർ കരിനിലങ്ങൾക്കു കറണ്ടു കൊടുത്തപ്പോൾ, രാഷ്ട്രീയപരിഗണനകൾവച്ചു വൃക്ഷങ്ങൾ മുറിച്ചിട്ടുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: അറിഞ്ഞുകൂടാ.

ശ്രീ. സി. ജി. സദാശിവൻ: അങ്ങനെ മുറിക്കപ്പെട്ട വൃക്ഷങ്ങൾക്കു വില കൊടുത്തില്ലെന്നറിയാമോ?

ശ്രീ. കെ. ഐ. വേലായുധൻ: അതിനെപ്പററി അറിവില്ല.

ശ്രീ. സി. ജി. സദാശിവൻ: ഈ സഭയിലെ ഒരംഗമായ ശ്രീ. പി. വി. അബ്രഹാം മുറിക്കപ്പെട്ട വൃക്ഷങ്ങൾക്ക വില കൊടുത്തിട്ടില്ലെന്ന പരാതിയില്ലേ?

ശ്രീ. കെ. ഐ. വേലായുധൻ: രാഷ്ട്രീയ കാരണങ്ങളാൽ മുറിച്ചതായി പരാതിയില്ല.

ശ്രീ. കെ. സി. ജാർജ്ജ്; ഈ പറഞ്ഞതു് ഒരു പരാതിയായി വക വയ്ക്കാമോ?

ശ്രീ. കെ. ഐ. വേലായുധൻ: പരാതിയായി കണക്കാക്കാം. ഈ വിവരം ഇന്നലെയാണ ശ്രീ. തരകൻ എന്നോടു പറഞ്ഞതു്.

ശ്രീ. കെ. എ. ശിവരാമഭാരതി: കൃഷിയാവശ്യത്തിനായി ഇല ക്ട്രിസിററി നൽകുന്ന കാര്യത്തിൽ മുൻഗണന നൽകുമോ?

ശ്രീ. കെ. ഐ. വേലായുധൻ: ഇലക്ട്രിസിററി ലഭിക്കുന്നതനുസ രിച്ചു മുൻഗണന നൽകാവുന്നതാണു്.

ശ്രീ. ടി. പി. സീതാരാമൻ: തേക്കിൻ കഴകൾ കിട്ടുന്നില്ലെന്നു പരാതിയുണ്ടോ?

ശ്രീ. കെ. ഐ. വേലായുധൻ: പരാതിയുള്ളതായി അറിവില്ല.

ശ്രീ. ടി. പി. സീതാരാമൻ: അന്വേഷിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ: അന്വേഷിക്കാം.

ശ്രീ. പി. എസ്. നടരാജപിള്ള: പവ്വർ അവൈലബിൾ അല്ലാത്തതുകൊണ്ടാണോ ഡിപ്പാർട്ടുമെൻറിലെ താമസം കൊണ്ടാണോ കണക്ഷൻ നൽകാത്തതു്?

ശ്രീ. കെ. ഐ. വേലായുധൻ: പല കാര്യവുമുണ്ടു്. പവ്വർ കുറവായതും, പോസ്ററ് ഇല്ലാത്തതും, മററ മെററീരിയൽസ് ഇല്ലാത്തതും കണക്ഷൻ നൽകാൻ താമസത്തിനു കാരണമാണു്.

ശ്രീ. പി. എസ്. നടരാജപിള്ള: പവ്വർ ലഭിക്കുന്നതിനുള്ള ഗവണ്മെൻറിൻെറ ധാരണ?

ശ്രീ. കെ. ഐ. വേലായുധൻ: അല്ല.

ശ്രീ. പി. എസ്. നടരാജപിള്ള: അടുത്ത കൊല്ലത്തേക്കു് എത്ര പവ്വർ അവൈലബിളായിരിക്കും?

ശ്രീ. കെ. ഐ. വേലായുധൻ: നോട്ടീസ് വേണം.

ശ്രീ. എം. വി. ചെറിയാൻ: വികസനപദ്ധതികൾക്കുവേണ്ടി കൂടുതൽ കറൻറ കൊടുക്കാത്തതിൻെറ കാരണമെന്തു്?

ശ്രീ. കെ. ഐ. വേലായുധൻ: മുൻപു പറഞ്ഞ കാരണങ്ങൾ കൊണ്ടുതന്നെ.

ശ്രീ. എം. വി. ചെറിയാൻ: വികസനപദ്ധതികൾക്കു് ഇലക്ട്രിസിററി കൂടുതലായി അനുവദിക്കുമോ?

ശ്രീ. കെ. ഐ. വേലായുധൻ : ആലോചിക്കാം.

ശ്രീ. പി. നാരായണൻ പോററി : ട്രാൻസ്ഫോർമർകൾ മാററാത്തതുകൊണ്ടല്ലേ വെളിച്ചം മങ്ങിപ്പോകുന്നതു്?

ശ്രീ. കെ. ഐ. വേലായുധൻ : അറിവില്ല.

ഡിസ്പെൻസറികൾ.

*171. [9] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ പുതുതായി എത്ര ഡിസ്പെൻസറികൾ ഗവണ്മെൻറു തുറക്കുവാൻ ഉദ്ദേശിക്കുന്നുണ്ടു്;

(ബി) അതു് എവിടെയെല്ലാം;

(സി) ഒന്നു് ഇരിഞ്ഞാലക്കുട നിയോജകമണ്ഡലത്തിൽപ്പെട്ട പൊയ്യ എന്ന സ്ഥലത്തു് സ്ഥാപിക്കുവാൻ ദയവുണ്ടാകുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം)

(എ) പത്തു ഡിസ്പെൻസറികൾ അടുത്ത സാമ്പത്തികവർഷത്തിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) എവിടെയെല്ലാമാണെന്നു നിശ്ചയിച്ചിട്ടില്ല.

(സി) ഈ കാര്യത്തെപ്പററി ആലോചിക്കാം.

ശ്രീ. എൻ. ജി. ചാക്കോ : ഇതിനുവേണ്ടി ഒരു കമ്മിററിയെ ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ഉണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : കമ്മിററിയിൽ എത്ര അംഗങ്ങൾ ഉണ്ടു്?

ശ്രീ. എ. എ. റഹിം : എഴംഗങ്ങൾ ഉണ്ടു്.

ശ്രീ. എൻ. ജി. ചാക്കോ : കമ്മിററിയുടെ കാലാവധി എന്താണു്?

ശ്രീ. എ. എ. റഹിം : മൂന്നുമാസക്കാലത്തേയ്ക്കാണു്.

ശ്രീ. എൻ. ജി. ചാക്കോ : ഈ കമ്മിററിയാണോ, ഈ സംസ്ഥാനത്തേക്കാവശ്യമുള്ള ആശുപത്രികൾ എവിടെയെല്ലാം സ്ഥാപിക്കണമെന്നു തീരുമാനിക്കുന്നതു്?

ശ്രീ. എ. എ. റഹിം : അടുത്ത പഞ്ചവത്സരപദ്ധതിപ്രകാരം എത്ര ആശുപത്രി എവിടെയെല്ലാം സ്ഥാപിക്കണമെന്നു തീരുമാനിക്കുകയാണു്, ആ കമ്മിററിയുടെ ജോലി.

ശ്രീ. എൻ. ജി. ചാക്കോ : ആ കമ്മിററി പ്രവത്തനം ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം : ആരംഭിച്ചിട്ടുണ്ടു്.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : കടനാട്ടു് ഒരു ആശുപത്രി സ്ഥാപിക്കാൻ പി. എസ്. പി. ഗവണ്മെൻറു് തീരുമാനിച്ചിരുന്നതായി അറിയാമോ?

ശ്രീ. എ. എ. റഹിം: അങ്ങനെ പി. എസ്. പി. ഗവണ്മെന്റ് തീരുമാനിച്ചിരുന്നതായി അറിവില്ല.

ശ്രീ. ജോസഫ് ചാഴികാട്ടു: അതിനെപ്പറ്റി അന്വേഷിക്കുമോ?

ശ്രീ. എ. എ. റഹിം: അന്വേഷിക്കാം.

ശ്രീ. ജോസഫ് ചാഴികാട്ടു്: അങ്ങനെയുണ്ടെങ്കിൽ അതിന്മേൽ വേണ്ട നടപടി നടത്തുമോ?

ശ്രീ. എ. എ. റഹിം: അന്വേഷിച്ചുകഴിഞ്ഞിട്ടു പറയാം.

ശ്രീ. സി. എ. മാത്യു: രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയനുസരിച്ചു എവിടെയെല്ലാം ആശുപത്രികൾ സ്ഥാപിക്കണമെന്നു തീരുമാനിച്ചിട്ടുണ്ടു്?

ശ്രീ. എ. എ. റഹിം: തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

ശ്രീ. സി. എ. മാത്യു: എന്തു മാനദണ്ഡമാണു് ഈ ആശുപത്രികൾ സ്ഥാപിക്കുന്നതിനു സ്വീകരിക്കുന്നതു്?

ശ്രീ. എ. എ. റഹിം: ഇതിനു മുൻപു അംഗീകരിച്ചപോലെതന്നെ. സ്ഥലവും, കെട്ടിടങ്ങളും, സാമഗ്രികളും കൊടുക്കണം.

ശ്രീ. പ്രാക്കുളം ഭാസി: അങ്ങനെയല്ലാതെ മുൻഗവണ്മെന്റ് ആശുപത്രി അനുവദിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. എ. റഹിം: അറിഞ്ഞുകൂട നോക്കി പറയാം.

ശ്രീ. പി. രവീന്ദ്രൻ: പാരിപ്പള്ളി എന്ന സ്ഥലത്തു് ഒരു ആശുപത്രി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: ഉണ്ടു്.

ശ്രീ. പി. രവീന്ദ്രൻ: ഇതിനകം എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്?

ശ്രീ. എ. എ. റഹിം: അടുത്ത ബഡ്ജറ്റുവർഷത്തിൽ അതിനു വേണ്ട തുക കൊള്ളിച്ചിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു: ആയുർവ്വേദാശുപത്രി ഉൾപ്പെടെയാണോ പത്തു ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതു്?

ശ്രീ. എ. എ. റഹിം: അല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ആശുപത്രികളും ഡിസ്പെൻസറികളും മുൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളിലെല്ലാം സ്ഥാപിക്കാനാണോ ഈ ഗവണ്മെന്റും തീരുമാനിക്കുന്നതു്?

ശ്രീ. എ. എ. റഹിം: ഏതു സ്ഥലത്തെല്ലാം ആവശ്യമുണ്ടെന്നു ഗവണ്മെന്റിനു ബോദ്ധ്യപ്പെടണം.

ശ്രീ. ടി. കെ. ദിവാകരൻ: മുൻഗവണ്മെന്റ് ഏതെങ്കിലും സ്ഥലത്തു സ്ഥാപിക്കാൻ ഉറപ്പു നൽകിയിട്ടുണ്ടെങ്കിൽ അവിടെ സ്ഥാപിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മുൻ ഗവണ്മെൻറ ചെയ്തിട്ടുള്ള ആർഡറിനെ മാനിച്ചുകൊണ്ടു മാത്രമെ ഈ ഗവണ്മെൻറ് മുന്നോട്ടു പോകയുള്ളു. മുൻ ഗവണ്മെൻറ് ഉറപ്പു പറഞ്ഞിട്ടുണ്ട് എന്നു പറഞ്ഞാൽ അതു് ഗവണ്മെൻറ് ആർഡർ ആയിരിക്കണം. അല്ലാതെ വാക്കാൽ മാത്രമെ ആ ഉറപ്പു മുഖ്യമന്ത്രി നൽകിയിട്ടുള്ളവെങ്കിൽ അതു് ആർഡറായി പരിഗണിക്കുന്നതല്ല.

ശ്രീ. പി. കെ. യശോധരൻ: കമ്മിററിയുടെ ശുപാർശയനുസരിച്ചു് ആരംഭിക്കുന്ന പത്തു ഡിസ്പെൻസറികളിൽ ആയുർവേദഡിസ്പെൻസറികളും ഉൾപ്പെടുമോ?

ശ്രീ. എ. എ. റഹിം: ഇല്ലെന്നാണറിയുന്നതു്.

ശ്രീ. ടി. പി. സീതാരാമൻ: എല്ലാ ഡിസ്ട്രിക്ററിലും ആശുപത്രികൾ തുടങ്ങുമോ?

ശ്രീ. എ. എ. റഹിം: ആവശ്യം അനുസരിച്ചാണു് തുടങ്ങുക. ജനസംഖ്യ, ആരോഗ്യസ്ഥിതി തുടങ്ങി ഒരു ആശുപത്രിയുടെ ആവശ്യത്തിനുള്ള സാഹചര്യങ്ങൾ നോക്കിയും സാമ്പത്തികനിലയനുസരിച്ചും ആയിരിക്കും ആശുപത്രികൾ സ്ഥാപിക്കുക.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: സംസ്ഥാനത്തു ആയുർവേദഡിസ്പെൻസറികൾ എത്രയുണ്ടു്?

ശ്രീ. എ. എ. റഹിം: പ്രത്യേകം ചോദ്യം ചോദിച്ചാൽ പറയാം.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനും മററും ഒരു പ്രത്യേക കമ്മിററിയെ നിയമിക്കുമോ?

ശ്രീ. എ. എ. റഹിം: ആലോചിക്കാം.

ശ്രീ. പി. രവീന്ദ്രൻ: സ്ഥലവും കെട്ടിടവും തൽക്കാലം വാടകയ്ക്കു് എടുത്തു് പാരിപ്പള്ളിയിൽ ഒരു ആശുപത്രി തുടങ്ങാൻ അനുവാദം നൽകുമോ?

ശ്രീ. എ. എ. റഹിം: പ്രത്യേക പരിതഃസ്ഥിതിയിൽ അതിനെപ്പററി ആലോചിക്കുന്നതാണു്.

ശ്രീ. ജെ. എ. ഭട്ട്: കമ്മിററിയുടെ പ്രവർത്തനം മൂന്നുമാസക്കാലംകൊണ്ടു് അവസാനിക്കുമോ?

ശ്രീ. എ. എ. റഹിം: എല്ലാ ഡിസ്ട്രിക്ററിലും സഞ്ചരിച്ചു് അന്വേഷണം നടത്തിയിട്ടുവേണം ഒരു തീരുമാനമെടുക്കാൻ.

ശ്രീ. കെ. എം. ചാക്കൊ: എല്ലാ ആശുപത്രികളിലും വേണ്ടിടത്തോളം സ്റ്റാഫുണ്ടോ?

ശ്രീ. എ. എ. റഹിം: വേണ്ടിടത്തോളമില്ല.

ശ്രീ. കെ. എം. ചാക്കൊ: ആവശ്യമുള്ള മെഡിക്കൽ ആഫീസറന്മാരുണ്ടോ?

ശ്രീ. എ. എ. റഹിം: എല്ലാ ആശുപത്രികളിലും ഡാക്ടറന്മാരുണ്ടു്.

സ്റ്റേഷൻ ഇൻസ്പെക്ടറന്മാർ.

✻ 172. [10] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ ഒരു ദിവസം ഉച്ച മുതൽ പിറേറ ദിവസം ഉച്ചവരെ (noon to noon basis) ജോലി ചെയ്യുന്ന സ്റ്റേഷൻ ഇൻസ്പെക്ററന്മാർ, വാച്ചറന്മാർ തുടങ്ങിയവർ തുടർച്ചയായി 24 മണിക്കൂർ ജോലി ചെയ്യേണ്ടിവരുന്നുണ്ടോ ;

(ബി) രണ്ടു ദിവസത്തെ സാധാരണ ജോലി സമയമായ 16 മണിക്കൂർ കഴിച്ചുള്ള സമയത്ത് ഇവർ ചെയ്യുന്ന ജോലികൾക്ക് എന്തെങ്കിലും പ്രത്യേക ശമ്പളം നൽകാറുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) തുടർച്ചയായി 24 മണിക്കൂർ ജോലി ചെയ്യണമെന്നു വ്യവസ്ഥയില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഒരു ദിവസം ഉച്ച മുതൽ പിറേറ ദിവസം ഉച്ചവരെ (noon to noon) ബേസിസിൽ തുടർച്ചയായി സ്റ്റേഷൻ ഇൻസ്പെക്ററന്മാരും വാച്ചറന്മാരും ജോലി ചെയ്യുന്നില്ലെന്നാണോ പറയുന്നത്.

ശ്രീ. കെ. ഐ. വേലായുധൻ : അതേ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ സ്റ്റേഷൻഇൻസ്പെക്ററന്മാരും വാച്ചറന്മാരും അവരുടെ ജോലിസമയം കഴിഞ്ഞാലും സ്റ്റേഷൻ വിട്ടു പോകരുതെന്നു പറയുന്നതുകൊണ്ട് അവർ 24 മണിക്കൂറും തുടർച്ചയായി ജോലിയിലിരിക്കുന്നു എന്നല്ലെ അർത്ഥമാക്കേണ്ടത്?

ശ്രീ. കെ. ഐ. വേലായുധൻ : അവർ ഒരാഴ്ചയിൽ 48 മണിക്കൂർ ജോലി ചെയ്താൽ മതിയെന്നാണ വ്യവസ്ഥ, അതായത് ദിവസം എട്ടു മണിക്കൂർ.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : സ്റ്റേഷനിൽ 24 മണിക്കൂറും കാണണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതിൻെറ അടിസ്ഥാനത്തിൽ 24 മണിക്കൂറും അവർ ജോലി ചെയ്യുന്നതായിട്ടല്ലെ വിചാരിക്കേണ്ടത് ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ ഒരു വ്യവസ്ഥയുള്ളതായി ഗവണ്മെൻറിനറിവില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഇപ്പോൾ എല്ലാ സ്റ്റേഷനുകളിലും അവർ ഇങ്ങനെ 24 മണിക്കൂറും ജോലി ചെയ്തുവരുന്നത് ഇതുപോലെയാണെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : എട്ടു മണിക്കൂർ ജോലിമാത്രമാണ് ഗവണ്മെൻറ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : എട്ടു മണിക്കൂർ മാത്രമാണു് ജോലി വ്യവസ്ഥ ചെയ്തിരിക്കുന്നതു് എങ്കിലും അവർ സ്റ്റേഷൻ വിട്ടുപോകാൻ പാടില്ല എന്നു പറഞ്ഞാൽ അതും ഡ്യൂട്ടിയിലിരിയ്ക്കുന്നതുപോലെ അല്ലേ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ ഒരു വ്യവസ്ഥയില്ല. എന്നാൽ അവർക്കു ചില പ്രത്യേക അവസരങ്ങളിൽ ഓവർടൈം വർക്കു കൊടുക്കുന്നതാണു്. അതിനവർക്കു ഓവർടൈം അലവൻസും കൊടുക്കുന്നുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ വ്യവസ്ഥയെപ്പററി ഗവണ്മെൻറ അന്വേഷിയ്ക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അന്വേഷിക്കാം.

ശ്രീ. എം. പി. മേനോൻ : ഈ ചോദ്യം കിട്ടിക്കഴിഞ്ഞതിനു ശേഷവും അന്വേഷണം നടത്തി ഇങ്ങനെ noon to noon ബേസിസിൽ അവരെക്കൊണ്ടു് ജോലി ചെയ്യിക്കുന്നില്ല എന്നാണോ അറിവായതു് ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ ഒരു വ്യവസ്ഥയില്ലെന്നു ഗവണ്മെൻറിനറിയാം.

ശ്രീ. പി കെ. കുഞ്ഞച്ചൻ : അങ്ങനെ അവരെക്കൊണ്ടു തുടർച്ചയായി 24 മണിക്കൂറും ജോലി ചെയ്യിക്കുന്നുണ്ടെന്നു് ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞതുകൊണ്ടു്, അതേപ്പററി അന്വേഷിക്കാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ അന്വേഷിച്ചിട്ടുണ്ടു്. ജോലി ചെയ്യുന്നില്ലെന്നറിയാം.

ശ്രീ. എം. പി. മേനോൻ : ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവർ 24 മണിക്കൂറും തുടർച്ചയായി ജോലി നടത്തുന്നുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങനെ അന്വേഷിച്ചിട്ടില്ല. ആരും അങ്ങനെ ജോലി ചെയ്യുന്നില്ലെന്നറിയാം.

ശ്രീ. എം. പി. മേനോൻ : കഴിഞ്ഞ രണ്ടു കൊല്ലമായി ഇവർ ഇങ്ങനെ തുടർച്ചയായി 24 മണിക്കൂർ ജോലി ചെയ്യുന്നുണ്ടെന്നു ചൂണ്ടിക്കാണിച്ചാൽ അതേപ്പററി അന്വേഷിക്കാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ചൂണ്ടിക്കാണിച്ചാൽ അന്വേഷിക്കാം.

ശ്രീ. എം. പി. മേനോൻ : അതേപ്പററി പരാതികൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : കിട്ടിട്ടുള്ളതായി അറിവില്ല.

ശ്രീ. എം. പി. മേനോൻ : വാട്ടർ ട്രാൻസ്പോർട്ടിലെ ജീവനക്കാരെ 24 മണിക്കൂർ തുടർച്ചയായി ജോലി ചെയ്യിപ്പിക്കുന്നതായി പരാതികൾ കിട്ടിട്ടുണ്ടോ എന്നു് ഫയലുകൾ പരിശോധിക്കുമോ ?

ശ്രീ. കെ. ഐ. വേലായുധൻ : പരിശോധിക്കാം.

സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെൻറിൻെറ ഭരണം.

* 173. [11] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൻെറ ഭരണം തൊഴിലാളികളുടെയും, പൊതുജനങ്ങളുടെയും, ഗവണ്മെൻറിൻെറയും പ്രതിനിധികളുടങ്ങുന്ന ഒരു പബ്ലിക്ക് കാർപ്പൊറേഷൻെറ കീഴിലാക്കാൻ ഈ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറ് ഇതു സംബന്ധിച്ച് ഇതിനകം വല്ല നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : ഒരു പബ്ലിക്ക് കാർപ്പൊറേഷൻെറ കീഴിൽ വിട്ടുകൊടുക്കുകയാണെങ്കിൽ അതു് ഏററവും കാര്യക്ഷമമായി നടത്താൻ സാധിക്കുമെന്നുള്ള വസ്തുത ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

Shri Panampilli Govinda Menon : The question refers to transport policy namely whether the conduct of the Transport Department should be departmentalised or run by a Corporation. Does it arise form this interpellation?

ശ്രീ. വി. ശ്രീധരൻ : ഇൻഡ്യയിലെ മറേറതെങ്കിലും സ്റ്റേററുകളിൽ ഇതുപോലെ ഒരു കാർപ്പൊറേഷൻെറ കീഴിൽ വിട്ടുകൊടുത്തിട്ടുള്ള വസ്തുത ഗവണ്മെൻറിനു് അറിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ കാർപ്പൊറേഷനു വിട്ടുകൊടുത്തിട്ടുള്ള വ്യവസായങ്ങൾ ഉണ്ടു്. അതിൽ ട്രാൻസ്പോർട്ടു് ഉൾപ്പെട്ടിരിക്കുകയില്ല. അങ്ങിനെയുള്ള കാർപ്പൊറേഷൻ ഉണ്ടെങ്കിൽ തന്നെ അതു് റെയിൽവേയും ട്രാൻസ്പോർട്ടും കൂടിയുള്ള ഒരു കാർപ്പൊറേഷൻ ആണു്. അങ്ങിനെ ഒന്നുണ്ടായിരിക്കുന്നതു് നമുക്കു് ഇവിടെ നന്നായിരിക്കുകയില്ല.

നൂൽ ഉൽപ്പാദന മിൽ.

* 174. [12] ശ്രീ. വി. ശ്രീധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമുള്ള നൂൽ കുറഞ്ഞ വിലയ്ക്കു് ഉൽപ്പാദിപ്പിച്ചു വിതരണം നടത്താൻ ഒരു മിൽ സ്ഥാപിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ മിൽ സ്ഥാപിക്കുന്നതിനു് ഗവണ്മെൻറ് ഇതിനകം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) കേന്ദ്രഗവണ്മെൻറിൽ നിന്നും ലഭിച്ചിട്ടുള്ള സെസ്സു് ഫണ്ടിൽ നിന്നും എന്തെങ്കിലും തുക ഈ ആവശ്യത്തിലേക്കായി നീക്കിവച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) കൈത്തറി നെയ്ത്തുകാർക്ക് ആവശ്യമുള്ള നൂൽ കുറഞ്ഞ വിലയ്ക്ക് ഉൽപ്പാദിപ്പിച്ച് വിതരണം നടത്താൻ ഒരു മിൽ സ്ഥാപിക്കുന്ന കാര്യം ഗവണ്മെൻറിൻെറ ആലോചനയിലിരിക്കുകയാണ്.

(ബി) മിൽ സ്ഥാപിക്കുന്നതിന് ഓഹരിയിനത്തിൽ എന്തെങ്കിലും തുക മുടക്കാൻ കേന്ദ്ര കൈത്തറി സഹകരണ സംഘങ്ങൾക്കും പ്രൈമറി സംഘങ്ങൾക്കും എഴുതി അയച്ചിട്ടുണ്ട്.

(സി) സെസ്സ് ഫണ്ടിൽനിന്നും തുക നീക്കിവച്ചിട്ടില്ല. ഇവിടത്തെ സഹകരണസംഘങ്ങൾ ഓഹരി എടുത്താൽ മാത്രമേ സെസ്സ് ഫണ്ടിൽനിന്ന് എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളു എന്ന് അഖിലേന്ത്യാ കൈത്തറിബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. അതേ സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളും ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ: അതിന് എത്ര നാൾ വേണ്ടിവരും എന്നു പറയാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു പറയാൻ സാധിക്കുകയില്ല.

ശ്രീ. പി. രവീന്ദ്രൻ: സ്റ്റേററ് ഗവണ്മെൻറിൽ നിന്നും എന്തെങ്കിലും കോൺട്രിബ്യൂട്ട് ചെയ്യാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാ കാര്യങ്ങളും ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടൽ.

* 175. [13] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽത്തർക്കങ്ങളിൽ പോലീസിനെ ഇടപെടുത്തുന്നതു സംബന്ധിച്ച് ഈ ഗവണ്മെൻറിൻെറ നയമെന്താണ്;

(ബി) തിരുവനന്തപുരം ഡിസ്ത്രിക്ററ പ്രൈവററമോട്ടാർ തൊഴിലാളികൾ 17-2-1955 മുതൽ ആരംഭിച്ചിരുന്ന പണിമുടക്കു സമരത്തിൽ പോലീസ് ഇടപെട്ടിരുന്നുവോ;

(സി) പ്രൈവററബസ്സുടമസ്ഥരുടെ ഓരോ ബസ്സിലും പോലീസ് അകമ്പടി ഏർപ്പെടുത്തിയിരുന്നുവോ;

(ഡി) എം. വി. എം. എസ്സ്., ആർ. ടി. വി., കെ. എം. എസ്സ്. എന്നീ പ്രൈവററബസ്സുടമകൾക്കു വേണ്ടി പണിമുടക്കു കാലത്ത് ആകെ എത്ര പോലീസുകാരെ പരിരക്ഷണത്തിന് നിയോഗിച്ചിരുന്നു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടുകയില്ല എന്നാണ് ഈ ഗവണ്മെൻറിൻെറ നയം.

(ബി) തിരുവനന്തപുരം ഡിസ്ത്രിക്ററ് പ്രൈവററ് മോട്ടാർ തൊഴിലാളികൾ 17-2-55-ൽ ആരംഭിച്ച പണിമുടക്ക് സമരത്തിൽ പോലീസ് ഇടപെട്ടിട്ടില്ല. എന്നാൽ ആ അവസരത്തിൽ ബസ്സുകളിലുള്ള

യാത്രക്കാരുടെ നേരെ കല്ലെറിയുക, ബസ്സുകൾ ഗതാഗതം ചെയ്യുന്നതിനെ തടസ്സപ്പെടുത്തുക, ബസ്സുകളുടെ വാൽട്യൂബ് ഇളക്കി ബസ്സുകളുടെ ഗതാഗതം തടയുക, ഇവയെ തടയാൻ പോലീസ് നടപടി എടുത്തിട്ടുണ്ട്. ആ നടപടികൾ തടയുന്നതിനായി പോലീസ് കൈക്കൊണ്ട നടപടികൾ പണിമുടക്കു സമരത്തിൽ പോലീസിന്റെ ഇടപെടലായി ഗവണ്മെന്റ് കരുതുന്നില്ല.

(സി) പ്രൈവററ് ബസ്സ് ഉടമസ്ഥന്മാരുടെ ഓരോ ബസ്സിലും പോലീസ് അകമ്പടി ഏർപ്പെടുത്തിയിരുന്നു.

(ഡി) 124 പോലീസുകാരെ നിയോഗിച്ചിരുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പണിമുടക്കുസമരം ആരംഭിച്ച അവസരത്തിൽ പാളയം പോലീസ് സ്റ്റേഷനിൽ നിന്നും പോലീസുകാർ പാളയം ബസ്സ് സ്റ്റാൻറിൽ പണിമുടക്ക് സമരത്തിൽ ഏർപ്പെട്ടിരുന്നവരെ അറസ്റ്റ് ചെയ്യുകയും സ്റ്റേഷനിൽ കൊണ്ടുവന്ന് മർദ്ദിക്കുകയും ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറസ്റ്റ് ചെയ്തിട്ടുണ്ടായിരിക്കാം. മർദ്ദിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പണിമുടക്ക് സമരത്തിൽ ഏർപ്പെട്ടവരെ അറസ്റ്റ് ചെയ്യുന്നത് തൊഴിൽ തർക്കങ്ങളിൽ പോലീസിന്റെ ഇടപെടൽ അല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പണിമുടക്ക് സമരം എന്നാൽ എന്താണെന്നാണ് മെംബറുടെ ഉദ്ദേശം?

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അറുപത്തിആറ് ദിവസവും ഒരേ രീതിയിൽ ശാന്തമായി കൊടിയുംപിടിച്ചും മററും സത്യാഗ്രഹം നടത്തി പണിമുടക്കുസമരം നടത്തുന്നവരെ അറസ്റ്റ് ചെയ്യുന്നത് തൊഴിൽ തർക്കങ്ങളിൽ പോലീസ് ഇടപെടുകയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സത്യാഗ്രഹം എന്ന് മെംബർ ഉദ്ദേശിക്കുന്നത് എന്താണെന്ന് അറിയുന്നില്ല. അതിന്റെ രീതി അനുസരിച്ചായിരിക്കും പോലീസ് നടപടി എടുത്തിട്ടുള്ളത്. മുതലാളിയുടെ വീട്ടിനു മുൻപിലും മററും കൊടിയുംപിടിച്ച് സത്യാഗ്രഹം നടത്തി അതുമൂലം ഗതാഗതത്തിന് തടസ്സമുണ്ടാക്കുകയും മററ് ന്യൂയിസൻസുകൾ ഉണ്ടാക്കുകയും ചെയ്താൽ അതിനാണ് പോലീസ് ഇടപെടുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എത്ര കേസ്സുകൾ ഇതു സംബന്ധിച്ച് പോലീസ് എടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: മോട്ടോർ വെഹിക്കിൾ നിയമം ലംഘിക്കുന്ന മുതലാളിമാരുടെ പേരിൽ കേസുകൾ എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എടുക്കും.

ശ്രീ. പി. കെ. കുഞ്ഞച്ചൻ: മുതലാളിമാർ നിയമം ലംഘിച്ചിട്ടുള്ളതായി പോലീസിന് പരാതികൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പോലീസിന് പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ അതിന് കോടതിയിൽ തെളിവ് വരും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കള്ളക്കേസ്സുകൾ എടുക്കുന്ന പോലീസുദ്യോഗസ്ഥന്മാരെ ശിക്ഷിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു അഭിഭാഷകൻ എന്ന നിലയിൽ മി. കുറുപ്പിനും അറിയാമെന്നു തോന്നുന്നു, കൊലക്കുറ്റങ്ങൾ പോലും ചിലപ്പോൾ കോടതിയിൽനിന്ന് വിട്ടുപോകുന്നതായി. അതിന് ആ കേസ് ചാർജ്ജ് ചെയ്ത പോലീസുദ്യോഗസ്ഥനെ ശിക്ഷിക്കുക എന്നുവച്ചാൽ അതു് സാദ്ധ്യമല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കള്ളക്കേസ്സാണെന്നു പറഞ്ഞു് കോടതിയിൽ നിന്നും തള്ളുകയാണെങ്കിൽ അതിനുവേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മനഃപൂർവ്വമായി ജനങ്ങളെ ദ്രോഹിക്കുന്നതിനുവേണ്ടി കള്ളക്കേസുണ്ടാക്കിയാൽ ഗവണ്മെന്റ് വേണ്ട നടപടി എടുക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കോട്ടയം സിമന്റ് ഫാക്ടറിയിൽ നടന്നതായി പോലീസ് ചാർജ്ജുചെയ്തിരുന്ന കേസ്സിൽ മാനേജുമെന്റും പോലീസും ആണ് അക്രമം പ്രവർത്തിച്ചതെന്ന് ഒന്നാംക്ലാസ് മജിസ്ട്രേട്ടു കോടതിയിൽ വിധി ഉണ്ടായിട്ടുള്ളതിന്മേൽ ഗവണ്മെന്റ് എന്തെങ്കിലും നടപടി എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ജയിലിൽ നൽകുന്ന പത്രങ്ങൾ.

* 176. [14] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാർക്ക് പത്രപാരായണം നിഷേധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം പത്രങ്ങളാണു അവക്ക് നൽകിവരുന്നതു്?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പത്രപാരായണം നിഷേധിച്ചിട്ടില്ല.

(ബി) മലയാളരാജ്യം, കേരളകൗമുദി, മലയാളി, ദേശബന്ധു, ദീപിക, മലയാളമനോരമ, ഗോമതി ഈ പത്രങ്ങൾ നൽകിവരുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ജനയുഗം പത്രംകൂടി അവക്ക് നൽകണമെന്ന് വല്ല അപേക്ഷയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അറിവില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: അതൊന്നു് അന്വേഷിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അന്വേഷിക്കേണ്ട ആവശ്യമില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: 'ജനയുഗം' പത്രംകൂടി കൊടുക്കാൻ ഗവണ്മെൻറ് ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ആലോചിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ആ പത്രംകൂടി കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എ. ജെ. ജാൺ: ആലോചിക്കാം.

ശ്രീ. കെ. സി. ജാർജ്ജ്: ആ പത്രം കൊടുക്കുന്നതിന് വല്ല തടസ്സവും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിൻെറ ഉള്ളടക്കത്തെ ആശ്രയിച്ചിരിക്കും.

ശ്രീ. കെ. സി. ജാർജ്ജ്: അതിലെ കണ്ടൻറ്സ് എന്നും ഒരുപോലെ ഇരിക്കയില്ലല്ലൊ പിന്നെ എങ്ങനെയാണ്?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി ആലോചിക്കാം എന്നു് പറഞ്ഞില്ലേ?

ശ്രീ. കെ. സി. ജാർജ്ജ്: എന്നത്തേയ്ക്കു് തീരുമാനം എടുക്കുമെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജാൺ: അതു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. സി. ജാർജ്ജ്: രണ്ടുമാസത്തിനകമോ, മൂന്നുമാസത്തിനകമോ തീരുമാനമെടുക്കുവാൻ സാധിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതു പറയാൻ സാധിക്കുകയില്ല.

ശ്രീ. കെ. കരുണാകരൻ: ആ ലിസ്റ്റിലെ മാതൃഭൂമികൂടി ഉൾപ്പെടുത്തുവാൻ ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ആലോചിക്കാം.

ശ്രീ. പ്രാക്കുളം ഭാസി: ഇന്നയിന്നപത്രങ്ങൾ നൽകണമെന്ന് ആരാണ് തീരുമാനിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഐ. ജി. ആഫ് പ്രിസൺസ് ആയിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി: ആ ഐ. ജി. യോടു് ഒന്നു പറയുമോ?

Mr. Speaker: That question is disallowed.

പഞ്ചവത്സര പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ജോലികൾ.

*177. [15] ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ: താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) Five Year Plan-ൽ ഉൾക്കൊള്ളിക്കേണ്ട നമ്മുടെ കോട്ടം എന്തെല്ലാമാണെന്ന് items തിരിച്ച് അവസാനമായി ശരിപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ മുൻഗവണ്മെൻറ് കൈക്കൊണ്ട നടപടികളിൽ സാരമായ വല്ല മാററവും ഈ ഗവണ്മെൻറിനു നിർദ്ദേശിക്കുവാനുണ്ടോ; മാററം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതിലേക്ക് രൂപീകരിച്ചിട്ടുള്ള കമ്മററികളുടേയും അവയുടെ നിർദ്ദേശങ്ങളുടേയും ഈ ഗവണ്മെൻറിനു പരിപൂർണ്ണമായ യോജിപ്പുണ്ടോ; അവയ്ക്കു മാററം വരുത്തുന്നതിനുദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അവസാനമായി തീരുമാനിച്ചുകഴിഞ്ഞിട്ടില്ല.

(ബി) ഈ വിഷയത്തിൽ മുൻഗവണ്മെൻറ് കൈക്കൊണ്ട നടപടികൾ പ്രാരംഭനടപടികൾ ആണ്. അവയിൽ സാരമായ മാററങ്ങൾ ഒന്നും വരുത്തണമെന്നു വിചാരിക്കുന്നില്ല.

(സി) ഇതിലേക്കു രൂപീകരിച്ചിട്ടുള്ള കമ്മററികളിലും അവയുടെ നിർദ്ദേശങ്ങളിലും മുഴുവനായി യോജിച്ചുകഴിഞ്ഞിട്ടില്ല. എന്തെങ്കിലും മാററംവരുത്തുന്നകാര്യവും തീരുമാനിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഒരു ഉന്നതാധികാരക്കമ്മിഷനെ വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ:

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീരുമാനിച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: കാൺഗ്രസ്സ് ഇങ്ങനെ ഒരു ഉന്നതാധികാരക്കമ്മിഷനെ നിയമിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കാൺഗ്രസ്സ് പ്രതിപക്ഷമായിരുന്നപ്പോൾ ഒരു ഉന്നതാധികാരക്കമ്മിഷൻ വേണമെന്നു പറഞ്ഞതു ശരിയാണ്.

ശ്രീ. പ്രാക്കുളം ഭാസി: അതിൽ പ്രതിപക്ഷത്തിരിക്കുന്ന കക്ഷികളിൽ ആരെയും ഉൾപ്പെടുത്തരുതെന്നുകൂടി ആവശ്യപ്പെട്ടിരുന്നുവോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ആവശ്യപ്പെട്ടിരുന്നതായി എനിക്കു തോന്നുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: ആർ. എസ്. പി., കെ. എസ്. പി. കാമ്മ്യൂണിസ്ററ് ഈ പാർട്ടികളിൽ നിന്ന് ആരെയും ഉൾപ്പെടുത്തരുതെന്നു സൂചിപ്പിച്ചിരുന്നതു അറിവില്ലെന്നാണോ പറഞ്ഞതു്.

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. പ്രാക്കുളം ഭാസി: ഇതിലേക്കു ഒരു സ്റ്റേററ് കമ്മററിയെ രൂപീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു സ്റ്റേററ് അഡൈ്വസറി കമ്മററിയെ രൂപീകരിച്ചിട്ടുണ്ട്. അവരുടെ പേരുകൾ ഞാൻ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: അതിൽ എല്ലാപാർട്ടികൾക്കും പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാ പാർട്ടികളിൽ പെട്ടവരും ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഈ കമ്മിററിയിലെ അംഗങ്ങളുടെ സംഖ്യ എന്തു തോതനുസരിച്ചാണ് എടുത്തിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ ശതമാനം വർക്കൗട്ട് ചെയ്യേണ്ടതാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ കമ്മിററിയിൽ എല്ലാ പാർട്ടികൾക്കും ന്യായമായ പ്രാതിനിദ്ധ്യം കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. പ്രാക്കുളം ഭാസി: കാൺഗ്രസ്സ് പാർട്ടിമാത്രമാണ് പഞ്ചവത്സരപദ്ധതി കൊണ്ട് ജനങ്ങൾക്കു ഗുണമുണ്ടാകുമെന്ന് പറയുന്നതു്. അതുകൊണ്ടാണോ അവരുടെ സംഖ്യ ഈ കമ്മിററിയിൽ കൂടുതലുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നു കാൺഗ്രസ്സ് പാർട്ടിയുടെ ഗവണ്മെന്റാണ് ഇവിടെ ആവിഷ്കരിച്ചിട്ടുള്ളതു്. അവർക്കു അതിൽ കൂടുതൽ വിശ്വാസവും ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഈ പഞ്ചവത്സരപദ്ധതി നടപ്പിലാക്കുന്നതുകൊണ്ട് രാജ്യത്തിനു ഗുണമുണ്ടാകുമെന്നും ആ പദ്ധതി നടപ്പിലാക്കിക്കാണുന്നതിനു ഈ നിയമസഭയിലെ എല്ലാപാർട്ടികളും ആഗ്രഹിക്കുന്നു എന്നും ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ പദ്ധതികൾ നടപ്പിലാക്കിക്കാണുന്നതിനു ആഗ്രഹിക്കുന്നു എന്നു പറയുന്നതു് കേൾക്കാൻ വളരെ സന്തോഷമുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: ഇനിയും കൂടുതലായി അംഗങ്ങളെ ഉൾപ്പെടുത്തുവാൻ ആലോചിക്കുന്നുവോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: കമ്മ്യൂണിസ്ററ് പാർട്ടിയല്ലാതെ മററ് പ്രതിപക്ഷകക്ഷികളുടെ നയം മാറിയതായി വിശ്വസിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനുമുമ്പും എല്ലാവരുടെയും സഹകരണം വേണമെന്നായിരുന്നു ഗവണ്മെന്റിന്റെ ഉദ്ദേശം.

ശ്രീ. പ്രാക്കുളം ഭാസി: ഇതിനുമുമ്പ് ശ്രീ. എ. ജെ. ജാൺ മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രതിപക്ഷകക്ഷികളിൽ നിന്നു ആരെയും എടുത്തിട്ടില്ലായിരുന്നു. അതിനെ സംബന്ധിച്ച് ചോദിച്ചപ്പോൾ അവർക്കു ഈ പദ്ധതിയിൽ വിശ്വാസമില്ലാത്തതുകൊണ്ടാണ് എന്നു മറുപടി പറഞ്ഞു.

ശ്രീ. എ. ജെ. ജാൺ: അതു ശരിയല്ല. അന്നു അവർക്കു പഞ്ചവത്സരപദ്ധതിയിൽ യാതൊരു വിശ്വാസവും ഇല്ല എന്ന് അവർ പ്രഖ്യാപിച്ചി

ട്ടുണ്ടായിരുന്നു എങ്കിലും അവരോടുകൂടി യോജിച്ചു പ്രവർത്തിക്കുന്നതിനായി അവരെ കോഓപ്റ്റ് ചെയ്യുന്നതിനു ഗവണ്മെൻറ് തയാറാണെന്നും തന്നെയാണ് പറഞ്ഞിട്ടുള്ളതു്.

ശ്രീ. കെ. സി. ജാർജ്ജ്: കമ്മ്യൂണിസ്റ്റു പാർട്ടിക്ക് ഈ പഞ്ചവത്സരപദ്ധതിയിൽ വിശ്വാസമില്ലാത്തതു് ഇതു് ഒരു അമേരിക്കൻ സ്കീം ആയതുകൊണ്ടു്, അതിവിടെ വിജയിക്കുകയില്ല എന്നതുകൊണ്ടല്ലേ?

ശ്രീ. എ. ജെ. ജാൺ: അതൊരു വാദവിഷയമാക്കേണ്ട ആവശ്യമില്ല. വിശ്വാസമുണ്ടെന്നു തോന്നുകയാണെങ്കിൽ എല്ലാവരെയും ചേർക്കണമെന്നാണ് ഗവണ്മെൻറ് പറഞ്ഞിട്ടുള്ളതു്.

WRITTEN ANSWERS.

അഴിമതികൾ.

* 178. [22] ശ്രീ. എൻ. ജി. ചാക്കോ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-ൽ അഴിമതി, കൈക്കൂലി എന്നീ കുററങ്ങൾ ഏതെങ്കിലും ഗവണ്മെൻറ ഉദ്യോഗസ്ഥന്മാരിൽ ചുമത്തപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെയെല്ലാം പേരിൽ;

(സി) ഏതെല്ലാം കുററങ്ങളാണ് ചുമത്തപ്പെട്ടതു്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അഴിമതി, കൈക്കൂലി എന്നീ കുററങ്ങൾക്കായി 1954-ൽ വിവിധഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരെ ശിക്ഷിച്ചിട്ടുണ്ടു്.

(ബി) ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഒരു ലിസ്റ്റ് † മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(സി) പണാപഹരണം, കൈക്കൂലി, ഗവണ്മെൻറ സാധനങ്ങളെ അപഹരിക്കുക മുതലായ കുററങ്ങൾക്കാണ് ശിക്ഷ നൽകിയിട്ടുള്ളതു്.

മിഡിൽസ്കൂൾ വിദ്യാഭ്യാസം.

* 179. [28] ശ്രീ. പി. കെ. യശോധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) മിഡിൽസ്കൂൾ വിദ്യാഭ്യാസം മുഴുവൻ സൗജന്യമാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഗവണ്മെൻറിനു് നേരിടുന്ന നഷ്ടത്തെ പരിഗണിച്ചു് വല്ല വിദ്യാഭ്യാസനികുതിയും ഏർപ്പെടുത്തുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എങ്ങിനെ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) വരുന്ന സ്കൂൾവർഷാരംഭത്തിൽ മൂന്നാംഫാറത്തിലും വിദ്യാഭ്യാസം സൗജന്യമാക്കുന്നതാണ്.

† Please see Appendix I.

(ബി) (സി) വിദ്യാഭ്യാസനികുതി ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കാം.

ഫിനാൻസ് കമ്മീഷൻ.

* 180. [31] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) 1951 നവംബറിൽ കേന്ദ്രഗവണ്മെന്റ നിയമിച്ച ഫിനാൻസ കമ്മീഷൻ അററാദായവിഭജനത്തെ സംബന്ധിച്ച് ചെയ്ത ശുപാർശകളനുസരിച്ച് സാമ്പത്തികസംയോജനക്കരാർ പ്രകാരം ലഭിക്കേണ്ട തുകയെക്കാൾ ഏതെങ്കിലും വർഷത്തിൽ കുറഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു വർഷമാണ്;

(സി) ഭരണഘടനയുടെ 275 (1) വകുപ്പിൻപ്രകാരം കേന്ദ്രഗവണ്മെൻറിൽ നിന്ന് വർഷംതോറും 45 ലക്ഷം രൂപ ലഭിക്കുന്നുണ്ടോ; കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ലഭിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ എന്താണ് കിട്ടാതിരിക്കാൻ കാരണം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫിനാൻസ് കമ്മീഷന്റെ ശുപാർശപ്രകാരം 1952-53, 1953-54 എന്നീ സാമ്പത്തികവർഷങ്ങളിൽ വിഭജനത്തിനു വിധേയമായ ആദായനികുതി മുതലായവയിൽ നിന്നും ഈ സംസ്ഥാനത്തിനു ലഭിക്കാനവകാശമുള്ള ഓഹരി സാമ്പത്തിക സംയോജനകരാർപ്രകാരം ലഭിക്കേണ്ട തുകയെക്കാൾ കുറവായിരുന്നു. എന്നാൽ ഇപ്രകാരം കുറവാകുന്ന വർഷങ്ങളിൽ സാമ്പത്തികസംയോജനക്കരാർപ്രകാരം ലഭിക്കേണ്ട തുക തന്നെ സംസ്ഥാനത്തിനു നൽകേണ്ടതാണ് എന്ന് ഒരു വ്യവസ്ഥ ഉള്ളതിനാൽ സാമ്പത്തികസംയോജനകരാർപ്രകാരം ലഭിക്കേണ്ട തുക തന്നെ മേൽ പറഞ്ഞ വർഷങ്ങളിൽ ലഭിച്ചിട്ടുണ്ട്.

(ബി) മുൻപ്രസ്താവിച്ച ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) കഴിഞ്ഞ വർഷത്തിൽ ലഭിച്ചിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

Agitation by Students.

*181. [39] **Shri A. Knnjan Nadar:** Will the Chief Minister be pleased to state:

(a) How many students are dismissed from their classes in connection with the T. T. N. C. agitation;

(b) how many are suspended;

(c) what are the specific charges against them?

(d) have they applied for cancellation of the order of dismissal or suspension;

(e) if so, what action is taken on them?

Chief Minister (**Shri Panampilli Govinda Menon**) : (a) The names of three pupils of the Government High School, Marthandom, were permanently removed from the rolls of the school by the Headmaster of the school in accordance with the provision in Rule VI (d) of Article 82 of the Travancore Education Code.

(b) None.

(c) According to the report of the Headmaster, the three pupils were persistently creating trouble in the school from the beginning of the school year and were inducing the other pupils to go on strike. In July 1954, they forcibly removed some pupils from the classes. They organised meetings in the school without permission and also caused damage to the compound wall etc.

(d) Yes. They applied in the last week of February, 1955 for cancellation of the order.

(e) The matter is under correspondence between the Director of Public Instruction and the Head Master. The Director of Public Instruction is awaiting the recommendations of the Headmaster.

വായനശാലകൾ.

※ 182. [46] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്ത് എത്ര വായനശാലകൾ ഉണ്ട്;

(ബി) ഗ്രന്ഥശാല ഗ്രേഡേഷൻ കമ്മറ്റിയെ നിയമിക്കുന്നത് ആരാണ്;

(സി) ആകെ എത്ര ഗ്രന്ഥശാലായൂനിയനുകളുണ്ട്;

(ഡി) എവിടെയെല്ലാം; യൂനിയനുകൾക്ക് വല്ല ധനസഹായവും ചെയ്യുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 1682.

(ബി) ഗവണ്മെന്റ്.

(സി) 26.

(ഡി) യൂണിയനുകളുടെ വിവരമടങ്ങിയ ഒരു ലിസ്റ്റ് † മേശപ്പുറത്തുവച്ചിട്ടുണ്ട്. യൂനിയനുകൾക്കു ധനസഹായം ചെയ്യുന്നില്ല. വായനശാലകൾക്ക് ഗ്രാന്റു കൊടുക്കുന്നുണ്ട്.

Assistants to Head Translator.

※ 183. [52] **Shri P. Ramaswami Pillai** : Will the Chief Minister be pleased to state :

(a) Whether it is a fact that the Malayalam and Tamil Assistants to the Head Translator to Government are not treated like the Superintendents in the other Sections of the Secretariat in the matter of their scale of pay and status ;

† Please See Appendix II.

(b) whether Government will consider the revision of the scale of pay of the posts of Assistants to the Head Translator suitably giving due regard to the responsibilities attached to the posts?

Chief Minister (**Shri Panampilli Govinda Menon**): (a) Yes.

(b) The question will be considered if found necessary.

കാറുകൾ പാർക്കുചെയ്യുന്നതിനു വേണ്ട സൗകര്യങ്ങൾ.

* 184. [53] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തലസ്ഥാനനഗരിയിലും മററു പ്രധാനപ്പെട്ട പട്ടണങ്ങളിലും ടാക്സിസ്റ്റാൻഡുകളിൽ ടാക്സിജോലിക്കാർക്കു വിശ്രമിക്കുന്നതിനും കാറുകൾ പാർക്കുചെയ്യുന്നതിനും വേണ്ട സൗകര്യങ്ങൾ ഉണ്ടാക്കുന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) കേന്ദ്രഗവണ്മെൻറിൽനിന്നും ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ തരികയൊ ഈ ഗവണ്മെൻറിന്റെ നിർദ്ദേശങ്ങൾ ആരായുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫലമെന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ടു്.

(ബി) ടാക്സിഡ്രൈവർമാർക്കു വിശ്രമിക്കുന്നതിനും കാറുകൾനിറുത്തുന്നതിനും മററും ഉള്ള സൗകര്യങ്ങൾ, ഈ സ്റ്റേററിലെ പട്ടണങ്ങളിൽ ഇപ്പോൾ ഉണ്ടോ എന്നും, ഇല്ലെങ്കിൽ അതിലേയ്ക്കായി എന്തെല്ലാം നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു എന്നും ചോദിച്ചുകൊണ്ടു്, കേന്ദ്ര ഗവണ്മെൻറു ചില നിർദ്ദേശങ്ങൾ തന്നിട്ടുണ്ടു്. ഈ നിർദ്ദേശങ്ങളിന്മേൽ മുനിസിപ്പാലിററികളിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

കലണ്ടറിംഗ് ആൻറ് സ്റ്റിച്ചിംഗ് പ്ലാൻറ്.

* 185. [54] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാററിൻകര—വിളവങ്കോടു പ്രാജക്ററു പ്രദേശത്തു ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന കലണ്ടറിംഗ് ആൻറ് സ്റ്റിച്ചിംഗ് പ്ലാൻറിന്റെ കാര്യം എന്തായി; അതിന്റെ പ്രവർത്തനം എന്നു തുടങ്ങും?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

പ്ലാൻറിനു ഒരു കമ്പനിക്കു ഉടൻതന്നെ ആർഡർ കൊടുക്കുന്നതും, അതു വന്നു ചേർന്നാൽ താമസിയാതെ തന്നെ പ്രവർത്തനം തുടങ്ങുന്നതുമാണു്.

UNSTARRED QUESTIONS AND ANSWERS.

Reservation of Appointments.

29. [1] **Shri A. A. D. Luiz :** Will the Chief Minister be pleased to state the number of Anglo-Indians who were entertained in the State services by the Public Service Commission during the years 1950-51, 1951-52, 1952-53 and 1953-54 ?

Answer.

1950—51	..	5
1951—52	..	2
1952—53	..	6
1953—54	..	7
Total	..	20

ക്രെഡിററബാങ്കിൽനിന്നും കടം കൊടുത്തിട്ടുള്ളവർ.

30. [3] ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ ?

1955 ഫെബ്രുവരിമാസത്തിൽ ക്രെഡിററ ബാങ്കിൽനിന്നും ആർക്കെല്ലാം രൂപ കടം കൊടുത്തിട്ടുണ്ട്?

ഉത്തരം.

1955 ഫെബ്രുവരിമാസത്തിൽ ആകെ 21 പേർക്കായി 80,814-8-0 രൂപ കടം കൊടുത്തിട്ടുണ്ട്. കടം വാങ്ങിയവരുടെ പേരുവിവരം രഹസ്യമായതിനാൽ വെളിപ്പെടുത്താൻ നിവൃത്തിയില്ല.

Proposal for the Second Five Year Plan.

31. [10] **Shri K. Sattanatha Karayalar :** Will the Chief Minister be pleased to state :

(a) Whether the Government have finalised the proposals for the Second Five Year Plan of our State:

(b) if so, what are the proposals ;

(c) if not, will the Government place the proposals before this House before finalising it ?

Answer.

(a) Government have finalised the schemes for inclusion in the Second Five Year Plan in respect of Irrigation and Power only. Schemes in respect of other heads of development are under consideration.

(b) The schemes finalised by Government in respect of Major Irrigation and Power are :—

Major Irrigation.

1.	Incomplete portions carried over from First Five Year Plan	.. Rs. 40 lakhs
2.	Neyyar Left Bank	.. Rs. 80 lakhs

3.	Chalakudy 2nd stage	.. Rs. 60 lakhs.
4.	Bhoothathankettu Scheme	.. Rs. 388 lakhs
5.	Pampa	.. Rs. 250 lakhs
6.	Cheerakuzhi	.. Rs. 50 lakhs
	Total	.. Rs. 868 lakhs.

Power.

1.	Incomplete portions carried from 1st Five Year Plan	.. Rs. 10 lakhs.
2.	Poringalakuthu Left Bank 4th Generating Set	.. Rs. 40 lakhs
3.	Neriamangalam	.. Rs. 290 lakhs
4.	Sholayar	.. Rs. 391·5 lakhs
5.	Lakshmi	.. Rs. 490 lakhs
6.	Pamba 1st Stage	... Rs. 535 lakhs
7.	Poringalkuthu	.. Rs. 1400 lakhs
8.	Panniar	.. Rs. 295 lakhs
	Total	.. Rs. 3491·5 lakhs.

(c) Government propose to bring out a "draft outline" of the 2nd Five Year Plan of the State. This will come up for the approval of the House in due course.

മലം ഡിപ്പോ.

32. [14] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലൂർ മലം ഡിപ്പോ എറണാകുളത്തുനിന്നും കളമശ്ശേരി പരിസരങ്ങളിലേയ്ക്ക് മാററി സ്ഥാപിക്കുവാൻ ഗവൺമെൻറ് കൽപനയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ആ കൽപന പാസ്സാക്കിയത്;

(സി) ഇതെത്രമാത്രം നടപടിയിലായി;

(ഡി) പള്ളുരുത്തിയിലെ മലം ഡിപ്പോ മാററി സ്ഥാപിക്കണമെന്ന് പള്ളുരുത്തി പഞ്ചായത്തിൽനിന്നും ഏതെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

ഉത്തരം.

(എ) കൽപനയായിട്ടുണ്ട്.

(ബി) 16-2-1952.

(സി) മാററിസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് അവശ്യം വേണ്ട മരാമത്തുപണികളുടെ എസ്റ്റിമേററ് തയ്യാറാക്കിക്കഴിഞ്ഞു.

(ഡി) ലഭിച്ചിട്ടുണ്ട്.

(ഇ) നിവേദനം മട്ടാഞ്ചേരി മുനിസിപ്പൽ കൌൺസിലിന്റെ അഭിപ്രായത്തിന് അയച്ചിരിക്കുകയാണ്.

കുടിൽവ്യവസായം.

33. [17] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്. മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിലുള്ള ആര്യനാട്, പാലോട്, പൂവച്ചൽ എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ ഈറ, ചൂരൽ മുതലായവ ഉപയോഗിച്ച് നിത്യോപയോഗസാധനങ്ങൾ ഉണ്ടാക്കി ഉപജീവിക്കുന്നവരായി അനേകം കുടുംബങ്ങൾ ഉണ്ടെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിധമുള്ള തൊഴിലുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും പദ്ധതി ഗവണ്മെൻറ് ആസൂത്രണം ചെയ്തിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പ്രസ്തുത വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

Maruthancode-Idacode Trace.

34. [19] **Shri M. William**: Will the Minister for Works be pleased to state:

(a) whether Government intend converting the Maruthancode-Idacode Trace into a cartable road;

(b) whether it is not included in the First Five Year Plan?

Answer.

(a) Yes.

(b) Yes, it is included.

Causeway in Kuzhithura River.

35 [21]. **Shri M. William**: Will the Minister for Works be pleased to state:

(a) whether any estimate has been prepared for constructing a causeway in the Kuzhithurai river at Garampuzha near Pacode;

(b) what is the estimated amount;

(c) will the Government be pleased to take up the work at an early date since the want of the same affects traffic and trade seriously?

Answer.

(a) Yes.

(b) Rs. 19,800.

(c) Yes.

National Extension Service Blocks.

36. [22] **Shri P. Thanulingom Nadar**: Will the Chief Minister be pleased to state:

(a) Whether Government proposes to convert one of the N. E. S. Blocks into Intense Service Block allotting additional money; and

(b) If so, what is the criterion to select such a Centre?

Answer.

(a) Not at present.

(b) The past performance of the Blocks.

MOTION *RE*: ELECTION OF A MEMBER TO THE STATE AID TO INDUSTRIES BOARD.

9. A. M.] **Mr. Deputy Speaker**: Question time is over. Now, we have to proceed with the motion regarding election.

Shri Panampilli Govinda Menon: Sir, I move that this House do proceed to elect in such manner as the Speaker may direct, one member to the State Aid to Industries Board in the vacancy caused by the death of Dr. P. P. Antony.

Shri A. J. John: I second it.

Mr. Deputy Speaker: The question before the House is that this House do proceed to elect in such manner as the Speaker may direct, one member to the State Aid to Industries Board in the vacancy caused by the death of Dr. P. P. Antony.

The motion was put and carried.

STATEMENT REGARDING ELECTION.

Mr. Deputy Speaker: I have to make a statement regarding the elections to be conducted by the Assembly to two Financial Committees and to the State Aid to the Industries Board.

Under Rules 156 and 157 of the Rules of Procedure and Conduct of Business, two Committees, one on Estimates and another on Public Accounts, have to be constituted for the financial year 1955-56, each consisting of seven members. The members of the Committee shall cease to hold office at the end of each financial year but any member shall be eligible for re-election.

One member has to be elected to the State Aid to Industries Board in the vacancy caused by the death of Dr. P. P. Antony.

The members shall be elected by the Assembly from among themselves according to the principle of proportional representation by means of the single transferable vote.

[Mr. Deputy Speaker.]

The following programme is fixed for the elections:—Nominations to be filed before the Secretary—before 1 P. M. on Saturday, the 2nd April 1955. Scrutiny of nominations will be held in the Speaker's Chamber after the House rises for the day on Saturday, the 2nd April 1955. Time for withdrawal of nominations—before 1 P. M. on Monday, the 4th April 1955. Poll, if necessary, will be taken on Tuesday, the 5th April 1955 in the Committee room between the hours 10 A. M. and 1 P. M.

LEGISLATIVE BUSINESS.

SELECT COMMITTEE REPORT—EXTENSION OF TIME.

Shri A. J. John: Sir, I move that the time for the making of the report of the Select Committee on the Travancore-Cochin Verumpattamdars Bill be extended up to the next Session of the Legislative Assembly.

ശ്രീ. ടി. വി. തോമസ്: സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. വെറുംപാട്ടദാർ ബില്ലും, റിസ്ട്രിക്ഷൻ ഓഫ് പൊസ്സെഷൻ ആൻഡ് ഓണർഷിപ്പ് ബില്ലും പ്രധാനപ്പെട്ട രണ്ടു ബില്ലുകളാണ്. ഈ ബില്ലുകളെപ്പറ്റി കഴിഞ്ഞ അസംബ്ലിയിൽ വാദപ്രതിവാദം നടത്തുകയും അതു് സെലക്റ്റ് കമ്മിറ്റിക്ക് റെഫർ ചെയ്യുകയും ചെയ്തു. സെലക്റ്റ് കമ്മിറ്റിക്ക് റെഫർ ചെയ്ത അവസരത്തിൽ ഇത്ര നാളുകൊണ്ടു് അതിന്റെ റിപ്പോർട്ടു തരണമെന്നു വ്യക്തമായി പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക് ഈ സെഷനിൽ തന്നെ അതിന്റെ റിപ്പോർട്ട് തരേണ്ടതായിരുന്നു. ഇതിനുള്ളിൽ സെലക്റ്റ് കമ്മിറ്റി വിളിച്ചുകൂട്ടിയിരുന്നെങ്കിൽ ഈ സെഷനിൽതന്നെ അതിന്റെ റിപ്പോർട്ടു തരുവാനുള്ള സാദ്ധ്യത ഉണ്ടാകുമായിരുന്നു. അതാതു അവസരങ്ങളിൽ സെലക്റ്റ കമ്മിറ്റി വിളിച്ചുകൂട്ടാതെയും അങ്ങനെ സെലക്റ്റ കമ്മിറ്റി ചർച്ച നടക്കാതെയും വന്നതിനാൽ ആണ് ഇപ്പോൾ ഈ മോഷൻ കൊണ്ടുവരേണ്ടിവന്നതു്. ഈ ബില്ലു നിയമമാക്കുന്നതിനെ തടസ്സപ്പെടുത്തുന്നതിനുവേണ്ടിയാണ ഈ മോഷനെന്നു ബലമായി സംശയിക്കാൻ കാരണമുണ്ടു്. കഴിഞ്ഞ അസംബ്ലി ഇതിനെ സംബന്ധിച്ചു് ചർച്ചചെയ്ത അവസരത്തിൽ ഇന്നത്തെ റവന്യൂ മെംബറായിരിക്കുന്ന മി. ജാൺ ഈ ബില്ലുകളെ ശക്തിയായി എതിർത്ത സംഗതിയും എന്റെ ഈ സംശയത്തിനു ഉപോൽബലകമാണ്.

ശ്രീ. എ. ജെ. ജാൺ: അതു ശരിയല്ല.

ശ്രീ. ടി. വി. തോമസ്: അദ്ദേഹം ഈ ബില്ല് അസംബ്ലിയിൽ പാസ്സായാൽ ഇതിനെപ്പറ്റി ചോദിക്കാനും പറയാനും കേന്ദ്രത്തിൽ ആളുകൾ ഉണ്ടെന്നുള്ള വസ്തുത മനസ്സിലാക്കിക്കൊള്ളണമെന്നുകൂടി പറയുകയുണ്ടായി. കൂടാതെ കാൺഗ്രസ്സ് പാർട്ടിയുടെ ഭൂനയപരിഷ്കരണത്തെപ്പറ്റിയുള്ള മനോഭാവവും ഈ സഭയ്ക്കറിയാവുന്നതാണ്. കാൺഗ്രസ്സ് പാർട്ടി ഒരു ഭൂനയപരിഷ്കാരം നടപ്പിലാക്കുമെന്നു പല പ്രാവശ്യവും അസംബ്ലിക്കകത്തും വെളിയിലും ആവർത്തിച്ചു് ആവർത്തിച്ചു് പറഞ്ഞിട്ടുണ്ടെങ്കിലും അങ്ങനെ ഏതെങ്കിലും തരത്തിലുള്ള ഒരു ബില്ല് അവതരിപ്പിക്കുവാൻ അവർ തയാറായില്ല. മാത്രമല്ല, പി. എസ്. പി. തയാറാക്കിക്കൊണ്ടുവന്ന ബില്ലിനെ രൂക്ഷമായി എതിർത്തതു ഇപ്പോഴത്തെ റവന്യൂമെംബർ ശ്രീ. ജോൺ ആണ്.

ശ്രീ. കെ. എം. ജോർജ്ജ് : സർ, അതിനെ റവന്യൂ മെംബർ നിഷേധിച്ചിരിക്കുന്ന സ്ഥിതിക്ക് വീണ്ടും അക്കാര്യത്തെപ്പററി പറയുന്നത് ശരിയാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതു് ഒരു ആരോപണമായിട്ടു പറയുന്നതല്ല.

ശ്രീ. ടി. വി. തോമസ് : ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഒരിക്കൽ പറഞ്ഞിട്ടുണ്ട്, സൂര്യനെ നോക്കി സൂര്യനല്ലെന്നു പറഞ്ഞാലും സൂര്യൻ സൂര്യനല്ലാതെയായിപ്പോവുകയില്ല എന്ന്. ബില്ലുകളെ സംബന്ധിച്ചുള്ള ഇന്നത്തെ റവന്യൂമന്ത്രിയുടെ നിലപാടെന്തായിരുന്നു എന്നു് അസംബ്ലി പ്രൊസീഡിംഗ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാൺഗ്രസ്സ് ഇവിടെ ഭരിക്കാൻ തുടങ്ങിയിട്ടു ഏഴു കൊല്ലമായിയെങ്കിലും ഇതുവരെ ഭൂനയ ബില്ലുകളുവതരിപ്പിക്കുവാൻ അവർ തയാറായില്ല. മാത്രമല്ല, ഈ സെഷനിൽ സെലക്ററ് കമ്മിററി റിപ്പോർട്ടുവതരിപ്പിക്കേണ്ടതാണെന്നു് വ്യക്തമായ മാൻഡേററ് കൊടുത്തിരുന്നിട്ടും, അതനുസരിച്ചു് പ്രവർത്തിക്കാൻ കടമപ്പെട്ടിരുന്ന കാൺഗ്രസ് മന്ത്രിസഭ ഇപ്പോഴും അതിനുള്ള ടൈം എക്സ്റ്റെൻറ് ചെയ്യണമെന്നാവശ്യപ്പെടുന്നതു് ഈ ബില്ല് സാബട്ടേജ് ചെയ്യാനാണോ എന്നു ബലമായ സംശയം ഉണ്ട്.

അതുകൊണ്ട്, ഈ അസംബ്ലി പിരിയുന്നതിനുമുമ്പുതന്നെ, ഗവണ്മെൻറ് ആത്മാർത്ഥമായി ആഗ്രഹിക്കുന്നെങ്കിൽ, സെലക്ററകമ്മിററി കൂടാവുന്നതും, ഈ അസംബ്ലിയിൽ തന്നെ റിപ്പോർട്ട് അവതരിപ്പിക്കാവുന്നതും ആണ്. യാതൊരു കാരണവശാലും സമയം നീട്ടിക്കൊടുക്കുവാൻ പാടില്ല. ഈ ബില്ല് നടപ്പിലാക്കണമെന്ന് കാൺഗ്രസ്സ് പാർട്ടി ആത്മാർത്ഥമായി ആഗ്രഹിക്കുന്നെങ്കിൽ ഈ മോഷനെ എതിർക്കണമെന്നാണ് എൻെറ അഭിപ്രായം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ ഒരു നില എടുത്തു കണ്ടതിൽ എനിക്ക് വളരെ ഖേദമുണ്ട്. ഈ സഭയിലെ എല്ലാ ഭാഗത്തിലുംപെട്ട അംഗങ്ങൾകൂടി യോജിച്ചു് ഒരു ബില്ല് സെലക്ററകമ്മിററിക്ക് അയച്ചിട്ടുള്ളതാണ്. ഫെബ്രുവരി 8-ാംനു ആണ് കഴിഞ്ഞ അസംബ്ലി അവസാനിച്ചതു്. അന്നു അധികാരത്തിലിരുന്ന മന്ത്രിസഭയുടെ പേരിൽ ഈ നിയമസഭ ഒരവിശ്വാസപ്രമേയം രേഖപ്പെടുത്തുകയും ആ മന്ത്രിസഭ രാജിവെച്ചു് ഫെബ്രുവരി 14-ാം തീയതി ഒഴിയുകയും ചെയ്തു. അതുകഴിഞ്ഞു് പുതിയ മന്ത്രിസഭ അധികാരത്തിൽ വന്നു. പിന്നീട് മാർച്ച് പതിനെട്ടാംതീയതിയാണ് അസംബ്ലി കൂടുന്നതു്. 32 ദിവസം മാത്രമേ കഴിഞ്ഞിട്ടുള്ളു. ഈ അസംബ്ലി കൂടുന്നതു തന്നെ പ്രധാനമായി ബഡ്ജററ് അവതരിപ്പിച്ചു് പാസ്സാക്കാനാണ്. ഈ 32 ദിവസത്തിനിടയിൽ ഈ രണ്ടു ബില്ലുകളും സെലക്ററ് കമ്മിററിക്കയച്ചു ചർച്ചകൾ നടത്തി അവസാനിപ്പിച്ചു് സെലക്ററ് കമ്മിററി റിപ്പോർട്ട് ഇവിടെ അവതരിപ്പിച്ചില്ല എന്നുള്ളതാണ് പ്രതിപക്ഷനേതാവിൻെറ ആക്ഷേപത്തിൻെറ ചുരുക്കം. ഇങ്ങനെയുള്ള സന്ദർഭത്തിൽ ഇങ്ങനെയുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചു് വിവാദപരമായ കാര്യങ്ങൾ ഉയർത്തിക്കാണിച്ചാൽ രാഷ്ട്രീയമായി എന്തെങ്കിലും ഗുണം അതുകൊണ്ടുണ്ടാകുമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിചാരിക്കുന്നതെങ്കിൽ ആ ഒരു നില ഉപേക്ഷിക്കുവാൻ ഞാൻ അദ്ദേഹത്തോടപേക്ഷിക്കുന്നു. ഈ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ.]

നിയമസഭയിൽ ഈ ബില്ലുകളുടെ സെലക്റ്റ കമ്മിററി റിപ്പോർട്ട് കൊണ്ടുവരികയെന്നുള്ളതു് മനുഷ്യസാദ്ധ്യമായിരുന്നില്ല.

ബഹുമാനപ്പെട്ട റവന്യൂ മെംബർ ഇതിനുമുമ്പ് പ്രസ്താവിച്ച മാതിരി മാർച്ച് 15-ാംനു- ഇതിലേയ്ക്കുവേണ്ടി സെലക്റ്റ കമ്മിററി യോഗം വിളിച്ചുകൂട്ടിയിരുന്നു. അന്ന് പ്രതിപക്ഷനേതാവിനും വർക്ക്സ് മിനിസ്റ്റർ മി. വേലായുധനും എനിക്കും സെലക്റ്റ് കമ്മററിയിൽ പങ്കുകൊള്ളുവാനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. പ്രതിപക്ഷനേതാവു് അറിയിച്ചിരുന്നതു് കള്ളവ്യവസായത്തെപ്പററിയുള്ള എന്തോ അന്വേഷണക്കാര്യത്തിൽ ഗവണ്മെൻറ് ആവശ്യപ്പെട്ടതനുസരിച്ചു് അദ്ദേഹത്തിനു പങ്കെടുക്കവാനുണ്ടായിരുന്നതുകൊണ്ടു് വരാൻ സൗകര്യമില്ലെന്നായിരുന്നു. എനിക്കും വർക്ക്സ് മിനിസ്റ്റർക്കും അന്നു ഹാജരാകാൻ ഒക്കാതെവന്നതു്, തൃശ്ശൂർ ജലസംഭരണ പദ്ധതിക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒരു കെട്ടിടത്തിനു കല്ലിടേണ്ടതിനായി തൃശ്ശൂർക്ക് പോകേണ്ടിയിരുന്നു. പ്രതിപക്ഷനേതാവു് പറഞ്ഞമാതിരി ആത്മാർത്ഥതയോടുകൂടി പറയുകയാണെങ്കിൽ ഈ നിയമസഭയിൽ ഈ ബില്ലുകളെ സംബന്ധിച്ചുള്ള സെലക്റ്റ കമ്മിററി റിപ്പോർട്ട് കൊണ്ടുവരിക സാദ്ധ്യമല്ലെന്നു കാണാം. ഇപ്പോൾ ഗവണ്മെൻറ് എടുക്കുന്ന നയത്തെ, സെലക്റ്റ കമ്മിററി റിപ്പോർട്ടിനു സമയം ചോദിച്ചു എന്നു ദുർവ്യാഖ്യാനം ചെയ്തുകൊണ്ടു് ജനങ്ങളെ കബളിപ്പിക്കുവാൻ നോക്കരുതെന്നും എനിക്കപേക്ഷയുണ്ടു്. അതുകൊണ്ടു് എനിക്കു ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാനുള്ളതു് ഈ സെലക്റ്റകമ്മിററി റിപ്പോർട്ട് കൊണ്ടുവരുവാൻ സമയം വേണമെന്നു പറഞ്ഞതു അതു നടത്തണമെന്നുണ്ടെങ്കിൽ സമയം വേണം എന്നുള്ളതുകൊണ്ടാണു്. അങ്ങനെയുള്ള കാര്യങ്ങൾ ദയവുചെയ്തു ആവശ്യമില്ലാത്ത വാദപ്രതിവാദം ഉണ്ടാക്കുവാൻ ശ്രമിക്കാതെ, ഈ നിയമങ്ങൾ പരിശോധിച്ചു് പാസ്സാക്കുവാൻ വേണ്ട സമയം എല്ലാഭാഗത്തുമുള്ള മെംബറന്മാർക്കു കിട്ടാൻ വേണ്ടി ഈ മോഷനെ എല്ലാവരും അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. പ്രാക്കുളം ഭാസി: ഈ ഭൂനയബില്ലുകളെല്ലാം ഒരു സെലക്റ്റ കമ്മിററിക്ക് അയയ്ക്കണമെന്നു് അഭിപ്രായപ്പെട്ടിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ശരിയാണു്. ഈ ബില്ലുകൾക്കു പുറമെ മററു ചില ബില്ലുകളും ഇരുപതോ, ഇരുപത്തിനാലോ പേർ അടങ്ങിയ സെലക്റ്റ് കമ്മിററിക്കയച്ചിരുന്നു. എല്ലാ ബില്ലുകളും വേണമെങ്കിൽ അവൾക്കുതന്നെ അയയ്ക്കാമായിരുന്നു. എന്നാൽ താരതമ്യേന പ്രാധാന്യക്കുറവുള്ള ചില ബില്ലുകൾ മറെറാരു സെലക്റ്റ കമ്മിററിക്കു് അയയ്ക്കുകയാണെങ്കിൽ ഈ സഭയിൽതന്നെ എല്ലാ റിപ്പോർട്ടുകളും കൊണ്ടുവരുവാൻ സമയം ലഭിക്കുകയില്ലെന്നു കരുതി ഞാൻ പ്രതിപക്ഷനേതാവിനോടും അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ മി. കെ. സി. ജോർജ്ജിനോടും അഭിപ്രായം ചോദിക്കുകയും അവർ അതിനു സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണു്. അവരുടെ അനുമതിയോടുകൂടിയാണു് ദേഹബന്ധ വില ബില്ല്, കാനപ്പാട്ട ബില്ല്, കുടികിടപ്പു ബില്ല് മുതലായ ബില്ലുകൾ വേറെ സെലക്റ്റ് കമ്മിററിക്കു് അയച്ചിട്ടുള്ളതു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ആ നിലയ്ക്കു് ഇപ്പോൾ അവർ അതിനെ എതിർക്കുന്നതു് ന്യായമാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോഴും എതിർക്കുന്നതു് [illegible] കാര്യത്തെയാണു്.

ശ്രീ. കെ. ബാലകൃഷ്ണൻ: സർ, ഈ പ്രമേയത്തെ എതിർത്തുകൊണ്ടു് പ്രതിപക്ഷനേതാവോടുകൂടി യോജിക്കുവാൻ ഞാനാഗ്രഹിക്കുന്നു. അങ്ങനെ എതിർക്കുന്നതു്, ഭംഗിയായിരിക്കുകയില്ല എന്നു് മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ കേട്ടു കഴിഞ്ഞതിനുശേഷവും ഈ മോഷനെ എതിർക്കുവാനാണു് ഞാനാഗ്രഹിക്കുന്നതു്. അങ്ങനെ എതിർക്കേണ്ടതു്, സങ്കുചിതമായ പാർട്ടി താല്പര്യങ്ങൾ നോക്കാതെ നാട്ടിന്റെ മൊത്തത്തിലുള്ള താല്പര്യത്തെ പരിഗണിച്ചാൽത്തന്നെയും വളരെ അത്യാവശ്യമാണെന്നാണു് എനിക്കു് തോന്നുന്നതു്.

സർ, മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി ഈ പ്രമേയത്തെ എതിർക്കുന്നതു് രാഷ്ട്രീയമുതലെടുപ്പിനാണെന്നു്. അദ്ദേഹത്തിന്റെ പ്രസംഗം രാഷ്ട്രീയ മുതലുമുടക്കായിരുന്നിരിക്കാം. ഈ നിയമസഭയിൽ ഒരു പ്രത്യേകത ഞാൻ കാണുന്നുണ്ടു്. തന്നെ എതിർക്കുന്നവരെയെല്ലാം കുഞ്ഞുങ്ങളെ ഉപദേശിക്കുന്നപോലെ ഉപദേശിച്ചുകൊണ്ടു് മുഖ്യമന്ത്രി പല കാര്യത്തിലും ഇവിടെ രക്ഷാകർത്തൃത്വം ചമയുന്നുണ്ടു്. ഞങ്ങളുടെ അജ്ഞതയിൽ അദ്ദേഹം സഹതപിക്കാറുമുണ്ടു് ഇതങ്ങു നിറുത്തുകയാണു ഭേദം. അത്ഭുതകരമായ വിജ്ഞാനത്തിന്റെ ഭണ്ഡാഗാരമായ ഒരതിമാനുഷനായി മുഖ്യമന്ത്രിയെ ഇവിടെയാരും തെററിദ്ധരിച്ചിട്ടില്ല. അദ്ദേഹത്തിനു ഞങ്ങളെ മതിപ്പില്ലെങ്കിലും അദ്ദേഹത്തിനു് വിജ്ഞാനം നൽകുന്ന പുസ്തകങ്ങളും പത്രങ്ങളും ഞങ്ങൾക്കും വായിക്കാവുന്നവയാണെന്നും, അക്ഷരജ്ഞാനമുള്ളവരാണു് ഇവിടെ ഇരിക്കുന്നതെന്നും അദ്ദേഹം കരുതേണ്ടതായിരുന്നു. എനിക്കറിഞ്ഞുകൂടാത്ത പലതും അദ്ദേഹത്തിനു അറിയാവുന്നതായിക്കാണും. പക്ഷെ അദ്ദേഹത്തിനു അറിഞ്ഞുകൂടാത്ത പലതും എനിക്കറിയാവുന്നതായും കാണും. അതുകൊണ്ടു്, ഈ രക്ഷാകർത്തൃത്വം ചമയൽ അത്ര നല്ല ഏർപ്പാടല്ല. എതിർത്തുകൊള്ളു; തർക്കമില്ല. ഈ ഗിരിമുകളിൽ നിന്നു് താണുകിടക്കുന്നവരെ ഉപദേശിക്കുന്ന ഏർപ്പാടു് അത്ര സുഖകരമായി തോന്നുന്നില്ല. ഒരു പ്രത്യേക "ടാസ്ക്"' ഏറ്റെടുത്തുകൊണ്ടാണു് ഇത്തവണത്തെ ബഡ്ജററു് അവതരിപ്പിച്ചിരിക്കുന്നതെന്നു് ബഡ്ജററുവിമർശനങ്ങൾക്കു മറുപടി പറഞ്ഞുകൊണ്ടു് ശ്രീ. ഗോവിന്ദമേനോൻ പറഞ്ഞു. എന്താണു സർ, ഈ ടാസ്ക്? ഞാൻ ബഡ്ജററുനോക്കി. അതിനകത്തൊരുമണ്ണാങ്കട്ടയുമില്ല. എല്ക്ട്രിസിററി നീട്ടുന്നതും റോഡുവെട്ടുന്നതും ഒരു ഗവണ്മെൻറിന്റെ ശ്രമകരമായ ടാസ്ക് ആണെന്നു പണ്ഡിതവീരനായ അദ്ദേഹം പറയുകയും ഞങ്ങൾ എലികളെപ്പോലെ ശ്രദ്ധിച്ചിരിക്കുകയും ചെയ്യുന്നതു കാണുമ്പോൾ അദ്ദേഹത്തിനു് താനൊരു നീഷേയുടെ സൂപ്പർമാനാണെന്നു തോന്നിയിരിക്കാം. കഴിഞ്ഞ പി. എസ്. പി. ഗവണ്മെൻറിനു ഒരു നയമുണ്ടായിരുന്നു. അതിൽ ഞങ്ങൾക്കഭിപ്രായഭിന്നതയുള്ള പലതുമുണ്ടായിരിക്കാം. പക്ഷേ ഒരു നയമാവിഷ്കരിക്കാൻ അവർക്കു കഴിഞ്ഞു. മിഡിൽസ്കൂൾ ക്ലാസ്സുവരെ അവർ ഫീസുസൗജന്യം ഏർപ്പെടുത്തി. ഇങ്ങനെ പലതുണ്ടു് ഇതുപോലെ പറയാൻ. കഴിഞ്ഞ ഏതാനും വർഷത്തെ—ഈ വർഷത്തേതുൾപ്പെടെയുള്ള—കോൺഗ്രസ്സ് ബഡ്ജററുകളിൽ എന്തുണ്ടു്? നിവർന്നുനിന്നു് ഉറച്ചശബ്ദത്തിൽ പറഞ്ഞാൽ പറയുന്നതെല്ലാമങ്ങുനേരാകുമോ? ശ്രീ. ഗോവിന്ദമേനവന്റെ കഴിവിൽ ഞങ്ങൾ അത്ഭുതപരതന്ത്രരാണെന്ന ഒരു തെററി

[ശ്രീ. കെ. ബാലകൃഷ്ണൻ]

ധാരണ അദ്ദേഹത്തിനുണ്ടെന്നു തോന്നുന്നു. അതായിരിക്കാം ഈ രക്ഷാധികാരി ചമയലിന്റെ കാരണം.

ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നതു് ഭൂനയബില്ലുകൾ പാസ്സാക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യാനുള്ള അടവാണെന്നു തന്നെയാണു ഞങ്ങളുടെ വിശ്വാസം. ഇന്നു രാവിലെ ഇവിടെ വന്നപ്പോൾ പെട്ടെന്നിങ്ങനെ തോന്നിയതല്ല. ഇന്നു് അധികാരത്തിലിരിക്കുന്നവർ കഴിഞ്ഞ ഏഴുവർഷം ഭരിച്ചവരാണു്. ഭരണഘടനാനിർമ്മാണസമിതിയിലേയ്ക്കുള്ള ആദ്യത്തെ തിരഞ്ഞെടുപ്പിനു മത്സരിച്ചപ്പോൾത്തന്നെ ഒരു പ്രകടനപത്രികവഴി ഈ രാജ്യത്തെ ഭൂവുടമയുടെ പരിധി നിർണ്ണയിക്കുമെന്നു ഇവർ ഒരു വാഗ്ദാനംചെയ്തിരുന്നു. ആദ്യമന്ത്രിസഭ ആ വാഗ്ദാനത്തിന്റെ കാര്യംപോലും ചിന്തിച്ചില്ല. ശ്രീ. ടി. കെ. യുടെ മന്ത്രിസഭ പൊതുജനാഭിപ്രായത്തിന്റെ സമ്മർദ്ദംമൂലം ഒരു അച്യുതമേനോൻ കമ്മിററിയെ നിയോഗിച്ചു. നിലവിലിരിക്കുന്ന ഭൂവുടമവ്യവസ്ഥയിൽ യാതൊരു ഭേദഗതിയും വേണ്ടെന്ന ആമുഖത്തോടെ ആ കമ്മിററി ചില ഭൂനയപരിഷ്കാരങ്ങൾ ശുപാർശചെയ്തു. ടി. കെ. മന്ത്രിസഭ പിന്നൊന്നും ചെയ്തില്ല. ശ്രീ. സി. കേശവൻ അധികാരത്തിൽ വന്നു. അദ്ദേഹം ഒരു ബിൽ എഴുതിയുണ്ടാക്കി. അതു് കാൺഗ്രസ്സ് പാർലമെൻററിപാർട്ടിപോലും ചർച്ചചെയ്തില്ല. എല്ലാം കേന്ദ്രത്തിൽനിന്നുണ്ടാക്കിയാൽ മതിയെന്നായിരുന്നു നില. അതു കഴിഞ്ഞു ജോൺ മന്ത്രിസഭ വന്നു. ആ മന്ത്രിസഭയിലെ ഒരംഗമായിരുന്ന ശ്രീ. ഗോവിന്ദമേനോൻ ഒട്ടേറെ എണ്ണയെരിച്ചു് ഒരു ബിൽ തയ്യാറാക്കി. ആ ബിൽ കരയ്ക്കോ സമുദ്രത്തിലോ എന്നു ഇന്നുവരെ ആരും അറിഞ്ഞിട്ടില്ല. അതു കഴിഞ്ഞാണു് പി. എസ്. പി. മന്ത്രിസഭ അധികാരത്തിൽ വന്നതു്. അവർ ചർച്ചാവിഷയമായ ബില്ലുകൾ കൊണ്ടുവന്നു. ആ ബില്ലുകൾ പുരോഗമനപരമാകണമെങ്കിൽ വളരെ ദൂരം മുന്നോട്ടുപോകണമെന്നാണു് ഞങ്ങളുടെ പക്ഷം. പക്ഷേ ആ ബില്ലിനോളംപോലും ശ്രീ. ഗോവിന്ദമേനോന്റെ പാർട്ടി പോകുകയില്ലെന്നുള്ളതാണു് നേരു്. സർ, കാൺഗ്രസ്സ് ബെഞ്ചിലിരിക്കുന്നവരെല്ലാം വഞ്ചകന്മാരാണെന്ന അഭിപ്രായം എനിക്കില്ല. അക്കൂട്ടത്തിൽ ചുറുചുറുക്കുള്ള ചെറുപ്പക്കാരുണ്ടു്. കാൺഗ്രസ്സിനു ഒരു വൃദ്ധസ്വഭാവമുണ്ടു്. ആ സ്വഭാവത്തിനനുയോജ്യമായ വേഗതയിലേ അവർക്കു് നീങ്ങാൻ പററൂ. അതല്ല, സമുദ്രം ചാടിക്കടക്കുമെന്നും ഹിമാലയത്തിൽ കയറുമെന്നും ശ്രീ. ഗോവിന്ദമേനോൻ പറയുന്നതു കഥയില്ലായ്മയാണു്. അധികാരത്തിലിരിക്കാൻ ആർത്തിയുള്ള അദ്ദേഹത്തിനു അവിടെ ഇരിക്കണമെങ്കിൽ ഇത്തരം ഏടാകൂടങ്ങളിലൊന്നും ചാടരുതു്. അതുകൊണ്ടാണു് സർ, അദ്ദേഹത്തിന്റെ ബഡ്ജററ്പ്രസംഗത്തിൽ ഈ ബില്ലുകളെപ്പററി ഒരക്ഷരം പറയാതിരുന്നതു്. ശ്രീ. ഗോവിന്ദമേനവനു് അത്യന്തം പുരോഗമനപരമായ ചിന്താഗതി ദഹിക്കുമായിരിക്കാം. പക്ഷെ അതുകൊണ്ടെന്തു പ്രയോജനം? പലതും വിഴുങ്ങാൻ അദ്ദേഹം നിർബന്ധിതനാണു്. അത്തരക്കാരെ ഞങ്ങൾക്കു വലിയ മതിപ്പില്ല. പുച്ഛമാണെന്നു മര്യാദകരുതി ഞാൻ പറയുന്നില്ല. എന്റെ ആദർശങ്ങളിലും വിശ്വാസപ്രമാണങ്ങളിലുംനിന്നു എന്നെ വ്യതിചലിപ്പിക്കാൻ സൂര്യനുതാഴെ ഒരു ശക്തിക്കും സാദ്ധ്യമല്ലെന്ന അഹങ്കാരം എനിക്കുണ്ടു്. ആ അഹങ്കാരം ശ്രീ. ഗോവിന്ദമേനവനു് തീർച്ചയായു

മില്ല. അദ്ദേഹത്തിന്നു മററു പലതും നോക്കേണ്ടതുണ്ട്. നോക്കട്ടെ. തക്കമില്ല. പക്ഷെ മററുള്ളവരെ ഉപദേശിക്കാനും രക്ഷാധികാരി ചമയാനും വരരുത്. നിയമസഭാ ചട്ടം 87-ാംവകുപ്പനുസരിച്ച് കാലാവധി നിശ്ചയിക്കാതെ ഒരു ബിൽ സെലക്ററ കമ്മിററിക്കയച്ചാൽ അടുത്ത നിയമസഭയിൽ സെലക്ററ കമ്മിററി റിപ്പോർട്ടവതരിപ്പിക്കണമെന്നുണ്ട്. ആ വകുപ്പിന്റെ പിടിയിൽ നിന്നു രക്ഷനേടാനാണു ഈ പ്രമേയം. സർ, അഥവാ സെലക്ററ കമ്മിററിക്കു റിപ്പോർട്ടു പൂർണ്ണമായി തയ്യാറാക്കാൻ കഴിയാതെയിരുന്നാൽത്തന്നെ ഒരു പ്രാഥമിക റിപ്പോർട്ടു സമർപ്പിക്കാം. അതിന്നു നടപടിക്രമങ്ങളിൽ വകുപ്പുണ്ട്. പിന്നെ ഈ പ്രമേയമെന്തിന്? ഈ നിയമസഭാകാലത്തു ഇക്കാര്യത്തെപ്പററി ആലോചിക്കുകപോലും വേണ്ടെന്നുള്ളതുകൊണ്ടല്ലേ ഈ പ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. രാജ്യത്തോടും ജനങ്ങളോടും സ്നേഹമുള്ളവർ ഈ ചതി എങ്ങനെ സഹിക്കും? സർ, അതു പറഞ്ഞാൽ രാഷ്ട്രീയപ്രചരണമായിപ്പോകും. ഇത്തരംതന്ത്രം പുറത്തു പ്രചരിപ്പിക്കുകതന്നെയാണ് ഞങ്ങളുടെ ഉദ്ദേശം. തെല്ലൊരുവേദനയോടെയാണു സർ ഇതു പറയുന്നതു്. ഈ മന്ത്രിസഭ അധികാരത്തിൽ വന്നശേഷം ഉന്നതനായ ഒരു കാൺഗ്രസ്സു നേതാവ്, എന്നോടു പറഞ്ഞു ഈ നിയമസഭയിൽത്തന്നെ ഭൂനയബില്ലുകൾ നിയമമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന്. ഇങ്ങനെയാണോ സർ ആവശ്യമായ നടപടി സ്വീകരണമുണ്ടാകേണ്ടതു്? ഈ ബില്ലുകൾ സർക്കുലേററുചെയ്തു കഴിഞ്ഞതാണ്. സെലക്ററ കമ്മിററി, വിഡ്ഢ്യാന്മാരുടെ ഒരു സംഘമല്ല. അടുത്ത മൂന്നാഴ്ച ശ്രമിച്ചാലും സെലക്ററ കമ്മിക്കു ഒന്നും ചെയ്യാൻ കഴിയുകയില്ലെന്നാണോ ശ്രീ. ഗോവിന്ദമേനോൻ പറയുന്നതു്? ഞങ്ങൾ ഇരിനകത്തു് കളിക്കാൻ വന്നവരെന്നാണോ അദ്ദേഹം കരുതുന്നതു്. ഉപദേശങ്ങളും ഗുണപാഠങ്ങളും പറഞ്ഞു ഞങ്ങളെ ഉപദേശിക്കാൻവരുന്ന ശ്രീ. ഗോവിന്ദമേനോനെ ഞാനുപദേശിക്കട്ടെ. അങ്ങയുടെ ഉപദേശം സ്വന്തം പാർട്ടിക്കാരോടു നടത്തുക. ചെറിയ കുഴിയാനകളെ വലിയ ഭൂതങ്ങളാക്കി കാണിക്കാനുള്ള ആ കഴിവു് ഇന്നും കാളവണ്ടിയുഗത്തിൽ കഴിയുന്ന സ്വന്തം പാർട്ടി അംഗങ്ങളുടെ നേരെക്കുടുക്കുക. ഈ ബിൽ പാസ്സായില്ലെങ്കിൽ സോഷ്യലിസം പാസ്സാക്കിയ കാൺഗ്രസ്സിന്നു നിലക്കക്കള്ളിയില്ലെന്നു് അവരോടു പറയുക. പരിശ്രമിപ്പിച്ചു് അംഗീകാരം നേടാൻ കഴിയുമോ എന്നു പരിശോധിക്കുക. ചിലപ്പോൾ ഫലിച്ചേക്കും. സൗമ്യമായി അവരെവശപ്പെടുത്തിയെടുക്കാമെന്നു വ്യാമോഹിക്കരുതു്. രാജ്യസ്നേഹത്തിന്റെ പേരിൽ, പുരോഗതിയുടെ പേരിൽ അല്പമെങ്കിലും ആത്മാർത്ഥത ഈ ബില്ലുകളുടെ കാര്യത്തിലുണ്ടെങ്കിൽ ഈ പ്രമേയം പിൻവലിക്കണമെന്നു് ഞാൻ മന്ത്രിസഭയോടഭ്യർത്ഥിക്കുന്നു.

Shri Panampilli Govinda Menon : Sir, I want to make a statement.

ഈ മോഷൻ ഇവിടെ അവതരിപ്പിച്ചതു ഈ നിയമസഭയിൽ ഈ ബിൽ പാസ്സാക്കാൻ സാധിക്കുകയില്ലെന്നുള്ള ആത്മാർത്ഥമായ ബോധം കൊണ്ടാണ്. പക്ഷെ, തിരുവനന്തപുരം മെമ്പർ ശ്രീ. ബാലകൃഷ്ണൻ വളരെ അപ്രസക്തങ്ങളായ പല കാര്യങ്ങളും ഇവിടെ പറയുകയുണ്ടായി. എന്റെ രക്ഷാകർത്തൃത്വത്തെപ്പററിയും മററും അദ്ദേഹം പറയുകയുണ്ടായി. അതിനുള്ള സന്ദർഭമായിരുന്നോ ഇതു് എന്നു എനിക്കു സംശയമുണ്ട്. അതിന്നു മറുപടി പറയണമെന്നും ഞാൻ വിചാരിക്കുന്നില്ല. എന്നാൽ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഒരു ഭൂരിപക്ഷബലം ഉപയോഗിച്ചു ഒരു കാര്യം ചെയ്യണമെന്നുദ്ദേശമില്ലാത്തതുകൊണ്ടും, ഈ നിയമസഭയിൽതന്നെ ഇതു പാസ്സാക്കാൻ സാധിക്കുമെങ്കിൽ അതിനു ഗവൺമെന്റു തടസ്സമായിരിക്കരുതെന്നു കരുതിയും ഞാൻ പ്രമേയം പിൻവലിക്കുകയാണ്.

Shri A. Thanu Pillai: Does the mover of the motion withdraw it?

Shri Panampilli Govinda Menon: Yes. He agrees.

The motion, by leave of the House, was withdrawn.

Shri Panampilli Govinda Menon: Sir, the next motion, *viz.*, for the extension of time for making the report of the Select Committee on the Restriction on Possession and Ownership of Land Bill, is not being moved now. We shall try to do as much as possible within the time available during the session.

THE TRAVANCORE-COCHIN APPROPRIATION (VOTE ON ACCOUNT) BILL, 1955.

Chief Minister **(Shri Panampilli Govinda Menon):** Now, I move the next item on the agenda which stands against my name. I introduce the Travancore-Cochin Appropriation (Vote on Account) Bill, 1955.

Shri A. J. John: I second it.

Mr. Deputy Speaker: The Bill stands introduced.

Shri Panampilli Govinda Menon: I move that the Travancore-Cochin Appropriation (Vote on Account) Bill, 1955, be taken into consideration at once.

Shri A. J. John: I second it.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ബിൽ, ഇന്നലെ ഈ സഭയിൽ ദീർഘമായ വാദപ്രതിവാദത്തിനുശേഷം പാസാക്കിയ വോട്ട് ഓൺ അക്കൗണ്ട്സിനു സ്റ്റാറ്റ്യൂട്ടറി പൊസിഷൻ കൊടുക്കുന്നതിനുവേണ്ടിയാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വരുന്ന മാസത്തേക്കു ആവശ്യമുള്ള സംഖ്യയാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതു ഇന്നലെ വോട്ടു ചെയ്തു തന്നു. അതൊരു ബിൽഫാറത്തിൽ കൊണ്ടുവരണമെന്നു ഭരണഘടന അനുശാസിക്കുന്നതിനാൽ കൊണ്ടുവന്നിരിക്കുകയാണ്. ഇതിനെ സംബന്ധിച്ച് വാദപ്രതിവാദത്തിനു വകയുണ്ടെന്നു തോന്നുന്നില്ല. ഈ ബിൽ ഉടൻ പാസാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇതിനെപ്പറ്റിയുള്ള വാദപ്രതിവാദങ്ങൾ കൂടാതെ കഴിക്കാമെങ്കിൽ ഇനി വരാൻ പോകുന്ന ഭൂനയബില്ലുകൾ ഇന്നുതന്നെ സെലക്റ്റ് കമ്മിറ്റിക്കയക്കാൻ സാധിക്കും.

Mr. Deputy Speaker: I want to know the sense of the House as to how much time we can allot for discussion.

Shri K. C. George: Sir, we have got to speak on this motion.

Shri T. V. Thomas: Sir, we are opposing the Bill.

Mr. Deputy Speaker: Let us have one hour's discussion on this Bill.

Shri Panampilli Govinda Menon: Does the Leader of the Opposition think that one hour's discussion is necessary for this? I am only making a suggestion.

ഇന്നത്തെ കാര്യപരിപാടിയിൽ കുടിയിറക്കു നിരോധനബില്ല്, ദേഹണ്ഡവില ബില്ല് ഇവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ രണ്ടു ബില്ലുകളും ഇന്നുതന്നെ വാദപ്രതിവാദം ചെയ്തു സെലക്ട്കമ്മിററിക്കയക്കുകയാണെങ്കിൽ ഈ നിയമസഭ കഴിയുന്നതിനുമുമ്പുതന്നെ ഇതു നിയമമാക്കിയെടുക്കുവാൻ സാധിക്കും. ഇന്നലെ ഇതിനെപ്പററി നാലു മണിക്കൂർ വാദപ്രതിവാദം ചെയ്തതാണ്. അതുകൊണ്ടു ഞാൻ പറയുന്നതു് ഈ കുടിയിറക്കു നിരോധനബിൽ, ദേഹണ്ഡവില നിശ്ചയിക്കുന്ന ബിൽ, ഇതെല്ലാം പാസ്സാക്കണമെന്നുള്ള ഉൽക്കണ്ഠയുടെ വെളിച്ചത്തിൽ ഇതു വളരെയധികം വാദപ്രതിവാദം കൂടാതെ വോട്ടുചെയ്യാൻ സാധിക്കും എന്നാണ്.

ശ്രീ. ടി. വി. തോമസ്: ഇതിനെ സംബന്ധിച്ചു വാദപ്രതിവാദവേളയിൽ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾക്കു ഇപ്പോഴത്തെ ബഡ്ജററുകൊണ്ടു പരിഹാരം കാണാൻ സാദ്ധ്യമല്ലെന്നുള്ള അടിസ്ഥാനത്തിൽ ഇതിനെ സംബന്ധിച്ച് മന്ത്രിസഭ കൈക്കൊണ്ടിരിക്കുന്ന മനോഭാവത്തെക്കുറിച്ചു ഞങ്ങൾക്കു ആക്ഷേപമുണ്ടു്. ആ ആക്ഷേപം പ്രകടമാക്കുന്നതിനുള്ള അവസരം ഉപേക്ഷിക്കുവാൻ ഞങ്ങൾ തയ്യാറില്ല. അതുകൊണ്ടു ഞാൻ ഇതിനെ എതിർത്തു സംസാരിക്കുന്നതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഞാൻ പറഞ്ഞതു് ഇതു ദീർഘമായ വാദപ്രതിവാദം കഴിഞ്ഞതാകകൊണ്ടു അധികനേരം ഇതിനായി വിനിയോഗിക്കാതിരിക്കുകയാണെങ്കിൽ നമുക്കു പ്രധാനപ്പെട്ട മററു ബില്ലുകളിലേക്കു കടക്കാൻ സാധിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ ഇതിനു എത്ര മണിക്കൂർ വേണം?

ശ്രീ. ടി. വി. തോമസ്: സർ, ഇന്നലെ വാദപ്രതിവാദം നടന്ന കാര്യത്തെപ്പററി ഇന്നു ഞങ്ങൾ എതിർക്കുന്നതിന്റെ കാരണങ്ങൾ പറയുന്നതിനുമുൻപുതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ഭീഷണി പുറപ്പെടുവിക്കുന്നു, അതായതു് ഈ ബില്ലിനെ സംബന്ധിച്ചു വാദപ്രതിവാദം ചെയ്യുകയാണെങ്കിൽ കുടിയിറക്കുനിരോധനബില്ലും ദേഹണ്ഡവില ബില്ലും ഈ നിയമസഭയിൽ പാസ്സാക്കുവാൻ ഒക്കുകയില്ലെന്ന ഒരു ഭീഷണി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഭീഷണിയല്ല അതു്. മററു രണ്ടു ബില്ലുകളും ഈ സെഷനിൽത്തന്നെ പാസ്സാക്കണമെന്നുള്ള ഉൽക്കണ്ഠ പുറപ്പെടുവിച്ചതുകൊണ്ടു്, ആ ഉൽക്കണ്ഠയ്ക്കു വില കല്പിച്ചുകൊണ്ടു ഞാൻ മുൻപു കൊണ്ടുവന്ന പ്രമേയം പിൻവലിച്ചു. ആ ഉൽക്കണ്ഠ ഇനിയും ഉടനുകൊണ്ടുപോകാമെന്നുള്ളതുകൊണ്ടു പറഞ്ഞതാണ്, പ്രത്യേകിച്ചും ഇതിനെപ്പററി ഇന്നലെ നാലുമണിക്കൂർ വാദപ്രതിവാദം ചെയ്തതുകൊണ്ടു്.

ശ്രീ. ടി. വി. തോമസ്: സർ, ഈ വിശദീകരണം മുഖ്യമന്ത്രി ഇവിടെ ആവർത്തിച്ചാവർത്തിച്ച് പറയേണ്ട ആവശ്യമില്ല. ഇവിടെ പറഞ്ഞ കാര്യങ്ങൾ ഞങ്ങൾക്കു മനസ്സിലായില്ലെന്നുള്ള മട്ടിൽ പറയുകയുണ്ടായി. ശ്രീ. ബാലകൃഷ്ണൻ അപ്രസക്തമായ കാര്യങ്ങൾ പറഞ്ഞു എന്നും മററും അഭിപ്രായപ്പെട്ടു. പക്ഷെ ആവശ്യമനുസരിച്ചു അപ്രസക്തമായ കാര്യങ്ങൾപോലും

[ശ്രീ. ടി. വി. തോമസ്]

പറയേണ്ടിവന്നു; അതു പറയിച്ചതുമാണ്. മുഖ്യമന്ത്രി പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ നല്ലതുപോലെ മനസ്സിലാക്കി. ഈ പറഞ്ഞ രണ്ടു ബില്ലുകളും ഈ അസംബ്ലിയിൽത്തന്നെ പാസ്സാക്കണമെന്നു ഞങ്ങൾക്കാഗ്രഹമുണ്ട്. ഞങ്ങൾ പ്രകടിപ്പിച്ച ഉൽക്കണ്ഠ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. അതുകൊണ്ട് എനിക്ക ഈ സഭയേയും മുഖ്യമന്ത്രിയേയും അറിയിക്കുവാനുള്ളതു്, ഈ ബില്ലുകൾ സെലക്റ്റകമ്മിററിക്ക അയയ്ക്കുന്നതിനു സൗകര്യപ്പെടത്തക്കവിധം, ആവശ്യമുള്ള കാര്യങ്ങൾ മാത്രമേ പറയുകയുള്ളു, മുഖ്യമന്ത്രി ആ കാര്യത്തിൽ ദുഃഖിക്കേണ്ട.

Shri Panampilli Govinda Menon : Let us stop this controversy. Let us fix some time. It is for you and I to fix what time shall be taken whether one hour or half-an-hour. I would request the Chair to fix, in consultation with Mr. Thomas, a time limit?

ശ്രീ. ടി. വി. തോമസ്: ഞങ്ങളെ സംബന്ധിച്ചിടത്തോളം പതിനൊന്നു മണിക്ക നിറുത്താം.

Shri Panampilli Govinda Menon : Sir, I would suggest that all sections of the House should be called upon to speak.

ശ്രീ. ടി. വി. തോമസ്: എന്നാൽ 12 മണിക്ക മററ ബില്ലുകളെടുക്കാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പന്ത്രണ്ടുമണിവരെ ഇതിനെപ്പററിയുള്ള വാദപ്രതിവാദം തുടർന്നുപോകയാണെങ്കിൽ സെയിൽസ് ടാക്സ് ബിൽ, അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ബിൽ, അതുകഴിഞ്ഞു്, കുടിയിറക്കുനിരോധനബിൽ, ദേഹണ്ഡവില ബിൽ, ഇവ ആലോചിക്കുന്നതിനു സമയം മതിയാകുമോ എന്നു് എനിക്ക സംശയമുണ്ട്. ഒടുവിൽ പറഞ്ഞ രണ്ടു ബില്ലുകളും ഈ സെഷനിൽത്തന്നെ പാസ്സാക്കിയാൽ കൊള്ളാമെന്നുണ്ട്. അതുകൊണ്ടാണ ഞാൻ അപേക്ഷിക്കുന്നതു് അതു പതിനൊന്നു മണിയ്ക്കു നിറുത്തണമെന്നു്. ഇതു സമ്മതിക്കുകയാണെങ്കിൽ ഈ രണ്ടു ബില്ലുകളും ഇന്നു വാദപ്രതിവാദം പൂർത്തിയാക്കി സെലക്റ്റകമ്മിററിക്കയച്ചു് ഈ സഭ പിരിയുന്നതിനുമുമ്പുതന്നെ സ്റ്റാററ്യൂട്ട് ബുക്കിൽ ഇതു വരാൻ സാധിക്കും. പിന്നെ ഇഷ്ടംപോലെ.

ശ്രീ. ടി. വി. തോമസ്: കൊടുക്കുന്ന സമയം ഓരോ ആൾക്ക് എന്നു വയ്ക്കാതെ പാർട്ടിയുടെ അടിസ്ഥാനത്തിൽ കൊടുക്കേണ്ടതാണ്.

Mr. Deputy Speaker : Now the debate will conclude at 11, and each Member will not take more than 10 minutes.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ, ഈ ബില്ലിനെ എതിർക്കുകയാണ്, ഇതിനെ എതിർത്തുകൊണ്ടു സംസാരിക്കുമ്പോൾ ധനകാര്യമന്ത്രി പറഞ്ഞേയ്ക്കാം, ബഡ്ജററു ബില്ലും അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷങ്ങൾ എതിർക്കുക എന്നതു് ഒരു കൺവെൻഷൻ ആയിട്ടുണ്ടെന്നു്. അല്ലെങ്കിൽ, അതിനെ എതിർത്തു സംസാരിക്കുന്നവർ, നേരത്തെ ബഡ്ജററിന് സംസാരിക്കുവാൻ സമയം കിട്ടാതിരുന്നവർ സമയമുണ്ടാക്കുകയാണെന്നു്. ഏതായാലും ബഡ്ജററഡിസ്കഷനിലും അതുപോലെയുള്ള മററു കാര്യങ്ങളിലും

ഗവൺമെൻറിൻെറ നയം വിമർശിക്കുന്നതു്, ഇന്നു് അദ്ദേഹത്തിനു് അസുഖകരമായിട്ടുണ്ടു്.

ബഡ്ജററു് ഡിസ്കഷൻ സമയത്തു് സഖാവു് ശങ്കരനാരായണൻതമ്പി പറഞ്ഞു, ഈ ബഡ്ജററിനു് സഹകരണം തരിക അസാദ്ധ്യമാണെന്നു. ഈ ബഡ്ജററിനു് സഹകരണം തരികയില്ല എന്നു പറഞ്ഞാൽ വേണമെങ്കിൽ "പോടാ—എനിക്കു സഹകരണം ആവശ്യമില്ല എന്നു പറയാം" എന്നു ധനകാര്യമന്ത്രി പറഞ്ഞു; പക്ഷെ അദ്ദേഹം പറയുന്നില്ല; കാരണം ശ്രീമാൻ ശങ്കരനാരായണൻതമ്പിയും അദ്ദേഹത്തിൻെറ പാർട്ടിയും ഈ ബഡ്ജററു നടപ്പിലാക്കുന്നതിനു് ഒടുവിൽ സഹകരിക്കേണ്ടിവരുമെന്നു്. ധനകാര്യമന്ത്രി എന്തോ തെററിദ്ധാരണയിലാണു് ഈ വിധം സംസാരിക്കുന്നതെന്നു തോന്നുന്നു. കാരണം ഞങ്ങൾ ബഡ്ജററിനെ എതിർക്കുന്നു എന്നു പറയുന്നതിൻെറ അർത്ഥം ബഡ്ജററു് രൂപീകരണത്തിൽ ഗവൺമെൻറു് അവലംബിച്ചിട്ടുള്ള നയം എതിർക്കുകയെന്നതാണു്. ഒരു ആസ്പത്രി പണിയുന്നതിനോ, ഒരു റോഡുവെട്ടുന്നതിനോ, അല്ലെങ്കിൽ ഒരു സ്കൂൾ പണിയുന്നതിനോ, എതിരാണെന്നു വിചാരിക്കരുതു്, അതിനെ അനുകൂലിച്ചു എന്നു വരാം. അത്തരം കാര്യങ്ങൾക്കു് ഡെപ്യൂട്ടേഷൻ നടത്തി എന്നിരിക്കാം. എന്നാൽ ബഡ്ജററിനെ അനുകൂലിച്ചു എന്നു പറയുവാൻ സാദ്ധ്യമാകയില്ല. അപ്പോൾ ബഡ്ജററിനെ എതിർത്തു എന്നു പറയുമ്പോൾ അതിൻെറ നയത്തെ എതിർത്തു എന്നോ അല്ലെങ്കിൽ ആ നയം നടപ്പിലാക്കുന്ന പ്രായോഗികമാർഗ്ഗത്തോടു എതിർത്തു എന്നോ അർത്ഥമാക്കാവുന്നതാണു്.

ഈ ബഡ്ജററിൽ അന്തർഭവിച്ചിരിക്കുന്ന നയമെന്താണു്? ബഡ്ജററു പ്രസംഗത്തിൽ ധനകാര്യമന്ത്രി, അദ്ദേഹം മറെറല്ലാ സ്ഥലങ്ങളിലും പറയാറുള്ള സോഷ്യലിസം പറഞ്ഞില്ല. പക്ഷെ, ബഡ്ജററു് മറുപടി പ്രസംഗത്തിലും, അതുപോലെ നിയമസഭാ സമാജികന്മാർക്കു് അദ്ദേഹം അയച്ച എഴുത്തിലും, കാൺഗ്രസ്സു് ഗവൺമെൻറു് ഈ നാട്ടിൽ സോഷ്യലിസം നടപ്പിലാക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുകയാണെന്നു പറഞ്ഞു. ഈ സോഷ്യലിസം, ഈ നാട്ടിലെ കാൺഗ്രസ്സുകാർ ആവഡിയിൽ ഉറക്കെച്ചിന്തിച്ചതിൻെറ ഫലമായിട്ടാണെന്നും അദ്ദേഹം പറഞ്ഞു. സർ, ഞങ്ങൾക്കു് അന്നുതന്നെ, ആ സോഷ്യലിസപ്രമേയം പുറത്തുവന്നപ്പോഴെ, ആ സോഷ്യലിസം പുതിയ കുപ്പിയിലെ പഴയ വീഞ്ഞാണെന്നറിയാമായിരുന്നു. എന്താണെന്നു വച്ചാൽ ആവഡിയിൽ സമ്മേളിച്ചതു്, ഈ നാട്ടിലെ ടാററായുടെയും, ബർള്ളായുടെയും, കണ്ണൻദേവൻ കമ്പനിയുടെയും, പ്രതിനിധികളായിരുന്നു. അവർ ഉണ്ടാക്കുന്ന സോഷ്യലിസം ബോഗസ്സു് സോഷ്യലിസം ആയിരിക്കുമെന്നും, അതു് യഥാർത്ഥസോഷ്യലിസത്തെ എതിർക്കുന്നതിനു കണ്ടുപിടിച്ച ഉപകരണമായിരുന്നു എന്നും ഞങ്ങൾ നേരത്തെ പറഞ്ഞു. പക്ഷെ ഈ നാട്ടിലെ ജനങ്ങൾ, സോഷ്യലിസം വന്നു കാണുവാൻ ആഗ്രഹിക്കുന്നവർ, ഈ ബഡ്ജററു് മററു സംസ്ഥാനത്തിലേയും ഇൻഡ്യൻ യൂണിയനിലേയും, ബഡ്ജററു് വരാൻ കാത്തിരുന്നതുപോലെ ഉൽക്കണ്ഠാകുലരായി കാത്തു. മറെറല്ലായിടത്തും ജനങ്ങൾ നിരാശപ്പെട്ടതുപോലെതന്നെ ഇവിടെയും ഈ ബഡ്ജററിൽ സോഷ്യലിസം ഇല്ല എന്നു മാത്രമല്ല, സോഷ്യലിസം വരാതിരിക്കുവാനുള്ള എല്ലാ അടവുകളും ഉപയോഗിക്കുകകൂടി ചെയ്തിട്ടുണ്ടു്. ഈ സംസ്ഥാനത്തു്, അവതരിപ്പിച്ചിട്ടുള്ള മററു ബഡ്ജററുകളുടെ തുടർച്ചയായിമാത്രം കണക്കാക്കാവുന്ന ബഡ്ജററു് ആണു്. മററു സംസ്ഥാനത്തിലേയും കേന്ദ്രത്തിലേയും

[ശ്രീ. കെ. ആർ. ഗൌരി]

ബഡ്ജറ്റുപോലെ വലിയ കമ്മിയുള്ള ബഡ്ജററ് ആയി മാത്രം അവതരിപ്പിച്ചിരിക്കുകയാണ്.

ബഡ്ജററ് പ്രസംഗം ആരംഭിക്കുന്നത് ഈ നാട്ടിലെ സാമ്പത്തികസ്ഥിതിയെ വിവരിച്ചുകൊണ്ടാണ്. സർ, അത് ഒരു നല്ല വഴക്കമായി ഞാൻ അംഗീകരിക്കുന്നു. പക്ഷെ സാമ്പത്തികസ്ഥിതി വിവരിക്കുന്നത് ഒരിക്കലും ഒൺസൈഡഡ് ആകരുത്. സർ, എന്താണ് ഇന്ന് നമ്മുടെ നാട്ടിലെ സ്ഥിതി. കാംഗ്രസ്സ് ബഞ്ചിൽനിന്നുപോലും ആക്ഷേപം ഉണ്ടായി കൃഷിക്കാരുടെ കാര്യം ആരും പറയുന്നില്ലെന്ന്. നമ്മുടെ നാട്ടിലെ 80 ശതമാനം വരുന്ന കൃഷിക്കാരുടെ സ്ഥിതിയെന്താണ്? നാടുവാഴിത്തവും, ജന്മിത്വവും, നിലനിൽക്കുന്നതുകൊണ്ട് ഭൂമിയിൽ അദ്ധ്വാനിക്കുന്ന കൃഷിക്കാരൻ പാട്ടവും വാരവും കൊടുത്തുകഴിഞ്ഞാൽ ബാക്കി ഒന്നുംതന്നെ അവനു കിട്ടാനില്ല ഇന്നാണെങ്കിൽ കാർഷികസാധനങ്ങളുടെ വിലക്കുറവുകൂടി സംഭവിച്ചതിനാൽ കൃഷിക്കാരൻ തകർന്നിരിക്കുകയാണ്. നമ്മുടെ നാട്ടിലെ പ്രധാന കാർഷികസാധനമായ നാളികേരത്തിന്റെ വില നമ്മൾ അസംബ്ലികൂടി തുടങ്ങിയതിനുശേഷം 1000-ത്തിന് 50 രൂപാ കുറഞ്ഞിട്ടുണ്ട്. രണ്ടുകൊല്ലത്തിനുമുൻപ് 4000 രൂപയുണ്ടായിരുന്ന കുരുമുളകിന് ഇന്ന് 800, 900 എന്നീ വിലയായിട്ടുണ്ട്. കൃഷിക്കാരന്റെ തകർച്ചയെപ്പററി ബഡ്ജററുപ്രസംഗത്തിൽ അദ്ദേഹം മിണ്ടിയിട്ടേയില്ല. സർ, ഈ കൂട്ടത്തിൽ ഒരു കാര്യം നിയമസഭയേയും, ധനകാര്യമന്ത്രിയേയും അനുസ്മരിപ്പിക്കുകയാണ്. 2 കൊല്ലത്തിനുമുൻപ് ധനകാര്യമന്ത്രിയും, ഞാനും, ഒരേ പ്ലാററുഫാറത്തിൽ സംസാരിക്കുവാനിടയായി. ഒരു സ്കൂളിന്റെ വാർഷികമായിരുന്നു. രക്ഷകർത്താക്കൾ വന്നു കയറിനും, നാളികേരത്തിനും വില കുറഞ്ഞതിനാൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് വിവരിക്കുകയുണ്ടായി. അന്നദ്ദേഹത്തിന്റെ മറുപടി ഇൻഡ്യാഗവണ്മെൻറ് ബർമ്മായ്ക്കും, ടാററായ്ക്കും, ലിവർ ബ്രദേഴ്സിനും വേണ്ടി താരിപ്പ് കുറച്ചെന്നും അങ്ങനെ നമ്മുടെ വില കുറഞ്ഞു എന്നും, നമ്മൾ സംഘടിതമായി ശബ്ദമുയർത്തണമെന്നുമായിരുന്നു. ഇന്നു ധനകാര്യമന്ത്രി ചീഫ്മിനിസ്റ്റർ കൂടിയാണ്. ഇദ്ദേഹത്തിന്റെ ക്യാബിനററ് ഈ കാര്യത്തിൽ എന്തുചെയ്തു എന്നു പറയേണ്ടതാണ്. സർ, അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല. ടാററായ്ക്കും, ലിവർ ബ്രദേഴ്സിനും ചൂഷണം ചെയ്യുന്നതിനുള്ളവരായി കൃഷിക്കാർ നിന്നാൽ സോഷ്യലിസം ആകുമോ? അതുപോലെ സർ, നമ്മുടെ വ്യവസായങ്ങളുടെ നിലയോ? കയർ വ്യവസായം തകർന്നു; കൈത്തറി തകർന്നു; കശുഅണ്ടിയിൽ തൊഴിലില്ലായ്മ. അങ്ങനെ നമ്മുടെ വ്യവസായങ്ങൾ ഗവണ്മെൻറു നടത്തുന്നതുംകൂടെ അന്യദേശത്തെ മാർക്കററിനെ ആശ്രയിച്ചു കഴിഞ്ഞിരുന്നതുകൊണ്ട് കൃഷിക്കാരന്റെ ഋണബാദ്ധ്യതകൊണ്ടും, കടംകൊണ്ടും, കാർഷികസാധനങ്ങളുടെ വിലക്കുറവുകൊണ്ടും, ഇൻടേർണൽ മാർക്കററുമുഴുവൻ നശിച്ചിരുന്നതുകൊണ്ടും, ഇന്നു തകർന്നിരിക്കുകയാണ്. അങ്ങനെ വ്യാവസായികരംഗത്തും, കാർഷികരംഗത്തും ഉള്ള തകർച്ച നമ്മുടെ നാടിനെ സാമ്പത്തികഭദ്രതയിലല്ല, സാമ്പത്തികബുദ്ധിമുട്ടിലെത്തിച്ചിരിക്കുകയാണ്. ഇവയെപ്പററി അദ്ദേഹം ഒന്നുംതന്നെ മിണ്ടിയിട്ടില്ല.

അതുപോലെ സാമ്പത്തിക വ്യവസ്ഥിതി പറയുന്നതിൽ ധനകാര്യമന്ത്രി പറയുന്നത്, സാധനങ്ങൾ വർദ്ധിച്ചിട്ടുണ്ടെന്നു മാത്രമാണ്.

ഏത്തയ്ക്കായുടെ ഉല്പാദനവും മററും എടുത്ത കണക്കു തന്നെ ഞങ്ങൾ സംശയിക്കുകയാണ്. നാട്ടിൽ കപ്പ വിലക്കുറവുമൂലം പറിക്കാതെ കിടക്കുകയാണ്. അപ്പോൾ സോഷ്യലിസം വിഭാവന ചെയ്ത പാർട്ടി ഭരിക്കുന്ന നാടെന്ന നിലയിൽ ഈ നാട്ടിലെ യഥാർത്ഥസാമ്പത്തികസ്ഥിതി പഞ്ചവത്സരപദ്ധതിയുടെപേരിൽ മറച്ചു വച്ചിരിക്കുകയാണ്.

അതുപോലെതന്നെയാണ് തൊഴിലില്ലായ്മയും. തൊഴിലില്ലായ്മയുടെ ഒരു കണക്ക് ബഡ്ജററപ്രസംഗത്തിൽ ചേർത്തിട്ടുണ്ട്. സർ, ഈ കണക്കുതന്നെ ചോദ്യംചെയ്യുകയാണ്. ഒരു ഉള്ളൂർ ഗ്രാമത്തിലോ മററോ നടന്ന്, ഈ നാട്ടിലെ സ്ഥിതിയായി വിവരിച്ചിരിക്കുന്നതു് വിചിത്രമായിരിക്കുന്നു. തൊഴിലില്ലായ്മ ഇന്നു തീരാവ്യാധിയായിരിക്കുകയാണ്. വ്യവസായത്തകർച്ച ഒരുവശത്ത്, കാർഷികസാധനങ്ങളുടെ വിലക്കുറവ് വേറൊരുവശം, ഇങ്ങനെയായാൽ തൊഴിലാളിക്ക് എങ്ങനെ ജോലി കിട്ടാനാണ് സാർ? ഏതെങ്കിലും, കൃഷിക്കാരൻ (നെൽകൃഷി ഉപേക്ഷിച്ചു) ഇന്നു കൃത്യമായി ഭൂമിയിൽ ജോലി ചെയ്യിക്കുന്നുണ്ടോ? ഇല്ല. വമ്പിച്ച കർഷകത്തൊഴിലാളികൾ ജോലിയില്ലാതെ പട്ടണങ്ങളിലേയ്ക്കും, വ്യവസായത്തൊഴിലാളികൾ ഗ്രാമങ്ങളിലേയ്ക്കും തൊഴിലന്വേഷിച്ചു നടക്കുകയാണ്. അങ്ങനെയുള്ള ഈ നാട്ടിൽ, തൊഴിലില്ലായ്മ അല്പം കുറഞ്ഞിട്ടുണ്ട് എന്നു ധനകാര്യമന്ത്രി പറയുന്നതു് എന്തിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. ഈ തൊഴിലില്ലായ്മയ്ക്കുള്ള ശാശ്വത പരിഹാരത്തിനുള്ള മാർഗ്ഗം എന്താണ് എന്ന് ധനകാര്യമന്ത്രി പറയുന്നേയില്ല. മിസ്റ്റർ നടരാജപിള്ള കഴിഞ്ഞ ബഡ്ജററ് പ്രസംഗത്തിൽ ഇതിന് പരിഹാരം ലാൻറ് റിഫോംസ് ആണെന്നു പറഞ്ഞു. പക്ഷെ അതു നടപ്പിലാക്കുന്നതിന് എന്തോ പരാധീനത കാണിക്കുകയായിരുന്നു. സർ, എന്നാൽ ഇന്നത്തെ ധനകാര്യമന്ത്രി മൗലികമായ ഈ പ്രശ്നത്തെപ്പററി ഒന്നും തന്നെ സംസാരിച്ചിട്ടില്ല. മന്ത്രിസഭ ഒഴിഞ്ഞ പി. എസ്സ്. പി. ഈ നാട്ടിൽ ഒരു ബിൽ കൊണ്ടുവന്നു. അതെന്തു ചെയ്യുവാൻ പോകുന്നു എന്ന്, രാജപ്രമുഖനിൽക്കൂടി നയപ്രഖ്യാപനം നടത്താത്ത ഈ മന്ത്രിസഭ പറയേണ്ടിയിരുന്നു. രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വ്യവസായവൽക്കരണത്തിന് പ്രാധാന്യം കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് സോഷ്യലിസം നടപ്പിലാക്കുവാൻ പോകുന്നു എന്നു ഞങ്ങൾ ധരിക്കണമെന്നാണ് പറയുന്നതു്. സർ ഞങ്ങളുടെ സോഷ്യലിസത്തെപ്പററിയുള്ള ധാരണ നിങ്ങളുടേതിൽനിന്ന് വിഭിന്നമാണ്. വ്യവസായം മുഴുവൻ സ്റ്റേററ് ഉടമയിലും, ഭരണാധികാരിവർഗ്ഗം തൊഴിലാളിവർഗ്ഗവും ആകുന്ന വ്യവസ്ഥിതിക്കാണ് സോഷ്യലിസം എന്നു ഞങ്ങൾ പറയുന്നതു്. സോഷ്യലിസത്തിൽ പ്രൈവററ്സെക്ടറിനു സ്ഥാനമേ ഇല്ല. പക്ഷെ ഇങ്ങനെ പറയുന്നതിന്റെ അർത്ഥം ഇൻഡ്യയിൽ ഉടൻ സോഷ്യലിസം നടപ്പിലാക്കണമെന്നു് കമ്മ്യൂണിസ്ററുപാർട്ടി ആവശ്യപ്പെടുന്നു എന്നു വിചാരിക്കരുതു്. നമ്മുടെ നാട്ടിലെ സമ്പത്തികപിന്നോക്കനില വച്ചുകൊണ്ട് ഇവിടെ ഇനിയും പ്രൈവററ് സെക്ടറിനും സ്ഥാനമുണ്ട്; ആവശ്യവുമാണ്. പക്ഷെ ഒരു പുതിയ സാമൂഹ്യനീതിയെ വിഭാവന ചെയ്യുന്ന നയം തീർച്ചയായും, തൊഴിലാളി പക്ഷക്കാരായിരിക്കണം, അല്ലെങ്കിൽ തന്നെ തൊഴിലാളിയോടു നീതിയെങ്കിലും കാണിക്കേണ്ടതാണ്. ഇന്നുള്ള വ്യവസായങ്ങളിലും, പുതിയതായി തുടങ്ങുന്ന വ്യവസായത്തിലും, തൊഴിലാളിയുടെ താല്പര്യം സംരക്ഷിക്കുന്നതിനുള്ള സകല വ്യവസ്ഥയും അംഗീകരിക്കേണ്ടതാണ്.

[ശ്രീമതി കെ. ആർ. ഗൗരി]

ആ വ്യവസ്ഥകൾ അംഗീകരിക്കാത്ത മുതലാളിക്ക് നമ്മുടെ നാട്ടിൽ സ്ഥാനമില്ലാതാക്കണം. സർ ഗവണ്മെന്റ് നിർബന്ധമായി ഈ നയമെടുത്താൽ തീർച്ചയായും മുതലാളി അംഗീകരിക്കും. മുതലാളിക്ക് ന്യായമായ ലാഭം കിട്ടത്തക്ക വിധത്തിൽ സാധനങ്ങൾക്ക് നമ്മുടെ നാട്ടിൽ മാർക്കററ് ഉണ്ടാക്കുകയും വേണം.

സർ, എന്നാലിന്ന് ഇതു നടക്കുന്നുണ്ടോ? ഇല്ല; എന്നുമാത്രമല്ല ഗവണ്മെന്റ നിയമങ്ങൾപോലും ലംഘിക്കുന്നതിന് മുതലാളികൾ കരുതിക്കൂട്ടി പ്രവർത്തിക്കുന്നുണ്ട്. പ്രസവാനുകൂല്യങ്ങൾ നഷ്ടപ്പെടുത്താൻ മുതലാളിമാർ സ്ത്രീകളുടെ ജോലിദിവസം മനഃപൂർവ്വം നഷ്ടപ്പെടുത്തുന്നുണ്ട്. സ്ത്രീകൾ ധാരാളമായി ജോലിചെയ്യുന്ന തോട്ടത്തിലും, മററു വ്യവസായങ്ങളിലും, ഇതു് ഇന്നു് ഒരു നിത്യസംഭവമായിത്തീർന്നിരിക്കുകയാണു്. അവരെ പിരിച്ചുവിടുന്നുണ്ട്. ഇന്നു് ഇൻഡ്യയിൽ സമരം ചെയ്യുന്ന തൊഴിലാളികൾ ഭൂരിഭാഗവും പുതിയ തൊഴിൽസൗകര്യങ്ങൾക്കല്ല, അവക്ക് അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ നിലനിത്തുന്നതിന് പണിമുടക്കിൽവരെ ഏർപ്പെടേണ്ടിവരുന്നു. തൊഴിലാളികൾക്കു തൊഴിൽസ്ഥിരത അനുവദിച്ചിട്ടും കിട്ടുന്നില്ല എന്നതു പരമാർത്ഥമാണ് കാൺഗ്രസ്സ് സർക്കാർ ഇതിനെല്ലാം കൂട്ടുനിൽക്കുകയാണ്. ഒരു സന്തോഷകരമായ കാര്യം കഴിഞ്ഞ അസംബ്ലിയിൽ ശ്രീ. കരുണാകരൻ പറയുകയുണ്ടായി. തൊഴിലാളി സംഘടനകൾ ഉള്ളിടത്തു് കരിങ്കാലി സംഘടനകളുണ്ടാക്കാൻ ഐ. എൻ. ടി. യു. സി. ഇനി ശ്രമിക്കയില്ലെന്നു്. പക്ഷെ പറച്ചിലും പ്രവൃത്തിയും വ്യത്യസ്തമാണ്. ഉദാഹരണമായി ചേർത്തല കയർഫാക്ടററി തൊഴിലാളികളുടെ ഇടയിൽ ഒരു സംഘടനയേ ഉണ്ടായിരുന്നുള്ളു. 17000 വരെ തൊഴിലാളികൾ ജോലിചെയ്തുകൊണ്ടിരുന്ന ഈ വ്യവസായത്തിൽ ഇന്നു് നാലായിരം പേർക്കുപോലും ജോലിയില്ലാതിരിക്കെ ഐ. എൻ. ടി. യു. സി. ഉണ്ടാക്കാൻ ആ തൊഴിലാളികളെ പിരിച്ചുവിട്ട് മുതലാളികൾതന്നെ നാലണ സംഭാവനകൊടുത്തു ഐ. എൻ. ടി. യു. സി. ഉണ്ടാക്കാൻ ശ്രമം നടക്കുന്നുണ്ട്. അങ്ങനെ സോഷ്യലിസം പറയുന്ന സർക്കാർ തൊഴിലാളിയുടെ കൂട്ടായ വിലപേശലിനുള്ള സംഘടന ശിഥിലീകരിക്കുകയാണ്. മുതലാളികളുടെ ഇടയിൽ തൊഴിലാളികൾക്ക് കിട്ടേണ്ട യാതൊരു പ്രൊട്ടക്ഷനും ഇവിടെ വ്യക്തമാക്കിയിട്ടില്ല.

ഇതിന്റെകൂടെ പോലീസിന്റെ പെരുമാററവും നോക്കേണ്ടതാണ്. പോലീസിന്റെ കാര്യം പറയുമ്പോൾ മുമ്പ് താണുപിള്ള സാർ കാണിക്കുന്നതുപോലെ ഒരു അസഹിഷ്ണുതയാണ് ഇന്നത്തെ മന്ത്രിയും കാണിക്കുന്നതു്. കഴിഞ്ഞതവണ ഞാൻ താണുപിള്ള സാർ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചു. ഈ നിയമസഭയിൽ പോലീസിനെക്കുറിച്ച് ഇത്രത്തോളം പരാതി വന്നിരിക്കുന്ന സ്ഥിതിക്ക് പോലീസിന്റെ കൊള്ളരുതായ്മയെപ്പററിയുള്ള അന്വേഷണത്തിന് ഒരു മാററം വരുത്താൻ തയ്യാറാകുമോ എന്നു് താണുപിള്ള സാറിനു് ആ ചോദ്യം കേട്ടപ്പോൾ ശുണ്ഠിയെടുത്തു; ഒരു സ്ത്രീയാണ് ചോദിക്കുന്നതെന്ന വിചാരംപോലും ഉണ്ടായില്ല. അദ്ദേഹം ക്ഷോഭിച്ചു മറുപടി പറഞ്ഞു. ഈ സർക്കാരും ആ നിലയാണ് എടുത്തുകാണുന്നതു്. മർദ്ദനത്തെപ്പററി ചീഫ് മന്ത്രിയോടു ചോദിക്കുമ്പോൾ മർദ്ദനം നടന്നിട്ടില്ലെന്നാണ് പറയുന്നത്

കിൽ പോലീസിന്റെ കാര്യത്തിൽ യാതൊരു നയവ്യത്യാസവും വന്നതായി കണക്കാക്കാവുന്നതല്ല. ഗവണ്മെന്റ് കരുതിക്കൂട്ടി പോലീസിനെക്കൊണ്ട് അടിപ്പിക്കുന്നുണ്ട്. ഉദാഹരണമായി ചേർത്തല കുത്തിയതോട്ടിൽ ഒരു സംഭവം നടന്നു. ജനയുഗം ഫണ്ട് പിരിവിനുള്ള ഒരു കലാപരിപാടിയാണ് അവിടെ നടന്നത്. ആ പരിപാടിയിൽ ഗാന്ധിയിസ്റ്റായ കലാകാരൻ കമ്മ്യൂണിസ്റ്റ് അനുഭാവിയായി മാറുന്നതാണ് രംഗം. കലാകാരന്റെ ജ്യേഷ്ഠന്റെ മകനെ, അഹിംസാപ്രവാചകനായി ഗാന്ധിജിയുടെ പടത്തിനു മുൻപിലിട്ട്, കാൺഗ്രസ്സ് പ്രമാണികളുടെ പ്രേരണയിൽ, തൊഴിലാളി സമരം നടത്തിയതിന് പോലീസുകാർ അടിച്ചുകൊല്ലുന്നു. ചെങ്കൊടി പിടിച്ച കൈകളോടുകൂടിയ ശവശരീരം കണ്ട് കലാകാരൻ ഗാന്ധിജിയുടെ പടം ഇരുന്ന സ്ഥലത്ത്, അതു മാററി ചെങ്കൊടി വയ്ക്കുന്നു. അതുകഴിഞ്ഞ് രണ്ടുമൂന്നു ദിവസം ഒന്നുമില്ലായിരുന്നു. അതു കഴിഞ്ഞപ്പോൾ കാൺഗ്രസ്സ് പ്രതിഷേധ മീററിംഗുകളും പ്രചരണവുമെല്ലാം തുടങ്ങി. ഗാന്ധിജിയെ അവഹേളിച്ചെന്ന് അവിടെയുള്ള ഒരു കാൺഗ്രസ്സ് മേധാവിയുടെ അദ്ധ്യക്ഷതയിൽ പോലീസ് ഉദ്യോഗസ്ഥന്മാരുടെ കാൺഫറൻസ് നടന്നു. അതിനുശേഷം കേസെടുത്തിരിക്കുകയാണ്. കേസെടുത്തശേഷം അറസ്റ്റുചെയ്ത സഖാക്കളെ ജാമ്യത്തിനെന്നു പറഞ്ഞ് കുത്തിയതോട്ടിൽ നിന്ന് ചേർത്തല പോലീസ് സ്റ്റേഷനിൽ കൊണ്ടുചെന്നു. അടിക്കുന്നതിനുവേണ്ടി ആദ്യദിവസം ജാമ്യം കൊടുക്കാതെയിട്ട് അടിച്ച് വാരിയെല്ല് ഒടിച്ചുവിട്ടിരിക്കുകയാണ്. കഴിഞ്ഞ പതിനാലാം തീയതി അധികാരത്തിൽ പ്രവേശിച്ചതിനുശേഷം ഞാൻപറഞ്ഞ മാതിരിയുള്ള സംഭവങ്ങൾ നടക്കാത്ത ഒരൊററ പോലീസ് സ്റ്റേഷൻ പോലും തിരുവിതാംകൂർ-കൊച്ചിയിൽ കാണുകയില്ല. ഇതിൽ ഒരു നയവ്യത്യാസവുമുണ്ടായിട്ടില്ല. കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം യാതൊരു നയവ്യത്യാസവുമില്ല. മുമ്പുണ്ടായിരുന്നതു തുടർന്നുവരുകയാണ്. പോലീസുകാരുടെ കൊള്ളരുതായ്മകൾ എല്ലാം മറച്ചുവയ്ക്കുകയും അതിനു പ്രേരണ നൽകുകയുമാണ് ചെയ്യുന്നത്. കുട്ടനാട്ടിലെ സംഭവങ്ങളിലെ പ്രതികളെ അടിക്കുന്നതിന് ശ്രീ. ഏ. ജെ. ജാൺ ഫോൺമൂലം സമ്പർക്കം പുലർത്തിക്കൊണ്ടിരുന്നു എന്നുപോലും പറയുന്നുണ്ട്. അതു നേരാണോ നുണയാണോ എന്ന് ശ്രീ. ജാൺ പറയേണ്ടതാണ്. സാമ്പത്തികത്തകർച്ചയ്ക്കെതിരായും, ഭൂമിക്കും, ഭക്ഷണത്തിനും, തൊഴിലിനും, തൊഴിൽസ്ഥിരതയ്ക്കും വേണ്ടിയുള്ള സമരങ്ങളെ അടിച്ചമർത്തുന്നതിനുവേണ്ടി പഴയകാലത്തെപ്പോലെ ഇന്നും കാൺഗ്രസ്സ് പോലീസിനെ ഉപയോഗിക്കുകയാണ് ചെയ്യുന്നത്. മർദ്ദനംകൊണ്ട് അടിച്ചമർത്താൻ സാധിക്കുകയില്ലെന്നു പറയുന്നതു കളവാണെന്നും, അടിച്ചമർത്താൻ സാധിക്കുമെന്നും പറഞ്ഞുകൊണ്ട് സ്പെയിനിലെയും ഹിററ്ലറുടെ കാലത്തെ ജർമ്മനിയിലെയും ചരിത്രം എടുത്ത് കാൺഗ്രസ്സുകാർതന്നെ പ്ലാററ്ഫോം പ്രസംഗംപോലും തുടങ്ങിയിട്ടുണ്ട്. പഴയതിനെക്കാൾ കൂടുതലായി ഇപ്പോൾ പോലീസിനെ ഉപയോഗിക്കുന്നുണ്ട്.

ബഡ്ജററിൽ പഞ്ചവത്സരപദ്ധതി പൂർത്തീകരണമെന്നുള്ള പ്ലാനിംഗ് ഉൾപ്പെടുത്തിയിട്ടുണ്ടെന്നു പറയുന്നു. എന്താണ് ഈ പ്ലാനിംഗ്? അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കാണിച്ചിട്ടുണ്ട്, എന്നാൽ ഈ സാധനങ്ങൾ ഈ നാട്ടിലെ ജനങ്ങൾ എത്രമാത്രം കൂടുതൽ വാങ്ങിയിട്ടുണ്ട്? ജനങ്ങളുടെ ക്രയശക്തി എത്രമാത്രം വർദ്ധിച്ചിട്ടുണ്ട്? ഇതിന്റെ ഒരു കണക്ക്

[ശ്രീമതി കെ. ആർ. ഗൗരി]

തരേണ്ടതല്ലേയെന്നാണ് ഞാൻ ചോദിക്കുന്നത്. ജനങ്ങൾ അത്യാവശ്യ സാധനങ്ങൾ കൂടുതൽ വാങ്ങിയിട്ടുള്ളത് എത്രയെന്ന് ഒരു കണക്ക് തരാൻ പാടില്ലായിരുന്നോ? സാധനം വർദ്ധിപ്പിച്ചതിന്റെ കഥ അമേരിക്കയിൽ പറയുന്നുണ്ട്. അവിടെ സോഷ്യലിസമാണെന്ന് അവർ പറയുന്നില്ല. മുതലാളിത്വത്തിലേക്ക് പോകുകയാണ്. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ, അത്യാവശ്യസാധനങ്ങൾ കൂടുതൽ ഉത്പാദിപ്പിച്ചാൽ പോരാ. സാധാരണ ജനങ്ങൾക്ക് അത് കൂടുതൽ വാങ്ങാനും ഉപയോഗിക്കാനുമുള്ള സൗകര്യങ്ങൾ കൂടി ഉണ്ടാകണം. സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം.

(Shri K. M. Chandy, Chairman in the Chair)

സ്ത്രീകളോടുള്ള മനോഭാവം മാററണമെന്ന് വളരെ നിർബന്ധമായി ഞാൻ പറയുന്നു. പെട്ടെന്ന് ഒരു പരിവർത്തനം ഉണ്ടാകുമെന്ന് വിശ്വസിച്ചല്ല ഞാൻ ഇതു പറയുന്നത്. രണ്ടായിരം സംവത്സരക്കാലത്തോളമായ ഈ സാമൂഹ്യവ്യവസ്ഥിതി പെട്ടെന്നു മാറാൻ പ്രയാസമാണ്. സ്ത്രീകൾ വീട്ടിലിരിക്കേണ്ട ആളുകളാണ്, പുറത്തുള്ള കാര്യങ്ങളുമായി അവർക്ക് യാതൊരു ബന്ധവുമില്ല എന്നൊരു ധാരണ നമ്മുടെ നാട്ടിലുണ്ടായിരുന്നു. കോൺഗ്രസ്സിലെ പ്രമുഖന്മാർതന്നെ പണ്ടു പറഞ്ഞുകേട്ടിട്ടുണ്ട്, സ്ത്രീകൾക്ക് അടുക്കളയിലാണ് സ്ഥാനമെന്ന്. എന്നാൽ ഉത്തരവാദിത്വമുള്ള ആളെന്ന നിലയിൽ മുഖ്യമന്ത്രി കരുതി സംസാരിക്കണമെന്ന് എനിക്ക് അഭിപ്രായമുണ്ട്. ഒരു സ്ത്രീ ആയതിനാൽ ഇരുത്താൻ സാധിക്കുമെന്ന് വിചാരിച്ച് ചീത്തപറയുന്നത് നിർത്തണം. എന്തെങ്കിലും പറഞ്ഞുകഴിഞ്ഞാൽ പിന്നെ അങ്ങോട്ടു പറയാൻ സാധിക്കാത്ത വിധത്തിൽ ദ്വയാർത്ഥത്തിൽ പ്രസംഗിക്കുന്നതു അദ്ദേഹത്തിന് ഭൂഷണമല്ല. അതു ശരിയുമല്ല. താൽക്കാലികമായി ജയിക്കാനാണെങ്കിലും അതു ശരിയല്ല. നമ്മളെല്ലാം ആർഷസംസ്കാരത്തെ ഉയർത്തിക്കാണിക്കുന്നവരാണ്. ബോലോ ഭാരതമാതാ എന്നാണ് വിളിക്കുന്നത്. ഈ വിളിക്കുന്ന ആളുകൾ അടുത്താൽ ഭാരതമാതാ ഓടുന്നതു ഞങ്ങൾ കണ്ടിട്ടുണ്ട്.

Chairman : You have already exceeded your time.

Shri T. V. Thomas : Our party's time may be given to her. We will adjust among ourselves.

Chairman : There are only 80 minutes, of which your party can have 40 minutes. Twenty minutes have already been taken. Now there are only another 20 minutes.

ശ്രീമതി കെ. ആർ. ഗൗരി: സർ, എങ്ങനെയായാലും സ്ത്രീകളോടുള്ള ഇപ്പോഴത്തെ പെരുമാററരീതി മാററണം. ഇവിടെയുള്ള പുരുഷന്മാരോടൊപ്പംതന്നെ സ്ത്രീകളും മുന്നോട്ടുപോകണം എന്നുള്ള ചിന്തയോടുകൂടി പെരുമാറണം. രണ്ടു വിഭാഗത്തുള്ളവർക്കും ഒന്നുപോലെ ആ അവകാശം ലഭിക്കണം. ഈ നാട്ടിലെ സ്ത്രീകളുടെ മുഴുവൻ കഴിവും നിങ്ങൾ വിഭാവന ചെയ്യുന്ന സോഷ്യലിസത്തിനുവേണ്ടി പോലും ഉപയോഗിക്കണമെങ്കിൽ സ്ത്രീകൾക്കു ചില പ്രത്യേക അവകാശങ്ങൾ കൊടുക്കണം. ഇവിടെത്തന്നെ ഈയിടെ ചില മുൻസിഫന്മാരുടെ സെലക്ഷൻ നടന്നു, മജിസ്ട്രേട്ടന്മാരുടെ സെലക്ഷൻ നടന്നു. അവയിലെല്ലാംതന്നെ സ്ത്രീകളുടെ അവകാശ

ങ്ങൾക്ക് പരിഗണന നൽകിക്കണ്ടില്ല. സ്ത്രീകളേക്കൂടി മുന്നോട്ടു കൊണ്ടുവരുന്ന കാര്യത്തിൽ, ഗവണ്മെൻറ് ഒരു പ്രത്യേകനയം എടുക്കേണ്ടതാണ്. Fundamental rights ഉള്ള സമിതിയ്ക്കു് ഭരണഘടന സ്ത്രീകൾക്കുള്ള പ്രത്യേകാവകാശം കൊടുക്കുന്നതിൽ എതിരാണെന്നും പറയാൻകഴിയും. പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗം എന്നുള്ള നിലയ്ക്ക് സ്ത്രീകൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. അവരും ഈ നാട്ടിലെ പൗരന്മാരുടെ കൂട്ടത്തിൽ ഉൾപ്പെട്ടവരാണ്. മററു പൗരന്മാരോടൊപ്പംതന്നെ പ്രവർത്തിക്കാനുള്ള കഴിവ് സ്ത്രീകൾക്കും ഉണ്ടാക്കേണ്ട ചുമതല ഗവണ്മെൻറ ഏറെറടുക്കണം.

പ്രസവ അവധിയെ സംബന്ധിച്ച് പ്രത്യേകമായ ഒരു തീരുമാനം ഉണ്ടാക്കണം. നൂറു, നൂറ് അദ്ധ്യാപികമാർ കരയുന്നുണ്ട്. ഇവിടത്തെ ഇപ്പോഴത്തെ നിയമമനുസരിച്ച് പ്രസവ കാലാവധി നാലുമാസം നിർബന്ധമായി എടുക്കണം. അക്കാലം ശമ്പളം പകുതിയേ ഉള്ളുതാനും. ടെമ്പററിയോ, ആക്ററിംഗോ ആണെങ്കിൽ ശമ്പളമേ കിട്ടുകയില്ല. ഏതായാലും നാലുമാസം എടുത്തേതീരൂ എന്നു നിർബന്ധമാണ്. ചിലപ്പോൾ അവക്ക്, അവകാശമുള്ള പ്രിവിലേജ് ലീവോ, സിക്ക് ലീവോ ഉണ്ടെങ്കിൽ, ശമ്പളം ലഭിച്ചു എന്നുവരും. സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതു് പോപ്പുലേഷൻ കൂടുമെന്നുകൂടി ഓർമ്മയിൽ വച്ചുകൊണ്ടായിരിക്കാം. ഏതായാലും ഒരു അമ്മ എന്നുള്ള നിലയിൽ കരുതി സ്ത്രീകൾക്ക കിട്ടേണ്ട എല്ലാവിധ ആനുകൂല്യങ്ങളും ചെയ്തുകൊടുക്കണമെന്നാണ് എനിക്ക ഗവണ്മെൻറിനോടു അഭ്യർത്ഥിക്കുവാനുള്ളതു്. പ്രസവ കാലത്തു് മുഴുവൻ ശമ്പളവും കിട്ടേണ്ടതാണ്. പഴയ കോൺഗ്രസ്സ് ഗവണ്മെൻറിൻെറ നയത്തിൽനിന്നും യാതൊരു വ്യത്യാസവും ഈ ഗവണ്മെൻറിൻെറ നയത്തിൽ കാണുന്നില്ല. ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. സി. കെ. രാമചന്ദ്രൻനായർ: സർ, ബഡ്ജററ് പ്രസംഗത്തിൽ പരാമർശിച്ചു ചില കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കണമെന്നു
10 A. M. ഞാൻ വിചാരിക്കുന്നു. ബഡ്ജററ് ഇവിടെ ഖേദകരമായ വിമർശനങ്ങൾക്കിടയാക്കിയെന്ന് ധനകാര്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി.

എനിക്ക് അദ്ദേഹത്തിൻെറ ശ്രദ്ധയിൽപ്പെടുത്താനുള്ള പല കാര്യങ്ങളുമുണ്ട്. ഇന്ന് ഇവിടത്തെ സർവെ ഡിപ്പാർട്ട്മെൻറ് വളരെ അശ്രദ്ധയോടുകൂടിയാണ് പ്രവർത്തിക്കുന്നതു്. താലൂക്കുകച്ചേരികളിലോ, വില്ലേജ് ആഫീസുകളിലൊ ഭൂമിയുടെ സ്കെച്ചുകൾ (പ്ലാൻ) ഒന്നും തന്നെയില്ല. ആളുകൾക്ക് വളരെ ആവശ്യമായ ഒരു കാര്യമാണിതു്. എൻെറ അനുഭവംവച്ചു പറയുകയാണ്. മുൻകാലങ്ങളിൽ, അതായതു്, ദിവാൻജിമാർ ഭരിച്ചിരുന്നകാലത്തു്, ഇക്കാര്യത്തിൽ വളരെ നിഷ്കർഷയുണ്ടായിരുന്നു. ഇപ്പോൾ ജനകീയഭരണം വന്നതിനുശേഷം, ഇതിനു വളരെ വ്യത്യാസം വന്നിട്ടുണ്ടെന്നു കാണാം. ഇന്നു സർവെക്കല്ലുകളും കണ്ണാടിക്കല്ലുകളും ഭൂമിയിൽ ഉണ്ടോ എന്നുകൂടി സംശയമാണ്. റവന്യൂ റിക്കാർഡുകൾ പ്രത്യേകിച്ചും ഭൂനയബില്ലുകൾ അവതരിപ്പിക്കുന്ന ഇക്കാലത്തു് പ്രത്യേകം വളരെ ശ്രദ്ധയോടുകൂടി സൂക്ഷിക്കണം എന്നാണ് ഞാൻ ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുന്നതു്.

[ശ്രീ. സി. കെ. രാമചന്ദ്രൻനായർ]

പിന്നീട് അദ്ദേഹം ഖേദകരമായിട്ടു പറഞ്ഞതു് ഇവിടത്തെ തൊഴിലില്ലായ്മയെപ്പററിയാണു്. അതിനു കാരണം പ്രധാനമായി അദ്ദേഹം പറഞ്ഞതു് ജനസംഖ്യ വദ്ധിച്ചതുകൊണ്ടാണെന്നാണു്. എന്നാൽ ജനവദ്ധനവുകൊണ്ടല്ല തൊഴിലില്ലായ്മ കൂടുന്നതു് എന്നു് എനിക്കു് അദ്ദേഹത്തെ ധരിപ്പിക്കാനുണ്ടു്. ഏതുരാജ്യത്തു് ആഹാരം കഴിക്കാൻ നിവൃത്തിയില്ലാതെ വരുമ്പോൾ ആ രാജ്യത്തു നിശ്ചയമായും ജനസംഖ്യ വദ്ധിച്ചുകൊണ്ടുതന്നെയിരിക്കും. അതുകൊണ്ടു് ജനവദ്ധനവല്ലാ തൊഴിലില്ലായ്മയ്ക്കു കാരണമെന്നും, ആഹാരത്തിന്റെ കുറവും, ദാരിദ്ര്യവും തൊഴിലില്ലായ്മയുമാണു് ജനസംഖ്യ വദ്ധിക്കാനുള്ള കാരണമെന്നു് അദ്ദേഹത്തോടു പറഞ്ഞുകൊള്ളുന്നു. ഇന്നു് സാധനങ്ങൾക്കു് വില കുറഞ്ഞിട്ടുണ്ടു് എങ്കിലും, അതു വാങ്ങിക്കാൻ ഉള്ള ധനശേഷി സാധാരണക്കാരനു വളരെ കുറഞ്ഞിട്ടുണ്ടെന്നു കാണാം. അരിയും, കപ്പയും, മററു ആഹാരസാധനങ്ങളും ധാരാളം കിട്ടുന്നുണ്ടു് എന്നു പറയുന്നതു ശരിയാണു്. പക്ഷെ അതു വാങ്ങിക്കുവാനുള്ള കഴിവു് ആളുകൾക്കു് ഇല്ല. പഞ്ചവത്സരപദ്ധതി പ്രവത്തനം തുടങ്ങിയ നാലു കൊല്ലം കഴിഞ്ഞിട്ടും, നാട്ടിലെ ദാരിദ്ര്യം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതു് എന്നുള്ള കാര്യവും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു.

ഇന്നു നമ്മുടെ സംസ്ഥാനത്തു യാചകന്മാരുടെ സംഖ്യ ക്രമാതീതമായി വദ്ധിച്ചിരിക്കുന്നു എന്നുള്ള വിവരം സ്പെഷ്യൽ കാറുകളിൽ സഞ്ചരിക്കുന്ന മന്ത്രിമാർക്കു അറിഞ്ഞുകൂടാ. പട്ടണങ്ങളിലാണെങ്കിൽ, ഒരു ഹോട്ടലിലും കയറാൻ നിവൃത്തിയില്ല. അതിന്റെ നടയിലും, ബസ്സ് സ്റ്റാൻറുകളിലും യാചകന്മാരെക്കൊണ്ടു് നിറഞ്ഞിരിക്കുകയാണെന്നു് യാത്രക്കാക്കെല്ലാം അറിവുള്ള കാര്യമാണു്. പബ്ലിക്കുമാക്കററുകളിലാണു് ഇവരുടെ ശല്യം വളരെ കൂടുതൽ. ചന്തകളാണു് ഇവരുടെ വിഹാരരംഗങ്ങൾ. ലപ്രസി തുടങ്ങിയ സാംക്രമികരോഗങ്ങൾ പിടിപെട്ടിട്ടുള്ള ആളുകളും ഇക്കൂട്ടത്തിൽ ധാരാളമുണ്ടു്. ചെങ്ങന്നൂർ ചന്തയിലാണെങ്കിൽ, ഈ യാചകന്മാരുടെ ശല്യം വളരെയാണു്. അവിടെ ചന്തയ്ക്കുള്ളിൽത്തന്നെ ഇവർ മലമൂത്രവിസർജ്ജനംചെയ്തു് വൃത്തികേടാക്കുകയും, സാംക്രമികരോഗങ്ങൾ പരത്തുകയും ചെയ്യുന്നുണ്ടു്. അവിടെ ഒരു ലാട്രിൻകെട്ടണമെന്നു പല പ്രാവശ്യവും ആവശ്യപ്പെട്ടിട്ടും ഇതേവരെ ചെയ്തിട്ടില്ല. ബഡ്ജററിനെപ്പററി പ്രതിപാദിക്കുമ്പോൾ ഞാൻ ഇക്കാര്യം ഒന്നുകൂടി പ്രസ്താവിച്ചുകൊള്ളാം. ആഹാരപദാത്ഥങ്ങൾ വിൽക്കുന്ന സ്ഥലങ്ങളിലാണു്, ഇവരുടെ ശല്യം സാധാരണയായി കൂടുതലുള്ളതു്. യാചകന്മാരെക്കൊണ്ടു് സാധാരണക്കാരനാണു് ക്ലേശം കൂടുതൽ എന്നു മനസ്സിലാക്കണം. കാരണം സാധുക്കൾ മാത്രമെ യാചകർക്കു ധമ്മം കൊടുക്കുകയുള്ളു. അതുകൊണ്ടു് അവരെയാണു് യാചകർ എപ്പോഴും സമീപിക്കാറുള്ളതു്. യാചകന്മാരെ എന്തെങ്കിലും കേന്ദ്രങ്ങൾ ഉണ്ടാക്കി അവിടെ താമസിപ്പിക്കുകയോ അല്ലെങ്കിൽ വേറെ എന്തെങ്കിലും ഒരു മാഗ്ഗം കണ്ടുപിടിച്ചു് അവരിൽനിന്നും നാട്ടിനുണ്ടാകുന്ന ശല്യം കുറവുചെയ്യുകയോ ചെയ്യുന്നതിനു് ഗവണ്മെൻറു ശ്രദ്ധിക്കണം. ഇന്നലെ ഈ കച്ചേരിയുടെ നടയിൽത്തന്നെ പത്തോ പന്ത്രണ്ടോ വയസ്സു പ്രായമുള്ള ഒരു കൊച്ചൻ കിടക്കുന്നതുകണ്ടു, ഒരു യാചകനാണു്. വിശന്നുതളന്നു കിടക്കുകയായിരുന്നു. ഈ സിററിയിൽ, വിശേഷിച്ചും ഈ

കച്ചേരിയുടെ മുൻപിൽ,ഇങ്ങനെ ഒരു കാഴ്ച കാണുന്നതു് നമുക്കു് അഭിമാനകരമല്ല. ഇതു് മനഃപൂർവ്വമായിട്ടു പറയുകയാണെന്നു ആരും ധരിക്കേണ്ട.

ഇതിനു മുൻപുള്ള പല ബഡ്ജററു് പ്രസംഗങ്ങളെപ്പോലെ ഇപ്പോഴത്തെ ബഡ്ജററു പ്രസംഗവും ഒരു പ്രഹസനംപോലെ മാത്രമേ കാണുന്നുള്ളു. എൻെറ താലൂക്കിൽ രണ്ടു് എൻ. ഇ. എസ്. ബ്ലോക്കുകൾ ഉണ്ടു്. അവിടെ എന്തെല്ലാമാണു് നടക്കുന്നതെന്നും, അതുകൊണ്ടു പ്രയോജനമെന്തെല്ലാമാണെന്നും മററും ഞാൻ അന്വേഷിച്ചു. കാര്യമായിട്ടു യാതൊന്നുംതന്നെ അവിടെ നടക്കുന്നില്ല എന്നു് അറിയാൻ കഴിഞ്ഞു. ആ സ്ഥലവാസികൾക്കെന്തെങ്കിലും പ്രയോജനം ഇവമൂലം ഉണ്ടെന്നു് മനഃസ്സാക്ഷിയുള്ള ഒരാളിനു പറയുവാൻ സാധ്യമല്ല. ഈ വികസനപദ്ധതികളുടെ ഇതുപര്യന്തമുള്ള പ്രവർത്തനങ്ങൾ നിരാശാജനകമാണു്. ഇതിലെ ഉദ്യോഗസ്ഥന്മാർ ഇവകളെ വിഴുങ്ങുകയാണെന്നാണു് തോന്നുന്നതു്. Has Johnna swallowed the whale or the whale swallowed Johnna'' എന്ന നിലയാണു് ഇവിടെയുള്ളതു്. യാതൊരുവിധമായ പുരോഗതിയും ഇതേവരെ ഇതിൽ കാണുന്നില്ല. അത്ര ഭയങ്കരമായിട്ടാണു് കഴിഞ്ഞകൊല്ലങ്ങളിലെ പോക്കു്. അടുത്തകൊല്ലം ശരിപ്പെടുത്തുമോ എന്നു് എനിക്കു സംശയമുണ്ടു്. ഇന്നത്തെ set up-ൽ അതു് സാധ്യമാണോ എന്നു് ഞാൻ സംശയിക്കുന്നു. തൊഴിലില്ലായ്മ പരിഹരിക്കുന്ന പ്രശ്നം ബഡ്ജററിൽ കാണുന്നില്ല. മുൻപു് "ഗ്രോമോർഫുഡു്'' എന്നും പറഞ്ഞു് കുറെയധികം രൂപ ചെലവുചെയ്തു. ആ പദ്ധതിയെപ്പററി കടലാസിൽ പലതും കാണാമായിരുന്നു. പ്രാപ്പഗാൻഡായ്ക്കുവേണ്ടിമാത്രം അധികം സംഖ്യ ചെലവുചെയ്തിട്ടുണ്ടു്. അടുത്ത വർഷത്തിലേയ്ക്കു് ബഡ്ജററിൽ ഡെവലപ്പ്മെൻറ വകയ്ക്കായി കൊള്ളിച്ചിരുന്ന പത്തുകോടിരൂപ സാധുക്കളായ കുറെ ആളുകൾക്കായി വീതിച്ചു കൊടുക്കുകയാണെങ്കിൽ അതു് അവർക്കു് ഉപകാരപ്രദമായിരിക്കുകയില്ലേ എന്നു ഞാൻ ചോദിക്കുന്നു. അങ്ങിനെ ചെയ്താൽ ആ സംഖ്യ ഒന്നു രണ്ടു വ്യക്തികൾ മാത്രമായി എടുക്കുകയില്ലല്ലോ.

ഇന്നു് പബ്ലിക്കുവർക്കു്സ് കമ്മിററിയുണ്ടു്, ഡെവലപ്പ്മെൻറ കമ്മിററിയുണ്ടു്. ഈ കമ്മററികളിലൊന്നും തന്നെ ജനപ്രതിനിധികൾക്കു് യാതൊരധികാരവും കൊടുത്തിട്ടില്ല. നിയമസഭയിലെ കാര്യം പറയുകയാണെങ്കിൽ ഇവിടെയും അതുതന്നെയാണു് അനുഭവം. അസംബ്ലികൂടി ഇന്നു എട്ടുപത്തു ദിവസമായിട്ടും, എനിക്കു സംസാരിക്കാനുള്ള അവസരം നൽകിയതു് ഇന്നാണു്. മുപ്പതിനായിരം ആളുകളെ പ്രതിനിധീകരിക്കുന്ന ഒരാളാണു് ഞാൻ. സർ, എനിക്കു ദീർഘമായി പ്രസംഗിക്കാൻ സമയമില്ല. ഒരു കാര്യംകൂടി ഗവണ്മെൻറിൻെറ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിക്കണമെന്നു വിചാരിക്കുന്നു.

തിരുവല്ലാ താലൂക്കിലെ പകുതികളെ പുനഃസംഘടിപ്പിച്ചു് മുൻപുണ്ടായിരുന്നമാതിരി, ചെങ്ങന്നൂർ ഒരു പ്രത്യേക താലൂക്കായി തിരിക്കണം. തിരുവല്ലാ ഇപ്പോൾ ഒരു വലിയ താലൂക്കാണു്. അതായതു് 26 പകുതിയും, നാലര ലക്ഷത്തോളം ജനസംഖ്യയും ഉൾക്കൊള്ളുന്ന ഒരു താലൂക്കാണു്. 31 പഞ്ചായത്തുകൾ ഉണ്ടു്. എൻ. ഈ. എസ്സ്. ബ്ലോക്കുകൾ അഞ്ചു് എണ്ണമാണു്. ഭൂമിശാസ്ത്രപരമായും, ഭരണപരമായും ഉള്ള അസൗകര്യങ്ങളും ഉണ്ടു്. ഇതെല്ലാം പരിഗണിച്ചു് തിരുവല്ലാ താലൂക്കിൽനിന്നും ചെങ്ങന്നൂർ വിഭജിച്ചു് ഒരു പ്രത്യേക താലൂക്കു് ആക്കണം. തിരുവിതാം

[ശ്രീ. സി. കെ. രാമചന്ദ്രൻനായർ]

കൂർ ചരിത്രം നോക്കിയാൽ, ചെങ്ങന്നൂർ മുൻപ് ഒരു വലിയ താലൂക്കായിരുന്നുവെന്ന് മനസ്സിലാക്കാൻ വിഷമമില്ല. മാർത്താണ്ഡവർമ്മ മഹാരാജാവു തിരുമനസ്സിലെ കാലം മുതൽക്കേ ചെങ്ങന്നൂർ താലൂക്ക് പ്രത്യേകമായിട്ടുണ്ടായിരുന്നതാണ്. രാഷ്ട്രീയ പ്രബുദ്ധത ഇന്നു തിരുവിതാംകൂറിൽ ഏററവും കൂടുതൽ ഉള്ള സ്ഥലമാണ് ചെങ്ങന്നൂർ. അതുകൊണ്ട് തിരുവല്ലാതാലൂക്കിൽനിന്നും വേർതിരിച്ച് ചെങ്ങന്നൂർ ഒരു പ്രത്യേകം താലൂക്കായി മാററിത്തരണമെന്നാണ് എനിക്കു പറയുവാനുള്ളതു്.

ശ്രീ. പി. ആർ. കൃഷ്ണൻ: സർ, ഈ സഭയിൽ അവതരിപ്പിച്ചിരിക്കുന്ന "അപ്രോപ്രിയേഷൻ" ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഏതാനും കാര്യങ്ങൾ പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുകയാണ്. ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിൽ, തൊഴിലില്ലായ്മയെ പരിഹരിക്കുന്നതിനും, സോഷ്യലിസം നടപ്പിലാക്കുന്നതിനും വേണ്ടി പ്രത്യേകമായി തുക കൊള്ളിച്ചിട്ടില്ലെങ്കിലും, കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച് കൂടുതലായി കൊള്ളിച്ചിട്ടുള്ള സംഖ്യകൾകൊണ്ട് ഈ നാട്ടിൽ കൂടുതൽ തൊഴിൽ ഉണ്ടാക്കാൻ സാധിക്കുമെന്നു വ്യക്തമായി കാണാവുന്നതാണ്. കഴിഞ്ഞ കൊല്ലത്തെ അപേക്ഷിച്ച്, പൊതുമരാമത്തുവകുപ്പിലേയ്ക്കും, ഇലക്ട്രിസിററി വകുപ്പിലേയ്ക്കും, ഉദ്യോഗസ്ഥന്മാരുടെ ശമ്പളക്കൂടുതലിനു വേണ്ടിയും കൊള്ളിച്ചിട്ടുള്ള തുക ഈ നാട്ടിലെ ക്രയശക്തി വർദ്ധിപ്പിക്കുന്നതിനു ഭാഗികമായി സഹായകമായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി, കഴിഞ്ഞ കൊല്ലത്തെക്കാൾ കൂടുതൽ തുക "ഇൻഡസ്ട്രിയൽ" വകുപ്പിലേക്കു കൊള്ളിച്ചിട്ടുണ്ടെന്നു കാണാവുന്നതാണ്. അങ്ങനെ പഞ്ചവത്സരപദ്ധതി നടപ്പാക്കുന്നതിനുവേണ്ടി അടുത്ത വർഷം പത്തുകോടി രൂപ ചെലവാക്കുകയാണെങ്കിൽ, പഞ്ചവത്സരപദ്ധതി പ്രവർത്തനത്തിന്റെ ഫലമായിട്ട്, കൃത്യസമയത്തുതന്നെ ആ പദ്ധതി പൂർത്തിയാക്കുകയാണെങ്കിൽ അതു സംബന്ധിച്ച പ്രവർത്തനങ്ങളിൽ ആയിരക്കണക്കിനാളുകൾക്കു തൊഴിലുണ്ടാകുമെന്നുള്ളതിനും യാതൊരു സംശയവുമില്ല. ഇവിടെ വ്യവസായങ്ങൾ കൊണ്ടുമാത്രമേ തൊഴിലുണ്ടാക്കാൻ സാധിക്കയുള്ളുവെന്നു പറഞ്ഞാൽ അതു് അത്ര ശരിയല്ല. ഈ നാട്ടിൽ കൂടുതൽ തൊഴിൽ ഉണ്ടാക്കുന്നതിന് ഇന്നുള്ള കൃഷിതന്നെ കൂടുതൽ വിപുലമാക്കിയാൽ അങ്ങനെയും അനേകായിരം ജനങ്ങൾക്ക് തൊഴിലില്ലായ്മയെ നേരിടാൻ കഴിയും. നിലവിലുള്ള വ്യവസായങ്ങൾക്കു കൂടുതൽ പ്രോത്സാഹനം കൊടുക്കുകയാണെങ്കിൽ ഇവിടെ അനേകായിരം ആളുകൾക്ക് തൊഴിൽ കൊടുക്കാൻ സാധിക്കുന്നതാണ്. കൈത്തറിവ്യവസായത്തിന്റെ പ്രോത്സാഹനപ്രവർത്തനങ്ങൾക്ക് കൂടുതൽ വക കൊള്ളിച്ചിട്ടുണ്ടെന്നു കാണുന്നു. കൈത്തറിവ്യവസായം നാട്ടിന്റെ നാനാഭാഗത്തും വികസിപ്പിക്കുകയാണെങ്കിൽ അതും ഈ നാട്ടിലെ തൊഴിലില്ലായ്മയുടെ പരിഹാരത്തിന് ഒരു ഉത്തമ മാർഗ്ഗമായി കണക്കാക്കാം. ഇന്നു നിലവിലുള്ള അനേകം വ്യവസായങ്ങൾ ആവശ്യമായ മൂലധനവും സഹായവും ഇല്ലാതെ വിഷമിക്കുകയാണ്. ചെറുകിടവ്യവസായങ്ങൾ ഗവൺമെൻറിന്റെയും, പൊതുജനങ്ങളുടെയും ശ്രദ്ധയിൽപ്പെടാതെ കിടക്കുകയാണ്. അത്തരം വ്യവസായങ്ങൾക്കു മൂലധനസഹായം കൊടുത്തു് പ്രോത്സാഹനം നൽകിയാൽ ഈ രാജ്യത്തു് വളരെയധികം ആളുകൾക്ക് തൊഴിൽ കൊടുക്കാൻ

സാധിക്കും. നമ്മുടെ നാട്ടിൽ പലതരത്തിലുള്ള കുടിൽവ്യവസായങ്ങൾ ആരുടെയും ശ്രദ്ധയിൽപ്പെടാതെ കിടക്കുന്നുണ്ട്. അങ്ങനെയുള്ള കുടിൽ വ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് ശരിയായ മാർക്കററുകൾ കണ്ടുപിടിച്ചാൽ നമ്മുടെ തൊഴിലില്ലായ്മയെ ദൂരീകരിക്കാനുള്ള സാദ്ധ്യതയുണ്ടാകും.

മറെറാരു കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുന്നു. മലയോരപ്രദേശത്ത് കൂടുതൽ സ്ഥലം കൃഷി ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ, ഗവണ്മെൻറിൻെറ അനുമതിയോടുകൂടിയും, മൗനമായ അനുവാദത്തോടും, ഉദ്യോഗസ്ഥന്മാരുടെ ഒത്താശകളോടും ഫോറസ്ററ ഭൂമിയിലും, റവന്യൂ ഭൂമിയിലും പ്രവേശിച്ച് അനേകായിരം ആളുകൾ കൃഷി നടത്തുന്നുണ്ട്. ഇത്തരം പ്രവൃത്തികൾ കുററകരമായി പരിഗണിക്കുമെന്നും, നിയമപ്രകാരം അതു കുററകരമാണെന്നും, അങ്ങനെ അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരെ പിടിച്ചിറക്കുമെന്നും തീരുമാനിച്ചതനുസരിച്ച്, ജനപ്രതിനിധികളും, പൊതുജനങ്ങളും ഗവണ്മെൻറിൻെറ അടുക്കൽ നിവേദനങ്ങൾ സമർപ്പിക്കുമ്പോൾ അതെല്ലാം നിയമപരമായി നടപടികൾ കൈക്കൊള്ളാൻ വിടുകയാണെങ്കിൽ അതു കഷ്ടമാണ്. കൃഷിചെയ്യാൻ പററിയതും ആളുകൾ കയറി താമസിച്ചുപോരുന്നതുമായ ഭൂമിയിൽ നിന്നും ഇന്ന് അവരെ ഇറക്കിയിട്ട് അവിടെ തേക്കിൻതൈകൾ വച്ചുപിടിപ്പിക്കാൻ നടപടികൾ എടുത്തുവരുന്നതായി അറിയുന്നു. ജനങ്ങളെ ഒഴിപ്പിച്ചിട്ട്, തേക്കുവച്ചുപിടിപ്പിക്കാനുള്ള ഈ സംരംഭത്തെപ്പററി നിവേദനം നടത്തിയിട്ടു നിവൃത്തിയുണ്ടായിട്ടില്ല. മാത്രമല്ല, സാമ്പത്തികവർഷം അവസാനിക്കുന്നതോടുകൂടി കൈവശഭൂമിയിൽ നിന്നും എല്ലാവരെയും ഒഴിപ്പിക്കാനുള്ള നടപടികൾ ധൃതഗതിയിൽ നടന്നുവരുന്നതായി മനസ്സിലാകുന്നു. എൻെറ നിയോജകമണ്ഡലത്തിൽ, വളരെയധികം വനഭൂമികൾ കൃഷിചെയ്തു താമസിക്കുന്നതിനുതകുന്നതു്, പലരുടേയും നിവേദനത്തിൻെറ ഫലമായി പതിച്ചുകൊടുക്കുന്നതിനു് മുഖ്യമന്ത്രിയുമായി ഒരു ധാരണയിലെത്തുകയും ചെയ്തിട്ടും ഉദ്യോഗസ്ഥന്മാർ, മേൽപ്പറഞ്ഞവരിൽ നിന്നും ഇരുനൂറും, മുന്നൂറും, അഞ്ഞൂറും രൂപ വീതം പിഴ ഈടാക്കാനുള്ള സത്വരനടപടികൾ എടുക്കാനുള്ള പ്രവണത കാണിക്കുന്നതു് മാനുഷികചിന്തയില്ലാതെ പെരുമാറുന്ന ഏററവും ഖേദകരമായിരിക്കുന്ന ഒരു വസ്തുതയാണ്.

1117-ൽ കൊച്ചിയിൽ ഭക്ഷ്യോല്പാദനപദ്ധതി നടപ്പിൽ വരുത്തുന്നതിനു് ഭൂമി പാട്ടത്തിനു കൊടുക്കുന്ന ഒരു നടപടിയെടുത്തു. ഭക്ഷ്യോല്പാദനം നടപ്പിലാക്കുന്നതിനു് ഗസററിൽ ഒരു പ്രസിദ്ധീകരണവുമുണ്ടായിരുന്നു. എവിടെയൊക്കെ കൃഷിക്കു പററിയ ഭൂമി തരിശായി കിടക്കുന്നുവോ, അവിടെയൊക്കെ കൃഷിചെയ്യണമെന്നും, കപ്പയും, നെല്ലും കൂടുതലായി വിളയിക്കണമെന്നും ഗസററിൽ പരസ്യമുണ്ടായിരുന്നു. അതനുസരിച്ച് മിക്കവാറും എല്ലാവരും തരിശുഭൂമി കയ്യേറി—അൻപതും, നൂറും ഏക്കർ ഭൂമി കൈവശമുള്ളവർ അധികമുണ്ടെന്നു തോന്നുന്നില്ല, അവർ കൃഷി ചെയ്യാൻ തുടങ്ങി. ഇങ്ങനെ കൂടുതൽ വസ്തുക്കൾ കൈവശംവച്ചനുഭവിക്കുന്നവർ അല്ല, യഥാർത്ഥത്തിൽ ആയിരക്കണക്കിനു സാധുക്കളാണു പുതിയ നടപടികൾമൂലം കഷ്ടതകൾ അനുഭവിക്കുന്നതു്. 1124-ൽ ഭക്ഷ്യോല്പാദനപദ്ധതി ക്യാൻസൽ ചെയ്യുകയുണ്ടായി. കടലാസ്സിൽ

[ശ്രീ. പി. ആർ. കൃഷ്ണൻ]

ക്യാൻസൽ ചെയ്തിട്ടു വസ്തു തിരിയെ എടുക്കാനുള്ള ഈ നടപടി തികച്ചും ന്യായീകരിക്കത്തക്കതല്ല. 1117 മുതൽ 1124 വരെ ഏഴു കൊല്ലക്കാലം വളരെ അധ്വാനിച്ചു കൃഷിചെയ്ത് വസ്തുക്കൾക്ക് കാര്യമായ പുരോഗതി വരുത്തിയതിനുശേഷം, 1124-ൽ ക്യാൻസൽ ചെയ്തിരിക്കുന്നുവെന്നു കടലാസ്സിൽ എഴുതിവച്ചതുകൊണ്ട് ആ പ്രശ്നത്തിനു പരിഹാരമാകുകയില്ല. ഇങ്ങനെ 1124 നു ശേഷമുള്ള നടപടികൾ തുടർന്നുവരുന്നതുമൂലം പലരുടെയും പേരിൽ ഇപ്പോൾ ഇരുനൂറും, മുന്നൂറും, ആയിരവും രൂപയുടെ പിഴ ഈടാക്കാനുള്ള ശ്രമം നടക്കുകയാണ്. മാർച്ച് 31-നകം എല്ലാ തുകയും ഈടാക്കാനുള്ള സത്വരനടപടികൾ വില്ലേജ് ആഫീസുകളിൽ നടന്നുവരുന്നതായി അറിയുന്നു. ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത കൂടുതലായിപ്പോകുന്നതിൽ ആക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷെ, ചില ഘട്ടങ്ങളിൽ മാത്രം ഉദ്യോഗസ്ഥന്മാർ ഇങ്ങനെ വളരെയധികം വാശിയോടും കാര്യക്ഷമതയോടും തങ്ങളുടെ ജോലിനിർവ്വഹിക്കുന്നതിന് വെമ്പൽകൊള്ളുന്നതു കാണുമ്പോൾ അത്ഭുതം തോന്നാറുണ്ട്. ഇന്നു നിലവിലിരിക്കുന്ന ഈ നടപടികൾ ഖണ്ഡിതമായ ഒരു തീരുമാനത്തിന്മേൽ നിറുത്തിവയ്ക്കണമെന്ന് എനിക്ക് അഭ്യർത്ഥനയുണ്ട്.

ഏതു പദ്ധതിയും വിജയകരമായി നടപ്പിലാക്കുന്നതിന് നമ്മുടെ ഉദ്യോഗസ്ഥമണ്ഡലത്തിന്റെ ആത്മാർത്ഥമായ സഹകരണമില്ലെങ്കിൽ സാധിക്കുകയില്ല. ഇന്ന് കുറഞ്ഞ ശമ്പളവും മററു അവശതകളും ഉള്ളവരാണെങ്കിലും ഒരു വൻപിച്ച ഉദ്യോഗസ്ഥപ്പട നമ്മുടെ രാജ്യത്തുണ്ട്. ഉദ്യോഗസ്ഥന്മാക്ക് ഇന്ന് പല പല അവശതകളും ഉണ്ടെന്നു പറയുന്നുണ്ട്. ഈയിടെ ടൈംസ്കെയിൽ മൂലം പരാതികൾക്കു പരിഹാരം നേടുന്നതിനുള്ള നടപടികൾ എടുത്തിട്ടുള്ളതു അവരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമാണ്. എന്നാൽ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ കാണുന്ന ചില കുഴപ്പങ്ങൾ പരിഹരിക്കേണ്ടതും, ആ വിഷയത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതും ആവശ്യമായിരിക്കുകയാണ്. മന്ത്രിമാരെ കാര്യമായി കരുതുന്നതിനും, മന്ത്രിമാരുടെ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനും കൂട്ടാക്കാത്ത ചില ഉദ്യോഗസ്ഥന്മാരുണ്ടെന്ന് പരാതികളുണ്ട്. മററു ചിലരാണെങ്കിൽ, മന്ത്രിമാരുടെ തണലിൽ നിന്നുകൊണ്ട് എന്തും ചെയ്യാമെന്നുള്ള ഒരു മട്ടിൽ, ജനകീയഭരണംകൊണ്ട് ഭരണകാര്യങ്ങൾ പൊതുജനങ്ങൾക്കു സുഗമമായും, അനുകൂലമായും നിർവ്വഹിക്കത്തക്കവിധം ഊർജ്ജസ്വലമായി പ്രവർത്തിക്കാതിരിക്കുന്നതു സങ്കടകരമാണ്. ഇന്നത്തെ ഉദ്യോഗസ്ഥമണ്ഡലത്തെ പുനഃസംഘടിപ്പിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ഈയിടെ ഒരു പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. ചക്രവർത്തിമാരുടെയും, രാജാക്കന്മാരുടെയും കാലത്തെ അനുസ്മരിപ്പിക്കുന്ന ഒരു ഭരണക്രമവും പെരുമാററവും തുടർന്നുവരുന്ന ഉദ്യോഗസ്ഥന്മാർ ആ പഴയ സമ്പ്രദായങ്ങളെല്ലാം മാറേറണ്ടത് അത്യാവശ്യമാണ്.

ഇന്ന് രാജവാഴ്ച അവസാനിച്ചെങ്കിലും, രാജാവിന്റെ അധികാരങ്ങൾ ജനങ്ങളിലേക്ക് വന്നുചേർന്നിട്ടില്ല. അവ ഇന്നൊരു ചുഴലിക്കാററിലകപ്പെട്ട് ഉഴലുകയാണ് ചെയ്യുന്നത്. അതൊന്ന് പുനഃസംഘടിപ്പിക്കുവാൻ ഗവണ്മെന്റ് ശ്രമിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്. ഇന്ന്

നിലവിലുള്ള ഡിപ്പാർട്ടുമെൻറുകൾ പലതും പുനഃസംഘടിപ്പിക്കേണ്ടതായിട്ടുണ്ട്. യാതൊരു ജോലിയും ഇല്ലാത്ത അനേകം ഡിപ്പാർട്ടുമെൻറുകൾ ഇന്ന് നമ്മുടെ നാട്ടിലുണ്ട്. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഒന്തൊരു വമ്പിച്ച ജോലിയുള്ള ഡിപ്പാർട്ടുമെൻറാണെന്ന് നമുക്കു തോന്നും. നമ്മുടെ നാട്ടിൽ ഉള്ള കോടിക്കണക്കിന് മൂലധനം മുടക്കിയിട്ടുള്ള അനേകം വ്യവസായങ്ങളുടെ മേൽ ആ ഡിപ്പാർട്ടുമെൻറിന് യാതൊരു അധികാരവും ഇല്ല. നമ്മുടെ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പത്ത് ഇൻഡസ്ട്രിയൽ സ്കൂളുകളും എറണാകുളത്തുള്ള ഒരു കമേഴ്സ്യൽ ഇൻസ്റ്റിററ്യൂട്ടും മാത്രമാണുള്ളത്. ഇന്ന് ആ ഇൻഡസ്ട്രിയൽ സ്കൂളുകൾ പരിശോധിച്ചുനോക്കിയാൽ ഓരോന്നിലും അഞ്ചോ ആറോ, കവിഞ്ഞുപോയാൽ, പത്തു കുട്ടികളോ മാത്രമേ കാണുകയുള്ളു. ഇങ്ങനെ ആകെ പതിനൊന്ന് ഇൻഡസ്ട്രിയൽ സ്കൂളുകളാണ് നമ്മുടെ നാട്ടിലുള്ളത്. അതിനു പുറമെ ഒരു കമേഴ്സ്യൽ ഇൻസ്റ്റിററ്യൂട്ട് എറണാകുളത്തുണ്ട്. ഇവയെല്ലാം ഏതാനും സ്കൂളുകളോട് ഒട്ടിച്ചുചേർക്കാവുന്നതായ സ്ഥാപനങ്ങളാണ്. ഇത്രയും സ്ഥാപനങ്ങളുടെ മേലന്വേഷണം നടത്തുന്നതിലേക്ക് വളരെ ഭാരിച്ച ഒരു തുകയാണ് ഗവണ്മെൻറ് ചെലവാക്കുന്നത്. ഇതെല്ലാം ഒന്ന് റീഓർഗനൈസ് ചെയ്യേണ്ടതാണ്.

അതുപോലെതന്നെ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെൻറും വെററിനറി ഡിപ്പാർട്ടുമെൻറും അതിലേയ്ക്കുവേണ്ടി വളരെയധികം രൂപാ ഗവണ്മെൻറ് ചെലവാക്കിവരുന്നു. ഒല്ലൂർക്കര ഡയറിഫാറത്തിനെപ്പററി പറയുകയാണെങ്കിൽ അവിടെ കോഴിവളത്തുന്നതിനും ആട് വളത്തുന്നതിനും മററുമായി പ്രത്യേകം പ്രത്യേകം സെക്ഷനുകളായി തിരിച്ച് വേറെ വേറെ സൂപ്രണ്ടന്മാരുടെ കീഴിലാക്കിയിരിക്കുകയാണ്. അതെല്ലാം ഒന്നിച്ച് ഒരു മാനേജരുടെ കീഴിൽ കൊണ്ടുവരാവുന്നതാണ്. അങ്ങനെ നാം ആകമാനം നമ്മുടെ ഉദ്യോഗസ്ഥമണ്ഡലം ഒന്ന് പരിശോധിച്ചുനോക്കുകയാണെങ്കിൽ അതിൽ ജനകീയമല്ലാത്ത, ജനങ്ങൾക്ക് സ്വീകാര്യമല്ലാത്ത, പലതും കാണുമെന്നും അതുകൊണ്ട് അതിനെ ഒന്ന് ഉടച്ച് വാക്കണമെന്നും അഭിപ്രായപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. ടി. വി. തോമസ്</u> : സർ, ഈ അപ്രാപ്രിയേഷൻ ബില്ലിനെപ്പററി സംസാരിക്കുന്ന സമയത്ത് കാൺഗ്രസ്സ് പാർട്ടിക്കും ആപ്പൊസിഷൻ പാർട്ടിക്കും സമയം സമമായി വീതിച്ചിരിക്കുകയാണോ ?

<u>ചെയർമാൻ</u> : ഇപ്പോൾ വച്ചിരിക്കുന്നത് അങ്ങനെയാണ്.

<u>ശ്രീ. ടി. വി. തോമസ്</u> : അതു ശരിയല്ല. അപ്രാപ്രിയേഷൻ ബില്ല് അവതരിപ്പിക്കപ്പെട്ടിരിക്കുമ്പോൾ കാൺഗ്രസ്സ് പാർട്ടിക്ക് കൂടുതൽ സമയം അനുവദിക്കുന്നത് ജനാധിപത്യമര്യാദയല്ല.

<u>ചെയർമാൻ</u> : മന്ത്രിക്ക് പറയാനുള്ള സമയംകൂടി ഉൾപ്പെടെയാണ് ഇത്രയും സമയം അനുവദിച്ചിട്ടുള്ളത്.

<u>ശ്രീ. കെ. സി. എബ്രഹാം</u> : ഒരു ക്ഷേമരാഷ്ട്രത്തിൻെറ ബഡ്ജററാണ് ഇന്നീസഭയുടെ മുൻപിലിരിക്കുന്നത്. അതു അങ്ങനെയല്ലാ എന്നു പ്രതിപക്ഷത്തുനിന്ന് ആക്ഷേപമുണ്ട്. കാൺഗ്രസ്സ് ഭരണത്തിൻ

[ശ്രീ. കെ. സി. ഏബ്രഹാം]

കീഴിൽനിന്ന് യാതൊരു നന്മയും ലഭിക്കാൻ സാദ്ധ്യമല്ലെന്നു ജനങ്ങളുടെ ഇടയിൽ പറഞ്ഞുപരത്തേണ്ട ആവശ്യം പ്രതിപക്ഷത്തിനുണ്ട്. ഈ ബഡ്ജററിൽ രാജ്യക്ഷേമത്തിന്നാവശ്യമായ നിർദ്ദേശങ്ങൾ ഇല്ലാത്തതുകൊണ്ടല്ല. അവർ അതു മനസ്സിലാക്കിയിട്ടും ഉണ്ട്. ഇന്ന് നിലവിലുള്ള ഭരണഘടനയുടെ പരിധിയിൽ നിന്നുകൊണ്ടുതന്നെ ഈ നാട്ടിലെ സാധാരണ ജനങ്ങളുടെ ജീവിതത്തോത് ഉയർത്തുന്നതിനും അവക്കു ക്ഷേമകരമായ സകല സുഖസൌകര്യങ്ങളും ഉണ്ടാക്കുന്നതിനും വേണ്ട ശ്രമങ്ങൾ ഈ ബഡ്ജററിൽ ചെയ്യിട്ടില്ല എന്നു പറയുന്നതു് യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കുകയാണ്. ഇരുപത്തിഒന്ന്കോടി അൻപത്തിആറ് ലക്ഷം രൂപ ചിലവ് ഉൾക്കൊള്ളുന്ന ഒരു ബഡ്ജററാണ് ഈ ഗവണ്മെന്റ് തയാറാക്കിയിരിക്കുന്നതു്. അതിൽ എഴുപത്തിമൂന്ന് ശതമാനവും രാഷ്ട്രനിർമ്മാണ പരിപാടികൾക്കാണ്. ഇത്രയും തുക ഒരു കൊല്ലംകൊണ്ട് ചെലവാക്കാൻ സാധിക്കുമെങ്കിൽ അതായതു് ഈ ബ്ജററിൽ കൊള്ളിച്ചിരിക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കാൻ സാധിക്കുമെങ്കിൽ ഈ ഗവണ്മെന്റ് നിശ്ചയമായും ഈ നാട്ടിലെ സാധാരണജനങ്ങളുടെ കൃതജ്ഞതയ്ക്കു് പാത്രീഭവിക്കുമെന്നുള്ളതിന് യാതൊരു സംശയവുമില്ല.

അദ്ധ്യാപകന്മാരുടെ ശമ്പളവർദ്ധനവിനായി ഒരു വലിയ സംഖ്യ ഈ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. കാൺഗ്രസ്സിന്റെ ഒരു വിഷമസന്ധിയിൽ, കാൺഗ്രസ്സ് ഒരു ഇലക്ഷൻ അഭിമുഖീകരിച്ചിരുന്ന ഘട്ടത്തിൽ ഒരു സത്യാഗ്രഹംകൊണ്ട് കാൺഗ്രസ്സുഗവണ്മെന്റിനെ വിഷമിപ്പിച്ച പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ അവിവേകത്തെ വിസ്മരിച്ച് അവക്കു ശമ്പളക്കൂടുതൽ അനുവദിച്ചിട്ടുള്ളതിൽ കാൺഗ്രസ്സ് ഗവണ്മെന്റിന്റെ നീതിബോധത്തെ ഞാൻ അഭിനന്ദിക്കുകയാണ്. മുൻകാൺഗ്രസ്സ് ഗവണ്മെന്റ് പ്രൈമറിസ്കൂൾ ടീച്ചേഴ്സിനോട് അനീതിതന്നെ ചെയ്തിരുന്നു. സ്കൂൾഫൈനലും ടെയിനിംഗും പാസ്സായ ഒരു പ്രൈമറിസ്കൂൾ അദ്ധ്യാപകനു് 30 ഉറുപ്പിക ശമ്പളം നിശ്ചയിച്ചതു് അവരോടുചെയ്ത ഒരു അനീതിയായിരുന്നു. പി. എസ്സ്. പി. ഗവണ്മെന്റിനു പ്രൈമറിസ്കൂൾ അദ്ധ്യാപകരോടു നീതിചെയ്യുന്നതിനു ഒരു സുവർണ്ണാവസരം ലഭിച്ചതാണ്. പക്ഷെ അവക്കു കിട്ടിയ അവസരം അവർ വേണ്ടവിധത്തിൽ ഉപയോഗിച്ചില്ല. സൌജന്യവിദ്യാഭ്യാസത്തിലാണ് അവർ ശ്രദ്ധപതിച്ചതു്. മുമ്പ് തങ്ങൾ ചെയ്ത തെററ് തിരുത്തുന്നതിനു കാൺഗ്രസ്സ് ഗവണ്മെന്റ് ഈ അവസരം ഉപയോഗിച്ചതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. പി. എസ്സ്. പി. സ്കീം ഇവിടെ നടപ്പിലാക്കിയിട്ടു 4 കൊല്ലങ്ങൾ കഴിഞ്ഞു. ഇന്നും പല അദ്ധ്യാപകന്മാരുടേയും ശമ്പളം നിജപ്പെടുത്തിയിട്ടില്ല. ഇന്നും പലരുടേയും increments അനുവദിക്കാതെകിടക്കുന്നു. ഈ സ്കീമിന്റെ ഇംപ്ലിമെന്റേഷനുവേണ്ടി രൂപീകരിച്ചിട്ടുള്ള നിയമങ്ങൾ അദ്ധ്യാപകക്കു ഗുണകരമല്ലാത്ത തരത്തിലാണ് വ്യാഖ്യാനിക്കപ്പെടുന്നതു് എന്നു ആക്ഷേപമുണ്ട്. എനിക്കു ഈ സഭയേയും ഗവണ്മെന്റിനേയും അറിയിക്കുവാനുള്ളതു് അസംതൃപ്തനായ അദ്ധ്യാപകൻ സമുദായത്തിനു അപകടമാണെന്നാണ്. അതുപോലെ തന്നെ ബഡ്ജററുവിമർശനവേളയിൽ ബഹുമാനപ്പെട്ട അമ്പലപ്പുഴ മെംബർ യൂണിവേഴ്സിററിയെ സംബന്ധിച്ച് ഒരു കാര്യം പറകയുണ്ടായി. എനിക്കു അക്കാര്യത്തിൽ അദ്ദേഹത്തോടു യോജിക്കുവാൻ നിവൃത്തിയില്ല.

അതായത് ഇവിടത്തെ യൂണിവേഴ്സിററിയുടെ വൈസ്ചാൻസലറായി ഈ നാട്ടുകാരനെത്തന്നെ നിയമിക്കണമെന്നു അദ്ദേഹം പറഞ്ഞു. ഇപ്പോഴത്തെ Vice-chancellor അന്യനാട്ടുകാരനായതുകൊണ്ട് നമ്മുടെ യൂണിവേഴ്സിററിയിൽ വൈസ്ചാൻസലർ ആയിരിക്കുന്നതു് ശരിയല്ലെന്നുള്ള അഭിപ്രായം അദ്ദേഹം പുറപ്പെടുവിക്കയുണ്ടായി. നമ്മുടെ നാട്ടുകാരനായ ഡാക്ടർ ജാൺമത്തായി ഇപ്പോഠം ബാംബെ യൂണിവേഴ്സിററി വൈസ് ചാൻസലർ ആണ്. അതുപോലെ ഡാക്ടർ പി. വി. ചെറിയാൻ അണ്ണാമല യൂണിവേഴ്സിററി വൈസ്ചാൻസലറാണ്. ഡാക്ടർ സി. പി. രാമസ്വാമിഅയ്യർ ഇപ്പോഠം ബനാറീസ് യൂണിവേഴ്സിററി വൈസ് ചാൻസലറാണ്. അതുപോലെ പ്രശസ്തനായ ഒരു വ്യക്തി ഈ യൂണിവേഴ്സിററിയുടെ വൈസ്ചാൻസലറായിരിക്കുന്നതു് യൂണിവേഴ്സിററിക്കു ഒരു നേട്ടമാണ്. അദ്ദേഹത്തിൻെറ സേവനം തുടന്നു ലഭിക്കുന്നതിനുള്ള സാഹചര്യങ്ങഠം സൃഷ്ടിക്കുകയാണ് വേണ്ടതു്.

ഒരു കാര്യംകൂടി എനിക്കു അതുസംബന്ധിച്ചു് പറയാനുണ്ടു്. ഈ സംസ്ഥാനത്തെ എല്ലാ കാളേജുകളും ഈ യൂണിവേഴ്സിററിയോടു് അഫിലിയേററു് ചെയ്യണമെന്നും അതിനുള്ള സാഹചര്യങ്ങഠം സൃഷ്ടിക്കണമെന്നുമുള്ളതാണ്.

സർ, ഇന്നലെ ബഹുമാനപ്പെട്ട കുന്നംകുളം മെംബർ താഴ്ന്ന ശമ്പളക്കാക്കു ശമ്പളംകൂട്ടിക്കൊടുക്കുന്ന കാര്യത്തെപ്പററി പ്രസ്താവിക്കയുണ്ടായി. ഈ പ്രശ്നത്തിൻെറ വേറൊരുവശം സഭയുടെ മുമ്പിൽ വയ്ക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. വടക്കാംചേരി, കുന്നംകുളം മുതലായ സ്ഥലങ്ങളിൽ നിന്നും ചെറിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരെ അവരുടെ സ്വന്തം സ്ഥലങ്ങളിൽനിന്നും സ്ഥലംമാററി ഈ തിരുവനന്തപുരം പട്ടണത്തിലും മററും ജോലിചെയ്യിപ്പിക്കുന്നുണ്ടു്. അതൊരു പരമാത്ഥമാണെന്നു ഗവണ്മെൻറു് മനസ്സിലാക്കണം. ഈ കുറഞ്ഞ ശമ്പളക്കാർ അവരുടെ തുച്ഛമായ ശമ്പളംകൊണ്ടു് ജീവിതത്തിനു വളരെ കഷ്ടപ്പെടുകയാണ്. അവരെ അവരുടെ നാടുകളിലേക്കു മാററി നിയമിക്കണം. മുപ്പതും നാല്പതും രൂപ ശമ്പളം വാങ്ങിക്കുന്ന ഈ പാവപ്പെട്ട ഉദ്യോഗസ്ഥന്മാരെ അവരുടെ നാടുകളിൽനിന്നും, നാഗർകോവിലിലേക്കും അതുപോലെയുള്ള സ്ഥലങ്ങളിലേക്കും മാററി ജോലിചെയ്യിപ്പിക്കുന്നതു് വളരെ കഷ്ടമാണ്. അതു് ഇൻഹ്യൂമൻ ആണെന്നാണ് എനിക്കു തോന്നുന്നതു്.

വികസനപദ്ധതികഠംക്കായി പതിനൊന്നുകോടി രൂപയോളം ബഡ്ജററിൽ വൊട്ടുളിച്ചിട്ടുണ്ടു്. ഈ പതിനൊന്നുകോടി രൂപ ഈയാണ്ടിൽ ചെലവാക്കുന്നതിനു സാധിക്കുമോ എന്നു് എല്ലാഭാഗത്തുനിന്നും സംശയം ഉന്നയിക്കുന്നുണ്ടു്. ഇങ്ങനെയുള്ള സംശയങ്ങഠംക്കു ഇടനൽകാതെ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്ന തുകകഠം ഗവണ്മെൻറു് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികഠംക്കായി ചെലവു് ചെയ്യേണ്ടതു് ഇന്നത്തെ ഗവണ്മെൻറിൻെറ കടമയാണ്. അതനുസരിച്ചായിരിക്കും ഇന്നത്തെ മന്ത്രിസഭയുടെ വിജയം. അലസതക്കും, ഉദാസീനതക്കും സിവിൽസർവ്വീസിൽ സ്ഥാനമില്ലെന്നു ഉദ്യോഗസ്ഥന്മാരെ ധരിപ്പിച്ചു അവരെക്കൊണ്ടു അവരുടെ ജോലി കൃത്യമായി ചെയ്യിക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ടു്.

ഈ വികസനപദ്ധതികളുടെ കൂട്ടത്തിൽ റൂറൽ വാട്ടർസപ്ലൈസ്കീം കൂടി ഉഠംപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. അക്കൂട്ടത്തിൽ വൈപ്പിൻകരയിലേക്കുകൂടി ശുദ്ധജലം കൊടുക്കുന്നതിനു ഒരു Project ഉഠംപ്പെടുത്തിയി

[ശ്രീ. കെ. സി. ഏബ്രഹാം]

ട്ടുണ്ടു്. അതിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാർഗ്ഗം ട്യൂബ്‌വെൽസ് ആണു്. ട്യൂബ്‌വെൽസുമുഖേന അവിടെ ശുദ്ധജലം കൊടുക്കാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഞങ്ങളെപ്പോലെ ശുദ്ധജലം കിട്ടാൻ വിഷമിക്കുന്നവർ വേറെയുണ്ടെന്നു തോന്നുന്നില്ല. ഞങ്ങൾ ഇന്നു കുടിക്കുന്ന വെള്ളം ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാരിൽ പലരും കാലു് കഴുകുന്നതിനുപോലും ഉപയോഗിക്കുകയില്ല. ട്യൂബ്‌വെൽ ഉണ്ടാക്കാൻ പോകുന്നതിനെ ഞാൻ എതിർത്തു സംസാരിക്കുകയല്ല. അതു് വിജയിപ്പിക്കുവാൻ പോകുന്നില്ല എന്നാണു എന്റെ വിശ്വാസം. വില്ലിംഗ്ടൺ ഐലന്റിൽ അറന്നൂറു അടിയോളം താഴ്ത്തിനോക്കിയിട്ടും നല്ലവെള്ളം കിട്ടിയില്ല. അതുപോലെ ഫോർട്ടുകൊച്ചിയിലും മദ്രാസ് ഗവണ്മെന്റിൽനിന്നു ഒരു ട്യൂബ്‌വെൽ കുഴിപ്പിച്ചുനോക്കിയതിൽ വിജയസാദ്ധ്യതയുണ്ടായില്ല. വൈപ്പിൻകരയിൽ അഴീക്കിലും, നായരമ്പലത്തിലും ഇതുപോലെയുള്ള പരീക്ഷണങ്ങൾ പരാജയത്തിലാണു കലാശിച്ചതു്. അതിൽ നിന്നാണു് ഞാൻ പറയുന്നതു്, ട്യൂബ്‌വെൽകൊണ്ടു് ഞങ്ങൾക്കു ശുദ്ധജലം കിട്ടാൻ പോകുന്നില്ല എന്നു്. ഞങ്ങൾക്കു ആലുവാപ്പുഴയിൽനിന്നു പറവൂർക്കൂടി പൈപ്പുവഴി വെള്ളം കൊണ്ടുവന്നു തന്നാൽ അതായിരിക്കും ഏറ്റവും കാര്യക്ഷമമായ പദ്ധതി. അതിന്റെ എസ്റ്റിമേറ്റ് നേരത്തെ തയാറാക്കിയിട്ടുണ്ടു്. അതിനു ഏകദേശം 20 ലക്ഷം രൂപയാണു് കണക്കാക്കപ്പെട്ടിട്ടുള്ളതു്. വൈപ്പിൻകരയിൽ ഏകദേശം ഒരു ലക്ഷം ആളുകൾ അധിവസിക്കുന്നുണ്ടു്. അവർക്കു വേണ്ടി 20 ലക്ഷം രൂപ ചെലവാക്കുന്നതു അധികമൊന്നുമല്ല. ഇന്നു പട്ടണങ്ങളിൽ ശുദ്ധജലം കൊടുക്കുന്നതിനു നാല്പതും അമ്പതും ലക്ഷം രൂപാവീതം ചെലവാക്കുന്നുണ്ടു്. അപ്പോൾ ഒരു ലക്ഷം ആളുകൾ താമസിക്കുന്ന വൈപ്പിൻകരയിൽ ശുദ്ധജലം കൊടുക്കുന്നതിനു 20 ലക്ഷം രൂപ ചെലവാക്കണം എന്നു ആവശ്യപ്പെടുന്നതിൽ എന്താണു സാർ തെറ്റു്. ഞങ്ങളോടും നീതി ചെയ്യണം. ഞങ്ങളുടെയും ന്യായമായ അവകാശങ്ങൾ സാധിച്ചുതരണം എന്നുള്ളതാണു് ഈ അവസരത്തിൽ ഈ ഗവണ്മെന്റിനോടു് എനിക്കു അഭ്യർത്ഥിക്കുവാനുള്ളതു്.

കമ്മ്യൂണിസ്റ്റുകാരായതുകൊണ്ടു് ചിലരെ ഉദ്യോഗങ്ങളിൽ നിയമിക്കുന്നില്ല എന്നും പോലീസുകാർ കമ്മ്യൂണിസ്റ്റുകാരെ മർദ്ദിക്കുന്നു എന്നും ഇവിടെ ചില ബഹുമാനപ്പെട്ട മെമ്പറന്മാർ പറയുകയുണ്ടായി. അതിനൊരു മറുവശംകൂടിയുണ്ടു്. ജനങ്ങളുടെയിടയിൽ ഇന്നൊരു ധാരണയുണ്ടു്, പോലീസുകാരുടെ ഇടയിൽ നല്ലൊരു ഭാഗം കമ്മ്യൂണിസ്റ്റുകാരുണ്ടെന്നു്. കമ്മ്യൂണിസ്റ്റ് ആദർശങ്ങളിൽ വിശ്വസിക്കുന്നതു തെറ്റാണെന്നു എനിക്കു അഭിപ്രായമില്ല. അങ്ങനെ അവർ വിശ്വസിക്കരുതെന്നു ഞങ്ങൾക്കു നിർബന്ധവുമില്ല. കമ്മ്യൂണിസ്റ്റുകാരെ മാത്രമെ മർദ്ദിക്കുന്നുള്ളു എന്നു പറയുന്നതു ശരിയല്ല. പ്രതിപക്ഷത്തുനിന്നും കേൾക്കുന്നതു് കമ്മ്യൂണിസ്റ്റുകാരെ പോലീസു മർദ്ദിക്കുന്നു എന്നാണു്. എന്നാൽ മർദ്ദനത്തിനു കാൺഗ്രസ്സുകാരും വിധേയരാണു്.

ശ്രീ. കെ. സി. ജാർജ്ജ്: കമ്മ്യൂണിസ്റ്റ് അനുഭാവികളായ പോലീസുകാർ കമ്മ്യൂണിസ്റ്റുകാരെ മർദ്ദിക്കുന്നില്ലെന്നാണോ മെംബർ പറയുന്നതു്?

ശ്രീ. കെ. സി. ഏബ്രഹാം: കാൺഗ്രസ്സുകാരെയും മർദ്ദിച്ചിട്ടുള്ളതായ അനുഭവങ്ങൾ ഞങ്ങൾക്കുണ്ടു്.

ശ്രീ. കെ. സി. ജാർജ്ജ്: അപ്പോൾ നമുക്ക രണ്ടുകൂട്ടക്കും പോലീസിന്റെ മർദ്ദനത്തെസംബന്ധിച്ച് പരാതിയുണ്ടെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. കെ. സി. എബ്രഹാം: പോലീസ് മര്യാദക്കാരായിരിക്കണമെന്നും നാട്ടിലെ ജനങ്ങളോട് നീതിപാലിക്കവാൻ പോലീസ് സൈന്യം ആവശ്യമാണെന്നും ഞാനും എന്റെ ഭാഗത്തുള്ളവരും വിശ്വസിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: നെല്ലിയാംപതിയിൽ നടന്നതെന്താണെന്നു അറിയാമോ?

ശ്രീ. കെ. സി. എബ്രഹാം: പറയാൻ ഇപ്പോൾ സമയമില്ല.

(Mr. Deputy Speaker in the Chair.)

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, എനിക്ക് കിട്ടിയിട്ടുള്ള ക്ലിപ്തമായ സമയത്തിനുള്ളിൽ ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച നാനാപ്രശ്നങ്ങളെപ്പററിയും കഴിയുന്നിടത്തോളം സമഗ്രമായി പ്രസ്താവിക്കവാൻ ശ്രമിക്കാം. ഏതെങ്കിലും ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച എന്തെങ്കിലും കാര്യം വിട്ടുപോകുന്നുണ്ടെങ്കിൽ അതു് സമയച്ചുരുക്കം കൊണ്ടുമാത്രമായിരിക്കും എന്നും ധരിക്കണം.

ശ്രീമതി ഗൗരി ഇവിടെ പല കാര്യങ്ങളും പ്രസ്താവിക്കുകയുണ്ടായി. അതിൽ ഏററവും പ്രധാനമായി എനിക്ക തോന്നുന്നതു്, ഒരു പുതിയ യുഗത്തിൽ സ്ത്രീകൾക്ക് സമുദായത്തിൽ ഉണ്ടാകേണ്ട സ്ഥാനത്തെപ്പററി പറഞ്ഞതാണെന്നാണ്. ബഡ്ജററപ്രസംഗത്തിൽ ആ വിഷയത്തെപ്പററി പ്രസ്താവനയൊന്നുമില്ലെങ്കിൽ കൂടി സ്ത്രീകൾക്ക തക്കതായ പ്രോത്സാഹനങ്ങൾ എല്ലാ തുറകളിലും നൽകണമെന്നുള്ള ഖണ്ഡിതമായ അഭിപ്രായം തന്നെയാണ് ഗവണ്മെൻറിനുള്ളതു്. സ്ത്രീകൾ ഉദ്യോഗത്തിലിരിക്കുന്നവരായി നമ്മുടെ രാജ്യത്തുള്ളിടത്തോളം അത്രയധികം ഇൻഡ്യയിൽ മറേറതെങ്കിലും സംസ്ഥാനത്തിൽ ഉണ്ടോയെന്നു സംശയമാണ്, ഒരു ഡിസ്ട്രിക്ററ സെഷൻജഡ്ജി ഒരു സ്ത്രീയായിട്ടുള്ളതു്, എന്റെ അറിവിൽ, ഈ സംസ്ഥാനത്തു മാത്രമാണ്. നീതിന്യായഡിപ്പാർട്ടുമെൻറിൽ എന്നു മാത്രമല്ല, മററ പല തുറകളിലും സ്ത്രീകൾ ഉണ്ട്. ഇനിയുള്ള പ്രോത്സാഹനം ഏതു വഴിക്കാണ് വേണ്ടതെന്നുള്ളതു് ശ്രീമതി ഗൗരിയോ മററംഗങ്ങളൊ പറഞ്ഞുതന്നാൽ അതിനെപ്പററി ആലോചിക്കാൻ ഗവണ്മെൻറ തീർച്ചയായും സന്നദ്ധമായിരിക്കും. സ്ത്രീകൾക്ക് ഉദ്യോഗത്തിൽ റിസർവേഷൻ കൊടുക്കണമെന്നുപോലും ശ്രീമതി ഗൗരി അഭിപ്രായപ്പെട്ടതായി തോന്നുന്നുണ്ട്. അതിനു ഭരണഘടന എതിരായിട്ടു നിൽക്കുന്നുണ്ടെങ്കിൽ ഭരണഘടന മാററാൻതന്നെ നിയമസഭയിൽ നിന്നു അഭിപ്രായപ്പെടണമെന്നും ശ്രീമതി ഗൗരി പ്രസ്താവിക്കുകയുണ്ടായി. സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേകം സംരക്ഷണ വ്യവസ്ഥ നൽകണമെന്നു ഭരണഘടനയിൽ പറയുന്നുണ്ട്. പട്ടികജാതിക്കാർക്ക നൽകുന്ന വിധത്തിലുള്ള സംരക്ഷണം സ്ത്രീകൾക്ക് നൽകണമെന്നുള്ള അഭിപ്രായം പറഞ്ഞിട്ടുണ്ടെങ്കിൽതന്നെ അതു് ആ വിഷയത്തിന്റെ പ്രാധാന്യം കാണിക്കാൻവേണ്ടി മാത്രം പറഞ്ഞിട്ടുള്ളതാണെന്നും അല്ലാതെ ആ വിധത്തിൽ റിസർവേഷനൊ സംവരണമൊ വേണമെന്നുദ്ദേശിച്ചല്ല ബഹുമാനപ്പെട്ട

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

മെംബർ ശ്രീമതി ഗൗരി പറഞ്ഞതെന്നും ഞാൻ വിചാരിക്കുന്നു. സ്ത്രീസ്വാതന്ത്ര്യത്തെപ്പററി ആർക്കും അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്നു തോന്നുന്നില്ല. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നു് ഇന്നു് ആരും പറയുമെന്നു തോന്നുന്നില്ല. സ്വാതന്ത്ര്യം എന്നുള്ളതിനു് ഒരുപക്ഷെ വ്യാപകമായ അർത്ഥം കൊടുത്തുകൊണ്ടാണെങ്കിൽ ഞാനും കുറെയൊക്കെ അതിനോടു യോജിക്കാം. "എക്കണോമിക് ഇമാൻസിപ്പേഷൻ" വേണം. ജീവിക്കുവാനും പ്രവർത്തിക്കുവാനുമുള്ള അവസരം വേണം. എന്നിങ്ങനെയുള്ള കാര്യത്തിൽ ചില പരാതികൾ സ്ത്രീകൾക്കു പറയാനുണ്ടായേക്കാം. അതും പരിഹരിക്കാവുന്നതേയുള്ളു. പക്ഷെ, ഇതിനെപ്പററിയൊന്നും ബഡ്ജററുപ്രസംഗത്തിൽ പ്രസ്താവിച്ചിട്ടില്ല എന്നു വിചാരിച്ചു് ഗവണ്മെന്റിനു് അഭിപ്രായം വേറെയാണെന്നു ധരിക്കരുതു്. ബഡ്ജററു പ്രസംഗത്തിൽ പറയാത്ത എല്ലാ കാര്യങ്ങളെപ്പററിയും ഗവണ്മെന്റിനു് അവഗണനയാണുള്ളതെന്നു ധരിക്കുന്നതു് പിശകാണു്.

ബഹുമാനപ്പെട്ട മെംബർ ശ്രീ. ബാലകൃഷ്ണൻ കഴിഞ്ഞ വാദപ്രതിവാദത്തിൽ ലാൻഡു് റിഫോംസിനെപ്പററി ബഡ്ജററുപ്രസംഗത്തിൽ യാതൊന്നും പറഞ്ഞിട്ടില്ലെന്നു പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹം അങ്ങനെ പറഞ്ഞതിൽ എനിക്കു് ഖേദമുണ്ടു്. ഭൂനയത്തെ സംബന്ധിച്ചു് ആറേഴു ബില്ലുകൾ അവതരിപ്പിക്കപ്പെട്ടു. അവ നടപടിയിൽ ഇരിക്കുന്നു. അവയെപ്പററി വീണ്ടും ബഡ്ജററുപ്രസംഗത്തിൽ പറയേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു് ആ കാര്യത്തെപ്പററി ഗവണ്മെന്റിനു് ഉൽക്കണ്ഠയില്ലെന്നു ധരിക്കേണ്ട കാര്യമില്ല. കാൺഗ്രസ്സു് പാർട്ടിയുടേയും ഗവണ്മെന്റിന്റേയും നില ഈ നിയമനിർമ്മാണത്തെപ്പററി എന്താണെന്നുള്ളതു് അനേകം സന്ദർഭങ്ങളിൽ ആവർത്തിച്ചിട്ടുണ്ടു്. അവയെല്ലാം ആത്മാർത്ഥതയില്ലാതെ പറഞ്ഞതാണെന്നുള്ള വിചാരം ആർക്കെങ്കിലും ഉണ്ടെങ്കിൽ ബഡ്ജററുപ്രസംഗത്തിൽക്കൂടി ഒന്നു പറഞ്ഞു എന്നുവച്ചു് ആത്മാർത്ഥതയുള്ളതായി തോന്നാൻ കാരണമില്ല. അതുകൊണ്ടു് ബഡ്ജററുപ്രസംഗത്തിൽ പറഞ്ഞില്ല എന്നുള്ളതു് ഒരാക്ഷേപമായി പറയരുതു്.

ബഹുമാനപ്പെട്ട ചെങ്ങന്നൂർ മെംബർ ശ്രീ. രാമചന്ദ്രൻ നായർ പല കാര്യങ്ങളെപ്പററി പറയുകയുണ്ടായി. അതിൽ സർവ്വേ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനമാന്ദ്യത്തെപ്പററി പറഞ്ഞതു് ശ്രദ്ധാർഹമാണു്. കുറച്ചുകാലമായി ഗവണ്മെന്റിന്റെ നയസംബന്ധമായ വാദപ്രതിവാദത്തിരക്കിൽ മററു ഡിപ്പാർട്ടുമെന്റു കാര്യങ്ങളെപ്പററി അത്രവളരെ ശ്രദ്ധിക്കാറില്ല. അദ്ദേഹത്തിന്റെ അഭിപ്രായം ഓർമ്മയിൽ വച്ചുകൊണ്ടു് ഗവണ്മെന്റു് വേണ്ട നടപടി നടത്തിക്കൊള്ളാം. ചെങ്ങന്നൂരിനെ ഒരു പ്രത്യേക താലൂക്കായി തിരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇതിനു മുമ്പു് ചെങ്ങന്നൂർ ഒരു പ്രത്യേക താലൂക്കായിരുന്നു എന്നും ആർക്കോ ചെങ്ങന്നൂരിനോടു വിരോധം ഉണ്ടായിരുന്നതുകൊണ്ടാണു് ആ താലൂക്കു് നിർത്തലാക്കിയതെന്നും അദ്ദേഹം പറയുകയുണ്ടായി. എനിക്കു് അതിനെപ്പററി നിശ്ചയമില്ല. ചെങ്ങന്നൂർ ഒരു പ്രത്യേക താലൂക്കായി മാറേണമെന്നുണ്ടെങ്കിൽ ആർക്കാണു് അതിനു വിരോധം? അതു് അത്ര അത്യാവശ്യമാണു്, അത്ര പ്രധാനപ്പെട്ട ഒരു കാര്യമാണു് എങ്കിൽ അതിനെപ്പററി ആലോചിക്കാൻ വിഷമമൊന്നുമില്ല.

ബഹുമാനപ്പെട്ട ഒല്ലൂർ മെംബർ ശ്രീ. പി. ആർ. കൃഷ്ണൻ പുറംപോക്കു സ്ഥലങ്ങളിൽ കുടികിടക്കുന്ന ആളുകളെ ഇറക്കിവിടുന്ന കാര്യത്തെപ്പററി പറയുകയുണ്ടായി. ഈ സഭയിൽ കുടിയിറക്കുന്നതിനെപ്പററി ആദ്യമായി ഉണ്ടായ ആക്ഷേപങ്ങൾ ജന്മികൾ തങ്ങളുടെ വക സ്ഥലത്തുനിന്നും കുടിയാന്മാരെ ഒഴിപ്പിക്കുന്ന കാര്യത്തെപ്പററിയായിരുന്നു. കുടികിടപ്പിനെപ്പററി പറയുമ്പോൾ സർക്കാർ സ്ഥലങ്ങളിൽ താമസിക്കുന്ന ആളുകളെ ഒഴിപ്പിക്കുന്ന കാര്യത്തെപ്പററി കൂടി പറയുകയാണെങ്കിൽ ചില വിവേചനാധികാരം ഗവണ്മെൻറിനെടുക്കാതെ നിവൃത്തിയില്ലെന്നും പറയേണ്ടതായി വരും. അനധികൃതമായി കയ്യേറുന്നതിനെ മാററുകയെന്നുള്ള കാര്യം പൊതു ആവശ്യത്തിനു വേണമെന്നുണ്ടെങ്കിൽ മാത്രമേ നടപ്പിൽ വരുത്തുകയുള്ളു. ആ വസ്തുത ഉറപ്പിച്ചു പറയാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. ടി. വി. തോമസ്: അങ്ങനെയാണെങ്കിൽ തന്നെയും അവിടെ താമസിക്കുന്നവർക്ക് ആൾട്ടർനേററീവ് സൈററ് കൊടുക്കേണ്ടതല്ലയോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊടുക്കേണ്ടതാണ്. അതിനു ഗവണ്മെൻറ് തയ്യാറാണ്. പക്ഷെ ചിലപ്പോൾ സാധിച്ചില്ലെന്നു വന്നേക്കാം.

ശ്രീ. പി. ആർ. മാധവൻ പിള്ള: വ്യക്തികളുടെ ആവശ്യത്തിനു വേണ്ടി ഇങ്ങനെയുള്ള പുറംപോക്കു വസ്തുക്കൾ ഒഴിപ്പിച്ചിട്ടുള്ളതായി ദൃഷ്ടാന്തങ്ങൾ കാണിച്ചുതന്നാൽ ഗവണ്മെൻറ് അതിന്മേൽ നടപടിയെടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്മേൽ നിശ്ചയമായും നടപടി നടത്താം. വ്യക്തികളുടെ ആവശ്യത്തിനുവേണ്ടി കുടിപാർക്കുന്നവരെ ഒരുതരത്തിലും ഒഴിപ്പിച്ചുകൂടെന്നുള്ളതാണ് ഗവണ്മെൻറിൻെറ നയം.

എന്നാൽ ചില കോടതി വിധികൾ അനുസരിച്ച് ഒഴിപ്പിക്കുന്നുണ്ട്. അങ്ങനെ ആക്ഷേപിച്ച് പലരും ഇവിടെ പറയുന്നുണ്ട്. ഒരു വസ്തുവിൽ താമസിക്കുന്ന ആളെ ഒഴിപ്പിക്കുവാൻ അന്യായം കൊടുത്ത് വിധി സമ്പാദിച്ചുകഴിഞ്ഞതിനുശേഷം വസ്തു ഒഴിപ്പിക്കാൻ വരുന്നത് വേറൊരു കാര്യമാണ്. അയാൾ വസ്തു കയ്യേററക്കാരനാണോ യഥാർത്ഥ കുടിയാൻ ആണോ എന്നുള്ളതാണ് പ്രശ്നം. താൻ കയ്യേററക്കാരനല്ലെന്നും കുടിയാൻ ആണെന്നും ആയിരിക്കും പ്രതിയുടെ വാദം. വേണ്ട തെളിവുകൾ എടുത്തുകഴിഞ്ഞതിനുശേഷം കുടിയാൻ അല്ലെന്നും കയ്യേററക്കാരനാണെന്നും ഒരു കോടതി വിധിച്ചുകഴിഞ്ഞാൽ ഉടൻതന്നെ ആ വസ്തു ഒഴിഞ്ഞുകൊടുക്കേണ്ട ചുമതലയുണ്ട്. ഒഴിപ്പിച്ചുകൊടുക്കേണ്ട ചുമതല കോടതിക്കുമുണ്ട്. അങ്ങനെയുള്ള കുടിയിറക്കു സന്ദർഭങ്ങളിൽ ആമീൻ വസ്തു നടത്തുന്നതിനു വരുമ്പോൾ ബലപ്രയോഗം ഉണ്ടെന്നു കണ്ടാൽ പോലീസ് സഹായത്തിനപേക്ഷിക്കും. ആമീൻ പോലീസ് സഹായം അപേക്ഷിച്ചാൽ പോലീസ് സഹായം നൽകണമെന്നുള്ള വ്യവസ്ഥയുണ്ട്. അതിനെ കുടിയിറക്ക് എന്നു പറയുന്നത് ശരിയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പുറംപോക്കു സ്ഥലത്തുനിന്നും കുടിയിറക്കിക്കഴിഞ്ഞതിനുശേഷം രണ്ടാമത്ത് ആ സ്ഥലം കുത്തകപ്പാട്ടത്തിനു കൊടുക്കുന്നത് ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഭയങ്കരമായ തെററാണു്. അതു് നിവാരണം ചെയ്യേണ്ടതുമാണു്. ആ അധർമ്മത്തിനു് ഈ ഗവണ്മെൻറു് കൂട്ടുനിൽക്കുകയില്ല. ചിലപ്പോൾ കീഴു് ഉദ്യോഗസ്ഥന്മാരുടെ കുററംകൊണ്ടു് അങ്ങനെ ചില തെററുകൾ സംഭവിച്ചിട്ടുണ്ടാവാം.

ശ്രീ. കെ. കരുണാകരൻ: വസ്തു ഉടമസ്ഥനാണു് ഭൂമി കയ്യേറിയിട്ടുള്ളതെങ്കിൽ ആ വസ്തു ഒഴിപ്പിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയ്യേററം നിയമപ്രകാരം അല്ലെങ്കിൽ ആ ഒഴിപ്പിക്കൽ നടപടിയും ശരിയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: അനധികൃതമായി താമസിക്കുന്ന ഏതെങ്കിലും സ്ഥലം കോളനിക്കായി എടുക്കുമ്പോൾ അവിടെ താമസിക്കുന്നവരെ ഒഴിപ്പിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി അന്വേഷിക്കാമെന്നല്ലാതെ ഇപ്പോൾ ഒന്നും പറയാൻ നിവൃത്തിയില്ല:

ബഹുമാനപ്പെട്ട പുതുക്കാട്ടു മെംബർ വിമുക്തഭടന്മാരുടെ കോളനിയെ സംബന്ധിച്ചുള്ള കുടിയിറക്കു നോട്ടീസിനെപ്പററി പറയുകയുണ്ടായി. ഗവണ്മെൻറു് അതിനെപ്പററി ആലോചിച്ചുവരികയാണു്. പണ്ടു് യുദ്ധം നടന്നിരുന്ന കാലത്തു് യുദ്ധോദ്യമത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വിമുക്തഭടന്മാർക്കു് ഭൂമി തിരിച്ചുവയ്ക്കുകയുണ്ടായി. അതു് കടലാസിൽ മാത്രമുള്ള ഒരു കാര്യമാണു്. ഇതു് സംബന്ധിച്ചു് ബഹുമാനപ്പെട്ട മെംബർ സീതാറാമിൻേറയും മി. പി. ആർ. കൃഷ്ണൻേറയും മനസ്സിൽ വച്ചിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചാണു് ഞാൻ പറയുന്നതു്. വിമുക്തഭടന്മാർക്കായി തിരിച്ചുവച്ച ഭൂമി അവർ കൈവശപ്പെടുത്തുന്നതിനു മുമ്പായിത്തന്നെ അന്നു് ഗവണ്മെൻറാഹ്വാനം ചെയ്തുകൊണ്ടിരുന്ന "ഗ്രോ മോർ ഫുഡ്ഡിനു" വേണ്ടി പലർക്കുമായി നൽകുകയുണ്ടായി. അനേകം ആളുകളെ ഈ ഭൂമി അതിലേക്കായി ഏൽപ്പിച്ചുകൊടുത്തു. താൽക്കാലികമായ ഒരു പാട്ടത്തിനാണു് കൊടുക്കുന്നതു്. ബഹുമാനപ്പെട്ട മെംബറന്മാർ കുടിയിറക്കി എന്നു പറയുന്നതിൽ ചിലതു് അങ്ങനെയുള്ളതാണു്. മററു ചിലതു് ഫോറസ്റ്റു്, റെവന്യൂ എന്നീ വിഭാഗത്തിൽപ്പെട്ട പുറംപോക്കുകളിൽ കയ്യേറിയതിനെ സംബന്ധിച്ചുള്ളവയാണു്. ഈ വക കാര്യങ്ങളെ സംബന്ധിച്ചു് ഒരു വ്യക്തമായ നയം ഗവണ്മെൻറു് സ്വീകരിക്കുന്നതായിരിക്കും. ഭൂമിയും വീടുകളും ഇല്ലാത്ത പരസഹസ്രം പാവങ്ങൾക്കു് ഉപകാരപ്രദമായ ഒരു നയം ആയിരിക്കണം ഇക്കാര്യത്തിൽ എടുക്കേണ്ടതു് എന്നു ഗവണ്മെൻറിനു വിചാരമുണ്ടു്. എന്നാൽ അതിനുള്ള സമയം കിട്ടുകയുണ്ടായില്ല. അതുകൊണ്ടാണു് ഏതുവിധത്തിലുള്ള പരിഹാരമാണുണ്ടാകേണ്ടതു് എന്നു ഗവണ്മെൻറു് ഇതുവരെ നിശ്ചയിക്കാതിരിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ: അഞ്ചേക്കറിൽ കവിയാത്ത ഭൂമി കൊടുക്കണമെന്നുള്ളതല്ലേ ഗവണ്മെൻറിൻെറ ഉദ്ദേശം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആവശ്യത്തിലധികം ഭൂമി ആരും കൈവശം വയ്ക്കാൻ പാടില്ല; ഇല്ലാത്തവരെ സഹായിക്കുക ഇതൊക്കെയാണു് ഗവണ്മെൻറിൻെറ നയം.

സർ, എനിക്ക് മറെറാരു കാര്യം പറയാനുള്ളതു് കുടികിടപ്പുകാരെപ്പററിയാണ്.

ശ്രീ. ടി. വി. തോമസ്: ഞാൻ ഒരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. സ്ഥലമില്ലാത്തവന് കേറി കിടക്കാൻ സ്ഥലം കൊടുക്കണമെന്ന് ആഗ്രഹമുണ്ടെന്നും, എന്നാൽ ഇല്ലാത്തവർക്കെല്ലാം കൊടുക്കുന്നതിന് സാധിച്ചില്ലായെന്നും പറയുന്നു. അങ്ങനെയാണെങ്കിൽ അതു് സാധിക്കുന്നതുവരെ ഇതിനെ സംബന്ധിച്ച് "സ്ററാററസ്കോ" മെയിൻറയിൻ ചെയ്യാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിവൃത്തിയുള്ളിടത്തോളവും അങ്ങനെ ചെയ്യാൻ നോക്കാം.

സർ, കുടികിടപ്പുകാരെപ്പററി എത്രതന്നെ വാദപ്രതിവാദങ്ങൾ രാഷ്ട്രീയച്ചുവയോടുകൂടി ചെയ്യുകയാണെങ്കിലും ഈ കാര്യങ്ങളിൽ അവർ മാത്രമല്ല, കാൺഗ്രസ്സ് പാർട്ടീകും, കാൺഗ്രസ്സ് ഗവണ്മെൻറിനും വളരെ വ്യക്തവും സുദൃഢവും ആയ നയപരിപാടികൾ ഉണ്ടെന്ന് ഞാൻ ഈ അവസരത്തിൽ ഉറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ. കുടികിടപ്പുകാരെ ഇറക്കിവിടാൻ പാടില്ലെന്നും, അവർക്ക് താമസിക്കുന്ന ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കണമെന്നും ഈ ഗവണ്മെൻറിന് അതിയായ താല്പര്യമുണ്ട്. എന്നാൽ, തിരുവിതാംകൂറിലും കൊച്ചിയിലും ഇവയെ സംബന്ധിച്ച് വ്യത്യസ്ഥമായ ഒരു നിലയാണ് കൈക്കൊണ്ടിരിക്കുന്നതു്. കൊച്ചിയിൽ ഞാൻ മന്ത്രിയായിരുന്ന കാലത്തു് ഇതുസംബന്ധിച്ച് ഒരു പ്രോക്ലമേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് കുടികിടപ്പുകാരനെ ഒരു കാരണവശാലും ഒഴിപ്പിക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ട്. ഒരു കുടികിടപ്പുകാരൻ, കുടികിടപ്പുകാരനാണെന്ന് രജിസ്റ്റർചെയ്യണമെന്ന് നിർബ്ബന്ധമില്ല. അങ്ങനെ നിർബ്ബന്ധം ഇല്ലാതിരിക്കവെതന്നെ കൊച്ചിയിൽ കുടികിടപ്പുകാരനെ ഇറങ്ങിപ്പോകാൻ പറയുന്നില്ല. എങ്കിലും അയാൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം കൊടുക്കാൻ പാടില്ലായെന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതെപ്പററി അനേകം സന്ദർഭങ്ങളിൽ സംയുക്തനിയമസഭകളിലും, കൊച്ചിയിലെ നിയമസഭകളിലും ഞാൻ പ്രസംഗിച്ചിട്ടുണ്ട്. ഇതു് ഒരു വ്യക്തിയുടെയോ ഒരു സമുദായത്തിൻെറയോ പ്രശ്നമല്ലെന്നും, മനുഷ്യസമൂഹത്തിൻെറ ഒന്നാകെയുള്ള ഒരു അടിയന്തിരപ്രശ്നമാണെന്നും, അതായതു് ഒരു "ഹ്യൂമൻ പ്രാബ്ലം" ആണെന്നും മനസ്സിൽവച്ചുകൊണ്ടാണു പറയുന്നതു്. കുടികിടപ്പുകാരൻ താമസിക്കുന്ന സ്ഥലം തൻെറ ഉടമയിൽപ്പെട്ടതാണെന്ന് ഒരുപക്ഷെ, യാഥാസ്ഥിതികന്മാരായ നിയമജ്ഞന്മാർ വാദിക്കുകയാണെങ്കിൽ അതും തെററാണെന്നു പറയാൻ ഞാൻ ഒരുക്കമല്ല. ഒരു കൺസർവേററിവ് ലായർ എന്നുള്ള വീക്ഷണകോണത്തിൽനിന്നുകൊണ്ട് നോക്കിയാൽ, ഒരാൾ വിലകൊടുത്തു് വാങ്ങിയ വസ്തു, അതിൻെറ രജിസ്ട്രേഷൻ അയാളുടെ പേരിൽ, കരം അയാളുടെ പേരിൽ, അങ്ങനെയിരിക്കെ മറെറാരാൾ ആ സ്ഥലത്തുവന്ന് കയ്യേറുകയെന്നുവച്ചാൽ ഉടമസ്ഥാവകാശത്തെ ധ്വംസിക്കുക എന്നർത്ഥമാണ്. അതുകൊണ്ട് ഭൂമിയിൽനിന്നും അയാളെ ഇറക്കിവിടണമെന്നുള്ള വാദം ഒരുതരത്തിൽ ശരിയാണ്. എങ്കിലും അയാൾക്കും ലോകത്തു് ജീവിക്കണമല്ലോ. രാപ്പകൽ വ്യത്യാസം ഇല്ലാതെ മഴയെന്നോ, വെയിലെന്നോ നോക്കാതെ ജീവിതം തള്ളിവിടുന്ന

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

തിനുവേണ്ടി ബുദ്ധിമുട്ടുന്ന ഒരു സാധുവിന് എവിടെയെങ്കിലും ഒന്നു കേറികിടക്കാൻ സ്ഥലം ഇല്ലെന്നു വരുന്നതു ധർമ്മമാണോ? അയാൾക്ക് സൂചികുത്താൻപോലും സ്ഥലം കൊടുക്കുകയില്ലായെന്നു പറയുന്നതു് നീതിയാണോ? പക്ഷെ, സൂചികുത്താൻ സ്ഥലം കൊടുക്കുകയില്ലെന്നു പറഞ്ഞാൽ സൂചികുത്താൻ മാത്രമല്ല, രാജ്യം മുഴുവനും കൊടുക്കേണ്ടിവരുമെന്നു് ഈ യാഥാസ്ഥിതികന്മാർ അറിഞ്ഞിരിക്കേണ്ടതാണു്. (ഹിയർ, ഹിയർ) അതുകൊണ്ടാണു് ഞാൻ പറയുന്നതു് ഇങ്ങനെയുള്ള കുടികിടപ്പുകാർക്ക് ഭൂമിയിൽ സ്ഥിരാവകാശം കൊടുക്കണമെന്നും അവരെ ഒരുവിധത്തിലും അവിടെനിന്നും ഇറങ്ങിപ്പോകാൻ നിർബ്ബന്ധിക്കരുതെന്നും. ഇവിടെ ഹാജരാക്കിയിരിക്കുന്ന ഈ ബില്ലിൽ ഈവക കാര്യങ്ങൾക്കു വേണ്ടി വ്യവസ്ഥകൾ കൊള്ളിച്ചിട്ടുണ്ടു്. ഇതിനുമുമ്പ് തിരുവിതാംകൂറിൽ ഉണ്ടായിരുന്ന നിയമത്തിൽ കുടികിടപ്പുകാരൻ രജിസ്റ്റർ ചെയ്തെങ്കിൽ മാത്രമെ സ്ഥിരാവകാശം കൊടുക്കുകയുള്ളുവെന്നു നിബന്ധനയുണ്ടു്. അതേ അവസരത്തിൽ രജിസ്റ്റർചെയ്യാൻ സാധിച്ചിട്ടില്ലാത്ത അനവധി സാധുക്കൾ ഇന്നും കുടികിടപ്പിൻെറ പേരിൽ രാജ്യത്തു് താമസിക്കുന്നുണ്ടു്. അങ്ങനെ താമസിക്കുന്നവർക്കു് രജിസ്ട്രേഷൻ നടത്താത്തതുമൂലം ഒരു കുടികിടപ്പുകാരനു് കിട്ടുന്ന അവകാശവും അനുകൂലവും ലഭിക്കുന്നതിനു് സാധിച്ചിട്ടില്ല. തന്നിമിത്തം അവരെ ഇറക്കിവിടുകയാണു് ചെയ്തുകൊണ്ടിരിക്കുന്നതു്. അങ്ങനെ ഇറക്കിവിടാതിരിക്കത്തക്കവിധത്തിൽ, നിലവിലിരിക്കുന്ന നിയമത്തിൽ ഭേദഗതി വരുത്താൻവേണ്ടിയാണു് ഈ ബിൽ ഒരു സെലക്റ്റുകമ്മിററിക്കു് അയക്കണമെന്നു ശുപാർശ ചെയ്യുന്നതിനുവേണ്ടി ഇന്നത്തെ അജണ്ടായിൽ കൊടുത്തിട്ടുള്ളതു്. അതുകൊണ്ടു് ഈ ബിൽ ഇന്നുതന്നെ സെലക്റ്റുകമ്മിററിക്കു് അയയ്ക്കുകയും എത്രയുംവേഗം വേണ്ട മാററങ്ങൾ വരുത്തി പാസ്സാക്കിയെടുക്കുകയും നമ്മുടെ നിയമസംഹിതയിൽ അതിനു് ഒരു സ്ഥാനം കൊടുക്കുകയും ചെയ്യേണ്ടതാണു്.

സർ, ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിനെപ്പററി ഒല്ലൂർ മെംബർ ഉന്നയിച്ച വാദമുഖങ്ങൾ അക്ഷരംപ്രതി ശരിയാണെന്നു ഞാൻ സമ്മതിക്കുന്നു. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറു് എന്നു പറയുമ്പോൾ നമ്മുടെ രാജ്യത്തു് നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനും, കൂടുതലായി വ്യവസായങ്ങൾ ഉൽപാദിപ്പിച്ചു് വളർത്തുന്നതിനും അതിലേയ്ക്കുള്ള നയങ്ങൾ ആവിഷ്കരിക്കുന്നതിനും മററുമുള്ള സ്ഥാപനം എന്നാണു് ഉദ്ദേശിച്ചിരിക്കുന്നതു്. എന്നാൽ, ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിൽപിന്നീടു് ഈവക കാര്യങ്ങളെ സംബന്ധിച്ചു് ഒന്നും ചെയ്തിട്ടില്ലായെന്നു് പറയുന്നുവെങ്കിൽ മിക്കവാറും ശരിയാണെന്നാണു് എനിക്കു പറയുവാനുള്ളതു്. ഈ മന്ത്രിസഭ അധികാരത്തിൽ വന്നയുടനെ ചെയ്തിട്ടുള്ള തീരുമാനങ്ങളിലൊന്നു് നമ്മുടെ രാജ്യത്തിലെ വ്യവസായങ്ങളുടെ പ്രവർത്തനരീതി എന്തായിരിക്കണമെന്നും, അവയുടെ അധികാരങ്ങൾ എന്തൊക്കെയായിരിക്കണമെന്നും ഉള്ളതിലേയ്ക്കു് ഒരു റസല്യൂഷൻ പാസ്സാക്കുക എന്നുള്ളതായിരുന്നു. വ്യവസായഡിപ്പാർട്ടുമെൻറു് രാജ്യത്തെ ഏററവും പ്രധാനപ്പെട്ട ഒരു ഡിപ്പാർട്ടുമെൻറായിരിക്കണമെന്നും ഇന്നത്തെ ഏതാനും കാമേഴ്സ്യൽ സ്കൂളുകളും മററും കൊണ്ടു് വ്യവസായോദ്ധാരണം അതർഹിക്കുന്ന വിധത്തിലുള്ള ഫലപ്രാപ്തിയിൽ എത്തിച്ചേരുകയില്ലായെ

ന്നമുള്ള ബോധം ഗവൺമെന്റിനുണ്ട്. അതുകൊണ്ട് ആ കാര്യങ്ങൾ ഗവൺമെന്റിന്റെ ഗാഢമായ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചിരിക്കുകയാണ്.

ബഹുമാനപ്പെട്ട മെംബർ കെ. സി. എബ്രഹാം ജലവിതരണപദ്ധതിയെ സംബന്ധിച്ച് പറഞ്ഞ അവസരത്തിൽ കുഴൽക്കിണറുകൾ കുഴിക്കുന്നതുകൊണ്ട് ആവശ്യം മതിയാകുകയില്ലെന്നും, അതിലേയ്ക്ക് മറ്റെന്തെങ്കിലും പോംവഴി ചെയ്യേണ്ടതാണെന്നും പറയുകയുണ്ടായി. കുഴൽക്കിണറുകൾകൊണ്ട് ആവശ്യം നിറവേറ്റാൻ സാധിക്കുന്നില്ലെങ്കിൽ അതിലേയ്ക്ക് വേണ്ട നടപടികൾ എടുക്കാൻ ഗവൺമെന്റ് തയ്യാറാണ്. അപ്രോപ്രിയേഷൻ ബില്ലിനെ സംബന്ധിച്ചുണ്ടായ ചർച്ചകളിൽ എനിക്ക് പറയാനുള്ള മറുപടി ഇത്രയേയുള്ളുവെന്നാണ് ഞാൻ വിചാരിക്കുന്നത്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: സർക്കാർ സർവ്വീസിലിരിക്കുന്ന അദ്ധ്യാപികമാർക്ക് അനുവദിക്കപ്പെടുന്ന നാലു മാസത്തെ പ്രസവകാലാവധിക്ക് മുഴുവൻ വേതനവും കൊടുക്കുന്നില്ലായെന്നു പരാതിപ്പെടുകയുണ്ടായല്ലോ? അതിനൊരു മറുപടി എന്താണ് പറയാനുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രസവകാലാവധിയെ സംബന്ധിച്ച് പലവിധത്തിലുള്ള ഡിസ്ക്രിപ്പൻസി ഉണ്ട്. എന്നാലും ആ കാര്യം ഞാൻ പരിശോധിക്കാമെന്നു മാത്രമേ ഇപ്പോൾ പറയാൻ നിവൃത്തിയുള്ളു.

The question that the Travancore-Cochin Appropriation (Vote on Accounts) Bill, 1955 be taken up for consideration, was put and carried.

CLAUSES 2 AND 3.

The question that Clauses 2 and 3 stand part of the Bill was put and carried.

Clause 2 and 3 were added to the Bill.

SCHEDULE.

The question that the Schedule stands part of the Bill was put and carried.

The Schedule was added to the Bill.

PREAMBLE AND TITLE.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title of the Bill were added to the Bill.

Shri Panampilli Govinda Menon : I move that the Travancore-Cochin Appropriation (Vote on Account) Bill, 1955 may be finally passed.

Shri A. J. John - I second it.

The question that the Bill be finally passed was put and carried.

The Bill was finally passed.

The Travancore-Cochin Agricultural Income-tax (Amendment) Bill.

Chief Minister **(Shri Panampilli Govinda Menon)**: I move that the Travancore-Cochin Agricultural Income Tax Amendment Bill as reported by the select committee be taken up for consideration.

Home Minister **(Shri A. J. John)**: I second it.

[11 A. M.] ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, കഴിഞ്ഞ തവണ ഈ ബിൽ ഈ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ ഇതിന്റെ ഉദ്ദേശങ്ങൾ ഇന്നതെല്ലാമാണെന്നു ഞാൻ പ്രസ്താവിക്കയുണ്ടായി. മാത്രമല്ല, എറണാകുളം മെമ്പർ ശ്രീ. ചുമ്മാർ ഈ ബില്ലിലെ ചില സാങ്കേതികവശങ്ങളെ സംബന്ധിച്ചും അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ട്. അങ്ങനെ പല സാങ്കേതിക വശങ്ങളും ഉൾക്കൊള്ളുന്ന ഒരു ബില്ലായതുകൊണ്ട് ഈ ബില്ലിനെ സെലക്റ്റ്കമ്മിറ്റിയുടെ അഭിപ്രായത്തിനായി അയയ്ക്കുകയുണ്ടായി. മി. ചുമ്മാർ ഉൾപ്പെടെ മറ്റെല്ലാ സെലക്ട് കമ്മിറ്റി അംഗങ്ങളും ഈ ബിൽ പാസ്സാക്കുന്നതിനെ സംബന്ധിച്ചു അഭിപ്രായവ്യത്യാസം ഇല്ലായെന്നു രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ വാദപ്രതിവാദം വേണമെന്നു തോന്നുന്നില്ല. ഈ ബില്ലിനെപ്പറ്റി സംക്ഷിപ്തമായി അതിന്റെ ഉള്ളടക്കം എന്താണെന്നു ഞാൻ ഒന്നു വിശദമാക്കാം. സർ, ഇപ്പോൾ നിലവിലുള്ള ബില്ലിലെ ഒരു വകുപ്പനുസരിച്ചു കാർഷികാദായം എടുത്തുകൊണ്ടിരിക്കുന്ന കമ്പനികളിൽ, ആ കമ്പനികൾ കാർപ്പറേഷൻ കമ്പനികളായാലും കൊള്ളാം, മററു തരത്തിലുള്ള കമ്പനികളായാലും കൊള്ളാം, കാർഷികമായ വിഭവങ്ങൾ ലഭിക്കുന്നതുകൊണ്ട് അതിലേയ്ക്കു ഒരു നികുതി ചുമത്തിയിരിക്കുകയാണ്. ഇങ്ങനെ നികുതി ചുമത്തപ്പെട്ടിരിക്കുന്നതു ഒരു രൂപയ്ക്കു ആറണ എന്ന നിരക്കിലാണ്. ഈ നിരക്കനുസരിച്ചു കമ്പനികളിൽ നിന്നും സർക്കാരിലേയ്ക്കു തുക വസൂലാക്കി കഴിഞ്ഞാൽ കമ്പനി മുഖാന്തിരം ആ കമ്പനിയിലെ ഓഹരിക്കാർക്കു സർക്കാരിൽനിന്നും റീഫണ്ടു കൊടുക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുനിമിത്തം നമ്മുടെ വരുമാനത്തിൽ സാരമായ കുറവുവരുന്നതുകൊണ്ട് അതു പരിഹരിക്കുന്നതിനു വേണ്ടിയാണ ഈ ഭേദഗതിബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. നിയമപരമായി നോക്കുകയാണെങ്കിൽ ഡിവിഡന്റു വാങ്ങിക്കുന്ന ഒരു ഓഹരിക്കാരൻ സമ്പാദിക്കുന്നതു കാർഷികാദായം അല്ലെന്നാണ്. എന്തുകൊണ്ടെന്നാൽ യാതൊരുവിധ കാർഷികപ്രവർത്തനങ്ങളും നടത്തിയിട്ടല്ലാ ഈ ആദായം അയാൾക്കു കിട്ടുന്നതു്. ആ സ്ഥിതിയ്ക്കു കമ്പനിയിൽനിന്നും കാർഷികാദായത്തിന്റെ പേരിൽ വസൂൽ ചെയ്യുന്ന തുകയുടെ ഭൂരിഭാഗവും ഓഹരിക്കാർക്കു മടക്കികൊടുക്കുന്നതിനു നിയമം അനുവദിക്കുന്നില്ല. നമ്മുടെ രാജ്യത്തു റബ്ബർ, തേയില തുടങ്ങി വലിയ കമ്പനികൾ പ്രവർത്തനം നടത്തികൊണ്ടിരിക്കുകയാണ്. അവയിൽനിന്നും കിട്ടുന്ന ആദായത്തിന്റെ സിംഹഭാഗവും ഓഹരിക്കാർക്കു പങ്കിട്ടുകൊടുത്താൽ രാജ്യത്തിന്റെ വരുമാനത്തെ അവ സാരമായി ബാധിക്കുന്നതാണ്. മാത്രമല്ല അങ്ങനെ കൊടുക്കുന്നതിനു നിയമവും അനുവദിക്കുന്നില്ല. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ പൂർവ്വകാല പരിഗണനവച്ചു പാസ്സാക്കുന്നതിനുവേണ്ടിയാണ് കൊണ്ടുവന്നിരിക്കുന്നതു്. അതുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. മഞ്ജനാഥപ്രഭു: ഏതു വകുപ്പിനെപ്പറ്റിയാണ് ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കമ്പനികളിൽനിന്നും കാർഷികാദായം വസൂലാക്കിയാൽ അതിന്റെ ഏതെങ്കിലും ഭാഗം കമ്പനിയിലെ ഓഹരിക്കാർക്ക് കൊടുക്കണമോ, വേണ്ടയോ എന്നുള്ള കാര്യം ഉൾക്കൊള്ളുന്ന വകുപ്പാണ്.

Shri Manjunatha Prabhu: clause (i) defining the word Dividend, shall be omitted ഈ വകുപ്പിനെപ്പറ്റിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ. ഗവണ്മെന്റ് കാർഷികാദായത്തിന്മേൽ നികുതി ചുമത്തിക്കഴിഞ്ഞിട്ട്, അതു ഓഹരിക്കാർക്ക് മടക്കിക്കൊടുക്കുകയാണെങ്കിൽ ഡിവിഡന്റ എന്ന വാക്കിന്റെ നിർവചനത്തിൽ വരികയില്ല. ഒരു റബ്ബർ കമ്പനിയുടെ ഓഹരിക്കാരനു കിട്ടുന്നതു കാർഷികാദായമല്ല. അല്ലെന്നു ഈയിടെ ബാംബേ ഹൈക്കോടതിയിലും സുപ്രീംകോടതിയിലും വിധിയുണ്ടായിട്ടുണ്ട്. റബ്ബർകമ്പനിയിലോ തേയിലകമ്പനിയിലോ ഉള്ള ഓഹരിക്കാരനു കിട്ടുന്ന ഡിവിഡന്റ കാർഷികാദായമല്ലെങ്കിൽ കാർഷികാദായത്തെക്കുറിച്ചു പ്രതിപാദിക്കുന്ന ഒരു നിയമത്തിൽ ആ ഡിവിഡന്റിനെപ്പറ്റിയുള്ള നിർവചനം ആവശ്യമില്ല. ആദ്യത്തെ ഡെഫനിഷൻക്ലാസിൽ അനന്തരം വരുന്നവാക്കുകളെപ്പറ്റി മാത്രമേ പറയേണ്ടതുള്ളു. ഡിവിഡന്റ് എന്ന ഡഫനിഷൻക്ലാസ്സു കഴിഞ്ഞാൽപിന്നെ വരുന്നില്ല. അതുകൊണ്ടാണ ഇതു എടുത്തുകളയണമെന്നു പറയുന്നത്.

Shri A. A. D. Luiz: How is it going to be described after the word "dividend" is taken away ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതു പാസായി കഴിഞ്ഞാൽ ഒരു കമ്പനി കാർഷികാദായനികുതി കൊടുത്തുകഴിഞ്ഞാൽ അതു ഷെയർഹോൾഡേഴ്സിനു മടക്കിക്കിട്ടുകയില്ല. ഇപ്പോഴാണെങ്കിൽ അതു മടക്കികൊടുക്കവാനുള്ള വ്യവസ്ഥയുണ്ട്. അതു കൊടുക്കുകയില്ല. അതു സർക്കാരിന്റെ ജനറൽ റവന്യൂവിൽ പോകും.

ശ്രീ. മഞ്ജനാഥപ്രഭു: ഇതെടുത്തുകളയുകയാണെങ്കിൽ അവരുടെ ടോട്ടൽ ഇംകത്തിൽ ഡിവിഡന്റ ചേർക്കുവാൻ ഒക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് പരിചയമുള്ള ആളുകൾ പറയേണ്ടതാണ്.

ശ്രീ. മഞ്ജനാഥപ്രഭു: ഞാൻ പറയുന്നതു ചില ആളുകൾക്ക് പല കമ്പനികളിൽനിന്നും ഡിവിഡന്റ കിട്ടേണ്ടതായിരിക്കും. ആ ഡിവിഡന്റുകൾ എല്ലാം ഒരുമിച്ചുചേർത്താൽ മാത്രമേ ടോട്ടൽ ഇംകം വർദ്ധിപ്പിച്ചു കാണിക്കുവാനും അതിനു് സൂപ്പർടാക്സ് ചുമത്തുവാനും സാധിക്കുകയുള്ളൂ. അതില്ലെങ്കിൽ ആ ഇനത്തിൽ ഗവണ്മെന്റിനു നഷ്ടം വരികയുംചെയ്യും. ഈ ആണ്ട് കൂടുതൽ തുക ആ ഇനത്തിൽ പ്രതീക്ഷിക്കയും ചെയ്യുന്നുണ്ട്. ആ പ്രതീക്ഷകൾ തെറ്റുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇന്നത്തെ നിയമപ്രകാരം ഡിവിഡൻറ് കാർഷികാദായമല്ല. അങ്ങനെയല്ലാത്തതുകൊണ്ടു അതു കാണിക്കേണ്ട ആവശ്യമില്ല.

ശ്രീ. മഞ്ജനാഥപ്രഭു: അഗ്രിക്കൾച്ചറൽ ഇൻകം എന്താണെന്നുള്ളതിനെപ്പററി പല വിധികളും ഉണ്ടായിട്ടുണ്ടു്. ഇൻഡ്യൻ ഇൻകം ടാക്സ് നിയമമനുസരിച്ചും കാർഷികാദായനിയമമനുസരിച്ചും, അറുപതു ശതമാനം, നാൽപതുശതമാനം എന്ന തോതുണ്ടെങ്കിൽതന്നെയും കാർഷികാദായനികുതിയിൽ ഉൾപ്പെടുമെന്നു വ്യാഖ്യാനിക്കത്തക്കരീതിയിൽ വിധികൾ ഉണ്ടായിട്ടുണ്ടു്. ആ വശംകൂടി ആലോചിച്ചു ബില്ല് പാസാക്കണമെന്നാണു് അപേക്ഷിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എല്ലാ വശങ്ങളും ആലോചിച്ചു. ലേററസ്റ്റായിട്ടുള്ള സുപ്രീം കോടതിവിധി അനുസരിച്ചു് ഡിവിഡൻറ് അഗ്രിക്കൾച്ചറൽ ഇൻകം അല്ല. മാത്രമല്ല, ഇതു കാർഷികാദായമായി കണക്കാക്കണമെന്നുണ്ടെങ്കിലും അതിനു ഈ ബില്ല് തടസ്സമല്ല.

ശ്രീ. മഞ്ജനാഥപ്രഭു: ക്ലാസ് രണ്ടിൽ പറയുന്നതു ഇങ്ങനെയാണു്.

SECTION 2, CLAUSE (i):—

"(1) Clause (i) defining the word "Dividend" shall be omitted;" and

"(2) in clause (s) defining the expression "Total Agricultural Income", for the words, brackets, letters and figures "clauses (a) to (d) of Section 10", the words, brackets, letters and figures "clauses (a), (c) and (d) of Section 10" shall be substituted.

This latter amendment means that Section 10(b) is to be omitted from the Act. And what does that Section 10(b) say? It says:

"Agricultural Income-tax shall not be payable on that part of the total agricultural income of a person which is any dividend which he receives as a share-holder out of the agricultural income of a company which has certified that it has paid or will pay the tax under this Act in respect of the agricultural income of such Company."

ഇതു രണ്ടും വച്ചുകൊണ്ടു നോക്കുമ്പോൾ ഡിവിഡൻറുകൂടി കണക്കാക്കണമെന്നാണു് തോന്നുന്നതു്. ഇൻഡ്യൻ ഇൻകംടാക്സ് ആക്ററ് അനുസരിച്ചു് ഇങ്ങനെയാണു്.

(Sec. 2(6)—Para 87 of the Indian Income-Tax Act, Vol. II, by A. C. Sampath Iyengar):

"*Direct Taxation of Shareholder.*—A company being a corporate body and having a legal existence apart from its shareholders, when it pays tax, it does so on its own behalf and in respect of its own profits. It is not an agent of its share-holders nor can it be said to pay tax as an agent of its shareholders

Hence, when later the profits are distributed amongst the shareholders, the shareholders are liable to pay tax in respect of the dividends received by them, such dividends being the income of the shareholders, just as any other income is. But, by virtue of section 49B, the shareholders shall be 'deemed' to have themselves paid the income-tax in respect of the dividends to the extent to which the company has paid. The same principle underlies section 16(2) and section 18(5), by the combined operation of which, income-tax payable by the company on the dividends is treated as a payment made on behalf of the shareholders and they are given credit therefor in their individual assessments. By virtue of section 48, a shareholder is further entitled to obtain a refund of any extra income-tax (*i. e.*, extra as compared to the appropriate tax on his total income) levied on him in respect of his dividends, because, within the meaning of section 48, the payment by the company of income-tax is one deemed to be made by him or on his behalf"

ഇതിൽ പറയുന്നതു കമ്പനി കൊടുക്കുന്നതു ഷെയർഹോൾഡേഴ്സിനു കൊടുക്കുന്നതായിട്ടാണ്. ഞാൻ ഇതെല്ലാം ഇവിടെ പറയുന്നതു ഡിവിഡന്റ് ഇതിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ നമുക്ക് ഒരു വലിയ തുക ആദായനികുതിയിൽ നഷ്ടമാകും എന്നുള്ളതുകൊണ്ടാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട കോതമംഗലം മെംബരുടെ ഉൽക്കണ്ഠ എന്താണെന്നു മനസ്സിലാകുന്നില്ല. നമ്മുടെ രാജ്യത്തെ കാർഷികകമ്പനികളിൽനിന്നു നല്കുന്ന ഡിവിഡന്റ് വാങ്ങിക്കുന്ന ഷെയർഹോൾഡേഴ്സിൽ നമുക്ക് കാർഷികാദായനികുതി തരുവാൻ ചുമതലപ്പെട്ടവർ വളരെ കുറച്ചുമാത്രമാണ്. മററുവിധത്തിൽ പറയുകയാണെങ്കിൽ അങ്ങനെ ഡിവിഡന്റ് വാങ്ങിക്കുന്ന ഓഹരിക്കാർ മിക്കവാറും കാർഷികാദായനികുതി തരുവാൻ ചുമതലപ്പെട്ടവരല്ല. അങ്ങനെയുള്ളതുകൊണ്ടു ബഹുമാനപ്പെട്ട മെംബർ പറയുന്ന വിഷമം ഈ കാര്യത്തിൽ വരികയില്ല. ഡിവിഡന്റ് കാർഷികാദായമല്ലാത്തിടത്തോളം അതിനെ കാർഷികാദായമാക്കുന്നതു ശരിയല്ല.

Shri A. A.D. Luiz : Sir, the Chief Minister has remarked that the purpose of this enactment is to cut out all possibilities of the refund of dividend. Though I am in favour of getting as much revenue as this State can possibly get, I have a feeling, Sir, that the total denial of refund may adversely affect not only the people of the higher income level but also the middle income people of the State. It may not very much affect those of the very low income level. I do not know how far Government would be justified in withholding legitimate refund. I also doubt whether it is constitutionally permissible because all agricultural income, the moment it is transferred by the Company to the shareholder, ceases to be an agricultural income for the purpose of taxation, and it becomes by a legal fiction 'income from other sources' which will be subject to taxation under the Other Central India Income-Tax Act. We may also argue that most of our share capital contributors are from outside the State and do not deserve any sympathy. Would such an attitude be justifiable? We must imagine for a moment the immediate

[Shri A. A. D. Luiz]

adverse effect a Law of this sort is going to have on the stocks and shares in this State and outside. Prices are definitely going to be adversely affected. I don't know how far this act of ours will be justified. It may be that we have not so far issued refund of dividends but the people who have claimed it are all living in hopes. When we turn to the Centrally Administered Income-Tax we find that dividend is not subjected to any sort of relief but it is subjected to taxation thereon. Now, according to this law, I do not know how far we will be justified in refusing refund to a man who will be residing in another State's jurisdiction. I would request this House to consider another aspect. Our stocks and shares very much depend on the value they get in the various stock exchanges that are outside this State. As a matter of fact, most of the stock exchanges are outside. To have a legislation shutting out refund of dividends, I am afraid it is going to have adverse results on stock and share prices. I may reiterate that I am not against collecting more and more money from the pockets of the people of the State, but in some cases as the one we are now considering, it may have adverse consequences and as such I would recommend to Government to bring in a law whereby the higher grade of people alone are affected and people with normal income are not affected by this Amending Act.

ശ്രീ. മഞ്ജുനാഥപ്രഭു: മുഖ്യമന്ത്രി ഇവിടെ പ്രസ്താവിച്ചു, ഷെയർ ഹോൾഡേഴ്സിന് റീഫണ്ട് കൊടുത്താൽ നാട്ടിനു് നഷ്ടമാണെന്നു്. അങ്ങനെയുള്ളവർക്ക് ഡിവിഡൻറു് കൊടുക്കാനവകാശമില്ല. നമ്മുടെ ആക്ടിലെ 46-ാംവകുപ്പിനു തുല്യമായി ഇൻഡ്യൻ ഇൻകംടാക്സ് ആക്ട് സെക്ഷൻ 41-ൽ റീഫണ്ടുകാര്യം ചർച്ചചെയ്യുന്നുണ്ടു്. ആ ഭാഗം ഞാൻ വായിക്കാം.

"Payment of tax by Company deemed payment by shareholders:

The object of this section is to avoid double taxation in respect of income tax on dividends. The Company pays tax on its profits and when these profits are distributed as dividends to the shareholders, to tax them once again would be to tax the dividends twice. The scheme of the Act hence is that the shareholders should not be made to pay tax twice and this is brought about by this section in conjunction with Section 48. Under that section, if an assessee satisfies the Income Tax Officer that the tax paid by him or on his behalf or treated as paid on his behalf for any year exceeds the amount properly payable by him, he shall be entitled to a refund of such excess."

റീഫണ്ട് കിട്ടണമെന്നുവരികിൽ കൊടുക്കാൻ ബാദ്ധ്യതയുള്ളതിൽ കൂടുതൽ കൊടുത്തിരിക്കണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേതുപുസ്തകമാണ്?

ശ്രീ. മഞ്ജുനാഥപ്രഭു: സമ്പത്തുകാരുടെ പുസ്തകമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇൻഡ്യൻ ഇൻകം ടാക്സ് സംബന്ധിച്ച പുസ്തകമാണ്. അതിവിടെ പ്രസക്തമല്ല.

ശ്രീ. ആർ. ശങ്കരനാരായണൻ തമ്പി: സർ, ഒരു പായന്റ് ഓഫ് ഓർഡർ. ഈ ബില്ലിന്റെ സെലക്ട് കമ്മിററി റിപ്പോർട്ടാണ് സഭയുടെ മുമ്പിൽ വച്ചിരിക്കുന്നതു്. ഭേദഗതി അവതരിപ്പിച്ചു് എന്തെങ്കിലും മാററം വരുത്തുന്നതിനു് വാദപ്രതിവാദം ചെയ്യാമെന്നല്ലാതെ ജനറൽ പ്രിൻസിപ്പിളിനെ സംബന്ധിച്ചു് വാദപ്രതിവാദം ആകാമോ എന്നു് ഒരു റൂളിംഗ് കിട്ടണം.

Mr. Deputy Speaker: You are perfectly right. I think that this is not the stage at which the hon. Member can make an observation like this.

ശ്രീ. മഞ്ജുനാഥപ്രഭു: അമൻറ്മെൻറ് കൊണ്ടുവരാൻ രണ്ടു ദിവസം സമയം വേണം. ഇന്നത്തേക്കു് ബില്ലിന്റെ ചർച്ച ഉൾപ്പെടുത്തിയിരിക്കുന്നതായി ഇന്നലെ മാത്രമെ അറിയാൻ കഴിഞ്ഞുള്ളു. രണ്ടു ദിവസം കഴിഞ്ഞു് ബിൽ ചർച്ചക്കെടുത്താൽ അമൻറ്മെൻറ് അവതരിപ്പിക്കാൻ തയ്യാറാണ്.

Shri S. Seshadrinatha Sarma: The point is that when a poor man is not benefited the rich man will get the benefit. It is the poorer section of the people who will not get the refund. So I plead that sufficient time may be given for the consideration of this provision.

Shri Panampilli Govinda Menon: I think the hon. Members have enough time. Now, I can answer all these objections in my reply. I don't think that there is any objection as is stated by Mr. Sarma and Mr. Prabhu. In the Select Committee everyone agreed to this provision. There is absolutely no reason to think that the poor people are affected and the rich are benefited. There is nothing like that.

Shri R. Sankaranarayanan Tampi: Sir, on a point of order. The question before the House is in respect of the procedure in regard to this Bill. Some hon. Members moved that more time may be given since the time, as provided under the rules has not been given. I am of the opinion that more time may be given.

Shri Panampilli Govinda Menon: If the statutory time has not been given, I don't stand in the way. I don't know what the office has done in that matter.

ശ്രീ. മഞ്ജുനാഥപ്രഭു: അമൻറ്മെൻറ് രണ്ടു ദിവസം മുമ്പ് കൊടുക്കണമെന്നാണ് റൂൾ. ഇന്നലെ അജണ്ടാ കിട്ടിയപ്പോഴാണ് ഈ ബിൽ ഇന്നു് അവതരിപ്പിക്കുന്നതായി അറിഞ്ഞതു്. ആ നിലക്കു് സമയം
* ഉണ്ടായിരുന്നുവെന്നു പറയുന്നതു് എങ്ങനെയാണെന്നു മനസ്സിലാകുന്നില്ല.

Mr. Deputy Speaker: I think, in that case, it can be postponed. The Bill will be taken up for consideration after two days.

Shri Panampilli Govinda Menon: Sir, with respect to the Agricultural Income Tax (Amendment) Bill, let it be taken that amendments, if any, may be looked into even today.

Shri K. C. George: But, Sir, there may be people who find it inconvenient to give the amendments today, and moreover, sufficient notice has not been given.

Shri P. S. Nataraja Pillai: May I point out, Sir, that the bill has been included in the Agenda of the 28th. It needs only two days to move the amendments. We are on the 29th now and tomorrow the amendments may be available, and day after tomorrow they may be taken. The fact that the financial year is ending on the 31st March may also be taken into consideration by the House.

Mr. Deputy Speaker: There is one difficulty. The question of extending the business of the House can come only after the demands are taken.

The Travancore-Cochin Prevention of Eviction of Kudikidappukars Bill. (*Contd.*)

<u>ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള</u>: സർ, കഴിഞ്ഞ ദിവസം ഞാൻ ഈ ബില്ലിനെപ്പററി സംസാരിച്ചുകൊണ്ടിരുന്നപ്പോൾ രാജ്യത്താകെ നടന്നുകൊണ്ടിരിക്കുന്ന ഒഴിപ്പിക്കലുകളുടെ ഭീകരതയെപ്പററി പറയുകയുണ്ടായി. ഞാൻ അന്നു ചില വസ്തുതകൾ നിരത്തി വച്ചതിൽ ഒരെണ്ണം തിരുത്താൻ ആദ്യമായി ആഗ്രഹിക്കുന്നു. പാലമേൽ ഒരു പുര പൊളിച്ചു കളയുന്നതിനുവേണ്ടി അവിടത്തെ ചില കാൺഗ്രസ്സ് പ്രമാണികൾ ഒരു റൌഡിവെട്ടു തുടങ്ങിയിട്ടുള്ളതിനെ അവിടത്തെ കർഷകത്തൊഴിലാളി യൂനിയൻ എതിർത്തതിന്റെ ഫലമായി പുര അവിടെത്തന്നെ നില്ക്കുന്നു എന്നാണ് അന്നു ഞാൻ പറഞ്ഞതു്. എന്റെ പ്രസംഗത്തിന്റെ പത്രറിപ്പോർട്ടു വന്നതിനുശേഷം മിനിഞ്ഞാന്നു് ആ പുര കത്തിച്ചുകളഞ്ഞു എന്നാണ് അറിവു കിട്ടിയിരിക്കുന്നതു്. ഒരു തിരുത്തു് എന്നുള്ള നിലയിൽ ആദ്യമായി ഞാൻ ഇതു പ്രസ്താവിക്കുകയാണ്. അന്നു് ഞാൻ സംസാരിച്ചശേഷം നമ്മുടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന അനീതിപരമായ കുടിയിറക്കലുകളെപ്പററി വളരെ അധികം കത്തുകൾ എനിക്കു് കിട്ടിയിട്ടുണ്ടു്. അതിന്റെ എല്ലാം ഒരു പട്ടിക ഇവിടെ നിരത്തിവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കാൺഗ്രസ്സുപാർട്ടിയിൽ തന്നെയുള്ള, മന്ത്രിനോടു് അല്ലമെങ്കിലും ബന്ധമുള്ള ആളുകൾ ഇതിനെപ്പററി സംസാരിച്ചു കഴിഞ്ഞിട്ടുണ്ടു്. ശ്രീ. മാക്കേംസ് കുടിയിറക്കിന്റെ ഭീകരതയെപ്പററി കാൺഗ്രസ്സുപാർട്ടിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ പ്രതിപാദിച്ചു. എനിക്കു കിട്ടിയ വിവരങ്ങളിൽ പ്രധാനപ്പെട്ട ഒന്നുരണ്ടെണ്ണം ഇവിടെ എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ചേർത്തല മുഹമ്മയിലുള്ള ഒരു വസ്തു ഉടമസ്ഥനും അദ്ദേഹത്തിന്റെ മകനുംകൂടി 90 വയസ്സുപ്രായമുള്ള ഒരു അമ്മയേയും അവരുടെ മകളേയും കുടിയിറക്കുന്നതിനു് ശ്രമം നടത്തിക്കൊണ്ടിരിക്കയാണ്. അവിടെ പുര വച്ചു കൊടുത്ത കർഷകത്തൊഴിലാളി യൂണിയനിൽപ്പെട്ട നാല്പതോളം പേരെ ചേർത്തു് ഒരു കള്ളക്കേസു ചമച്ചിരിക്കയാണ്. കോരിക്കുടിക്കുന്ന വെള്ളം ചീത്തയാക്കുകയുമൊക്കെ ചെയ്തിട്ടുണ്ടു്. സ്വാതന്ത്ര്യത്തെപ്പററി പറയുന്ന ഇക്കൂ

ലത്തു് മറെറാരുദാഹരണം എനിക്കു പത്തനംതിട്ടനിന്നും കിട്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ആറാംകൊല്ലത്തു് വന്നിരിക്കുന്ന ഈ ഉദാഹരണം വളരെ നന്നായിരിക്കുന്നു. ചെന്നറതോട്ടം സൂപ്രണ്ടായ ഒരു സായിപ്പു് കല്ലാറിന്റെ തീരത്തു താമസിക്കുന്ന വളരെ പഴക്കമുള്ള വളരെയധികം കുടികിടപ്പുകാരേ പത്തനംതിട്ട പൊലീസിന്റെ—കാണ്ഗ്രസ് പോലീസിന്റെ—സഹായത്തോടുകൂടി ഇറക്കിവിടുകയുണ്ടായി. ഇടയ്ക്കാട്ടു നിന്നും കൂടുതൽ വിവരങ്ങൾ എനിക്കു് കിട്ടിയിട്ടുണ്ടു്. കഴിഞ്ഞ നിയമസഭയിലെ ചർച്ചാവേളയിൽ വളരെ സജീവമായിക്കണ്ട ഒരു കാര്യമായിരുന്നു അതു്. അവിടെ പോലീസ് നടത്തിയ മൃഗീയമായ വേട്ടയെപ്പററി എല്ലാവർക്കും അറിവുള്ളതാണു്. ജാർജ്ജു് എന്നു പറയുന്ന ഒരു വസ്തു ഉടമസ്ഥൻ കുത്തകപ്പാട്ടത്തിനു അപേക്ഷിച്ചു. അദ്ദേഹം അപേക്ഷിക്കുന്ന അവസരത്തിൽ ആ അപേക്ഷിച്ച സ്ഥലത്തു് ഭൂമിയില്ലാത്ത കുറേ കർഷകത്തൊഴിലാളികൾ കുടിവെച്ചു കിടക്കുകയായിരുന്നു. ശ്രീ. കരുണാകരൻ ഭൂമിയുള്ളവർ ചോദിച്ചാൽ ഭൂമി കൊടുക്കുമോ എന്നു് ചോദിച്ചതിനു് ഇല്ലെന്നുള്ള അഭിപ്രായമാണു് ഗവണ്മെൻറുഭാഗത്തുനിന്നും വന്നതു്. അഭിപ്രായം ഒന്നും നടപടി മറെറാന്നുമായിട്ടാണു് കാണുന്നതു്. കുത്തകപ്പാട്ടത്തിനു് അപേക്ഷിച്ചതു് ജാനുവരി 12-ാംതീയതിയാണു്. അതിനുമുമ്പു തന്നെ ഇതേ ജാർജ്ജിന്റെ കയ്യിൽനിന്നും ഒരു പെറമിഷൻ വാങ്ങിച്ചുകൊണ്ടു് ചവറ പോലീസ് ഇൻസ്പെക്ടർ ഋഷികേശൻനായരും പാർട്ടിയും അവിടെപോയി പുര പൊളിച്ചുകളഞ്ഞു. പുരയ്ക്കു തീവച്ചശേഷമാണു് കുത്തകപാട്ടത്തിനു് ആ സ്ഥലം ജാർജ്ജിനു് കിട്ടിയതു്. ജാനുവരി 2-ാം തീയതിയാണു് മുടിയിത്തറ ഭാസ്കരനേയും മററും മർദ്ദിക്കുകയുണ്ടായതു്.

ഈ അടുത്തകാലത്തു് തിരുവനന്തപുരത്തു ഒരു വൈദികൻ കുടിയിറക്കു നടത്തിയതായിട്ടു ഇവിടത്തന്നെ ശ്രീ. തരകൻ പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടു്. ഈ മാതിരി കുടിയിറക്കുകൾ നടത്തിയിട്ടുള്ളവയെപ്പററി കൂടുതൽ ഈ സഭയിൽ വിവരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എനിക്കു കിട്ടിയ ചില വിവരങ്ങൾ സഭയുടെ ദൃഷ്ടിയിൽപ്പെടുത്തുകയായിരുന്നു.

സർ, ഇനി ഇക്കാര്യങ്ങൾ എല്ലാം, സഭയുടെ ദൃഷ്ടിയിൽ, വളരെ വേദനയോടുംകൂടിയാണു് ആവേശത്തോടു കൊണ്ടുവരുന്നതു്. "എടോ പുള്ളേ, വേണമെങ്കിൽ കേട്ടോ" എന്നുള്ള നിലയിലല്ലല്ലോ സാർ, ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതിന്റെ ഉത്തമവിശ്വാസത്തെയും, ബില്ലിലടങ്ങിയിട്ടുള്ള ആത്മാർത്ഥതയേയുംപററി വളരെ അധികം ശങ്കിക്കുന്നു, ആത്മാർത്ഥത ഇല്ലെന്നുതന്നെ കരുതുന്നു. ഇന്നു് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബിൽ ഇതേ രീതിയിൽ ഇവിടെ പാസ്സാക്കുകയാണെങ്കിൽ, അതു് കുടിയിറക്കുനിരോധനബില്ലായിരിക്കുകയില്ല, നേരെമറിച്ചു് കുടി ഒഴിപ്പിക്കാനുള്ള ഒരു ബില്ലായിരിക്കും. ഇതിനകത്തു് അതിലേയ്ക്കുള്ള അനേകം വ്യവസ്ഥകളാണുള്ളതു്. ഈ ബില്ലുകൊണ്ടു് കുടികിടപ്പുകാരായ പാവപ്പെട്ട ആളുകൾക്കു യാതൊരു പ്രയോജനവും ലഭിക്കാൻ നിവൃത്തിയില്ല. ഇതിലെ ചില കാര്യങ്ങൾ സഭയുടെ ദൃഷ്ടിയിൽപ്പെടുത്താനാഗ്രഹിക്കുന്നു. ഈ ബിൽ, ഈ സഭ അവസാനിക്കുന്നതിനു മുൻപുതന്നെ പാസ്സാക്കണമെന്നും പറയുന്നു, ഈ ബില്ലിന്റെ സെലക്ററുകമ്മിററിയിൽ, ലൻപിച്ചു ഭൂരിപക്ഷം കാണ്ഗ്രസ്സ് പാർട്ടിക്കാണു്. സർ, ഓരോ പാർട്ടിയും ഓരോ വർഗ്ഗത്തെ പ്രതിനിധീകരിക്കുകയാണു്. അതനുസരിച്ചു ജന്മിമാരേയും, മുതലാളിമാരേയും സഹായിക്കാൻ കാണ്ഗ്രസ്സ് പാർട്ടി

[ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള]

ബാദ്ധ്യസ്ഥരാണ്. ഞാൻ പറഞ്ഞതുപോലെ അല്ലാതെ, കാൺഗ്രസ്സ് പാർട്ടിയിൽ നല്ലയാളുകളും മനുഷ്യത്വമായി ബന്ധപ്പെട്ടയാളുകളും ഉണ്ട്. എന്നാലും ചില സ്ഥാപിതതാൽപ്പര്യക്കാരെ സംരക്ഷിക്കേണ്ട കടമ കാൺഗ്രസ്സിനുണ്ട്. ഇടതുപക്ഷപാർട്ടികളായ, കമ്മ്യൂണിസ്റ്റ്, ആർ. എസ്. പി., പി. എസ്. പി., കെ. എസ്. പി., ഈ പാർട്ടികളും മററ് ഓരോ വർഗ്ഗത്തിൻെറയും സത്ത ഉൾക്കൊണ്ടിട്ടുള്ള പാർട്ടികളാണ്. കാൺഗ്രസ്സിനു ഭൂരിപക്ഷമുള്ള സെലക്ററ കമ്മിററി, ഈ ബില്ലിൽ സാരമായി എന്തു മാററങ്ങൾ വരുത്തുമെന്നുള്ളത് കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ഈ ബില്ലിലെ ചില കാര്യങ്ങൾ സെലക്ററ കമ്മിററിയുടെയും, സഭയുടെയും ശ്രദ്ധയിൽപ്പെടുത്തണം എന്ന് വിചാരിക്കുന്നു. ഇതിലെ ചില ക്ലാസ്സുകളിൽ സാരമായ മാററം വരുത്തിയില്ലെങ്കിൽ അതുകൊണ്ടുദ്ദേശിക്കുന്ന ഫലം സാധുക്കളായ കുടികിടപ്പുകാർക്കു കിട്ടുകയില്ല.

ആദ്യമായി കുടികിടപ്പുകാരനെപ്പററിയുള്ള നിർവ്വചനം നോക്കാം. 2. സി. വകുപ്പിൽ "കുടികിടപ്പുകാരൻ" എന്നുള്ളതിൻെറ നിർവ്വചനം കൊടുത്തിരിക്കുന്നതു നോക്കാം. നിർവ്വചനം തുടങ്ങുമ്പോൾ തന്നെ അതു് അപകടമാണെന്നു കാണാം. അതായതു്,

> 2.—(സി) "കുടികിടപ്പുകാരൻ" എന്നാൽ വീടോ വീടു വയ്ക്കുന്നതിനു സ്വന്തം സ്ഥലമോ ഇല്ലാത്തവനും, ഒരു വീടു വച്ചുകൊള്ളുന്നതിനായി ഒരു ഭൂമിയുടെ ഉടമസ്ഥനാൽ ഭൂമിയിൽ ഒരു ഭാഗം ഉപയോഗിച്ചുകൊള്ളുകയും കൈവശം വച്ചുകൊള്ളുകയും ചെയ്യുന്നതിലേക്ക്, പാട്ടം കൊടുക്കണം എന്നുള്ള ബാദ്ധ്യതയോടുകൂടിയോ അല്ലാതെയോ, ആ ഭാഗം അപ്രകാരം ഉപയോഗിച്ച് കൈവശം വച്ചുകൊള്ളുന്നതിന് അനുവദിക്കപ്പെട്ടിരിക്കുന്നവനും ആയ ആൾ എന്നും; "കുടിയിരിപ്പ്" എന്നാൽ അങ്ങനെ നൽകപ്പെട്ടിട്ടുള്ള ഭൂമിയും, ആ ഭൂമിയിൽ ഉടമസ്ഥാനുവാദത്തോടുകൂടി കുടികിടപ്പുകാരൻ താമസസ്ഥലമായി ഉപയോഗപ്പെടുത്തുന്ന വീടും, കുടിലും അഥവാ പുരയും എന്നും" ആണ്.

കുടികിടപ്പുകാരൻ ആരാണെന്നു പറയുവാൻ ഇത്ര വളച്ചുകെട്ടലിൻെറ ആവശ്യമുണ്ടോ, സർ, ഈ സംഗതിയെ സംബന്ധിച്ച സഖാവ് സി. അച്യുതമേനോൻ മുൻപ് ഒരവസരത്തിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഭൂനയബില്ലിൽ "കുടികിടപ്പുകാരൻ" എന്നുള്ളതിനു കൊടുത്തിട്ടുള്ള നിർവ്വചനം കൂടി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്നു വിചാരിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നതു ഈ വിധമാണ്.

> "ഒരു കുടികിടപ്പുകാരനു അയാളുടെ കുടികിടപ്പൊഴികെ ഒരു വീടു വയ്ക്കാൻ ഒരു തുണ്ടു ഭൂമിയും ഇല്ലെങ്കിൽ അയാളെ കുടികിടപ്പിൽ നിന്നും ഒഴിപ്പിക്കാൻ പാടില്ല" എന്നാണ്.

ഒരു കുടികിടപ്പുകാരൻ ആരാണ് എന്ന് യാതൊരു വളച്ചുകെട്ടലും കസർത്തുകളും കൂടാതെ വ്യക്തമായി പറഞ്ഞിരിക്കുന്നു. അതിനുകാരണം മറെറാന്നുമല്ല. അദ്ദേഹത്തിൻെറ ബിൽ ജന്മവർഗ്ഗത്തിനുവേണ്ടി ഇന്ന വിഭാഗത്തിനുവേണ്ടി എന്ന് വ്യക്തമാണ്. നേരെമറിച്ച്, ജന്മികൾക്കും,

ഭൂമി ഉടമസ്ഥനാക്കം, കുടികിടപ്പുകാരെ ഒഴിപ്പിക്കാനുള്ള എല്ലാ സൗക ര്യങ്ങളും സഹായങ്ങളും കൊള്ളിച്ചിട്ടുള്ള ഒരു ബില്ലാണ് ഇന്ന് കാൺഗ്രസ്സ് ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. അതു് തെളിയിക്കാനായി ചില കാര്യങ്ങൾകൂടി ഞാൻ ഇവിടെ പറയാം. ഈ ബില്ലിന്റെ ഏഴാമത്തു വകുപ്പിൽ, ഒരു ക്ലാസ്സിൽ കുടിഒഴിപ്പിക്കാൻ പാടില്ല എന്നു പറയുമ്പോൾ ഒൻപതുവകുപ്പുകൾ കുടിഒഴിപ്പിക്കാൻ ഉള്ളതായി നമുക്കു കാണാം. സഭയു ടെയും, സെലക്ററ കമ്മിററിയുടെയും ശ്രദ്ധയ്ക്കു് ആ വിധത്തിലുള്ള ഓരോ വകുപ്പും ഇവിടെ വായിക്കാം. ആ വകുപ്പുകളിൽ നിന്നും ഒരു കുടികിടപ്പു കാരനു് എങ്ങനെ സുരക്ഷിതത്വം ഉണ്ടാകുമെന്നും നമുക്കു നോക്കാം. ഈ ബില്ലിലെ ഏഴാമത്തെ വകുപ്പിൽ (എ) ക്ലാസ്സു ഇപ്രകാരമാണ്.

> "7—(എ) അയാൾ കൈവശവസ്തുവിൽ മനഃപൂർവ്വമായും ഉദ്ദേശ ത്തോടുകൂടിയും നാശകരങ്ങളായ പ്രവൃത്തികൾ ചെയ്തിരിക്കുക."

ഈ വകുപ്പനുസരിച്ചു് ഒരു ജന്മിക്കു ഒരു കുടികിടപ്പുകാരനോടു എന്തെ ങ്കിലും വൈരാഗ്യമുണ്ടെങ്കിൽ, ഒരു കള്ളക്കേസ് കൊടുത്തു് വിധി സമ്പാ ദിക്കാൻ യാതൊരു പ്രയാസവുമില്ല. അതു് കുടികിടപ്പുകാരനു് വലിയ സങ്കടത്തിനു കാരണമാകും. കർഷകരുടെ മനോവിചാരത്തെപ്പററി ഇവിടെ പ്രസ്താവിച്ചുകേട്ടു കർഷകനുമായിട്ടു നിരന്തരസമ്പർക്കം ഉള്ള ആളുകൾക്കു മാത്രമേ അവരുടെ വികാരമെന്താണെന്നു മനസ്സിലാക്കാൻ കഴിയുകയുള്ളു. അതു ഞങ്ങൾക്കു കൂടുതൽ മനസ്സിലാക്കാൻ കഴി ഞ്ഞിട്ടുണ്ടു്. കാൺഗ്രസ്സ് പാർട്ടിയിലും കർഷകന്റെ മനോവികാരത്തെ പ്പററി അറിയാമെന്നുള്ള ചില ആളുകൾ ഇല്ലാതെയില്ല.

മേൽപ്പറഞ്ഞ വകുപ്പനുസരിച്ചു്, മനഃപൂർവ്വം വീടു നശിപ്പിച്ചു എന്നും മററും പറഞ്ഞു്, ഒരു ജന്മിക്കു് ഒരു കുടികിടപ്പുകാരനെ ഇറക്കിവിടുവാ നുള്ള സാഹചര്യം ഉണ്ടു്. അതുപോലെ 7—ബി. വകുപ്പും നോക്കാം:—

> 7—(ബി) കൈവശവസ്തുവിലെ ഉൽപ്പന്നത്തിൽ ഏതെങ്കിലും ഭാഗം അയാൾ ന്യായരഹിതമായി ഉപയോഗപ്പെടുത്തിയിരി ക്കുക."

ഒരു കൂട്ട് ചീനി പിഴുതു അല്ലെങ്കിൽ ഒരു നാളികേരം ഇട്ടു എന്നും മററും പറഞ്ഞു് ഒരു കേസ് കൊടുത്തു് കുടികിടപ്പുകാരനെ പോലീസു മുഖാന്തിരം ഇറക്കിവിടാം.

പോലീസും അവരുടെ കയ്യിലാണല്ലോ; സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി ഉണ്ടായിട്ടുള്ളതാണ് നമ്മുടെ പോലീസ് എന്നു് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഈ വകുപ്പനുസരിച്ചു് ഒരു കള്ളക്കേസു കൊടുത്തു് പോലീസു സഹായത്തോടുകൂടി, കുടി ഒഴിപ്പിക്കാൻ കഴിയും.

ഇനി 7—(സി) വകുപ്പു നോക്കാം: അതു് ഇപ്രകാരമാണ്.

> "7—(സി) തനിക്കോ, തന്റെ കുടുംബത്തിലെയോ തറവാട്ടി ലെയോ തായ്‌വഴിയിലെയോ ഏതെങ്കിലും അംഗത്തിനോ കെട്ടിടം കെട്ടുന്നതിനു് ഉത്തമ വിശ്വാസപൂർവ്വം ഉടമസ്ഥൻ വസ്തു ആവശ്യപ്പെടുകയും ആ ഭാഗം അങ്ങനെ പണിയേണ്ട

[ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള]

> കെട്ടിടത്തിന്റെ സുകരമായ ഇരിപ്പിന് ആവശ്യമായിരിക്കുകയും ചെയ്യുക.''

ഇതിൽ പറയുന്ന കാര്യങ്ങൾ എല്ലാമുണ്ടായാൽ ആരെക്കാണ്ട് ഒഴിപ്പിക്കാൻ പാടില്ലാത്തത്? ഒരു ജന്മിക്ക്, തന്റെ ഭാര്യയ്ക്കോ, മക്കൾക്കോ, ഒരു കെട്ടിടം വയ്ക്കണമെന്നു തോന്നിയാൽ, അതിന്റെ സുകരമായ ഇരിപ്പിന്, കുടികിടപ്പുകാരന്റെ വീട് ബാധകമാണെന്നും പറഞ്ഞു ആ പുര പൊളിച്ചു അയാളെ ഇറക്കിവിടാം.

ഇനി. 7—(ഡി) വകുപ്പു നോക്കാം. അതിൽ പറയുന്നത്,

> 7—"(ഡി) ഉടമസ്ഥന്റെ അവകാശത്തിനു ബാധകമാംവിധം തന്റെ പാർപ്പിടമായ വസ്തു വിഭാഗത്തിലോ, സ്ഥലത്തോ നാശമുണ്ടാക്കുന്നതിനോ ആക്രമണം നടത്തുന്നതിനോ അയാൾ മനഃപൂർവ്വമായോ വഞ്ചനാപരമായി കൂട്ടുചേർന്നോ ഒരന്യനെ അനുവദിക്കുക," എന്നാണ്.

ഇതും കൂടാതെ ഒരു കുടികിടപ്പുകാരന് വല്ല കേന്ദ്രാക്കോ ആണ്ടത്തും പത്തു സെന്റു സ്ഥലം, വല്ല പാറയായാലും മതി, ഒരു ജന്മി ഇഷ്ടദാനം എഴുതി കൊടുത്താൽ മതി, കുടികിടപ്പുകാരൻ ഉടൻ ഇറങ്ങേണ്ടിവരും. ഇങ്ങനെ ജന്മികൾക്ക് പല സൗകര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുള്ള ഒന്നാണ് ഈ ഏഴാമത്തെ വകുപ്പ്. ഇതു കുടികിടപ്പുകാരന് എതിരായിട്ടുള്ള ഒന്നാണ്. അതുകൊണ്ട് ഈ 7-ാം വകുപ്പ് മുഴുവനും തന്നെ മാററണം.

<u>ശ്രീ. സി. എ. മാത്യു:</u> ഉല്പാദനങ്ങൾ നശിപ്പിച്ചാൽ നടപടി ഒന്നും എടുക്കേണ്ട എന്നാണോ പറയുന്നത്?

<u>ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള:</u> അതിന് ക്രിമിനൽ നിയമങ്ങൾ ഉണ്ട്. അതനുസരിച്ച് ചാർജ്ജ ചെയ്തുകൊള്ളണം. മോഷണമാണെങ്കിൽ ആ കുററത്തിനു അയാളെ ചാർജ്ജചെയ്യണം. ഞങ്ങൾ ആ കാര്യങ്ങൾക്ക് എതിരല്ല. അങ്ങനെ ഉണ്ടാകാവുന്ന മോഷണം മുതലായ കേസുകൾക്കു ഉത്തരം പറയുകയും വേണം കുടിയിൽനിന്നും ഇറങ്ങിക്കൊള്ളുകയും വേണം എന്നു പറയുന്നതു ശരിയല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. ഏതായാലും ഈ 7-ാം വകുപ്പ് മാററണം. ഈ കാരണങ്ങളാലാണ്, ഇതു് കുടി ഒഴിപ്പിക്കൽ നിരോധനബില്ലല്ല, കുടി ഒഴിപ്പിക്കൽ ബില്ലാണെന്ന് ഞാൻ പറഞ്ഞത്.

മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, പുറമ്പോക്കു വസ്തുക്കളിൽനിന്നും അന്യായമായി ആരേയും ഇറക്കി വിടുകയില്ലാ എന്ന്; രാവിലെ ചോദ്യോത്തരവേളയിൽ, റവന്യൂമന്ത്രി പറഞ്ഞു—വളരെ വാശിയോടു പറഞ്ഞു—അന്യായമായി പുറമ്പോക്കു വസ്തുക്കളിൽ കയറി താമസിച്ചാൽ അവരെ മാററും എന്ന്.

<u>ശ്രീ. എ. ജെ. ജാൺ:</u> ഞാൻ ഇന്ന് ചോദ്യോത്തര സമയത്ത് ഇക്കാര്യം യാതൊന്നുംതന്നെ സംസാരിച്ചില്ല.

<u>ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള:</u> ഇവിടെ ശ്രീ. എ. ജെ. ജാൺ അഭിപ്രായം മാററുകയാണോ?

ശ്രീ. എ. ജെ. ജാൺ : ഞാൻ ഇന്ന് ഒന്നും തന്നെ പറഞ്ഞില്ല. ഇന്നലെ ചെലാല്ലാശമാ-ി പുറമ്പോക്ക ഭൂമിയിൽ കയറിത്താമസിച്ചാൽ അവരെ മാററാൻ നടപടി നടത്തുമെന്ന് ഞാൻ പറഞ്ഞു.

ശ്രീ. കോപ്പിൽ ഭാസ്കരൻപിള്ള : ഇന്ന് രാവിലെ ശ്രീ. കെ. ബാലകൃഷ്ണൻ ഇവിടെ ചില സംഗതി-ം സൂചിപ്പിച്ചു സംസാരിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച്—ഇപ്പോൾ മുഖ്യമന്ത്രി സഭയിലില്ല—ആദ്ദേഹംകൂടി സഭയിലിരിക്കുമ്പോൾ പറയുകയെന്നു വിചാരിച്ചതാണ്. എനിക്കും ചിലതു പറയുവാനുണ്ട്. അതായതു് മൊത്തത്തിൽ ഈ സഭയി രണ്ടു മനോഭാവമാണ കാണുന്നതു്. രണ്ടുപേർ രണ്ടു മനോഭാവത്തി , രണ്ടു മാതിരിയിലുള്ള പെരുമാററത്തിലാണ് കാ ിക്കുന്നതു്. മുഖ്യമന്ത്രി, മുഖഭാവത്തിലും പെരുമാററ ിലും അതിരു കടന്ന വിനയം കാ ിക്കുന്നുണ്ട്. വലിയ ആള ൾക്ക് ഔന്നത്യം കൂടുമ്പോൾ അവരുടെ വിനയത്തിൻെറ അളവും കൂടുമെന്നു കേട്ടിട്ടുണ്ട്. ചോദ്യോത്തര വേളയിലും, പ്രസംഗസമയത്തും വളരെയധികം വിനയം കാ ിച്ച് ശാന്തമായിട്ടാണ് സംസാരിക്കുന്നതു്. അതി ഞങ്ങൾക്ക സംശയമുണ്ട്. അതു് നെഹ്റു ചമയ ആ ാ എന്ന് എനിക്ക തോന്നിയിട്ടുണ്ട്. ഞങ്ങൾക്കാക്കും അതി അഭിപ്രായ വ്യത്യാസവുമില്ല. പണ്ഡിത നെഹ്റു തന്നെ ഒരു "അഖിലേൻഡ്യാ പനമ്പിള്ളി" ആ ന്നു പറയാം. മുഖ്യമന്ത്രിയോടു് എനിക്ക പറയുവാനുള്ളതു് ഈ അതിവിനയത്തിൻെറ ഉള്ളിലുള്ള വഞ്ചന ഇങ്ങോട്ടു പ്രയോഗിക്കരുതു് എന്നാണ്. രണ്ടു രീതിയിലു സമീപനം, ആതു വേണ്ട. ഈ സഭയിൽ പല ചർച്ചകളും നടത്തുന്ന കൂട്ടത്തിൽ, "സഹ ര ം" "സഹ രണം" എന്നുള്ള മന്ത്രം ജപിച്ചുകൊണ്ടു് കൈയ്യുപിടിക്കുന്ന രീതി, ചൂലുകൊണ്ടു് തുത്തെറിഞ്ഞാലും പഴന്താരക്കപ്പോലെയു ള ഇരുന്നു യറ; ഇതിനക ത്തൊക്കെ പല വഞ്ചന ളും ഉ ടന്ന ന്നെ ഞ ൾ രുതുന്നു. നാട്ടിൻപുറങ്ങളി ചില കിഴങ്ങൻ പട്ടികളെ ക ം. അതു് എരുത്തിലിലും പുല്ലുട്ടിയിലും മററും വെളിക്കിറങ്ങും. പതിവായി ഇ നെ ചെയ്യുമ്പോൾ, ഉടമസ്ഥൻ പട്ടിയെ പിടിച്ചു കുററംചെയ്ത സ്ഥലത്തു ണ്ടുവച്ചു വടി ണ്ടു് നാലഞ്ചു് അടി കൊടുക്കും, പക്ഷെ അടുത്ത ദിവസവും അതു തന്നെ ഗതി. പട്ടി ആ പ്രവൃത്തി തുടർന്നുകൊണ്ടിരിക്കുമെങ്കിലും, വടി ൂയിലെടുക്കുമ്പോൾ ഞ്യാവൂ, ഞ്യാവൂ, എന്നു് നിലവ ള ച്ചുകൊണ്ടു് നാലു ാലും പൊക്കി മലന്ന ിടക്കും. ഈ കഥയാണ് മുഖ്യമന്ത്രിയുടെ പെരുമാററം കാണുമ്പോൾ ഓർമ്മയിൽ വരുന്നതു്. ഇതി വഞ്ചനയു ്ട്. മുഖ്യമന്ത്രിയുടെ അടുത്ത കസേരയിൽ മുഖം കറപ്പിച്ചുവച്ചുകൊണ്ടു് ഇരിക്കുന്നുണ്ട്, വേറെ ഒരു മന്ത്രി. അദ്ദേഹം ഇന്നു രാവിലെ, ഭൂന ബില്ലുകളുടെ സെലക്ട് കമ്മിററിറിപ്പോർട്ടു അടുത്ത അസംബ്ലിയി ണ്ടുവരാനുള്ള ഒരു ശ്രമം നടത്തു യും, അവസാനം അതു് തിരിച്ചെടുത്തു എണിൽ ചുരുകേണ്ടതായി വരികയും ചെയ്തു. ഇനിയും അതി പല കുഴപ്പ ളും സൃഷ്ടിക്കാനുള്ള ശ്രമ ളുമുണ്ടു്. ഇതൊക്കെ പറഞ്ഞു നാട്ടു ാരുടെ ണ്ണിൽ മണ്ണിട്ടു ള ാമെന്ന് കാൺഗ്രസ്സ് വിചാരിക്കേ ്ട. അഖിലേൻഡ്യാ അടിസ്ഥാന ത്തി , പുരോഗമനം പറഞ്ഞു് പുരോഗമനത്തെ എതിക്കും; സോഷ്യലിസം പറഞ്ഞു് സോഷ്യലിസത്തെ എതിർക്കും. രണ്ടു ാല്ലത്തിനു മുമ്പ്, ഞ ൾ "ഭൂമി കർഷ ന്" എന്ന മുദ്രാവാക്യം മുഴക്കിയ അവസരത്തി , അതു വിഡ്ഢിത്തമാണെന്നും മററും പറഞ്ഞുനടന്ന ചില കർ

[ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള]

ഷ പ്രമാണികൾ വലിയ കുടവയറുകളുമായി ഭൂദാനയജ്ഞത്തിന്റെ പേരിൽ "ഭൂമി കർഷകന്" എന്ന മുദ്രാവാക്യവുമായി ഇറങ്ങിയിരിക്കുകയാണ്. പന്തളത്തുള്ള ഭൂദാനയജ്ഞം ക്യാമ്പിൽ ഞാനിതു കണ്ടു. രാവിലെയും, വൈകുന്നേരവും ഭൂദാനയജ്ഞം, ഭൂമി കർഷകന്, എന്നുള്ള നാമജപവും നടത്തുകയാണ്. അതേ സമയത്തുതന്നെ കുടിയിറക്ക്, വസ്തു ഒഴിപ്പിക്കൽ, അന്യായമായ പാട്ടം വസൂൽ ചെയ്യുക മുതലായ പ്രവൃത്തികളും നടത്തുകയാണ്. "ഭൂമി കർഷകന്" എന്നുള്ള മുദ്രാവാക്യം വിളിച്ചുകൊണ്ട് വസ്തുക്കൾ ഒഴിപ്പിച്ചു എടുക്കുകയാണ്.

ഞങ്ങൾ ഒരു കാര്യം കാണുന്നുണ്ട്. സഹകരണത്തെപ്പററി മുഖ്യമന്ത്രി ഇവിടെ സംസാരിച്ച അവസരത്തിൽ "നിങ്ങൾ എന്തു ചെയ്യും, ശ്രീ. തോമസ്സിനും, ശ്രീ. തമ്പിക്കും മററും സഹകരിച്ചേ ഒക്കൂ" എന്നെല്ലാം പറയുകയുണ്ടായി. പക്ഷെ, ഞങ്ങൾ കാണുന്നതു് നേരേ മറിച്ചാണ്. ഞങ്ങളുടെ കരുത്തുകൊണ്ടാണ്, ഞങ്ങളുടെ ഐക്യം കൊണ്ടാണ്, ഇവിടത്തെ തൊഴിലാളികളുടെ സംഘടിതസമരശേഷികൊണ്ടാണ് നിങ്ങൾക്ക് ഇന്ന് ഇതു പറയുവാനുള്ള ധൈര്യമുണ്ടായതു്. "ഭൂമി കർഷകന്" എന്നുള്ള മുദ്രാവാക്യത്തെ പുച്ഛിച്ചിരുന്നവർ ഇന്ന് വഞ്ചനയ്ക്കു വേണ്ടിയാണെങ്കിലും ഭൂമി കർഷകന് എന്നു വിളിക്കുന്നുണ്ട്. അതുംകണ്ട് ഞങ്ങൾ നിങ്ങളുടെ പുറകേ വരും എന്നുള്ള ധാരണ തെററാണ്. ഇപ്പോൾ ഞങ്ങളുടെ പല പരിപാടികളും നിങ്ങൾക്ക് അംഗീകരിക്കേണ്ടിവന്നിരിക്കുന്നു. ആവഡി സോഷ്യലിസത്തിന്റെ അർത്ഥം ഇതാണ്. ഇവിടെ തൊഴിലാളിവർഗ്ഗത്തിന്റെ സംഘടനാശക്തി ഉയർന്നുവരുന്നതോടുകൂടി, ചെങ്കൊടിയും പിടിച്ചുകൊണ്ട് തൊഴിലാളികളെ എതിർക്കാനുള്ള ഗതികേടുവരെ നിങ്ങൾക്കു വരും.

സർ, ഇവർ ഇപ്പോൾ പറയുന്ന സോഷ്യലിസം എങ്ങനെ നടപ്പിലാക്കുമെന്ന് ഇവിടെ അവതരിപ്പിക്കുന്ന ബില്ലുകളിൽനിന്ന് ഏറെക്കുറെ അനുമാനിക്കാവുന്നതാണ്. മുഖ്യമന്ത്രി ഈ സഭയിൽ പറയുന്നതുകേട്ടു, ഈ സംസ്ഥാനത്ത് പുരോഗമനത്തിന്റെ ഒരു പ്രവാഹംതന്നെ ഉണ്ടായേക്കുമെന്ന്. മി. മക്കോസും മററും ആ പ്രവാഹത്തിൽ ഒഴുകിപ്പോകുമെന്നാണ് തോന്നുന്നതു്. ഇത്തരത്തിലുള്ള വീൺവാദങ്ങൾകേട്ട് ഞങ്ങൾ സഹകരണം നൽകുമെന്ന് അവർ വ്യാമോഹിക്കുന്നുണ്ടെങ്കിൽ അതു് ശരിയല്ല.

സർ, വ്യക്തമായ ഒരു ഉദാഹരണം എന്ന നിലയിൽ ചൂണ്ടിക്കാണിക്കുകയാണെങ്കിൽ, ലോകസമാധാനപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഇന്നു കോൺഗ്രസ്സ് എടുത്തിരിക്കുന്ന നിലപാട് എന്താണ്? പണ്ഡിററ് നെഹ്റു എടുത്തിരിക്കുന്ന നിലപാട് എന്താണ്? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുദ്രാവാക്യങ്ങളെ പ്രതിഷേധിച്ചിരുന്നവർ ഇപ്പോൾ എടുത്തിരിക്കുന്ന നിലപാട് എന്താണ്? അന്ന് ഈ പ്രശ്നങ്ങളുടെ പരിഹാരം ഞങ്ങൾ അഭിപ്രായപ്പെട്ടതും, നെഹ്റുവിന്റെ വദേശനവും തമ്മിൽ എന്തു വ്യത്യാസമാണ് ഉണ്ടായിരുന്നതു്? പണ്ഡിററ് നെഹ്റുവിന്റെ ഗവണ്മെൻറിന് ഇങ്ങനെയൊരു നിലപാടെടുക്കേണ്ടതായിട്ടു വന്നതു് എന്തുകൊണ്ടാണ്? ഈ രാജ്യത്തെ ജനതയുടെ മുമ്പോട്ടുള്ള ഗതി കണ്ടുകൊണ്ടാണ് ഈ നയം അവലംബിച്ചിരിക്കുന്നതു്.

ശ്രീ. കെ. പി. ഹാർമിസ്: പണ്ഡിററ്നെഹ്റു ഇപ്പോഴും എടുത്തിരിക്കുന്ന നയം വഞ്ചനയാണെന്നാണോ പറയുന്നതു്?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വഞ്ചനയുടെ അംശങ്ങളും കാണും. ഞാൻ വളരെ വെളിച്ചു കൊണ്ടുവരട്ടെ. ലോകസമാധാനത്തിലുയർന്ന മുദ്രാവാക്യം, പണ്ഡിററ്നെഹ്റുവിന് അത്ര സ്വീകാര്യമായിരുന്നില്ല.

ശ്രീ. കെ. എം. ചാണ്ടി: ഈ കുടികിടപ്പുകാർബില്ലിന്റെ വാദസമയത്തു് കൊറിയയിലും, ഇൻഡോചൈനയിലും മററും പോകേണ്ട ആവശ്യമുണ്ടോ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: എന്റെ പാർട്ടിയുടെ പുരോഗമനം പറഞ്ഞു്, പുരോഗമനത്തെ എതിർക്കുകയും, ഭൂനയബില്ല് അവതരിപ്പിച്ചുകൊണ്ടു്, കുടിയിറക്കു നടത്തുകയും, സോഷ്യലിസത്തിന്റെ പേരും പറഞ്ഞു സോഷ്യലിസത്തെ എതിർക്കുകയും ചെയ്യുന്നതു് വഞ്ചനയാണെന്നാണു്, തഴകിതലോടി കൂത്തുകാട്ടിവരുന്ന ഈ പ്രത്യേകക്കൂട്ടരെ വിശ്വസിക്കാൻ നിവൃത്തിയില്ലെന്നുമാത്രമാണു് ഞാൻ പറയുന്നതു് ഈ കാര്യത്തിൽ ഞാൻ വ്യസനിക്കുകയാണു്. എല്ലാ കാര്യത്തിലും കോൺഗ്രസ്സിനു് മാററം വരുത്തേണ്ടിവന്നു. അതു പൊതുജനങ്ങളുടെ യോജിച്ചുള്ള പ്രവർത്തനഫലമായിട്ടാണു്. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലുകൾ നടപ്പിലാക്കുന്നതിനു്—അതേരീതിയിൽ നടപ്പിലാക്കുന്നതിനു്—പിൻതുണ നൽകാൻ ഞങ്ങൾ തയാറില്ല.

ഈ ബില്ലു് സാധാരണക്കാരും കുടികിടപ്പുകാരുമായ ജനങ്ങൾക്കു് ഉപകാരപ്രദമാകത്തക്കനിലയിൽ ഇവിടെ അവതരിപ്പിക്കണമെന്നുമാത്രമേ എനിക്കൊരപേക്ഷയുള്ളു. ഈ നിയമത്തെ

[12 Noon]

സംബന്ധിച്ചിടത്തോളം നിങ്ങൾ അങ്ങനെ ഒന്നും ചെയ്യുകയില്ല എന്നു ഞങ്ങൾക്കു സംശയമുണ്ടു്. എന്തുകൊണ്ടെന്നാൽ ഞങ്ങൾ ഈ ബില്ലിലെ ഏഴാം വകുപ്പു് എടുത്തുകളയണമെന്നു പറഞ്ഞു. അതുപോലെതന്നെ പുറമ്പോക്കു വസ്തുക്കൾ ഒഴിപ്പിക്കയില്ല എന്നു മുഖ്യമന്ത്രി പറഞ്ഞു. അതേസംബന്ധിച്ചു എന്തുനിലപാടു വരുമെന്നു് അറിയാൻ പാടില്ല. അതിനെയുള്ള വ്യക്തമായ ഭേദഗതികൾ വരുത്തുന്നതിനുവേണ്ടി സെലക്റ്റ് കമ്മററിയിൽ അനുകൂലമായ ഒരു നിലപാടു് എടുക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നില്ല. പക്ഷെ, നിങ്ങൾ എടുത്തേ ഒക്കൂ. ഈ ഗവണ്മെൻറിനെക്കൊണ്ടു്, അതായതു് നിങ്ങളെക്കൊണ്ടു് എടുപ്പിക്കുന്നതിനു ഞങ്ങൾക്കു കഴിയും. അതല്ലാതെ ഇതു് നിങ്ങൾ നിങ്ങളുടെ അനുഭവത്തിൽനിന്നും മാത്രമേ അറിയൂ എന്നു വരുകയാണെങ്കിൽ ഇക്കാര്യം ഇവിടത്തെ സംഘടിതപ്രസ്ഥാനങ്ങളും ജനങ്ങളും അവരുടെ മുദ്രാവാക്യങ്ങൾ അനുസരിച്ചു് നിങ്ങളെക്കൊണ്ടു ചെയ്യിക്കും. അതുകൊണ്ടു് ഇന്നുതന്നെ ഇതു പരിഗണനയ്ക്കു് എടുക്കണമെന്നു ഞാൻ പറയുകയാണു്. ആ മുദ്രാവാക്യങ്ങൾ സ്വീകരിക്കുന്ന അവസരത്തിൽ പ്രധാനമായിട്ടു് ഈ സഭയിൽതന്നെ മറെറാരു ബില്ല് എല്ലാവിധ ഒഴിപ്പിക്കലും നിരോധിക്കുന്നതിനായി ഉടനടി തന്നെ പാസ്സാക്കി നിയമമാക്കുന്നതിനാണു് നിങ്ങൾ ശ്രദ്ധിക്കേണ്ടതു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: കുടിയൊഴിപ്പിക്കൽ നിരോധനനിയമം തിരുവിതാംകൂർ പ്രദേശത്തേക്കുകൂടി വ്യാപിപ്പിക്കുന്നതിനു സമർപ്പിക്കപ്പെട്ടിട്ടുള്ളതാണു് ഈ ബിൽ. ഈ ബില്ലു് സെലക്റ്റ്കമ്മിററി

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

യുടെ പര്യാലോചനയിൽ കൊണ്ടുവന്നു് വേണ്ട ഭേദഗതികളോടുകൂടി ഈ നിയമസഭ പിരിയുന്നതിനുമുമ്പുതന്നെ നിയമമായിത്തീരണമെന്നു് ഞാൻ വളരെ കാര്യമായി ആഗ്രഹിക്കുന്നു. അതോടൊപ്പംതന്നെ ഇന്നു സമർപ്പിച്ചിട്ടുള്ള ഈ ബില്ലിൽ പല മാററങ്ങളും വരുത്തുന്നതിനുണ്ടെന്നും ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഭേദഗതികൾ വളരെ വിപ്ലവകരമായ തരത്തിൽ വരുത്തേണ്ടതിന്റെ ആവശ്യം ഞാൻ ഈ ബില്ലിൽ കാണുന്നു. ഈ ബില്ലുകൊണ്ടു് കുടിയൊഴിപ്പിക്കൽ നിരോധനം സാധിക്കുന്നതാണെങ്കിലും അതു സാദ്ധ്യമാക്കാതിരിക്കാനുള്ള പല വ്യവസ്ഥകളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ അതിന്റെ കുററം കാൺഗ്രസ്സിന്റെ തലയിൽ വലിച്ചുകൊണ്ടുവരുന്നതിന്റെ ആവശ്യം എന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. കാൺഗ്രസ്സ് പിൻതിരിയുന്നതാണെങ്കിൽ പോലും കാൺഗ്രസ്സിനു് ഇതിൽ യാതൊരു അഭിപ്രായവ്യത്യാസവുമുണ്ടാകാൻ ഇടയില്ല. കുടികിടപ്പുകാർക്കു് സ്ഥിരാവകാശം ആദ്യമായി സ്ഥാപിച്ചുകൊടുത്തതു് കാൺഗ്രസ്സ് (പ്രജാമണ്ഡലം) തന്നെയാണു്. എല്ലാവർക്കും ഭൂമിയിൽ തന്നെ താമസിക്കണമെന്നതുകൊണ്ടു് അതിനെ എതിർക്കാൻ ആരും വരുമെന്നു തോന്നുന്നില്ല. എങ്കിലും ഇവിടെ കൊണ്ടുവന്നിട്ടുള്ള ബില്ലിന്റെ കാര്യത്തിൽ വളരെ അഭിപ്രായവ്യത്യാസങ്ങൾക്കു ഇടം കൊടുക്കുന്നതായി കാണുന്നു. ആ അഭിപ്രായവ്യത്യാസം ഇല്ലാതാക്കാൻ എല്ലാവർക്കും താല്പര്യമുണ്ടാകണം.

1947-ലാണു് ഒരു വിളംബരപ്രകാരം കുടിയൊഴിപ്പിക്കൽ നിരോധിക്കണം എന്നു കൊച്ചിയിൽ തീരുമാനിച്ചതു്. അതു് വളരെ ഫലപ്രദമായി. പിന്നീടു് അതൊരു നിയമമായി രൂപാന്തരപ്പെടുത്താൻ സാധിച്ചില്ലെങ്കിലും 1947-നുശേഷം കൊച്ചീരാജ്യത്തു പറയത്തക്ക കുടിയൊഴിപ്പിക്കൽ യാതൊന്നും നടന്നിട്ടില്ല എന്നു പൊതുവെ പറയാവുന്നതാണു്. എന്നാൽ അതു് ഇപ്പോൾ നിയമമാക്കിക്കൊണ്ടുവരുന്ന അവസരത്തിൽ കുടിയൊഴിപ്പിക്കൽ എളുപ്പമാകുമെന്നു ഭയപ്പെടേണ്ട പല വകുപ്പുകളും അതിൽ ഉൾപ്പെടുത്തിക്കാണുന്നതു ഖേദകരമാണു്. ആ വക ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാൻ നമുക്കു സാധിച്ചില്ലെങ്കിൽ അതു വലിയ ഒരു പരാജയമായിരിക്കും. ഇതൊരു വലിയ ബുദ്ധിമുട്ടുള്ള കാര്യമല്ല. കാരണം ഇന്നു പരിഷ്കൃതരാജ്യങ്ങളിൽ എല്ലായിടത്തും ഏററവും മൂത്ത മുതലാളിരാജ്യങ്ങളിലാകട്ടെ, ഏററവും പുതിയ പുരോഗമനം ഭാവിക്കുന്ന രാജ്യങ്ങളിലാകട്ടെ ഒരു തത്വം പരക്കെ സമ്മതിക്കപ്പെട്ടുപോരുന്നതാണു്. അതായതു് Living space is the birth right of every one born on this earth.

<u>ശ്രീ. ജോസഫ് മുണ്ടശ്ശേരി:</u> ബഹുമാനപ്പെട്ട മെംബർ അപ്പോൾ ആ ആദർശം കാൺഗ്രസ്സ് പാർട്ടി മെംബർ എന്ന നിലയിൽ അംഗീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. അലക്സാണ്ടർ പറമ്പിത്തറ:</u> ഇതൊരു മനുഷ്യാവകാശം മാത്രമാണു്. ജനിച്ചാൽ മരിക്കുന്നതുവരെ ജീവിക്കണമെന്നു പറയാൻ ഒരു പാർട്ടിവേണോ? എല്ലാം കക്ഷികളുടെ അടിസ്ഥാനത്തിൽമാത്രം കണക്കാക്കുന്നതു് ശരിയാണോ?

<u>ശ്രീ. ജോസഫ് മുണ്ടശ്ശേരി:</u> അതല്ല ഞാൻ ചോദിച്ചതു്; ഇതു് കാൺഗ്രസ്സ് പാർട്ടി അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അതേ പററി മുന്ന് ഗ്ലേറിമാസ്റ്റർക്കു തന്നെ അറിയാമല്ലോ. നമുക്കു പാർട്ടിവ്യത്യാസങ്ങൾ ഉണ്ട്. എന്നാൽ സാർവ്വത്രി മായി അംഗീകരിക്കേണ്ട സംഗതി ഒരു പാർട്ടിയിൽ നിന്നു ഒരാൾ ഉന്നയിച്ചാൽ മറെറാരു പാർട്ടിയിൽ പെട്ടവർ അതിനെ എതിർക്കേണ്ട വല്ല ആവശ്യവുമുണ്ടോ? കുടിയാൻ എന്നുള്ള വിവക്ഷയിൽ നാം നോക്കേണ്ടതു് സ്വന്തമായി വീടുവയ്ക്കുവാൻ സ്ഥലം ഇല്ലാത്തവർ എന്നാണ്. ജീവിക്കുവാൻ പ്രയാസം കൂടാതെ സാധിക്കണം. സ്വന്തമായി അതിനു കഴിവില്ലെങ്കിൽ ആ പോരായ്മ ഗവണ്മെൻറ് പരിഹരിക്കേണ്ടതാണ്. ഒരു ക്ഷേമരാഷ്ട്രത്തിൽ ഗവണ്മെൻറിനു ഇക്കാര്യത്തിൽ പ്രത്യേക ചുമതലതന്നെ ഉണ്ടാകണം. ആ രീതിയിൽ ഈ ബില്ലിനെ രൂപാന്തരപ്പെടുത്തണം. 1947-ൽ കൊച്ചിയിൽ വിളംബരം പുറപ്പെടുവിച്ചതിനുശേഷം നടന്നു വന്ന വളരെ അഭിമാന്യമായ ഒരു സ്ഥിതിവിശേഷത്തെ തകിടംമറിക്കുന്നതിനും ആ വിളംബരത്തിൻെറ പരിപാവനമായ ഉദ്ദേശങ്ങളെ പരാജയപ്പെടുത്തുന്നതിനും പററിയതായ ഒരു സംപ്രദായം കാലാന്തരത്തിൽ വന്നുകൂടി എന്നു പറഞ്ഞാൽ, ഏതൊരു നിയമവും നമ്മുടെ നാട്ടിൽ കുറെക്കാലം പ്രവർത്തിച്ചുകഴിയുമ്പോൾ അതിനു കടകവിരുദ്ധമായ ചില മാമൂലുകൾ താനേ വന്നുകൂടുന്നു എന്ന ഒരു പരമാർത്ഥത്തെ അംഗീകരിക്കുക മാത്രമാണ്. അതുകൊണ്ടാണല്ലോ മാറിമാറി വരുന്ന പരിതസ്ഥിതികൾ അനുസരിച്ചു് എല്ലാ നിയമങ്ങളെയും പൊളിച്ചെഴുതുന്ന ഒരു സംപ്രദായം പലരാജ്യങ്ങളിലും നടപ്പുള്ളതു്. ഈ ഒരു പശ്ചാത്തലത്തിൽ ഇപ്പോൾ ആലോചനയ്ക്കു വന്നിരിക്കുന്ന ബില്ലിനെപ്പററിയും പ്രസക്തമാണ്. കുടികിടപ്പുകാരനെ യാതൊരു സാഹചര്യത്തിലും ഒഴിപ്പിക്കരുതെന്നു അനുശാസിച്ച വിളംബരം വളരെ ഫലപ്രദമായിത്തന്നെ പ്രവർത്തിച്ചുതുടങ്ങി. കുടികിടപ്പുകാർക്ക് വലിയ ഒരാശ്വാസം അതുമൂലമുണ്ടായി. എന്നാൽ പിന്നീട് അപ്രതീക്ഷിതമായ പല ബുദ്ധിമുട്ടുകൾ അതിൽ നിന്നുണ്ടായിവന്നു. പുതിയ വീടുകൾ വയ്ക്കുവാൻ സ്വന്തം ഭൂമിയില്ലാത്തവർക്ക് പ്രായേണ സാദ്ധ്യമല്ലാതായി. സ്വന്തംഭൂമി കൈവശം ഉള്ളവർ ആരുംതന്നെ ഒരു കുടിയാനെ പുതുതായി പ്രവേശിപ്പിക്കാൻ തയ്യാറില്ല. ഒരു പുരയ്ക്കു സ്ഥലം ഒരാൾ അനുവദിക്കണമെങ്കിൽ നിർഭാഗ്യവാനായ കുടികിടപ്പുകാരൻ തനിക്കുള്ളതു സകലതും വച്ചൊഴിഞ്ഞുകൊടുക്കണം. അതായതു് ഒരു സാധു ഒരു കുടിൽ കെട്ടുന്നതിനു വേണ്ട കുററികളും, വാരിയും, ഓലയും മററും വളരെ ക്ലേശിച്ചു് സമ്പാദിച്ചുകൊണ്ടുവന്നാൽ അതൊരു പുരയാക്കണമെങ്കിൽ ആ പുര സ്ഥലമുടമസ്ഥൻെറതായി മുൻകൂട്ടി കുലിച്ചീട്ടു് എഴുതി ഒപ്പിട്ടു രജിസ്റ്റാക്കിക്കൊടുത്തേ മതിയാവൂ. ഇല്ലാത്തവനു ഉണ്ടാകാവുന്ന അല്പമായതു എന്തെങ്കിലും ഉണ്ടാകാമെങ്കിൽ അതുംകൂടി ഉള്ളവൻെറ പിടിയിലേയ്ക്കു് ഒതുങ്ങത്തക്ക ഒരേർപ്പാടായിട്ടുണ്ട്. ഇതു നിയമം ഉദ്ദേശിക്കാത്തതും പ്രതീക്ഷിക്കാത്തതുമായ ഒരു വലിയ അപകടമാണ്. വളരെ പേരെ ബാധിക്കുന്ന ഒരു കാര്യമാണിതു്. ഒരുത്തൻ വളരെ പണിപ്പെട്ടു മറെറാരുത്തൻെറ പക്കൽ നിന്നു ഉണ്ടാക്കിയ വീടുതന്നെ വാടകയ്ക്കു എടുത്തു വാടകയും കൊടുത്തു ജീവിക്കുന്ന സ്ഥിതിയാണിതു്. ഇങ്ങനെയുള്ള ഒരു സ്ഥിതി പാടെ ഇല്ലാതാക്കുന്നതിനു ചില വ്യവസ്ഥകൾ ഇവിടെ കൊണ്ടുവരുന്ന നിയമത്തിൽ Living space our birth right എന്ന തത്വത്തിൻെറ അടിസ്ഥാനത്തിൽ വരുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ അഭിപ്രായവ്യത്യാസം ആർക്കുംതന്നെ ഉണ്ടാകാ

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

വുന്നതല്ല. നമ്മുടെ രാജ്യത്തു സ്വന്തം വീടില്ലാതെ യാതൊരുത്തനും തന്നെ ഉണ്ടാകരുതു്. ഇതു് നിർബന്ധമായ ഒരു കാര്യമാണു്. ഇതിന്റെ മററു ചില വശങ്ങളെപ്പററിയും ചിന്തിക്കേണ്ടതുണ്ടു്. സ്വന്തമായി വീടുവയ്ക്കാൻ സാധിക്കാത്ത ആളുകൾ നമ്മുടെ രാജ്യത്തു് വളരെയുണ്ടു്. അവക്കെല്ലാവക്കും വീടു് സ്വന്തമായി ഉണ്ടാകണമെങ്കിൽ അടിസ്ഥാനപരമായ ചില മാററങ്ങൾ വരുത്തി ചില പുതിയ സംവിധാനങ്ങൾ ചെയ്യേണ്ടിവരും. മൂന്നു ഘടകങ്ങളാണു് ഇതിൽ പങ്കുകൊള്ളുന്നതു്. അതായതു് വീടാവശ്യമുള്ളവർ, സ്ഥലം കൊടുക്കാൻ കഴിവുള്ളവർ, ഗവണ്മെൻറു്, ഈ മൂന്നു കക്ഷികളേയും ഉൾക്കൊള്ളിച്ചുകൊണ്ടു് നിയമത്തിന്റെ ന്യായവും ആവശ്യവുമായ ശക്തി ഉപയോഗിച്ചു് ഒരു പദ്ധതി ആവിഷ്കരിക്കുകയാണെങ്കിൽ ഒരു അഞ്ചോ പത്തോ പതിനഞ്ചോ കൊല്ലംകൊണ്ടു് നമ്മുടെ രാജ്യത്തു് എല്ലാപേക്കും തന്നെ സ്വന്തമായ ഒരു കിടപ്പിടം ഉണ്ടായിരിക്കത്തക്ക ഒരു സ്ഥിതിവിശേഷം വരുത്തിയെടുക്കാൻ അസാദ്ധ്യമായ ഒരു കാര്യമല്ല. കുടികിടപ്പു പ്രശ്നത്തെ സമഗ്രമായി പഠിച്ചു് ധൈര്യപൂർവ്വം അതിനെ കൈകാര്യം ചെയ്യേണ്ടതിന്നു് ഇന്നു ഗവണ്മെൻറിനു ഒരു കോളനൈസേഷൻപദ്ധതിയുണ്ടു്. അതു വളരെ നല്ലതുതന്നെ. എന്നാൽ അതുകൊണ്ടു് കുടികിടപ്പുപ്രശ്നത്തിനു വലിയ പരിഹാരം കാണുന്നില്ല. കൊല്ലത്തിൽ മുന്നൂറോ, നാനൂറോ വീതം വീടുകൾ കെട്ടിക്കൊടുക്കുകയാണെങ്കിൽതന്നെയും ഏതു നൂററാണ്ടിൽ നമ്മുടെ നാട്ടിൽ വീടില്ലാത്ത ഓരോരുത്തനും വീടു് ഉണ്ടാകുമെന്നു് കണക്കാക്കാൻ വിഷമമാണു്. പ്രത്യേകിച്ചും ഒരു ലക്ഷത്തി അൻപതിനായിരം വീതം ജനസംഖ്യ ഒരു കൊല്ലത്തിൽ വർദ്ധിച്ചുവരുന്ന ഇക്കാലത്തു് വീടു നിർമ്മാണവും, കുടി ഇല്ലായ്മയും തമ്മിലുള്ള മത്സരത്തിൽ വീടുനിർമ്മാണം വളരെ വളരെ പിന്നിൽ തള്ളപ്പെട്ടുകിടക്കുമെന്നു നമ്മുടെ കണ്ണുകൊണ്ടുതന്നെ നമുക്കു കാണാം. പത്തുപേക്കു ഒരു വീടുവീതം കണക്കാക്കിയാൽ പതിനെണ്ണായിരം വീടു് കൊല്ലംതോറും ഉണ്ടാക്കേണ്ടിവരും. അങ്ങനെ വച്ചാൽ ഇന്നത്തെ നിലയിൽ എല്ലാവക്കും വീടുള്ളതായ ഒരു കാലം സ്വപ്നം കാണാൻ സാധിക്കുന്നതല്ല. വീടില്ലാത്തവരും വീടുവയ്ക്കാൻ ഒഴിവുള്ള സ്ഥലം കൈവശമുള്ളവരും ഗവണ്മെൻറുംകൂടി, ഒന്നിച്ചുകൂടി വീടുകൾ ഉണ്ടാക്കുവാൻ ശ്രമിച്ചാൽ മാത്രമേ ഇതു സാദ്ധ്യമാകുകയുള്ളു. ഇതു് എന്റെ ഒരു പ്രതീക്ഷയാണു്. ഒരു പഞ്ചവത്സരപദ്ധതികൊണ്ടോ രണ്ടു പഞ്ചവത്സരപദ്ധതികൾകൊണ്ടോ നമ്മുടെ തിരുവിതാംകൂർ–കൊച്ചിയിലുള്ള എല്ലാവക്കും വീടു് ഉണ്ടാക്കിക്കൊടുക്കാൻ നിയമത്തിനു സാധിക്കണം. അപ്പോൾ അതിനു വേണ്ട പണവും ഉണ്ടാകും. മററു സാഹചര്യങ്ങളും ശരിപ്പെടും. എല്ലാവക്കും വീടു് ഉണ്ടായിരിക്കുക എന്നു പറയുമ്പോൾ ഒരു കാര്യംകൂടി പ്രത്യേകിച്ചു് ഓർമ്മിക്കേണ്ടതുണ്ടു്. സാധുക്കളാണു് വീടില്ലാത്തവർ. എന്നാൽ അവക്കു ആണ്ടുതോറും വീടു് ഉണ്ടാക്കേണ്ടിവന്നാൽ അത്യന്തം കഷ്ടതരമായിരിക്കും. വീടു് എന്നുപറഞ്ഞാൽ ഒരു ആയുഷ്കാലമെങ്കിലും നിലനിൽക്കുന്ന ഒരു വീടായിരിക്കണം. നമ്മുടെ നാട്ടിൽ ഈ തരം വീടുകൾ പണിയുന്നതിനുള്ള സാമഗ്രികൾ ധാരാളമുണ്ടു്. നോർവേയിൽനിന്നു സജ്ജീകരിച്ചുകൊണ്ടുവന്ന സാധനങ്ങൾകൊണ്ടു് ചിലവു കുറഞ്ഞരീതിയിൽ ചെറുകുടുംബങ്ങൾക്കു സൌകര്യപ്രദമായ തരത്തിൽ വീടുകൾ ഇവിടെ ഉണ്ടാക്കാമെങ്കിൽ തീർച്ചയായും നമ്മുടെ നാട്ടിലുള്ള സാധനങ്ങളെക്കൊണ്ടു

ഉറപ്പും ഭംഗിയുമുള്ള ചെറുവീടുകൾ നാടിന്റെ നാനാഭാഗങ്ങളിലും നമുക്ക് ഉണ്ടാക്കുവാൻ കഴിയും. ഈ സംഗതികൾ എല്ലാം ഇപ്പോൾ ആലോചനയിലിരിക്കുന്ന ബില്ലിൽ ഉൾപ്പെടുത്തുവാൻ സാങ്കേതിക പ്രയാസങ്ങൾ ഉന്നയിച്ചേക്കാം. എന്നാൽ ആവശ്യമുണ്ടെങ്കിൽ ഇതെല്ലാം സാധിക്കുമെന്നുമാത്രമേ എനിക്കു പറയുവാനുള്ളു.

ഇതുപോലെതന്നെ മററുചില പ്രത്യേക കാര്യങ്ങളും സെലക്റ്റ് കമ്മിററിയുടെ ശ്രദ്ധയിൽപെടുത്തണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പൊതുആവശ്യത്തിന്റെ പേരുപറഞ്ഞുകൊണ്ട് ഗവണ്മെന്റു പല സ്ഥലങ്ങളിലും ലാൻഡ് അക്വിസിഷൻ നടത്തിവരുന്നു. അതുമൂലം പല കുടികിടപ്പുകാരും ഭവനരഹിതരായിത്തീർന്നിട്ടുണ്ട്, തീരുന്നുമുണ്ട്. അവരുടെ വീടുകൾക്കു പ്രതിഫലം കിട്ടിയേക്കാം. എന്നാൽ വീട് വസ്തു ഉടമസ്ഥന്റേതായി ലക്ഷ്യം ഹാജരായാൽ കുടികിടപ്പുകാരനു പ്രതിഫലം പൂജ്യം. വസ്തു ഉടമസ്ഥനു ഔദാര്യം തോന്നിയാൽ വല്ലതും കിട്ടിയാൽ മെച്ചമെന്നു മാത്രം. എന്നാൽ പിന്നീട് ഒരു വീടുണ്ടാക്കുവാൻ ആ സാധുവിനു സാധിക്കാതെവരുന്നു എന്നതു് സാധാരണയായിത്തീർന്നിട്ടുള്ള ഒരു അനുഭവമാണ്. ജനപ്പെരുപ്പംകൂടിയ പട്ടണങ്ങളിലും തീരപ്രദേശങ്ങളിലും സാധാരണയായിത്തന്നെ. ഇന്നു പുതിയ വീടുകൾക്കു സ്ഥലം കാണാൻ പ്രയാസമുണ്ട്. പോരെങ്കിൽ ഈ സഭയിൽ ഭൂനയബില്ലുകൾ വന്നതോടുകൂടി കുടികിടപ്പു സ്ഥലത്തിനു പ്രത്യേക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഭവനരഹിതരാകുന്നവർക്ക് വീടു വെയ്ക്കുവാനുള്ള സ്ഥലം alternative site ഉണ്ടാക്കിക്കൊടുക്കേണ്ടതു് ഗവണ്മെന്റിന്റെ ചുമതലയാണ്. ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാം. എറണാകുളത്തു ഒരു പോലിസ്‌സ്റ്റേഷൻ മുൻപു നിന്നിരുന്ന സ്ഥലത്തുനിന്നും മാററി പണിയുന്നതിനുവേണ്ടി കുറെ സ്ഥലം അക്വയർ ചെയ്യുകയുണ്ടായി. അവിടെ ഏഴു വീട്ടുകാർ താമസമുണ്ടായിരുന്നു. വീടുകൾ അക്വയർ ചെയ്യുന്നതിനു കാമ്പൻസേഷൻ 200 രൂപ മുതൽ 400 രൂപവരെ ചിലർക്കു കിട്ടി. അതു കിട്ടാനുണ്ടായ കാലതാമസംകൊണ്ട് അതു കിട്ടിക്കഴിഞ്ഞപ്പോൾ കടം വീട്ടാൻ തികയാതെവന്നു എന്നതു് വേറെ ഒരു കാര്യം. ഈ പറഞ്ഞ ഏഴുപേർക്കും വേറെ സ്ഥലം കൊടുക്കണമെന്നു ഞാൻവഴി ഗവണ്മെന്റിലേക്ക് ഒരു നിവേദനം സമർപ്പിച്ചു. അതിനു മറുപടി ലഭിച്ചതു് അവർക്കു മൂവാററുപുഴയിൽ സ്ഥലം കൊടുക്കാമെന്നാണ്. ഇങ്ങനെ മൂവാററുപുഴയിലും ഹിമാലയത്തിന്റെ മുകളിലും കൊടുക്കാമെന്നു പറയുന്നതു് ന്യായമാണോ എന്നു ആലോചിക്കണം. പട്ടണങ്ങളിലും പരിസരങ്ങളിലും താമസിക്കുന്നവർ ഉപജീവനത്തിനുള്ള ജോലിയുടെ സൗകര്യം ഉദ്ദേശിച്ചായിരിക്കും അവിടങ്ങളിൽ താമസിക്കുന്നതു്. അതുകൊണ്ടു അവർക്കു താമസിക്കുവാൻ സ്ഥലം മലമുകളിലും വനപ്രദേശങ്ങളിലുമൊക്കെ കൊടുത്താൽ അതു് അവരെ നാടുകടത്തുന്നതിനു തുല്യമായിരിക്കും. അവർക്കു അവരുടെ ജോലിചെയ്തു ജീവിക്കത്തക്ക നിലയിൽ സൗകര്യമായ സ്ഥലങ്ങൾ അവരെ കുടിയിറക്കുന്ന ഗവണ്മെന്റുതന്നെ ഉണ്ടാക്കിക്കൊടുക്കണം. ഞാൻ മുമ്പു പറഞ്ഞ ഏഴുപേർ വീടുകെട്ടിക്കിടക്കാൻ എങ്ങും സ്ഥലം കിട്ടാതെ ബന്ധുക്കളുടെ ഔദാര്യത്തിൽ കഴിഞ്ഞുകൂടുകയാണ്. മറെറാരു ഉദാഹരണം എറണാകുളം പട്ടണത്തിലെതന്നെ 26 കുടികിടപ്പുകാരെ സംബന്ധിച്ചതാണ്. എറണാകുളം തീരപ്രദേശത്തു് ഗവണ്മെന്റു ഒരു ട്രാൻസ്പോർട്ടു വർക്‌ഷാപ്പു സ്ഥാപിക്കുവാൻ പോകുകയാണ്.

[ശ്രീ. അലക്സാണ്ടർ പറമ്പിത്തറ]

വർക്ക്ഷോപ്പിന് ഒട്ടും പററിയ ഒരു സ്ഥലമല്ല അതു്. കൂടാതെ അവിടത്തെ ഭൂമിവില വളരെ കൂടുതലാണെന്ന് കേന്ദ്രഗവണ്മെന്റുപോലും കണക്കാക്കുന്നതാണ്. വർക്ക്ഷോപ്പിന് കൂടുതൽ സൗകര്യമുള്ള കുറഞ്ഞ വിലയ്ക്കു കിട്ടാവുന്ന സ്ഥലങ്ങൾ അടുത്തുതന്നെ ഉണ്ടുതാനും. എങ്കിലും അവിടെത്തന്നെ വർക്ക്ഷോപ്പു വേണമെന്നു ഗവണ്മെന്റിനു നിർബന്ധമുണ്ടെങ്കിൽ പോലും പ്രസ്തുത സ്ഥലത്തു് ഇപ്പോൾ വസിക്കുന്ന 26 കുടികിടപ്പുകാരെ വഴിയാധാരമാക്കാൻ ഗവണ്മെന്റ് ഒരിക്കലും കക്ഷിയാകരുതെന്ന് ഞാൻ ഗവണ്മെന്റിനോടാവശ്യപ്പെടുന്നു. ഇക്കാര്യത്തെപ്പററി അനവധി നിവേദനങ്ങൾ ഗവണ്മെന്റിലേക്കു സമർപ്പിച്ചിട്ടുണ്ട്, ഇതിനു മുമ്പിലത്തെ ഗവണ്മെന്റിലേയ്ക്കും സമർപ്പിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതു് ഗവണ്മെന്റിനു് അത്ര ഇഷ്ടമായില്ലെന്നു തോന്നുന്നു. അതു വളരെ ഖേദകരമാണ്. അഞ്ചേക്കർ സ്ഥലം അക്വയർ ചെയ്തു് ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെന്റിനു കൊടുത്തു് 26 വീട്ടുകാരെ വഴിയാധാരമാക്കാതിരിക്കുവാൻ യാതൊരു പ്രയാസവുമുള്ള ഒരു കാര്യമല്ല. ഈ അഞ്ചേക്കറോടുകൂടി ഒരേക്കർ സ്ഥലം കൂടി അക്വയർ ചെയ്തു് ഭവനരഹിതരാകാൻപോകുന്ന 26 വീട്ടുകാർക്കു് എന്തെങ്കിലും വ്യവസ്ഥയിൽ വീടുവയ്ക്കുവാൻ കൊടുക്കുന്നതു് മനുഷ്യോചിതമായ ഒരു പ്രവൃത്തിമാത്രമായിരിക്കും.

മറെറാരുദാഹരണംകൂടി. വില്ലിങ്ടൺ ദ്വീപിന്റെ തെക്കേപടിഞ്ഞാറെ വശത്തു് വാത്തുരുത്തി എന്നു വിളിച്ചുവരുന്ന സ്ഥലത്തു് 161 വീട്ടുകാർ വസിക്കുന്നുണ്ട്. വെണ്ടുരുത്തി ദ്വീപ് യുദ്ധാവശ്യത്തിനുവേണ്ടി അക്വയർ ചെയ്തപ്പോൾ ബാക്കി അവശേഷിച്ച പ്രദേശമാണ് വാത്തുരുത്തി. തിരുവിതാംകൂർ-കൊച്ചി സ്റ്റേററുവക ഒരു ചെറിയ സങ്കേതമാണ് അതു്. ഏകദേശം എട്ടേക്കർ ചതുപ്പു നിലങ്ങളിൽ 161 സാധുകുടുംബങ്ങൾ അധിവസിക്കുന്നു. ഇതിൽ ആരും സ്വന്തം സ്ഥലമുള്ളവരല്ല. എല്ലാവരും ഹാർബറിലോ, മട്ടാഞ്ചേരിയിലോ, എറണാകുളത്തോ പോയി നിത്യം ജോലിചെയ്തു് ഉപജീവനം കഴിക്കുന്നവരാണ്. ഏററവും അനാരോഗ്യകരമായ ചുററുപാടുകളിൽപ്പോലും ഈ സാധുക്കൾ താമസിക്കുന്നതു് അവരുടെ ഉപജീവനത്തിനുള്ള ജോലിസൗകര്യത്തെ കരുതി മാത്രമാണ്. എന്നാൽ ഇപ്പോൾ നാവികവകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി കേന്ദ്രഗവണ്മെന്റ് ഹാർബർ ഡിപ്പാർട്ടുമെന്റുവഴി പഞ്ചവത്സരപദ്ധതിക്ക് അനുവദിച്ചിരുന്ന സംഖ്യകൾ ലാപ്സായിപ്പോകുന്നതിന് ഒരു പ്രതിവിധിയായിട്ടുംകൂടി എന്നു പറയപ്പെടുന്നു, വാത്തുരുത്തി എന്ന സ്ഥലം അക്വയർ ചെയ്യുവാൻ പുറപ്പെട്ടിരിക്കുന്നതായി അറിയുന്നു. രാജ്യരക്ഷയുടെ പേരിൽ അതിനെ എതിർക്കുവാനോ ഗവണ്മെന്റിനെ ആ പ്രസ്ഥാനത്തിൽ നിന്നു വിരമിപ്പിക്കാനോ എളുപ്പമല്ല. എന്നാൽ, 161 കുടുംബങ്ങളെ വഴിയാധാരമാക്കി, അവരുടെ ഉപജീവനത്തിനുള്ള തൊഴിലുകൾ നഷ്ടപ്പെടുത്തി അവരെ പട്ടിണിയിലേയ്ക്കു തള്ളിവിട്ട് ഒരു അരക്ഷിതാവസ്ഥയിലാക്കുന്ന യാതൊരേർപ്പാടും ഒരു ക്ഷേമരാഷ്ട്രത്തിൽ രാജ്യരക്ഷയുടെ പേരിൽ നടത്തിവരിക്കയില്ല എന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. ഈ പ്രദേശം അക്വയർ ചെയ്യുന്നതോടൊപ്പം അതുമൂലം ഭവനരഹിതരാകാവുന്ന 161 കുടുംബക്കാർക്ക് ഇന്നത്തെ അവരുടെ ഉപജീവനമാർഗ്ഗമായ തൊഴിലുകൾ നഷ്ടപ്പെടുത്തുവാനിടവരുത്താതെ ഇതിനടുത്തുതന്നെ പാർപ്പിട സൗകര്യങ്ങൾ ഗവണ്മെന്റുണ്ടാക്കിക്കൊടുക്കുകതന്നെ വേണം.

മറെറാരു കാര്യം. കാളനൈസേഷൻെറപേരിൽ ഗവൺമെൻറ് കൈക്കൊള്ളുന്ന ചില വിചിത്രമായ നടപടികളുണ്ട്. വീടില്ലാത്തവക്ക് വീടുണ്ടാക്കിക്കൊടുക്കുവാനാണ് കാളനൈസേഷൻപദ്ധതി. എന്നാൽ വീടില്ലാത്തവക്കു വീടുണ്ടാക്കിക്കൊടുക്കുവാൻ വീടുള്ളവരെ ഒഴിപ്പിച്ചുകളയുന്നതു് സങ്കടകരമാണ്. എന്നാൽ ഇന്നു് എറണാകുളത്തു നടക്കുവാൻപോകുന്നതു് ഇതാണ്. പുതിയ നഗരങ്ങൾ ഉണ്ടാക്കാൻ കാളനൈസേഷൻ ഉപയോഗിക്കുന്നതു മനസ്സിലാക്കാം. എന്നാൽ പഴയ പട്ടണങ്ങളിൽ കാളനൈസേഷൻ എത്രകണ്ടു് ആശാസ്യമാണെന്നുള്ളതു് ആലോചിക്കേണ്ട മറെറാരു കാര്യമാണ്. ഏതായാലും എറണാകുളത്തു് ഒരു വാല കാളനിയും ഒരു വെട്ടുവ കാളനിയും സ്ഥാപിക്കുവാൻ ഗവൺമെൻറ് കുറേനാളായി ശ്രമിച്ചുകൊള്ളുകയാണ്. ഈ വാല കാളനി ഇതിനുമുൻപു് പട്ടണത്തിലുള്ള വാലാ കാളനി ജനനിബിഡമായിരുന്നതുമൂലം അവിടത്തെ ജന നിബിഡത കുറയ്ക്കുവാൻ വേണ്ടിയുമാണത്രേ. ജനനിബിഡമായ ആ വാല കാളനിയിൽ നിന്നു് സ്വന്തം വീടുകഠം മററ കാളനിക്കാക്ക് തന്നെ വിററ് ഭവനരഹിതരായിട്ടുള്ളവക്കും പുതുതായി തുറക്കുന്ന വാല കാളനി അഭയം നൽകും. അതിനുവേണ്ടി അടുത്തുള്ള ഏക്കറോളം അഞ്ചേക്കർ സ്ഥലം അക്വയർ ചെയ്യുന്നു. ഈ അഞ്ചേക്കർ സ്ഥലത്തു് കുടികിടപ്പുകാരുണ്ട്. ആ കുടികിടപ്പുകാരെ കാളനൈസേഷൻ പദ്ധതിയുടെ ശക്തിയും സ്വാധീനവും ഉപയോഗിച്ചു് പുറത്താക്കണം; അവർ വഴിയാധാരമായിക്കൊള്ളണം. വർഗ്ഗീയതാല്പര്യങ്ങഠക്കു വശംവദമായി പക്ഷപാതപരമായി അസംഘടിതരായ ഒരു വിഭാഗം കുടികിടപ്പുകാരുടെമേൽ ഇത്തരം ഒരു ദ്രോഹം അടിച്ചേല്പിക്കുവാൻ ഉന്നയിക്കുന്ന ഒരു കാരണം മത്സ്യബന്ധനത്തെ പുരോഗമിപ്പിക്കുവാൻ ആണെന്നാണ്. പക്ഷെ എവിടെയാണ് ആ മത്സ്യബന്ധനം? ടാററാ, ബി. ഒ. സി, എസ്. വി. ഒ. സി, കമ്പനികളിൽ മത്സ്യബന്ധനമാണ് പ്രവൃത്തിക്കുന്നതു ഇതേവരെ അറിയപ്പെട്ടിട്ടില്ല. ഈ പേരിൽ ദീർഘകാലമായി അവിടെ വർദ്ധിച്ചുവരുന്ന അസംഘടിത കുടികിടപ്പുകാരെ നശിപ്പിക്കരുതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരെ മാററുന്നില്ലെങ്കിൽ ഈ കാളനികൊണ്ടു് ആക്ഷേപമില്ലല്ലോ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ആക്ഷേപം ഉണ്ടു്. കാരണം സാമുദായികാടിസ്ഥാനത്തിൽ കാളനികഠം സംവിധാനം ചെയ്യുന്ന കാര്യമായതുകൊണ്ടു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോഠം ആ സ്ഥലം അക്വയർ ചെയ്യുന്നതിലാണോ ആക്ഷേപം?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: സ്ഥലം അക്വയർ ചെയ്യുന്നതുമൂലം ഇപ്പോഠം അവിടെയുള്ള കുടികിടപ്പുകാക്കു് കുടികിടപ്പു സൗകര്യം നഷ്ടപ്പെടുമെന്നും അതുമൂലം മററ പല നഷ്ടങ്ങഠക്കും അവർ വിധേയരാകുമെന്നും ഒരു കൂട്ടരുടെ സുഖസൗകര്യത്തിനുവേണ്ടി മറെറാരുകൂട്ടരെ കഷ്ടപ്പെടുത്തുന്നതു് ദ്രോഹമാണെന്നുമാണ് ആക്ഷേപം.

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ താമസിക്കുന്ന വേറെ ആരേയും അവിടെനിന്നും മാററുന്നില്ലെങ്കിലോ?

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അപ്പോൾ അവർ വാലക്കാളനിയിലെ പുറജാതിക്കാരായിത്തീരും. ഒരു വാല കാളനി ആ പ്രദേശത്തുതന്നെ വേണമെന്നു തീരുമാനിക്കുന്നതു് മത്സ്യത്തൊഴിലാളികളെ ഉദ്ദേശിച്ചാണെന്നാണു പറയപ്പെടുന്നതു്. ഇവർക്കു വേണ്ടിത്തന്നെ എറണാകുളത്തിന്റെ മററു ഭാഗത്തു ഒരു കാളനി ഏർപ്പെടുത്തിട്ടുണ്ടു്. കുറെ ഏക്കർ സ്ഥലം അതിലേയ്ക്കായി എടുത്തിട്ടുണ്ടു്. അതിൽ വലിയ ഒരു ഭാഗം ഇന്നും ഒഴിവായി കിടക്കുന്നു. മത്സ്യത്തൊഴിലാളികൾക്കു താമസിക്കാൻ സൗകര്യമുള്ള സ്ഥലമാണു് അതു്. ഒഴിവായി കിടക്കുന്ന കാളനിസ്ഥലം വെറുതെ ഇട്ടിട്ടു് മററു സ്ഥലം അക്വയർ ചെയ്യുവാൻ അവിടത്തെ താമസക്കാരെ കഷ്ടപ്പെടുത്തുവാൻ തുനിയുന്നതു കഷ്ടമാണു്. എന്നാൽ ഈ പറയുന്ന എല്ലാവരും മത്സ്യത്തൊഴിലാളികളാണോ? ജാതിപ്പേർ കൊണ്ടു് അവർ മത്സ്യത്തൊഴിലാളികളാണെങ്കിലും വളരെ ഏറെപ്പേരും മത്സ്യത്തൊഴിലാളികളല്ല. അതുകൊണ്ടു് ഇങ്ങനെ ഒരു മനോഭാവത്തിൽ പുതിയ കാളനികൾ ഏർപ്പെടുത്തുന്നതു് ശരിയല്ലെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. ഇനി അവരെ മാററിത്താമസിപ്പിക്കുന്നു എങ്കിൽത്തന്നെ അതുമൂലം മററുള്ളവർക്കു താമസസൗകര്യം നഷ്ടപ്പെടുത്താതെ കഴിക്കണം. മററു ജാതിക്കാർക്കു് ഇവരെ അവിടെ താമസിപ്പിക്കുന്നതു സുഖകരമായിരിക്കുകയില്ല. അതു ശരിയോ തെററോ എന്നുള്ളതല്ല കാര്യം. അതിന്റെ ആവശ്യകതയില്ല. ഏററവും കുറഞ്ഞ ബുദ്ധിമുട്ടുകളോടുകൂടി ഒരു കാര്യം നിർവഹിക്കപ്പെടുവാൻ വഴിയുണ്ടെങ്കിൽ അതു് നോക്കാതെ അനാവശ്യമായ ബുദ്ധിമുട്ടുകൾ ഒരു വിഭാഗത്തിന്റെമേൽ കെട്ടിവയ്ക്കുവാൻ ഗവണ്മെൻറ് മുൻകൈ എടുക്കുന്നതു് ഒരു ജനകീയ ഗവണ്മെൻറ് പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ട ഒരു കാര്യമാണു്.

യാതൊരുത്തർക്കും സ്വന്തമായ വീടില്ലാതെ വരരുതു്. സ്വന്തമായ വീടില്ലാത്തവർക്കു് സൗകര്യമായ നിലയിൽ കടം കൂടാതെതന്നെ വീടുണ്ടാക്കിക്കൊടുത്തും മററും സഹായിക്കത്തക്ക ഒരു പദ്ധതി കൂടി മനസ്സിൽ വച്ചുകൊണ്ടു് സെലക്ട് കമ്മററി ഈ ബില്ലിനെ പററി പര്യാലോചിക്കണമെന്നും ഈ നിയമസഭാകാലത്തുതന്നെ അതു പാസ്സാക്കി ഈ രാജ്യത്തെ കുടിയാന്മാരേയും അല്ലാത്തവരേയും സഹായിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. ഒരു കാര്യംകൂടി പ്രസ്താവിച്ചുകൊള്ളട്ടെ. ഇന്നു് പുറംപോക്കുസ്ഥലങ്ങളിൽ—ഒഴിവായി കിടക്കുന്ന സ്വകാര്യസ്ഥലങ്ങളിൽ പോലും ജനങ്ങൾ കയ്യേറിപ്പാർക്കുന്നു എന്നും മററും പല പരാതികൾ നാം കേൾക്കാറുണ്ടല്ലോ. ചില രാഷ്ട്രീയപാർട്ടികളുടെ പ്രേരണയും ഇക്കാര്യത്തിലുണ്ടെന്നും അതു ചില രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടിയാണെന്നും മററും പറയപ്പെടുന്നുണ്ടല്ലോ. വീടില്ലായ്മ പ്രശ്നത്തിന്റെ ഒരു വശമാണതു്. അതിനു് രാഷ്ട്രീയപാർട്ടികളെ കുററപ്പെടുത്തിയതുകൊണ്ടായില്ല. ആവശ്യത്തിന്റെ പേരിൽ വ്യക്തികളോ, പാർട്ടികളോ, മററാരെങ്കിലുമോ ഇങ്ങനെ പുറപ്പെടുവാൻ അവസരമുണ്ടാക്കാതെ കഴിക്കാൻ പരിശ്രമിക്കേണ്ടതു് ഗവണ്മെൻറിന്റെ ചുമതലയാണു്. വൈപ്പിൻകരയിൽ ഈയിടെ ഉണ്ടായിട്ടുള്ള മാതിരി സംഭവവികാസങ്ങൾക്കു് ഇടം കൊടുക്കാതെ കഴിക്കുവാൻ ഗവണ്മെൻറിന്റെ നയപരിപാടികൾക്കു് സാധിക്കണം. ഈ ബില്ല പോലും അതിനു് സഹായകമാക്കിയാൽ അത്രയ്ക്കു നല്ലതു്.

ശ്രീ. സി. ജി. സദാശിവൻ: കൊച്ചി മഹാരാജാവിന്റെ വിളംബരത്തിൽ തന്നെ യാതൊരു കാരണവശാലും കുടിയൊഴിപ്പിക്കരുതെന്നു് പ

ഞതിട്ടുണ്ടെങ്കിലും കൂടിയൊഴിപ്പിച്ചു എന്നു് ബഹുമാനപ്പെട്ട മെംബർ പറഞ്ഞു. അപ്പോൾ ഈ ബില്ലിലെ ഏഴാം വകുപ്പിന്റെയും അനുഭവം അതു തന്നെയാണോ എന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അങ്ങനെയുള്ള അനുഭവങ്ങളൊന്നും വരാതിരിക്കത്തക്കവിധത്തിൽ ഈ ബില്ലിലെ ഏഴാം വകുപ്പിൽ മററു ചില വകുപ്പുകളും ഭേദഗതിചെയ്യണമെന്നാണു് എന്റെ അഭിപ്രായം.

Mr. Deputy Speaker: I want to know whether it is the sense of the House that the Bill should be referred to a Select Committee to-day itself. In that case, I want to allot some time to the hon. Minister to reply.

Shri M. P. Menon: Unless the general principles of the Bill are discussed in detail now, we will not get another opportunity. This is an important legislation. Amendments to sections will be later brought forward and passed without getting the opportunity of discussing the general principles. If it is to be comprehensive, the views of all the sections of the House have to be ascertained.

Mr. Deputy Speaker: So, what is your suggestion?

Shri M. P. Menon: Sufficient time should be allotted, even if we sit for a longer time to-day.

ശ്രീ. ടി. വി. തോമസ്സ്: സർ. ഈ ബില്ലിന്റെ ജനറൽ പ്രിൻസിപ്പിളിനെപ്പററി ആവശ്യത്തിൽ അധികം ഡിസ്കഷൻ നടന്നുകഴിഞ്ഞു. അതുകൊണ്ടു് ഇതു് ഉടൻതന്നെ സെലക്ററുകമ്മിററിക്കയയ്ക്കണമെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടു് ഈ ഡിസ്കഷൻ ഇപ്പോൾ അവസാനിപ്പിക്കേണ്ടതാണു്.

ശ്രീ. പി. വിശ്വംഭരൻ: സർ, ഈ ബില്ലിനെപ്പററി ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട ആരുംതന്നെ അഭിപ്രായം പുറപ്പെടുവിച്ചിട്ടില്ല. ഞങ്ങളും ഒരു പാർട്ടിയാണു്. അതുകൊണ്ടു് ഇപ്പോൾ ഇതിന്റെ ഡിസ്കഷൻ അവസാനിപ്പിക്കാതെ ഈ ബില്ലിനെ സംബന്ധിച്ചുള്ള ഞങ്ങളുടെ അഭിപ്രായഗതികൂടി പ്രകടിപ്പിക്കുവാനുള്ള അവസരം തരണമെന്നപേക്ഷിക്കുന്നു.

Mr. Deputy Speaker: Closure motion has now been moved by Mr. T. V. Thomas. The question is whether the discussion on the Bill should be closed now.

The motion was put and carried.

ശ്രീ. എ. ജെ. ജാൺ: ഈ ബിൽ ഈ നിയമസഭ അവസാനിക്കുന്നതിനു മുമ്പുതന്നെ പാസാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ വേറൊരു മോഷൻകൂടി അവതരിപ്പിച്ചതു്. ഈ ബില്ലു് ചർച്ചചെയ്യുവാനുള്ള സെലക്ടുകമ്മിററിയുടെ പേരുകൾ നിർദ്ദേശിക്കുകയും നാലാഴ്ചയ്ക്കകം റിപ്പോർട്ടു സമർപ്പിക്കണമെന്നാവശ്യപ്പെടുകയും ചെയ്തിരുന്നു. സഭ അതു സ്വീകരിച്ചിട്ടും ഉണ്ടു്. കഴിയുന്നതും വേഗത്തിൽ ഇതു നിയമമാക്കിത്തീർക്കണമെന്നുള്ള ഗവണ്മെന്റിന്റെ ഉദ്ദേശം ഇപ്പോൾ ഈ മോഷൻ അവതരിപ്പിച്ചിരിക്കുന്നതിൽ നിന്നും പ്രത്യക്ഷമായിക്കാണാം. ഈ ബില്ലിനെ സംബന്ധിച്ചു് ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള ഈ ബില്ലുമായി ബന്ധമി

[ശ്രീ. എ. ജെ. ജാൺ]

ല്ലാത്ത അനേകം കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതിനെപ്പററി കൂടുതലായി ഒന്നുംതന്നെ പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. കൊറിയൻ യുദ്ധത്തെപ്പററിയും, കാമൺവെൽത്തു കാര്യങ്ങളെപ്പററിയും പണ്ഡിററ് ജവഹർലാൽ നെഹ്റുവിനെപ്പററിയും ശ്രീമാൻ തോപ്പിൽ ഭാസ്കരൻപിള്ള ചിലതൊക്കെ പറയുകയും ചിലതൊക്കെ ദീർഘദർശനം ചെയ്യുകയും ഉണ്ടായി. അവയെപ്പററി ഞാനൊന്നും പറയുന്നില്ല. ഈ ദീർഘദർശനമെല്ലാം എത്രത്തോളം ശരിയാകുമെന്നു് കാലം കഴിയുമ്പോൾ നമുക്കു കാണാവുന്നതാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഏഴാം വകുപ്പിൽ സാരമായ ഭേദഗതി ചെയ്യണമെന്നു കാണുന്നു. ഈ ബില്ലും മററു ഭൂനയബില്ലുകളും ജനപ്രതിനിധികളുടേയും, ജനസംഘങ്ങളുടേയും മററു സ്ഥാപനങ്ങളുടേയും അഭിപ്രായം ആരാഞ്ഞുകൊണ്ടു് വിതരണം ചെയ്തിട്ടുണ്ടു്. അവർ അയച്ചിട്ടുള്ള അഭിപ്രായങ്ങൾ ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടു്. അവയെല്ലാം മെംബറന്മാർക്ക് വിതരണം ചെയ്തിട്ടുമുണ്ടു്. പല വിധത്തിലുള്ള അഭിപ്രായങ്ങൾ അതിലുണ്ടു്. കുടികിടപ്പുകാരൻ എന്നു പറയുന്നതിന്റെ നിർവചനംതന്നെ ഭേദഗതി ചെയ്യണമെന്നും, അതൊരിക്കലും ഭേദഗതി ചെയ്യരുതെന്നും വസ്തു ഒഴിപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ കുറേക്കൂടി കർശനമാക്കണമെന്നും ഒരിക്കലും കർശനമാക്കരുതെന്നും, അങ്ങനെ പല അഭിപ്രായങ്ങളും ഉണ്ടായിട്ടുണ്ടു്. ഈ വക കാര്യങ്ങളെപ്പററി സെലക്ട് കമ്മററി വേണ്ടപോലെ ആലോചിച്ചു് അവരുടെ ശരിയായ അഭിപ്രായം രേഖപ്പെടുത്തുന്നതായിരിക്കും. മുഖ്യമന്ത്രി ചില സംഗതികൾ പറഞ്ഞതു് എന്തെല്ലാമോ വഞ്ചന മനസ്സിൽ വച്ചുകൊണ്ടാണെന്നു് ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള പ്രസ്താവിക്കുകയുണ്ടായി. ഈ നിയമസഭയുടെ അന്തസ്സു് പാലിക്കേണ്ടതു് നിയമസഭയിലുള്ള എല്ലാവരുടേയും കടമയാണ്. മുഖ്യമന്ത്രി ഈ സഭയുടെ ലീഡറാണ്. അദ്ദേഹം ചെയ്യുന്ന പ്രസ്താവന വഞ്ചനാത്മകമാണെന്നു് പറയുന്നതു് കുറേക്കൂടി സൂക്ഷിച്ചു വേണ്ടതായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം ഈ പറയുന്നവരുടെ അഭിപ്രായം പോലെതന്നെ ആത്മാർത്ഥമായിട്ടുള്ളതാണെന്നു വിചാരിക്കേണ്ടതു് കേവലം മര്യാദമാത്രമാണ്. മനസ്സിലെ ഉദ്ദേശം ഒന്നാണെന്നും അതിനു വിപരീതമായ അഭിപ്രായമാണ് ഇവിടെ പ്രസ്താവിച്ചതെന്നും പറയുന്നതു് ഒരു വിധത്തിലും ഈ സഭയുടെ അന്തസ്സിനു യോജിച്ചതാണെന്നു് ഞാൻ വിചാരിക്കുന്നില്ല.

പിന്നീടു് ഒരു സൂചന പുറപ്പെടുവിച്ചതു് പുറംപോക്കിൽ നിന്നും ആളുകളെ കുടിയിറക്കുന്നു എന്നുള്ളതിനെപ്പററിയാണ്. അതിനെപ്പററി രാവിലെ മുഖ്യമന്ത്രി പ്രസ്താവിച്ചു. ഇന്നലെ ഞാൻ പ്രസ്താവിച്ചതിനെപ്പററി ശ്രീ. ഭാസ്കരൻപിള്ള പരാമർശിക്കുകയുണ്ടായി. പുറംപോക്ക് ഗവണ്മെൻറിന്റെ വകയാണ്. അവിടെ പത്തോ, നൂറോ ആളുകൾ സംഘം ചേർന്നു് ആ പുറംപോക്കുഭൂമി ബലം ഉപയോഗിച്ചു് കൈവശപ്പെടുത്തുവാൻ ശ്രമിച്ചാൽ അനുവദിച്ചു കൊടുക്കുവാൻ നിവൃത്തിയില്ല. അവിടെ അനവധി നാളായി ഉത്തമവിശ്വാസത്തോടുകൂടി താമസിച്ചുകൊണ്ടിരിക്കുന്നതാർക്കും ആക്ഷേപം ഇല്ലെങ്കിൽ ആ സ്ഥലം പതിച്ചുകൊടുക്കുവാൻ ഗവണ്മെൻറ് തയാറാണ്. ഇവിടെ പലവിധത്തിലുള്ള കോളനൈസേഷൻ പദ്ധതികൾ ഉണ്ടു്. ആ പദ്ധതിയനുസരിച്ചു് അനേകം ആളുകൾക്കു് ഭൂമികൊടുക്കേണ്ടതായി ഉണ്ടു്. ബലം പ്രയോഗിച്ചു് ആളുകൾ

സംഘംചേർന്ന് ഈ ഭൂമി കൈവശപ്പെടുത്തുന്നതിനെ തടയാൻ പക്ഷം ഇവർക്കൊക്കെ കൊടുക്കാൻ പിന്നെ ഭൂമി ഏതാണ്?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഭൂമിയില്ലാത്ത ആളുകൾ ഒന്നും, രണ്ടും ഒററതിരിഞ്ഞു പുറമ്പോക്കുസ്ഥലങ്ങളിൽ താമസിക്കുന്നതായി കണ്ടാൽ അവർക്ക് ആ സ്ഥലം പതിച്ചുകൊടുക്കുന്നതിനു വിരോധമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഭൂമിയില്ലാത്തവർ ഉത്തമവിശ്വാസത്തോടുകൂടി പുറമ്പോക്കു ഭൂമി കൈവശപ്പെടുത്തിയിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവരെ ഇറക്കിവിടുകയില്ല.

ഭൂമിയില്ലാത്തവരാണെങ്കിൽ അവർ കൈവശപ്പെടുത്തിയ ഭൂമി ഉത്തമവിശ്വാസത്തോടുകൂടി കൈവശപ്പെടുത്തിയതാണോ എന്നു നോക്കേണ്ടതുണ്ട്. അങ്ങനെ ഉത്തമവിശ്വാസത്തോടുകൂടിയുള്ള വിവരങ്ങൾ അറിയാതെ പുറമ്പോക്കുകളിൽ താമസിക്കുന്ന സാധുക്കളെ ഇറക്കിവിടുകയില്ല. അഥവാ ഇറക്കിവിട്ടിട്ടുണ്ടെങ്കിൽ തന്നെ, പൊതു ആവശ്യങ്ങൾക്കുവേണ്ടി ഭൂമി എടുക്കേണ്ടിവരുന്നതുകൊണ്ടാണ് അങ്ങനെ ചെയ്തിട്ടുള്ളത്. പൊതു ആവശ്യങ്ങൾക്കുവേണ്ടി ഭൂമി എടുക്കേണ്ടിവരുന്ന അവസരങ്ങളിൽ കഴിവുള്ളിടത്തോളം അതിനോടു അടുത്തുള്ള സ്ഥലങ്ങൾ ഇറക്കിവിടപ്പെട്ടവർക്ക് താമസിക്കുന്നതിനുവേണ്ടി നൽകുന്നുണ്ട്. യഥാർത്ഥത്തിൽ ഇപ്രകാരമാണു അധികാരികൾ പ്രവർത്തിച്ചിട്ടുള്ളത്. ഇത്തരം പ്രവൃത്തികൾക്ക് ഗവണ്മെൻറിൻെറ പേരിൽ വഞ്ചനക്കുററം ചുമത്തുന്നത് അത്ര ശരിയായിരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഗവണ്മെൻറിൻെറ നയം പുറമ്പോക്കിൽനിന്നും ഇറക്കിവിടുന്നതിനെ സംബന്ധിച്ച് ഇങ്ങനെയാണെന്ന് റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടോ? അതായത് പൊതു ആവശ്യത്തിനല്ലാതെ മററു യാതൊരു കാരണവശാലും പുറമ്പോക്കിൽ താമസിക്കുന്നവരെ ഇറക്കിവിടാൻ പാടില്ല എന്ന്.

ശ്രീ. എ. ജെ. ജാൺ: നിയമാനുസരണമുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഗവണ്മെൻറിൻെറ പോളിസി ഇപ്രകാരമാണെന്നു സർക്കുലേററു ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: പുറമ്പോക്കിനെ സംബന്ധിച്ചു ഒരു വ്യക്തമായ നയം രൂപീകരിച്ചു സർക്കുലേററു ചെയ്യുന്നതായിരിക്കും.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: വ്യക്തമായ ഒരു നയം രൂപീകരിക്കുന്നതു നല്ലതുതന്നെ. പക്ഷെ, ഇടയ്ക്കുകൂട്ടു പുറമ്പോക്കിൽ താമസിക്കുന്ന സാധുക്കളെ ഒൻപതാമത്തെ പ്രാവശ്യവും ഇറക്കിവിട്ട് പോലീസുകാർ അവരുടെ കുടിലുകൾ തീവച്ചു നശിപ്പിച്ചിരിക്കുകയാണ്. അതിനെപ്പററി എന്താണ് പറയുന്നത്?

ശ്രീ. എ. ജെ. ജാൺ: ഒൻപതാമത്തെ പ്രാവശ്യമല്ല, 30–ാമത്തെ പ്രാവശ്യമാണെങ്കിലും പബ്ലിക്ക് ആവശ്യത്തിനു വേണ്ടി സ്ഥലം എടുക്കുകയാണെങ്കിൽ താമസിക്കുന്നവരെ ഇറക്കിവിടാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അവിടെ താമസിക്കുന്നവർ വളരെ കൊല്ലങ്ങളായി താമസിക്കുന്നവരാണെന്നു അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയാണെങ്കിൽ തന്നെയും പൊതുനന്മയെ ലക്ഷ്യമാക്കി ചിലപ്പോൾ ചില സ്ഥലങ്ങൾ എടുക്കേണ്ടിവരുന്ന അവസരത്തിൽ ഇറക്കിവിടുകതന്നെ ചെയ്യും. തിരുവനന്തപുരം പട്ടണത്തിലുള്ള പുറമ്പോക്കിൽ ഒരാൾ ഒരു വീടുകെട്ടി താമസിക്കുകയാണെങ്കിൽ അയാളെ എന്നായാലും അവിടെ നിന്നും ഇറക്കിവിടാതിരിക്കയില്ല. അതായതു്, പൊതു ആവശ്യങ്ങളുടെ പേരിൽ സ്ഥലം എടുക്കേണ്ടിവന്നാൽ അവിടെ ആരു താമസിച്ചാലും അവരെ മാറേറണ്ടിവരും.

ശ്രീ. ടി. വി. തോമസ്: ഈ ഭാഗത്തുനിന്നും ഉന്നയിച്ച വാദമുഖങ്ങൾ മന്ത്രിക്കു മനസ്സിലാകാഞ്ഞതുകൊണ്ടാണോ അതോ മനസ്സിലാക്കിയതിന്റെ ഫലമായിട്ടാണോ ഇപ്രകാരം ഉത്തരം പറയുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. അതായതു്, ഒരു വ്യക്തിക്കുവേണ്ടിയാണു ഇടക്കോട്ടു പുറമ്പോക്കിൽ താമസിച്ചുകൊണ്ടിരുന്ന സാധുക്കളെ അവിടെനിന്നും ഇറക്കിവിട്ടതു്. ഇറങ്ങിപ്പോയവർ വീണ്ടും അവിടെ കയറി താമസിക്കുന്നു. ഇൻസ്പെക്ടർ ഇടപെട്ടു് അവരുടെ കുടിലുകൾ തീവച്ചു നശിപ്പിക്കുന്നു. വീണ്ടും അവർ കുടിലുകെട്ടി താമസിക്കുന്നു. ഇങ്ങനെ നടന്നുകൊണ്ടിരിക്കുന്നതു് ഒരു വ്യക്തിയുടെ താല്പര്യത്തെ പരിഗണിച്ചാണു്. മന്ത്രി പറയുന്നതു് പൊതു ആവശ്യത്തിനുവേണ്ടി ഭൂമിയെടുക്കുന്നതിനുവേണ്ടിയാണെന്നാണു്. ഇതു് എത്രത്തോളം ശരിയാണെന്നുള്ളതു പരീക്ഷിക്കണമെങ്കിൽ എന്റെ കൂടെ ദയവുചെയ്തു് ആ സ്ഥലംവരെ ഒന്നു വരാൻ സാധിക്കുമോയെന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. എ. ജെ. ജാൺ: ഏതായാലും ഈ അസംബ്ലി അവസാനിക്കുന്നതുവരെ ഒരു സ്ഥലത്തും വരാൻ സാദ്ധ്യമല്ല. ബഹുമാനപ്പെട്ട മെംബർ പറയുന്നതു് ഒരു മി. ജാർജിന്റെ കാര്യത്തെപ്പററി അല്ലേ?

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: അതുതന്നെയാണു് അദ്ദേഹം സൂചിപ്പിച്ചതു്.

ശ്രീ. എ. ജെ. ജാൺ: ഇതെപ്പററി ഫയൽ വരുത്തി ഒന്നുകൂടി പരിശോധിക്കാം.

ശ്രീ. ടി. പി. സീതാരാമൻ: പൊതു ആവശ്യത്തിനു വേണ്ടി അല്ലാതെ സ്ഥലങ്ങളിൽ താമസിക്കുന്ന സാധുക്കൾക്കു് അവിടെ താമസിക്കാൻ നിവൃത്തിയില്ലാത്ത ഒരു സാഹചര്യം അധികാരികൾ ഉണ്ടാക്കിത്തീർക്കുന്നു. അതായതു്, താങ്ങാൻ വയ്യാത്ത പിഴകളും മററും ഇട്ടു് അവരെ ഉപദ്രവിക്കുന്നുവെന്നുള്ള വിവരം അറിയാമോ?

ശ്രീ. എ. ജെ. ജാൺ: ബഹുമാനപ്പെട്ട മെംബർ പറയുന്നതു കുത്തകപ്പാട്ട വ്യവസ്ഥയിൽ കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരെപ്പററി ആയിരിക്കാം. അങ്ങനെയാണെങ്കിൽ അവരെ ഉപദ്രവിക്കുന്ന നടപടികൾ നടത്തുന്നുണ്ടെങ്കിൽ അവയെല്ലാം ഗവൺമെന്റു പരിശോധിക്കുന്നതാണു്.

ശ്രീ. ടി. പി. സീതാരാമൻ: ഇപ്രകാരം അഞ്ചേക്കർ ഭൂമി കൊട്ടത്തിട്ടു വർഷം ആറിൽ 200 രൂപാവരെ നികുതി ചുമത്തിയിരിക്കുകയാണെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: കുത്തകപ്പാട്ടം സംബന്ധിച്ചു് അവയുടെ വ്യവസ്ഥകൾ എന്തെല്ലാമാണെന്നു ഒന്നുകൂടി റിക്കാർഡുകൾ പരിശോധിക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ പരിശോധിച്ചശേഷം വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണു്.

ശ്രീ. തോപ്പിൽ ഭാസ്കരൻപിള്ള: ഈ ബില്ലിന്റെ ക്ലാസ് 7-ൽ Waste, unlawful appropriation എന്നിവയെ പററി പറഞ്ഞ വാദമുഖങ്ങൾക്കു് ഇപ്രകാരം മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. കാരണം ഇതിലേക്കുള്ള സെലക്ട് കമ്മിററിയുടെ മുമ്പാകെ ചെയർമാനും ഞാനായതുകൊണ്ടു് ഇപ്പോഴൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. അതുകൊണ്ടു് ഈ ബിൽ താഴെ പറയുന്ന അംഗങ്ങളുടങ്ങിയ ഒരു സെലക്ടുകമ്മിററിക്കു അയക്കണമെന്നപേക്ഷിക്കുന്നു.

ശ്രീ. എം. ഭാസ്കരൻ നായർ,
,, കെ. കെ. ബാലകൃഷ്ണൻ,
,, എ കുഞ്ഞൻനാടാർ,
,, ടി. ടി. കേശവൻ ശാസ്ത്രി,
,, ഇടിക്കുള ഇടിക്കുള,
,, എ. അച്യുതൻ,
,, പി. കെ. ചാത്തൻ,
,, കെ. ചന്ദ്രശേഖര ശാസ്ത്രി,
,, പി. ആർ. മാധവൻപിള്ള,
,, പി. വി. അവിരാതരകൻ.

ശ്രീ. ടി. വി. തോമസ്: മേൽ പറഞ്ഞിരിക്കുന്ന അംഗങ്ങളിൽ ഭൂരിപക്ഷവും കോൺഗ്രസ് പാർട്ടിയിൽ നിന്നും എടുത്തിരിക്കുന്നതു് എന്തു് ഉദ്ദേശം കൊണ്ടാണു്?

ശ്രീ. എ. ജെ. ജാൺ: കോൺഗ്രസ്സുകാർക്കു ഭൂരിപക്ഷം മെംബർ പറയുന്നതുപോലെ കൊടുത്തിട്ടില്ല.

സർ, ഈ ബില്ല് സെലക്ററു കമ്മിററിക്കു അയച്ചു് ഏതു ദേശം മൂന്നാഴ്ചക്കുള്ളിൽ റിപ്പോർട്ടു കിട്ടത്തക്കവണ്ണം നിർദ്ദേശിക്കണമെന്നുകൂടി അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ടി. വി. തോമസ്: ഈ അംഗങ്ങളുടെ കൂട്ടത്തിൽ സി. ജി. സദാശിവനെയും കൂടി ഉൾപ്പെടുത്തിയാൽ കൊള്ളാമെന്നു എനിക്കഭിപ്രായമുണ്ടു്.

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾതന്നെ അംഗസംഖ്യ കൂടുതലാണു്. ആ സ്ഥിതിക്കു് ഇനിയും അംഗങ്ങളെ ചേർക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല.

സർ, ഈ കമ്മിററിയുടെ കോറം നാലായിരിക്കുന്നതാണു്.

Mr. Deputy Speaker : The question before the House is that the Travancore-Cochin Prevention of Eviction of Kudikidappukars Bill be referred to a select committee consisting of

Shri M. Bhaskaran Nair,
,, K. K. Balakrishnan,
,, A. Kunjan Nadar,
,, T. T. Kesavan Sastri,
,, Idiculla Idiculla,
,, A. Achuthan,
,, P. K. Chathan,
,, Chandrasekhara Sastri,
,, P. R. Madhavan Pillai, and
,, the Mover ;

the quorum being four and the Committee to report within four weeks.

The Motion was carried.

The Bill was referred to the Select Committee.

THE TRAVANCORE-COCHIN COMPENSATION FOR TENANTS IMPROVEMENTS BILL.

Home Minister **(Shri A. J. John) :** I beg to move that the Travancore-Cochin Compensation for Tenants Improvements Bill be referred to a Select Committee consisting of the following members :—

1. Shri N. Parameswaran Pillai,
2. ,, V. V. Sebastian,
3. ,, J. A. Bhatt,
4. ,, K. Krishna Pillai,
5. ,, N. Raghava Kurup,
6. ,, N. A. Noor Mohammed,
7. ,, K. A. Balan, and
8. The Mover ;

the quorum being four, and the Select Committee to report within 3 weeks. I think the Leader of the Opposition will agree to this.

Shri A. A. Rahim : I second it.

ശ്രീ. എ. ജെ. ജാൺ: സർ, 1113-ലെ കൊച്ചിൻ ടെനൻസി ആക്ട്, അനുസരിച്ചു വസ്തുക്കളെ സംബന്ധിച്ചിടത്തോളവും ദേഹണ്ഡവില കൊടുക്കുന്നതിനു ക്ളിപ്തമായ വ്യവസ്ഥകൾ കൊള്ളിച്ചിട്ടുണ്ട്. എന്നാൽ തിരുവിതാംകൂറിൽ ഈ വകയ്ക്കു ക്ളിപ്തമായ ഒരു നിയമം ഉണ്ടായിട്ടില്ല. ഹൈക്കോടതിയിലെ ചില തീർപ്പുകളെ ആസ്പദമാക്കിയാണു പ്രവർത്തിച്ചുവരുന്നതു്. ദേഹണ്ഡവിലസംബന്ധിച്ച തിരുവിതാംകൂർ-കൊച്ചിയിലെ വ്യത്യസ്തമായ ഈ നിലപാടിനെ ഏകീകരിക്കണമെന്നുള്ള ഉദ്ദേശംകൊണ്ടാണു ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. മിക്കവാറും കൊച്ചിൻ ടെനൻസി ആക്ടിലെ വ്യവസ്ഥകളാണു ഈ ബില്ലിലും ഉള്ളതു്. ഈ ബില്ലും പൊതുജനാഭിപ്രായം അറിയുന്നതിനുവേണ്ടി വിതരണം ചെയ്യിരുന്നതാണു്. കൊച്ചിയിലാണെങ്കിൽ, അവിടെ ദേഹണ്ഡവില ക്ളിപ്തപ്പെടുത്തുന്നതിനെസംബന്ധിച്ച ആക്ടിന്റെ ഒൻപതാമത്തെ സെക്ഷനിൽ പറഞ്ഞിരിക്കുന്നതു, ഒരു കൊല്ലത്തെ ആദായത്തിന്റെ മുക്കാൽഭാഗം എടുത്തു ഇരുപതുകൊണ്ടു ഗുണിച്ചാൽ കിട്ടുന്ന തുകയായിരിക്കും ദേഹണ്ഡവില കൊടുക്കേണ്ടതു് എന്നാണു്. എന്നാൽ തിരുവിതാംകൂറിൽ സാധാരണയായി കൊടുത്തുകൊണ്ടിരിക്കുന്നതു ഒരു കൊല്ലത്തെ ആദായത്തിന്റെ എട്ടേമുക്കാൽ ഇരട്ടി എന്ന നിരക്കനുസരിച്ചാണു്. ദേഹണ്ഡവിലയെ സംബന്ധിച്ചിടത്തോളവും കൊച്ചിയിലും തിരുവിതാംകൂറിലും ഉണ്ടായിട്ടുള്ള വിവിധങ്ങളായ നിരക്കുകൾ ഏകീകരിച്ചു രണ്ടു ഭാഗങ്ങളെയും ഒരുപോലെ ബാധിക്കത്തക്കവണ്ണം ഒരു നിയമം നടപ്പിൽ വരുത്താനാണു ഗവണ്മെന്റ ഉദ്ദേശിക്കുന്നതു്. എന്നാൽ വെറുംപാട്ടക്കാർബില്ലും മററും പാസ്സായിക്കഴിഞ്ഞതാൽ ഈ ബില്ലിന്റെ പ്രാധാന്യം കുറഞ്ഞുപോകാനാണു ഇടയുള്ളതു്. വെറുംപാട്ടക്കാർ ബില്ലനുസരിച്ചു വസ്തുവിൽ സ്ഥിരാവകാശം കിട്ടുന്നതുകൊണ്ടു് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളവും പറയത്തക്ക രീതിയിലുള്ള പ്രാധാന്യം ഉണ്ടായിരിക്കുകയില്ല. എന്നാൽ മററു വല്ല കാരണത്താലും വസ്തു ഒഴിപ്പിച്ചാൽ കുടിയാനു ദേഹണ്ഡവില കിട്ടണമെന്നുള്ള ഉദ്ദേശമുള്ളതുകൊണ്ടു് അതിലേക്കു് വേണ്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. അതുകൊണ്ടു് ഈ ബിൽ സെലക്ററ് കമ്മിററിക്കു അയയ്ക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. എം. പി. മേനോൻ: ഈ ബില്ലിന്റെ ചർച്ചയ്ക്കുവേണ്ടി വെറും 3 മിനിട്ടു സമയമാണോ അനുവദിച്ചിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഈ ബില്ലിന്റെ ചർച്ച വേണമെങ്കിൽ അടുത്തദിവസത്തേക്കു മാററാം.

ശ്രീ. എം. പി. മേനോൻ: സർ, ഭൂനയബില്ലുകൾ എല്ലാം കഴിയുന്നതുംവേഗം പാസ്സാക്കിയെടുക്കണമെന്നുള്ളതിനോട് എനിക്കും അഭിപ്രായഐക്യമാണുള്ളത്. പക്ഷെ, അങ്ങിനെ പാസ്സാക്കിയെടുക്കുമ്പോൾ, ഈ ബിൽ രാജ്യത്തിന്റെ ഭാവിയെസംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ളതാണെന്നുള്ള ബോധത്തോടുകൂടിയായിരിക്കണം ഇതിൽ തിടുക്കം കാണിക്കേണ്ടത്. ഈ ബില്ലിന്റെ സാമാന്യതത്വങ്ങളെക്കുറിച്ച് എല്ലാ മെംബറന്മാർക്കും പ്രത്യേകിച്ച് ഈ സഭയിലെ എല്ലാ പാർട്ടിയിലുള്ളവർക്കും സംസാരിക്കാനുള്ള സമയം കൊടുക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. നിർഭാഗ്യവശാൽ, ഇതിനു മുൻപിലത്തെ ബിൽ ഇവിടെ ആലോചനയ്ക്കു വന്നപ്പോൾ ഈ നിയമസഭയിലെ ഒന്നുരണ്ടു ഗ്രൂപ്പിൽപ്പെട്ടവരുടെ അവകാശങ്ങൾ ചിലർ തടഞ്ഞു. എന്നെ സംബന്ധിച്ചിടത്തോളം ഈ ബില്ലുകൾ കഴിയുന്നതുംവേഗം പാസ്സാക്കുന്നതിൽ എനിക്കു സന്തോഷമാണുള്ളതെന്നു ഞാൻ ഒരിക്കൽകൂടി പറയുന്നു. ഭൂനയബില്ലുകളുടെ അവതരണത്തിന്റെ ആദ്യഘട്ടത്തിൽ ഈ ബില്ലുകൾ എല്ലാംകൂടി ഈ സഭയിലുള്ള പല വിഭാഗത്തിൽപ്പെട്ട അംഗങ്ങളുടങ്ങിയ ഒരു വിപുലമായ സെലക്ട് കമ്മിറ്റിയുടെ ചർച്ചയ്ക്കു വിധേയമാക്കണമെന്നാണ് കഴിഞ്ഞ നിയമസഭയിൽ തീരുമാനിച്ചിരുന്നത്, പിന്നീട് ആ നിലയ്ക്കു വ്യത്യാസം വരുത്താൻ പ്രതിപക്ഷനേതാക്കൾകൂടി സമ്മതിച്ചതിൽ ഞാനത്ഭുതപ്പെടുന്നു.

Deputy Speaker: Order, order. The House will now adjourn to meet again at 8 A. M. tomorrow.

The Assembly adjourned at 1 P. M. to meet again at 8 A. M. on Wednesday the 30th March 1955.

APPENDIX No I.

Please see Answer to Question No. * 178 [22]

അഴിമതി, കൈക്കൂലി എന്നീ കുററങ്ങൾക്കായി 1954-ൽ ശിക്ഷിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ലിസ്ററ്.

കണ്ടക്ടർമാർ	—	51
ഡ്രൈവർ	—	3
ഫിററർ	—	1
കൊല്ലൻ	—	2
അപ്പ്ഹോൾസ്റ്റർ	—	1
സ്റ്റോർകീപ്പർ	—	1
അസിസ്റ്റൻറ് സ്റ്റോർകീപ്പർ	—	1
ക്ലാർക്കന്മാർ	—	9
വില്ലേജ് ആഫീസർ	—	8
വില്ലേജ് അസിസ്റ്റൻറ്	—	6
റവന്യൂ സൂപ്രവൈസർ	—	1
ഫിഷറി സബ് ഇൻസ്പെക്ടർ	—	1
ശിപായിമാർ	—	5
ആമീൻ	—	1
ബയൻഡർ	—	1
ഫോറസ്ററ് ഗാർഡ്	—	1
എക്സൈസ് ഗാർഡ്	—	2
എക്സൈസ് ഇൻസ്പെക്ടർ	—	1
പ്രിവൻറീവ് ആഫീസർ	—	2
ഹെഡ് കാൺസ്റ്റബിൾ	—	2
കാൺസ്റ്റബിൾ	—	7
അനിമൽ ഹസ്ബൻട്രി അസിസ്റ്റൻറ് ഡയറക്ടർ	—	1
ആകെ		108

APPENDIX II.

[*Please see Answer to Question No. * 182 (46)*]

ഗ്രന്ഥശാലാ യൂണിയനുകൾ.

കൽക്കുളം	കരുനാഗപ്പള്ളി	മീനച്ചിൽ
വിളവംകോട്	കാർത്തികപ്പള്ളി	തൊടുപുഴ
നെയ്യാററിൻകര	മാവേലിക്കര	കുന്നത്തുനാട്
തിരുവനന്തപുരം	പത്തനംതിട്ട	പറവൂർ
ചിറയിൻകീഴ്	തിരുവല്ല	കൊച്ചി-കണയന്നൂർ
കൊല്ലം	അമ്പലപ്പുഴ	മുകുന്ദപുരം
കൊട്ടാരക്കര	ചേർത്തല	തൃശ്ശൂർ.
പത്തനാപുരം	കോട്ടയം	തലപ്പിള്ളി-ചിററൂർ
കുന്നത്തൂർ	ചങ്ങനാശേരി	